# Jaimini Aswamadham.

ശ്രീകുരുംബ ഭഗവതിസഹായം.

# ജൈമിനിയാശ്വമേധം.

കിളിപ്പാട്ട്.

RAMA VARMA RESEARCH INSTITUTE.
TRICHUR, COCHIN STATE.

# ജൈമിനിയാശ്വമേധം.

## കിളിപ്പാട്ട്.

### അഞ്ചാംഭാഗം.

ഹരിഃ ശ്രീഗണപതയെനമഃ

അവിഘ്നമസ്തു.

---

പൈങ്കിളിപ്പെണ്ണെമഹാപുണ്യശാലിനിബാലെ
പങ്കജാക്ഷന്റെകഥാശേഷവുംകഥിയ്ക്കനീ
പങ്കനാശനംമോക്ഷകാരണംമനസ്തൃഷ്ണാ
സങ്കടാപഹംസദാശ്രീകൃഷ്ണലീലാമൃതം
കണ്ണുങ്ങൾകൊണ്ടീവണ്ണമെത്രയുംനുകൎന്നിട്ടും
പെണ്ണുങ്ങളാകുംഞങ്ങൾക്കൊട്ടുമില്ലലംഭാവം
സത്തമെനിനക്കിന്നുപൈദാഹാദികൾകൊണ്ടു
ചിത്തമേററവുംപശക്കേടിലെന്നിരിയ്ക്കിലൊ
ഭക്ഷണംകഴിയ്ക്കുകീപ്പക്വങ്ങളാവോളവു
മിക്ഷുവിൻനീരുംനറുംപാലുമാസ്വദിച്ചാലും
മാങ്കമാരുടെവാക്യംകേട്ടുപൈങ്കിളിപ്പെണ്ണും
ശങ്കയെന്നിയെകഥാവർണ്ണനംതുടങ്ങിനാൾ
ബാദരായണശിഷ്യൻജൈമിനിമുനീശ്വര
നാദരാലഭിമന്യുപൌത്രനോടരുൾചെയ്തു
പ്രീതനായ്മുനീന്ദ്രരാംശൌനകാദികളോടു
സൂതനാംപുരാണജ്ഞനിത്തരംചൊല്ലീടിനാൻ
മാധവൻമായാമയൻദുഷ്ടമാരകൻജഗ
ന്മോദകാരകൻപരൻദേവകീകിശോരകൻ

ഭക്തനാംശിഖിദ്ധ്വജൻതന്നുടെവിശിഷ്ടമാം
പത്തനാന്തരംതന്നിലങ്ങിനെതരംപോലെ
ചിത്തസന്തോഷത്തോടുംമൂന്നുനാളഹന്നിശം
വത്തനംകഴിച്ചുനാലാമതാംദിനോദയെ
സ്വസ്ഥനായാസ്ഥാനംപുക്കണ്ണനന്നനന്തരം
സത്വരംസമസ്തരുംകേൾക്കമാറരുൾചെയ്തു
പുത്രസത്തമന്മാരെദിഗ്ജയംചെയ്തീടുവാ
നത്രനിന്നിനിവേഗാലദ്യനിർഗ്ഗമിയ്ക്കണം
ഒപ്പമെല്ലാരുംമുതന്നീടണംമടിയ്ക്കാതെ
നല്ലലേക്ഷണമൈച്ചെയ്തുകല്പനാഗിരംകേട്ടു
ക്ഷിപ്രമങ്ങെഴുന്നേററുശിഷ്ടനാംശിഖിദ്ധ്വജൻ
ചിൽപ്രകാശമാംതിരുമെയ്യുള്ളഗോവിന്ദനെ
വന്ദനംചെയ്തിട്ടുതന്നന്തികെനിന്നിട്ടനാ
നന്ദനൻതന്നെക്കടക്കണ്ണുകൊണ്ടാലോകിച്ചു
തന്മനോരഥംധരിച്ചപ്പൊഴെതാമ്രധ്വജൻ
നന്മകൂടീടുംയജ്ഞത്തിന്നുള്ളൊരശ്വങ്ങളെ
എത്രയുംവിളങ്ങുന്നരത്നങ്ങൾഹേമങ്ങളും
വസ്ത്രഭൂഷണങ്ങളീവസ്തുക്കളോടുംകൂടി
കൊണ്ടുചെന്നനന്തരംസത്ഭ്യന്മാരെല്ലാവരും
കണ്ടുമോദിയ്ക്കുംവണ്ണംമന്നവൻമടിയ്ക്കാതെ
വമ്പനാംകിരീടിതൻമുമ്പിൽവച്ചിതുചൊന്നാ
നമ്പർകോൻമകനായുള്ളവ്വീശചൂഡാമണെ
കല്പമെന്നൊരുസങ്കല്പാന്വിതംവലാരാതി
കല്പനാംയുധിഷ്ഠിരന്നേതുമിന്നേകനില്ലെ
ഒന്നുമില്ലിനിയ്ക്കുള്ളതൊക്കവെയമാത്മജ
ന്മാന്നുടെവശംതന്നിലാക്കിനേൻമനസ്സാലെ
മൽകളേബരംജീവിതാന്വിതംശൌരിയ്ക്കുള്ള
തൃക്കഴൽകല്പപ്രസൂനത്തിലുംസമർപ്പിച്ചേൻ
തൽകൃപാലവംമാത്രമാശ്രയംഞങ്ങൾക്കിനി

ത്ഥൎമ്മില്ലിതിന്നേതുമെന്നുള്ളസൂക്തംകേട്ടു
ഹൃഷ്ടസന്തോഷംപൂണ്ടകൌന്തേയൻമുകുന്ദനി
ദ്ദിഷ്ടനായ്തുരംഗാദിസാധുസാധനങ്ങളെ
ഒക്കവെപരിഗ്രഹിച്ചുൽക്കടപ്രസാദംപൂ
ണ്ടുൾക്കനംതേടുംപാൎത്ഥൻകല്പിച്ചവണ്ണംതന്നെ
മന്നവന്മാരെല്ലാരുംകോപ്പിട്ടുമിന്നുംമണി
സ്യന്ദനങ്ങളിൽക്കേറിസ്സത്വരംപുറപ്പെട്ടു
മുമ്പിലങ്ങിനെയയുധാന്ധത്തെവിട്ടുപിമ്പെ
കുംഭിനീതലംകുലുങ്ങുന്നസേനകളോടും
ശംഖങ്ങളൂതുന്നശബ്ദങ്ങളുംമഹാവാദ്യ
സംഘങ്ങൾകൊട്ടിത്തകൎന്നനിൎഘോഷങ്ങളും
കിങ്കിണീരവങ്ങളുംനേമിനിസ്വനങ്ങളും
വങ്കൊടിക്കൂറക്കൂട്ടമാടുന്നഘോഷങ്ങളും
ഹസ്ത്യശ്വഘോഷങ്ങളുംവീരാട്ടഹാസങ്ങളു
മത്യന്തംപൊടിപൊങ്ങുംസഞ്ചാരഘോഷങ്ങളും
ദിക്കിടങ്ങളിൽപ്പരക്കുന്നമാറിടയ്ക്കിട
യ്ക്കുൽക്കടങ്ങളായ്പ്പൊങ്ങുംഞാണൊലിപ്രപഞ്ചവും
തങ്ങളിൽതട്ടിക്കടല്ക്കുള്ളതുപോലെമുഴ
ത്തെങ്ങുമെമുഴങ്ങുന്നവണ്ണമേവിവൎദ്ധിച്ചു
സത്തമൻമയിൽധ്വജൻതൽസുതൻതാമ്രധ്വജ
നത്തമൻഹംസധ്വജനധതൻനീലധ്വജൻ
ബഭ്രുവാഹനൻവൃഷകേതുവെന്നിവർമുമ്പാ
മുൾഭ്രമംവെടിഞ്ഞവരേവരുംനടന്നപ്പോൾ
ഫൽഗുനൻതാനുംകൃഷ്ണൻതാനുമങ്ങൊരുതേരി
ലുൾക്കനത്തോടുംനടന്നീടിനാരത്രാന്തരെ
മണ്ടുവാൻമിടുക്കമുത്സാഹവുംകലൎന്നുള്ള
രണ്ടുവാജിയുൎക്കൂടിത്തമ്മിൽവേറിട്ടീടാതെ
കണ്ടുകണ്ടൊപ്പംപലനാടുകാടുകളോരോ

കണ്ടുകണ്ടിവയെല്ലാംപിന്നിട്ടുചെന്നദ്ദൂരെ
മന്നിടംതന്നിൽപരംസാരമാംസാരസ്വത
മെന്നപേർചൊല്ലുംപുരംപുക്കളവലാരാതെ
മന്നവൻതദീശ്വരൻവീരവർമ്മകൻവീര
ന്നതപ്രാജ്ഞൻപ്രാജ്ഞോത്തമോത്തമൻധീരന
ദുണ്യവാൻഹൃഷീകേശസേവകന്മാരിൽപുരോ
ഗണ്യനീനരോത്തമൻനിർണ്ണയംസുരോപമൻ
സന്തതംവൃഷംതദീയങ്ങളാംരാഷ്ട്രങ്ങളി
ലന്തരംവിനാചതുഷ്പാദമായ്നിന്നീടുന്നു
ഹന്തകൾമഷംവെടിഞ്ഞുള്ളവൻതന്നെസ്സാക്ഷാ
ലന്തകൻജാമാതാവായാശ്രമിച്ചിരിക്കുന്നു
തല്പുരസ്ഥിതന്മാരുംനാട്ടുകാരായുള്ളോരു
മത്ഭുതസ്വഭാവന്മാർസ്വാമിതുല്യന്മാരവർ
തക്കമെന്നിയെചതുർവ്വർഗ്ഗത്തിൽപാരംഗമി
ച്ചുൾമററവരായിട്ടങ്ങനെവിളങ്ങുന്നു
ഒട്ടുമേകുമാർഗ്ഗത്തിലേകനെങ്കിലുംചെന്നു
പെട്ടുപോകുന്നില്ലോർത്താൽനിദ്രയിൽപോലുംചിത്രം
എങ്കിലീനൃപശ്രേഷ്ഠൻതന്നുടെചാരന്മാരാം
കിങ്കരപ്രവീരന്മാർവന്നുചൊല്ലുകയാലെ
ധർമ്മജൻമഖത്തിന്നുകോപ്പിട്ടുകൈവിട്ടുള്ള
വെണ്മതേടീടുംരണ്ടുവാജിയുംനിജസ്ഥലേ
വന്നണഞ്ഞതുംവാജിരക്ഷകൻധനഭര
നിന്ദുവംശത്തിന്നലങ്കാരമാംധനഞ്ജയൻ
തന്നുടെസുഹൃത്താകുംശ്രീകൃഷ്ണമൂർത്തിയോടും
വന്നുചേർന്നീടുന്നതുംകേട്ടുസന്തോഷത്തോടെ
തൻഭടന്മാരെവിളിച്ചിത്തരംനിയോഗിച്ചാ
നെമ്പടക്കൂട്ടത്തോടുംനിഷ്ക്രമിക്കുവിൻനിങ്ങൾ
നമ്മുടെസമീപത്തിലെത്തിപോലുർവ്വീശന്മാർ
ധർമ്മജൻനടത്തുന്നയജ്ഞിയാഹയദ്വയം

ചെന്നണഞ്ഞുടൻപിടിച്ചീടുവിൻബലത്താലെ
നന്ദനന്മാരെശീഘ്രംനിങ്ങളുംപോയീടുവിൻ
വന്നണഞ്ഞീടുന്നുണ്ടുകൃഷ്ണനുംകിരീടിയു
മെന്നറിഞ്ഞീലെയുദ്ധംവേണ്ടിവന്നീടുംതിട്ടം.
പടനായകന്മാരെപടുഭാവത്തോടൊക്കും
പടയുംചെറ്റുചേരുംപടിനിങ്ങളുംനില്പിൻ
നൃപശാസനംകേട്ടുനിപുണന്മാരാമഞ്ചു
നൃപനന്ദനന്മാരുംനിജതാതനെക്കുപ്പി
സുരസന്നിഭൻമഹാശുഭനാംസുഫാലനാ
സുരഭൻദ്വിതീയനംസുധിയാംസുലീലനം
കുവലൻനാലാമനംസരളൻമറേറവനും
പ്രബലന്മാരാമിവർവിമലന്മാരുംകൂടി
ചപലംചാപബാണാസികളുംചർമ്മങ്ങളു
മുപലംഭേദിക്കുന്നമുസലാദിയുംപൂണ്ടു
ത്വരിതംസന്നദ്ധരായ്സുബദ്ധപ്രഭങ്ങളാം
സ്വരഥങ്ങളിലേറിസ്സുഖമേപുറപ്പെട്ടു
പലസൈന്യങ്ങളോടുംനടകൊണ്ടർജ്ജുനന്റെ
ബലസന്ദോഹംപ്രാപിച്ചതിവിക്രമത്തോടെ
സമരോദ്യതന്മാരായ്മത്തവുംഭടന്മാരെ
സമദംതൃണീകരിച്ചവർകാണവെബലാൽ
ചന്തമേറീടുംവാജിരത്നങ്ങളെയുംപിടി
ച്ചന്തരംകൂടാതച്ഛൻതന്പുരോഭാഗംനോക്കി
പിന്തിരിച്ചീടുംവിധൌബഭ്രുവാഹനൻവീര
ന്നന്തിതെന്നുടൻനടത്തിച്ചുതേരോടുംകൂടി
മുമ്പിൽചെന്നവർക്കുള്ളകർണ്ണങ്ങളുംപൊട്ടുംവണ്ണം
ധ്മാപിച്ചശംഖാരവത്തുകിനാനനന്തരം
സത്വരംമുഴുത്തുള്ളസിംഹനാദവുംപൊഴി
ച്ചിത്തരംനിർഭർത്സിച്ചുചൊല്ലിനാൻഭോഷന്മാരെ
തത്രനിൽക്കവിൻനിങ്ങൾനിർഗ്ഗമിക്കേണ്ടാജഗൾ

ജൈത്രനായ് വിളങ്ങുന്ന ശക്തനാം കിരീടിയെ
കണ്ണിൽ കണ്ടീടും നൃപന്മാരിലിന്നൊരുത്തനെ
നെണ്ണിക്കൊണ്ടതിക്രമം ചെയ്കപോയതു കഷ്ടം
എങ്കിലീയകപ്പെട്ട സാഹസം സഹിച്ചീടും
തിമിരവംശാധീശനാം പാർത്ഥനീഹയങ്ങളെ
വിട്ടുപിന്മടങ്ങുവിനല്ലെങ്കിലല്പം യുദ്ധം
വെട്ടുവിൻ വൃഥൈവ ഞാൻ നിങ്ങളെ വിട്ടീടുമോ
ദൃഷ്ടപ്രഭാവം കൊണ്ടേവം ധർമ്മദം കാണിച്ചിന്നു
മൽപ്രയുക്തമാം ശരം കൊണ്ടുടൻ മരിക്കയോ
ചെയ്യുവാൻ ഭാവിക്കുന്നതെന്തു ചൊല്ലുവിൻ വലി
ച്ചെയ്യുവാൻ ചാപം തന്നിലമ്പു ഞാൻ തൊടുക്കട്ടെ
എന്നിത്രമാത്രം പറഞ്ഞർജ്ജുനാത്മജൻ നേരെ
നിന്നിട്ടു തുകിത്തുടങ്ങീടിനാനസ്ത്രങ്ങളെ
ക്രുദ്ധചിത്തന്മാരായ രാജപുത്രകന്മാരും
ബദ്ധവിക്രമം ചിരിച്ചട്ടഹാസവും ചെയ്തു
ശസ്ത്രസഞ്ചയങ്ങളെത്തുകിനാർ പരസ്പര
മെത്രയും കടുത്തുള്ള യുദ്ധമായെന്നേ വേണ്ടു
കർണ്ണജൻ താമ്രദ്ധ്വജൻ തൊട്ടുള്ള യോദ്ധാക്കളും
ചണ്ഡജന്യാത്ഥരഥാരൂഢന്മാരായിട്ടുടൻ
സൈന്യത്തിൻ ചയത്തോടും ചെന്നുദോരഗ്രം തോറും
സംന്യസ്ത ചാപങ്ങളിൽ ക്രുത്തുള്ള ബാണങ്ങളെ
ശിഞ്ജിനീനാദത്തോടും ചേർത്തു പാർത്ഥജൻ തന്നി
യ്ക്കുഞ്ജസാത്തുണ്ണച്ചുനിന്നീടിനാർ നിരന്തരം
മത്തവാരണങ്ങളേകത്രമാഹാത്മ്യം ക്രുട്ട
മൊത്തവാജികളന്യഭാഗത്തിലേക സ്ഥലെ
എത്രയും രഥങ്ങളിത്യാദിയാലടൽക്കളം
രൌദ്രമത്യന്തം പൂർണ്ണമത്യാരവാഘോഷിതം
മുമ്പുറത്തതീവവീര്യോൽക്കടന്മാരായവ
രമ്പുതൂകവാനൊരുമ്പെട്ടങ്ങു ക്രുദ്ധീടിനാൻ

കട്ടത്തും കാലാളുകളെ തൂത്തും കൈയത്തും കൊ
ണ്ടടുത്തും ശസ്ത്രൗഘങ്ങളെടുത്തും വെട്ടും കുത്തും
കൊട്ടത്തും പരസ്പരം തട്ടത്തും പരം മറി
ച്ചെട്ടുത്തും നേരം മനം മടുത്തും പിന്മാറിയും
കുന്തളങ്ങളിൽ പിടിച്ചപ്പൊഴെ വലിയ്ക്കയു
മന്തരം വരും വണ്ണമങ്ങിനെ വലിയ്ക്കയും
കൈനഖാഞ്ചലം കൊണ്ടു മാന്തി മേൽ പിളക്കയും
മൈനനഞ്ഞൊഴുക്കിടും ശോണിതം വളക്കയും
മുഷ്ടികൊണ്ടിടിയ്ക്കയും മാത്തടം പൊടിയ്ക്കയും
മുട്ടിനിന്നു കേറുന്ന കൈകൾ കൊണ്ടടിയ്ക്കയും
പുഷ്ടവിക്രമം കാണിച്ചെത്രയും മടിയ്ക്കയും
നഷ്ടജീവിതം പലർ ഭൂതലെ പതിയ്ക്കയും
രഥികന്മാരായവർ വിരുതേറീടുന്നമാ
റധികം ശരങ്ങളും അസി വേൽ കുന്തങ്ങളും
ത്വരിതം പ്രയോഗിച്ചും കൊടിനൽകൊടിക്കൂറ
ശരധിരഥം ചാപാകടതൊട്ടുള്ളതെല്ലാം
മുടിച്ചും ദേഹങ്ങളെ മുറിച്ചും തമ്മിൽ തമ്മിൽ
ചൊടിച്ചും കൊണ്ടു തന്നെ തുടങ്ങീ മഹാരണം
ഏകനാം പാർത്ഥാത്മജൻ തന്നുടെ ശരൗഘം കൊ
ണ്ടാകവെ വീയ്യം കൂട്ടും വീരവർമ്മാവിൻ പട
ഭഗ്നമായല്പം നേരം കൊണ്ടു സങ്കോചിച്ചു പോ
യഗ്നിയിൽ പതിച്ചതോലെന്നപോലെന്നേ വേണ്ടു
എന്ന വൃത്താന്തം കേട്ടു വീരവർമ്മാവാം നൃപൻ
വന്നവിസ്മയത്തോടും സംഗരം ചെയ്തീടുവാൻ
തന്നിയോഗത്താലണിസ്യന്ദനം തോറും കണ
ക്കെന്നിയെ പുറപ്പെട്ടു തൻ ഭടക്കൂട്ടത്തോടും
സുന്ദരനേകേഭാശ്വപത്തിസഞ്ചയത്തോടു
മുന്നതാരവങ്ങളാം വാദ്യങ്ങളോടും കൂടി
സന്നദ്ധനായിപ്പടത്തേത്തടം തന്നിൽ കേറി

മന്ദത്വംവിനാപുറപ്പെട്ടുപോയ്ക്കളംപുക്ക
തന്നുടെമുന്നിൽതദാവിക്രമത്തോടുംവേഷ
ഛന്നനായ്പ്രകാശിച്ചുനിന്നാകാലനെത്തന്നൊ
പ്പിട്ടയക്കയാലശേഷാന്തകൻവൈവസ്വതൻ
നിഷ്ഠുരൻയുധിഷ്ഠിരൻസ്നേഹവുംവെടിഞ്ഞഹൊ
അഷ്ടദിഗ്ഗജങ്ങൾക്കുംകർണ്ണങ്ങൾപൊട്ടുംവണ്ണ
മട്ടഹാസവുംപൊഴിച്ചത്യന്തമോജസ്സോടെ
സത്വരംകിരീടിതൻവമ്പടയ്ക്കുള്ളിൽകട
ന്നധരിച്ചീടുംഗദാദണ്ഡഘട്ടനത്താലെ
മത്തഹസ്തികൾക്കുള്ളമസ്തകംസമസ്തവു
മസ്തസംശയംമഹാചൂർണ്ണമാക്കിയുംതൂർണ്ണം
പൃഷ്ഠങ്ങൾതോറുംചെന്നസാദിവീരന്മാരോടും
പുഷ്ടങ്ങളാകുംഹയക്കൂട്ടങ്ങളേയുംതഥാ
നഷ്ടങ്ങളാക്കിപ്പതിപ്പിച്ചുമത്യൗന്നത്യാദി
ജുഷ്ടങ്ങളാകുംകൊടിസ്തംഭങ്ങളോടുംകൂടി
റല്പേതരങ്ങൾകാലാൾക്കൂട്ടങ്ങളെന്നിത്യാദി
ഭല്പസംഖ്യയംകൊണ്ടുംഭഞ്ജിച്ചുക്രുത്താടിനാൻ
മിക്കതുംമുടിഞ്ഞുപോയ്പാർത്ഥവീരന്മാർനേർത്തു
നില്ക്കുവാനാമല്ലെന്നശിഷ്ടന്മാരവരോർത്തു
വില്ക്കുളിക്കൊരുമ്പട്ടപാർത്ഥജൻമുമ്പായവ
രുൽഗളിച്ചീടുംഭയംകൊണ്ടുപിന്മാറീടിനാർ
അംഗാദിവൈകല്യംപൂണ്ടാഹന്തയുദ്ധംവെടി
ഞ്ഞിങ്ങാധിയോടെപടക്കൂട്ടവുംതിരിഞ്ഞോടി
അപ്പൊളാവിശേഷംകണ്ടർജ്ജുനൻമനക്കാമ്പി
ലത്ഭുതത്തോടുംഭഗവാനോടുചോദ്യംചെയ്തു
ഭക്തവത്സല! വാസുദേവ! കേശവ! കൃഷ്ണ!
മുഗ്ദ്ധമോഹനാകൃതെ! ദേവ! കണ്ടീലേഭവാൻ
എന്തിതത്ഭുതംകെല്പുതട്ടുമീരണംവിട്ടു
പിന്തിരിഞ്ഞതല്ലോബലംകെട്ടമൽബലംവിഭോ

ഭാവനോചിതൻഭവ്യൻദേവനോപാത്താലിവ
നേവനോജസ്സംമഹാവിദ്യവുംപൂണ്ടുള്ളവൻ
ശോകനാശനൻഭവാൻനോക്കിക്കൊണ്ടിരിയ്ക്കുമ്പോ
ളേകനായെത്തിതാനമ്മുടെസൈന്യങ്ങളെ
കാലസന്നിഭൻഗദാബാണസാധനംകൊണ്ടു
ചാലവെപൊടിച്ചുധാത്രീതലെവീഴ്ത്തീടുന്നു
ത്തുമയിൽബലംകൊണ്ടുപോർചെയ്തുപോരുന്നവ
നാമയിൽധ്വജൻമുതല്ക്കുള്ള വീരന്മാരെല്ലാം
പിന്മടങ്ങിനാർഭയപ്പെട്ടുകൊണ്ടെന്നാലിവൻ
തൻമുഖംതന്നിൽചെന്നുനോക്കുവാനെന്നാകിലും
കെല്പിനിയ്ക്കില്ലെന്നുള്ളതുഭവിയ്ക്കുമോമഹാ
നില്പിനിക്കഷ്ടംനാശംകെട്ടതെന്നാകില്ലയൊ
വമ്പനാമരിയാരെന്നാമ്പിനാലുരച്ചെന്റെ
കമ്പനാശനംചെയ്തുകൊള്ളുകെന്നാനേവേണ്ടു
വിജയൻചൊന്നതെല്ലാംചെവിയിൽചെന്നശേഷം
നിജചിത്തത്തിലെല്ലാമറിയുംമായാമയൻ
ഭയനാശനംചെയ്യുംഭഗവാനയ്പോട്ടുതൻ
പ്രിയനായീടുംപൃഥാസുതനോടരുൾചെയ്തു
പുരുഹൂതജചൊല്ലാമറിയേണമീമഹാ
പുരുഷൻമർത്ത്യനല്ലെപുകൾപൂണ്ടീടുംദേവൻ
ശമനൻവീരവർമ്മാവിൻജാമാതാവിങ്ങു
സമനസ്തോഷംതുണച്ചമരുന്നിതുനിത്യം
അതുകേട്ടുണർത്തിനാനമരേശ്വരാത്മജ
നിതുവിസ്മയംഹരെയമരാട്ടായദേവൻ
കഥമീനൃപാത്മജാപതിയായ്ഭവിച്ചതി
കഥയെവിസ്തരിച്ചിന്നരുളിച്ചെയ്യേണമേ
അരുണാംഭോജേക്ഷണനകതാർതെളിഞ്ഞുട
നരുളിച്ചെയ്തീടിനാനായിവീരോത്തംസമേ!
പരമാർത്ഥമായല്പംപറവൻഭവാനുള്ളി

ലറിവാനായിട്ടഞാനതുകേട്ടാലുംസഖേ
പുകളാൎന്നരിയ്ക്കുമീനൃപതിയ്ക്കഭീഷ്ടയാം
മകളായുണ്ടായൊരുമഹിളാശിഖാമണി
മാലിനീമഹാപുണ്യലാവണ്യസൌന്ദൎയ്യാദി
ശാലിനീതനിയ്ക്കൊട്ടുതാരുണ്യംതുടൎന്നനാൾ
ധൎമ്മരാജനാംദേവനാകേണംഭൎത്താവിനി
യ്ക്കെന്നമനസ്സന്ന്യൻതങ്കലെത്തുകില്ലെന്നിങ്ങിനെ
കല്പിച്ചചിത്തംലക്ഷ്മീകാന്തനാംദേവൻതങ്ക
ലൎപ്പിച്ചകാമംഫലിപ്പിയ്ക്കുവാനപേക്ഷിച്ച
ധൎമ്മരാജനിൽദ്ധ്യാനനിഷ്ഠയാവാണീടിനാൾ
ധൎമ്മചാരിണീയവൾക്കാളമാരോടുംകൂടി
നൃത്തമാടുക,ഗീതംപാടുക,പൂച്ചൂടുകെ
ന്നിത്ഥമുള്ളനേകകൃത്യങ്ങളിൽക്രമത്താലെ
ശ്രദ്ധയുംകുറഞ്ഞുദുഃഖായെന്തിതെന്നഹൎന്നിശം
സ്വസ്ഥയല്ലാതായഹോമാതാവുംതദന്തരെ
ബുദ്ധിദയറിട്ടുംവീരവൎമ്മകൻമഹീശ്വരൻ
പുത്രിയെവിളിച്ചമിത്രാദികൾക്കപാന്തികേ
നിൎത്തിയീവണ്ണംപറഞ്ഞീടിനാൻബാലേനിന
ക്കെത്തിയിന്നൎഹമാംവൈവാഹകാലംസുതേ
നിന്മനസ്സിങ്കൽദ്ധ്യാനമെന്തുനീപറഞ്ഞാലും
നിൎമ്മലേചെയ്യാമതിൻവണ്ണംഞാനറിഞ്ഞാലും
മൎത്ത്യനാകേണ്ടാവരനെന്നുതാൻമനസ്സെങ്കി
ലത്യനാമയൻവരനാരുവാനഹോചിതൻ
തമ്പിതാവിൻെറഗിരംകേട്ടുകന്യകാരത്നം
കമ്പിട്ടുംമുഖത്തോടുമുത്തരംചൊല്ലീടിനാൾ
ധൎമ്മരാജനായെനിയ്ക്കാദരംകൊടുത്താലും
സന്മതത്തോടുംതാതനന്യനെപ്രാപിയ്ക്കുവാൻ
ചിത്തകൌതുകംചെറുമില്ലമെക്ഷണംകൊണ്ടു
ചത്തണഞ്ഞിട്ടുംമൎത്ത്യനാകവെയമലയെ

ത്രവൈധവ്യംവരുംദുഃഖമെന്തിതിൽപര
മത്രയല്ലുണ്ടാകുന്നവൈഷമ്യംചൊല്ലീടുവൻ
മൃതമകനെവരിച്ചീടുവൻമരിയ്ക്കുമ്പോൾ
ചെന്നുദേഹംകൊണ്ടഗ്നിതന്നെയുംസ്പർശിയ്ക്കേണം
ധന്യയാംപതിവ്രതയ്ക്കന്യസംഗമംകഷ്ടം
പുണ്യഹാനിയ്ക്കീക്കർമ്മംമുഖ്യകാരണംതന്നെ
അല്പനുണ്ടാക്കിത്തരുംപതിയെച്ചതിച്ചുത
ന്നിശ്ചയാമോഹംകൊണ്ടുപരനെപ്രാപിപ്പവൾ
അസതിയേതൊരുത്തിയവളെമരിയ്ക്കുമ്പോ
ളസമപ്രഭാവനാമരുണാത്മജൻദേവൻ
അധികംപ്രചണ്ഡമാംനരകേപതിപ്പിയ്ക്കു
മതിലിട്ടനേകംനാളഭയംദണ്ഡിപ്പിയ്ക്കും
എന്നറിഞ്ഞിരിയ്ക്കുന്നജ്ഞാനധർമ്മത്തിൽപതി
ച്ചെന്നുമേദുഃഖിക്കായ്വാൻചെയ്യേണ്ടതെന്തെന്നോർത്തു
ധർമ്മമൂർത്തിയാംസമവർത്തിയെത്തന്നെനിന
ച്ചെന്മനസ്സാലെഭർത്താവാക്കിവച്ചല്ലോമുന്നേ
തന്നിയുക്തമാംധർമ്മംചെയ്തിരുന്നീടാമിങ്ങു
നന്ദിയുംമഹാകീർത്തിപൂർത്തിയുംവന്നീടുമെ
പ്രേതരാജനാംദേവൻപ്രീതനായ്വരിച്ചെന്നെ
പാതകപ്രപാതത്തിൽനിന്നുസംരക്ഷിയ്ക്കുമെ
താതസർവ്വദാഭവൽപുണ്യരക്ഷയുംമഹാ
സാതവൃദ്ധിയുംവരുംവാദമില്ലതിന്നേതും
സതതംശുഭാചാരവ്രതയായ്വാണീടുന്ന
സുതയെപ്രാകൃതനായുതകീയെന്നാകിലും
സ്വകതാതനായവൾസുഖസംഗതിയ്ക്കുള്ള
സുകൃതംതന്നെമഹാസുമതെനൽകീടുമെ
അവളെധർമ്മദേവന്നഴകോടേകീടുകി
ലവളെകുന്നതെന്തെന്നറിവാനോതേണമോ
ക്ഷിതിപാലകപ്രഭോപതിയെസേവിച്ചുഞാ

നതിമംഗളംമേലിലവിടെയ്ക്കുകീടാമെ
എന്നടെമനക്കാമ്പിലിങ്ങിനെകരുഹല
മെന്നാതെൻധർമ്മാചാരംകൊണ്ടുസാധിച്ചീടുവാൻ
ഒന്നനുഗ്രഹിക്കേണംസമ്മതത്തൊടുംതാത
നിന്നിനിയ്ക്കിതുതന്നെസർവ്വസിദ്ധിദംനൂനം
ക്ഷത്രിയാധിപൻവീരവർമ്മകൻമഹാഭാഗൻ
പുത്രിയാമവൾചൊന്നതെപ്പേരുംചെവിക്കൊണ്ടു
സമ്മതംകയ്ക്കൊണ്ടുസമ്പ്രീതനായോതീടിനാൻ
ധർമ്മതല്പരെസുതെനിന്മനോരഥംഹിതം
സഹസാസാധിയ്ക്കുവാനതിസന്തോഷംകയ്ക്കൊ
ണ്ടിഹസാമ്പ്രതംഞാനുംയമനെഭജയ്ക്കുവൻ
ഭജനംചെയ്കനിയ്യുംഭവദത്മിതംജവാ
ലജനംഭോജേക്ഷണനഖിലംസാധിപ്പിയ്ക്കും
ശമഭാവത്തോടേവംമകളോടുരചെയ്തു
ശമനൻതന്നെക്കുറിച്ചവനീവലാന്തകൻ
യമസൂക്തംകൊണ്ടതിസ്തുതിഭാവനയോടും
സമയംതോറുംസേവിച്ചവിടെവാണീടിനാൻ
മാലിനീനൃപാത്മജതാനുമാനന്ദംപൂണ്ടു
മാലിനിവന്നീടുകില്ലെന്നുള്ളൊരുള്ളത്തോടെ
കാമിതംസാധിയ്ക്കുവാൻവേദവിത്തമന്മാരാം
ഭൂമിദൈവതങ്ങളെക്കൊണ്ടുതാനഹർന്നിശം
ഹോമവുംജപപ്രപൂജാദിയുംചെയ്യിപ്പിച്ചും
ഹേമഗോരത്നാംബരാന്നൌഘാദിദാനംചെയ്തു
ധ്യാനനിഷ്ഠയോടിരുന്നീടിനാളതിൻമദ്ധ്യേ
ദീനവത്സലൻവീണാപാണിയാംമുനീശ്വരൻ
മൌക്തികപ്രഭൻമഹാമുഖ്യമാമനുഗ്രഹം
ഭക്തിയുള്ളവർക്കനൽകീടുന്നകാരുണ്യവാൻ
ഏറ്റുകൊണ്ടശേഷവൃത്താന്തവുംഗ്രഹിക്കുന്ന
നിസ്തുലജ്ഞാനാദയൻനിർമ്മലൻമഹായോഗീ

ജ്ഞാനലോചനംകൊണ്ടുമാലിനീവിചേഷ്ടിതം
മാനസത്തിങ്കൽധരിച്ചീവണ്ണമോൎത്തീടിനാൻ
ബാലയാമിവൾധൎമ്മചാരിണീതപംകൊണ്ടു
കാലയാവനംചെയ്തുകേവലംവാണീടുന്നു
കാലനെവിചാരിച്ചുഭൎത്തൃതാപംകയ്ക്കൊണ്ടെന്നെ
പ്പാലനംചെയ്യേണമെന്നൎത്ഥിച്ചുസേവിക്കുന്നു
ഭേദമില്ലതിന്നേതുംയൌവനോദയംകൊണ്ടു
മാദരംകയ്ക്കൊണ്ടേവംവാഴുമീവരാംഗിയെ
അന്തകൻഗ്രഹിക്കുന്നില്ലെന്നിതത്ഭുതംപാൎത്താ
ലന്ധനാകുമോസമസ്തജ്ഞനാംയമൻദേവൻ
മൎത്ത്യന്മാർചെയ്യുന്നതുംചിന്തിക്കുന്നതുംസൎവ്വം
പ്രത്യക്ഷംപ്രേതാധിപന്നാരാനംചൊല്ലേണമൊ
എന്നിരിക്കുമ്പോൾസമവൎത്തിയാംവൈവസ്വതൻ
നന്ദിയോടവൾക്കുള്ളൊരഗ്രഭാഗത്തിൽചെന്നു
ഭംഗിയോടനുഗ്രഹിച്ചാഗ്രഹംഫലിപ്പിക്കാ
തെങ്ങിനെവൃദ്ധാമന്ദഭാവനായടങ്ങുന്നു
ചെല്ലുവൻഞാൻതാൻകൃതാന്താലയെമടിക്കാതെ
ചൊല്ലുവൻവിശിഷ്ടമാംമാലിനീമനോരഥം
എന്നുറച്ചുടൻധൎമ്മരാജന്റെമുമ്പിൽതന്നെ
ചെന്നുസല്ക്കാരംഗ്രഹിച്ചങ്ങിരുന്നനന്തരം
ധൎമ്മരാജനോടരുൾചെയ്തുസസ്മിതംചെറ്റും
നൎമ്മമല്ലിതുകേൾക്കകാലകൌതുകത്തോടെ
ധൎമ്മവത്സലധന്യശീലനാംഭവാനിന്നു
നന്മവൎദ്ധിപ്പാനുള്ള കാലമായറിഞ്ഞീലെ
മന്നിലിക്കാലംസവൈവീരവൎമ്മാഭിഖ്യനാം
മന്നവൻതനിക്കുള്ള കന്യകാമനോഹരീ
ബാലികാനാമംകൊണ്ടുമാലിനീസീമന്തിനീ
മാലികാമഞ്ജുജഗന്മോഹിനീവിലാസിനീ
സത്യശാലിനീധൎമ്മചാരിണീപരംപാതി

വ്രുത്യപാലിനീസാധുവാദിനീതഥ ദസ്വനീ
ധർമ്മരാജൻമെഭത്താവാകേണമല്ലെങ്കിലീ
ജന്മമങ്ങൊട്ടങ്ങീട്ടംഭത്തൃഹീനമായ്തന്നെ
എന്നനിൎണ്ണയംചെയ്തു യൌവനാരംഭംഭേവി
ച്ചന്നതൊട്ടഭീഷ്ടസാഫല്യമുണ്ടാവാൻവേണ്ടി
കണ്ടസൽകർമ്മംസൎവ്വംചെയ്തുസുവ്രതത്തൊട്ട
മിണ്ടലെന്നിയെഭപ്ലോന്നൈകന ഷ്ടയോട്ടം
വാഴുന്നകാലംകുറച്ചായ്മറെറാരാളിലും
വീഴുന്നഭാവംകണ്ടതില്ലിവൾക്കേന്നോവേണ്ടു
എന്തിതങ്ങറിഞ്ഞിട്ടില്ലെന്നുള്ള ഭാവംകന്യാ
ചിന്തിതംനിസ്സാരമെന്നാകയൊപറഞ്ഞാലും
സത്തമന്മാരായവർസതാരംഫലിപ്പിക്കും
ചിത്തമോദത്തോടന്യാപേക്ഷിതംസമസ്തവും
ധിക്കരിച്ചീട്ടംദയാഹീനരാമസത്തുക്ക
ളൂക്കെന്നെന്തതെല്ലാംതക്കമില്ലെന്നാകയാൽ
മത്ത്യവേഷവുംപൂണ്ടഭക്തവത്സലൻഭവാൻ
ഭൃത്യസഞ്ചയത്തോട്ടംവിദ്രുതംപുറപ്പെട്ടു
പൃത്ഥ്വിയിൽപ്രശസ്തമാംവീരവർമ്മകന്നുള്ള
ശ്രുദ്ധിയേറീട്ടംമഹാപത്തനംപ്രാപിച്ചാലും
സത്തമംസാരസ്വതംയാതൊന്നുവൈവസ്വത
ചിത്തമോദനംവൃഷംയാതൊന്നിൽചതുഷ്പദം
ഹൃത്തിലാനന്ദംപൂണ്ടുയാതൊന്നിൽദിവാനിശം
സുസ്ഥിതംമഹാജനംവൈഷ്ണവംനിരാതങ്കം
അപ്പുരംഭവൽപ്രാപ്തികൊണ്ടുമിന്നനല്പമാ
മത്ഭുതംരതംവണ്ണമെത്രയുംശോഭിച്ചിട്ടെ
ധർമ്മിഷ്ഠനാകുംഭവാൻതക്കമെന്നിയെകനി
ഞ്ഞമ്മട്ടിൽപാണിഗ്രഹംചെയ്യുന്നഗ്രഹംനൽകി
പെണ്മണിയ്ക്കുള്ളകളേക്കന്നാമാറമന്നാലും
തന്മനസ്സിങ്കൽഭക്തവാത്സല്യമില്ലെന്നാമൊ?

സൻമുനീന്ദ്രോക്താകേട്ടുതുഷ്ടനായ്സൎവ്വജ്ഞനാം
ധർമ്മരാജനുംചിരിച്ചുത്തരംചൊല്ലീടിനാൻ
ഹൃദ്യമിച്ചരിത്രമീക്കന്യയെക്കൈക്കൊള്ളുവാ
നുദ്യമിച്ചിരിക്കുന്നുഞാനുമെന്തപോനിധേ!
വിശ്രുതംഭവദ്വാക്യമുക്തമായവണ്ണംതന്നെ
വിദ്രുമോഷ്ഠിക്കുള്ളിഷ്ടപൂരണംചെയ്തീടുവൻ
ചൊൽക്കലെന്നിട്ടുംമുനേ!വൈശാഖമാസേവരും
ശുക്ലപക്ഷത്തിൽതന്നെചെയ്യുവൻപാണിഗ്രഹം
എങ്കിലീവിനിൎണ്ണയംഭൂപതീശ്വരനേയും
മങ്കയാളേയുംധരിപ്പിക്കുവാൻഭവാൻതന്നെ
അൎഹനെന്നുണൎത്തിച്ചുകേൾക്കയാലകംതെളി
ഞ്ഞർഹണോചിതൻബ്രഹ്മനന്ദനൻമുനീശ്വരൻ
സമ്മതംകലൎന്നങ്ങുനിന്നുടൻതന്നെഗമി
ച്ചാബ്ജക്ഷന്നനാമോച്ചാരണാലാപാമൃതം
വല്ലകീക്വണംകൊണ്ടുവർഷിച്ചുഹർഷത്തോടും
നല്ലകീൎത്തനീയമാംസാരസ്വതാഖ്യാലയെ
ധർമ്മശാലയിൽതപോനിഷ്ഠയോടിരിക്കുന്ന
ശൎമ്മരൂപിണിയാകുംകന്യതൻപുരസ്ഥലെ
തിങ്കൾബിംബംപോലിറങ്ങീടിനാൻനഭസ്ഥല
ത്തിങ്കൽനിന്നതുകണ്ടുമാലിനീസുബോധിനീ
വെക്കമുത്ഥാനംചെയ്തുരുഗ്മപീഠത്തിൽതന്നെ
സൽക്കരിച്ചുടൻവസിപ്പിച്ചുയോഗീന്ദ്രൻതന്നെ
മസ്തകത്താലെമന്ദംവന്ദിച്ചഞ്ജലിയോടു
മസ്തകന്മഷംമമജന്മമെന്നുണൎത്തിച്ചു
കുത്രനിന്നെഴുന്നള്ളിവന്നുകാരുണ്യത്തോടു
മത്രമാമുനേഭവാനെന്നുചോദിച്ചീടിനാൾ
വന്നസന്തോഷത്തോടുമപ്പൊഴെവിഷ്ണുപ്രിയൻ
മന്ദഹാസച്ഛായയരുൾചെയ്തുമാലിനിബാലേ!
വന്നപുഷ്കരാന്തനിൽനിന്നുഞാനിഹനിന്നൊ

ടൊന്നുചോദിച്ചീടുന്നേനത്ഭുതാദയത്താലെ
സർവ്വലക്ഷണലാവണ്യാദിമോഹനമാകും
യൌവനംപ്രാപിച്ചിരിക്കുന്നനീയിക്കാലം
ഒത്തവല്ലഭൻതന്നോടൊത്തതിൻവണ്ണംനല്ല
ചിത്തസൌഖ്യത്തോടൊത്തിരുന്നീടേണ്ടുന്നവളോർത്താൽ
ഇത്തരംവ്രതാചാരവേഷാദിയോടുംകൂടി
യത്തലെന്നിയെവസിക്കുന്നതെന്തുത്ക്രമം
സത്തമേവിവാഹത്തിലാസ്ഥയില്ലെന്നോനിന
ക്കർത്ഥമെന്തിത്ഥംകാലംപോക്കീടുന്നതിന്നഹോ
സത്രപംകുമ്പിട്ടുണർത്തീടിനാളവൾമന്ദ
മത്രമെദ്ദുരാഗ്രഹംകേൾക്കവേണമെമ്മുനേ
ധർമ്മരാജൻമേഭർത്താവാകേണമല്ലെങ്കിലൊ
ജന്മമിങ്ങിനെകഴിഞ്ഞീടട്ടെയെന്നിങ്ങിനെ
നിർണ്ണയിച്ചിഷ്ടംലഭിച്ചീടുവാൻദിനംതോറും
ഖണ്ഡമെന്നിയെപുണ്യകർമ്മംചെയ്യുഹർന്നിശം
തച്ചിന്തയോടുംവ്രതംകയ്ക്കൊണ്ടുവാഴുന്നുഞാൻ
മച്ചിത്തധൈര്യത്തിന്നുമാററമില്ലിന്നോളവും
കന്യകാഗിരംകേട്ടുകാരുണ്യാലരുൾചെയ്തു
പുണ്യകാരിയാംപുണ്ഡരീകജാത്മജൻമുനി
നിർമ്മലെവ്രതാത്മജെനിന്മനോരഥംകൊള്ളാം
ശർമ്മകാരണംഫലിച്ചീടുവാനടുത്തല്ലൊ
അന്തകാന്തികത്തിങ്കൽനിന്നുഞാൻവന്നീടുന്നോ
നന്തരാനന്ദത്തോടുമദ്യഞാനറിഞ്ഞാലും
അംഗനാജനോത്തമേനിങ്ങളിൽചേർത്തീടുവാ
നങ്ങണഞ്ഞാലോചിച്ചേനന്നേരംവൈവസ്വതൻ
തുഷ്ടനായ്നിശ്ചയംചെയ്തുതിങ്ങോതീടു ചാൻ
നഷ്ടസംശയംനമ്മെവിട്ടയച്ചിരിക്കുന്നു
മർത്ത്യവേഷവുംകയ്ക്കൊണ്ടെത്തുമീസ്ഥലത്തിങ്കൽ
സത്യമീവൈശാഖമാംശുക്ലപക്ഷത്തിൽതന്നെ

എന്നു കേൾപ്പിയ്ക്കുന്നേരം വന്ന സന്തോഷംകൊണ്ടു
കണ്ണുനീരൊലിപ്പിച്ചു കന്യകാശിഖാമണി
താൽകൃപാലവം തന്നെ നിശ്ശേഷസിദ്ധിപ്രദം
തൽക്കമല്ലിതിന്നൊന്നു കമ്പിട്ടു കൂപ്പീടിനാൾ
വൈണികൻ മുനീശ്വരൻ വീണയും വായിച്ചുടൻ
മൌനിയായ്വസിയ്ക്കുന്ന രാജാവു തന്നെക്കണ്ടു
സർവ്വവും വൃത്താന്തവും കേൾപ്പിച്ചശേഷം നൃപൻ
ഉർവ്വീപ്രസാദമൂലം കൊണ്ടു കൌതുകത്തോടെ
തമ്പുരോഹിതമന്ത്രിമുഖ്യന്മാരോടും കൂടി
വമ്പുകൂടീടും മട്ടിൽ തുഷ്ടിസംഭ്രമം പൂണ്ടു
ശിഷ്ടശീലയാം പുത്രി തന്നുടെ വേളിയ്ക്കുള്ള
വട്ടമൊക്കെയും കൂട്ടിക്കൊണ്ടങ്ങു വാണീടിനാൻ
ശ്രാദ്ധദേവനാം ധർമ്മരാജനാകട്ടെ തദാ
ചീർത്ത കൌതുകത്തോടും താൻ ചൊന്ന കാലാഗമെ
രാജവീരനാം വീരവർമ്മാവു വാണീടുന്ന
രാജധാനിയെ ഗമിച്ചീടുവാനൊരുമ്പെട്ടു
വിക്രമാദികൾകൊണ്ടു വിഖ്യാതിയോടും വാഴു
മുഗ്രകായന്മാരാകും തൻ ഭൃത്യനാഥന്മാരെ
സന്നിധൌ വിളിച്ചന്തു റെറട്ടു പേരേയും ക്രമാ
ലന്വിതന്മാരായവർ വന്നു വന്ദനം ചെയ്താർ
വിഗ്രഹത്യതൻ ഫലാകാരനായ് രോഗങ്ങളിൽ
സുപ്രധാനനായ് സ്വരധാതുവിൻ ഹന്താവീയി
കുററമററിരിയ്ക്കുന്നാവീര്യവാനായിത്തനി
യ്ക്കു ററക്ഷനായ് മുമ്പിൽനില്ക്കുന്നായക്ഷ്മാവിനെ
സത്വരം വിലോകിച്ചു ചൊല്ലിനാൻ മദീരിതം
ഉൾക്കരപ്രഭാവനാം യക്ഷ്മാവെ ധരിച്ചാലും
മർത്ത്യവിഗ്രഹത്തോടു മദ്യമെ ധരാതല
മത്സരം പ്രവേശിപ്പാനദ്യമം മോദാനാചിതം
മൽഭക്തയാകും വീരവർമ്മഭൂപാലനുള്ള

സല്പുത്രിതന്നെവമിച്ചീടുവാൻഗമിയ്ക്കുന്നേൻ
ത്വൽപ്രവൃത്ത്യശേഷഭൃത്യൗഘനായകന്മാരും
ക്ഷിപ്രമെന്നോടുംകൂടിപ്പോരേണംമടിക്കാതെ
ചൊല്ലെഴുംസാരസ്വതാഖ്യാമയെഘോഷിക്കുന്ന
നല്ലകല്യാണോത്സവംകണ്ടുകൊണ്ടാടാമല്ലോ
വൈവസ്വതോക്തംകേട്ടുയക്ഷ്മാവങ്ങുണർത്തിച്ചു
വൈവശ്യഹീനപ്രഭോമൽഗിരംകേൾക്കേണമേ
എങ്ങിനെകടന്നീടുംഞങ്ങൾതദ്രാഷ്ട്രമനാം
മങ്ങിനെല്ലാതേററംദുഃഖിയ്ക്കുമെന്നോവേണ്ടു
വിപ്രഭക്തിമാൻമഹാധർമ്മിഷ്ഠൻമഹീശ്വരൻ
തൽപ്രജാസമൂഹവുംതദ്വിധംഗുണാന്വിതം
തന്മാറംതോറുംധർമ്മനിഷ്ഠയോടിരിക്കുന്ന
കർമ്മഠന്മാരാംദ്വിജശ്രേഷ്ഠന്മാർനിരന്തരം
ചൊൽക്കൊണ്ടവേദംപഠിക്കുന്നനിർഘോഷംകേട്ടാൽ
ചിക്കന്നുപൊട്ടിത്തകർന്നീടുമെൻകർണ്ണംരണ്ടും
പൊക്കത്തിൽപരക്കുന്നഹോമധൂമംകണ്ടാൽ
ദുഃഖത്തിനൊരുപാത്രമാകുമെന്നേത്രംരണ്ടും
എത്രയുംസൂക്ഷ്മൽമൂത്രദൂഷകൻപ്രമേഹമാം
പുത്രകൻമൃത്യുഃതക്ഷണൻമൽസമൻഗുണത്താലെ
ചൊല്ലുവൻഭവദ്ദാസീമർത്ത്യരെക്ഷണംകൊണ്ടു
കൊല്ലുവോൾവിഷൂചികയെന്നുപേർപുകഴ്ന്നവൾ
ദുസ്സഹംഭണ്ഡംചെയ്തുജീവിതംപിടുങ്ങുവാൻ
തത്സമംമഹത്വമില്ലാക്ഷ്മീഭയങ്കരി
തല്പദത്തിങ്കൽകടന്നീടുകില്ലൊരിയ്ക്കലും
നില്പതിന്നിടംകിടക്കില്ലിവൾക്കെന്നെവേണ്ടു
എത്രയുംതേജസ്സുള്ള പാണ്ഡുവാംഭ്രാതാവിന്നും
തത്ര വിശ്രമിക്കുവാനുള്ളിടംകാണുന്നില്ലാ
ശോഭയേറിടുംപാണ്ഡുതൻഭാര്യാവിശാലാക്ഷി
ശോഷായെന്നവൾപരദ്രോഹകാരിണീപരം

പ്രബലൻപാണ്ഡുവെന്നുള്ള വനാത്മാധീനയാ
മിവളോടൊത്തുതന്നോടെതിരാംഗുണത്തോടെ
ഒരുപുത്രനെനേരോട്ടുളവാക്കിനാനവൻ
വിരുതൻവിരൻജലോദരനാമാവുതന്നെ
എവിടെച്ചേൎന്നുഞാനവനെദ്ധരിത്രിയി
ലവിടെവരുന്നാകിലഖിലേശ്വരാപോററി
ധമ്മതല്പരൻവീരവമ്മകൻനൃപാലകൻ
നിമ്മലൻനിജപ്രജാസഞ്ചയത്തോടുംകൂടി
വത്തനംചെയ്യുംദിക്കിലെന്തുഞാൻചെയ്യുംവപു
ര്യുക്തനായ് നടക്കവാൻശക്തനായ്വന്നീടുമോ
സന്തതംഭവാനാലെമാനിക്കപ്പെട്ടവമ്പോ
ടന്തികെനിൽക്കുംപ്രണശ്രേഷ്ഠന്മാരുടെമുമ്പിൽ
ശോച്യനായീടുന്നാഞാനാരുവാനണുപ്രായൻ
വാച്യനല്ലെന്നാലിവരാത്മപൌരുഷത്താലെ
ഗുരുവിൻദാരങ്ങളെസരസംഗമിച്ചുംനി
ഷ്ഠുരണംശിശുദ്വിജപ്രജഹിംസയെചെയ്തും
മരുവുംജനങ്ങളെമുഴവൻഹനിയ്ക്കുന്നാ
പുരുപാപിഷ്ഠന്മാരെവെറുതെവിട്ടനീലാ
ഒരുന്തുറെറട്ടുരൂപംവികൃതംപ്രണത്തിനു
ണ്ടരുണാത്മജചൊല്ലാംപ്രണവീരൻെറദ്ദോൎവ്വാ
വികൃതാവിചർച്ചികാതനയൻഭഗന്ദര
നകതാർദഹിപ്പിയ്ക്കുന്നതിചണ്ഡനാമിവൻ
ഗുരുപത്നിയെയനുഭവിച്ചുസുഖിയ്ക്കുന്നാ
പുരുഷൻതങ്കൽപെട്ടനിതുശിശ്നത്തിൻമൂലെ
നിജശാസ്താക്കളാകുംഗുരുഭൃത്യന്മാരവർ
ഭജനീയന്മാരവൎക്കിയല്വംനിഴൽപോലും
തൊട്ടുപോകില്ലാകണ്ടാലപ്പൊഴെവണങ്ങീട്ടു
മൊട്ടുമെലംഘിയ്ക്കില്ലാധമ്മിഷ്ഠന്മാരായവർ
താദൃശന്മഹാഗുരുഭക്തനീമഹീശ്വരൻ

മാട്ടശന്മാരാൽധൃഷ്ടപ്രനാകയില്ലെന്നാകയാൽ
തൽഗൃഹെചെല്ലുമ്പൊഴീസ്ഫോടരാജനംജ്വരെ
നിൽക്കവയ്യെന്നായ്വരുംനീക്കമില്ലിതിന്നേതും
സാന്നിപാതികൻജ്വരശ്രേഷ്ഠനീവീരൻബലം
ചേന്നിരിപ്പവൻപതിമ്മൂന്നായരൂപത്തോടെ
ഭീമനിമ്മിതൻഗുരുവഹ്നിസമ്മിതൻജഗൽ
ഭീമനിന്നങ്ങെത്തിയാലെങ്ങുവാണീടുംവിഭോ
അതിസാരാത്മാഭവൽപരിചാരകൻമഹാ
നതിസാരാഖ്യൻജഗൽപരിതാപനശീലൻ
ഗ്രഹണീയെന്നുചൊല്ലുള്ളവൾതാനിവന്നുള്ള
ഗ്രഹണീമഹാബലൻതനയൻഭസ്മാനൻതന്നെ
ബാധകൻപാത്താലിവൻഘോരനാമരോചകൻ
ക്രോധനൻതൻപുത്രകൻപാതകൻപ്രബാധകൻ
സ്വാമിയായീടുംഭവാനിക്കൂട്ടരോടുംകൂടി
ഭൂമിയിൽചെന്നാലെങ്ങുവാഴമീനൃപാലയെ
അരുളിച്ചെയ്യേണമങ്ങൊരുദിക്കിലുംനില്ലാ
നരുതെന്നാകമെന്നാണകമെതോന്നുന്നതും
മുന്നുരുശ്രൂലങ്ങളുണ്ടൊക്കവെമഹാത്മാക്കൾ
ചെന്നേറുമട്ടിക്കിലെന്നാകിലൊവസിയ്ക്കുവാൻ
കിട്ടകില്ലിടംതിട്ടമകനെങ്കിലുംവീയ്യം
കെട്ടവല്ലാതെഭയപ്പെട്ടുമണ്ടീടുംദൃഢം
ഹിക്കയുംകാസശ്വാസകഷ്ടാദിവീരന്മാരും
നിൽക്കയില്ലെങ്ങുംചെന്നാലാമല്ലാഞ്ഞുഴന്നിവർ
വായുഭ്രതന്മാരായിട്ടുംബെരെനടക്കേണ്ടെ
മായതിന്നാഹന്മാരല്ലാരുമെന്നറിഞ്ഞാലും
ചണ്ഡമാംധനുർവ്വാതംതൊട്ടുള്ളവാതങ്ങളും
കണ്ണുശ്രൂലവുംപക്ഷരോഗവുംദുഃശ്ശ്രാഗവും
ഗണ്ഡമാലയുംമഹാവൽമീകമെന്നുള്ളതും
ഭണ്ഡമററവുംമേകംഘോരാപസ്മാരങ്ങളും

വളരുംവലാകവുംധമരുവ്യാധിയുമാ
ലുളവാക്കീടുംശിരൊവ്യഥയെന്നതുംവിഭൊ
പെരുമാറീടാനിടംചെറുതുംകിട്ടാതങ്ങു
വെറുതെവീൎയ്യംവിട്ടുപരിപീഡിയ്ക്കുംസ്വയം
എങ്കിലീചൊല്ലപ്പെട്ടരോഗങ്ങളെല്ലാംമഹാ
തങ്കകാരികൾമൎത്ത്യസൌഖ്യാദിസംഹാരികൾ
ത്വത്സഹായങ്ങൾമഹാകായങ്ങളെല്ലാവക്കും
ദുസ്സഹപ്രവേഗങ്ങളെത്രയുംപ്രമുഖ്യങ്ങൾ
മറവുമുണ്ടവംമഹാരോഗവീരന്മാർപലർ
തെററുകൂടാതെഭവത്സാഹായ്യംചെയ്യുന്നവർ
ത്വന്നിയുക്തന്മാരായാലേവരുംപുറപ്പെട്ടു
മന്നാഥിതന്മാരായടങ്ങീടുവാനാകുന്നതൊ
ഇത്തരംയക്ഷ്മാദിതംകേട്ടുഭത്താവാംയമ
നത്തമൻപ്രഹൃഷ്ടനായുത്തരംചൊല്ലീടിനാൻ
കിങ്കരപ്രഭോഗിരംകേൾക്കമൈഭവാനുള്ളി
ലങ്കരിക്കേണ്ടാഭയംരോഗവീരന്മാർനിങ്ങൾ
വിവിധസ്വത്രൂപന്മാർബലശാലികളെൻെറ
സവിധസ്ഥിതന്മാരാസ്സിലസുംസഹായികൾ
സുസ്വത്രൂപാലങ്കാരശോഭയോടെല്ലാവരും
വിശ്വത്രുദ്ധനാംന്റപാലാന്തികംപുക്കീടുവിൻ
മന്നിയോഗത്തിൻകീഴിലാദരാലടങ്ങിയെ
ന്മന്ദിരെവസിയ്ക്കുന്നാവണ്ണമെതദാലയെ
വത്തനംചെയ്യിൻഭവത്ഭർശനെഭയംചെറവും
വത്തനസ്ഥിതന്മാക്കുസംഭവിയ്ക്കില്ലാദ്ദ്ധം
പാതകംപൂണ്ടുള്ളവർനിങ്ങളെഘോരന്മാരാം
പാതനന്മാരായിട്ടുംപുണ്യവാന്മാരായവർ
സാധുസൌമ്യാകാരാദിശോഭനന്മാരായിട്ടു
മേതുനേരത്തുംകാണമേതുമേഭേദംവിനാ
ധർമ്മശീലന്മാരായസാധുമൎത്ത്യന്മാരെന്നൊ

ധർമ്മശ്രവണാനന്ദതൃപ്തായിട്ടുമററുള്ളവർ
കല്പകാലാഗ്നിജ്വാലാകല്പനായിട്ടുംകാണും
നിർഭയംപുണ്യംലോകേദ്വേഷ്ടൃതംഭയാന്വിതം
മർത്ത്യനേതവൻബുദ്ധിഹീനനായ്കഷ്ടംബ്രഹ്മ
ഹത്യയെച്ചെയ്യുന്നവൻതൽകളേബരത്തിങ്കൽ
വന്നുബാധിയ്ക്കുംഗളൽകുഷ്ഠമായതുപോരു
മെന്നവന്നീടാമേലെയക്ഷ്മാമാംഭവാൻതന്നെ
ചെന്നുചേർന്നീടുംഭവൽഗ്രസ്തനായ്ത്തുരന്നാവ
നിന്ദുമൌലിയാംസോമമൂർത്തിയെസ്സേവിക്കേണം
ഭദ്രകാരണംസർവ്വമാരണാവഹംമഹാ
രുദ്രമെപ്പൊഴുംഭക്തിപൂർവ്വകംജപിക്കയും
നിഷ്കളങ്കിതബുദ്ധിപൂർവ്വകംചതുർവ്വീശ
നിഷ്കകാഞ്ചനംകൊണ്ടുതീർത്തവുംശരീരത്തെ
ശ്ശുദ്ധവിപ്രനായ്ദാനംചെയ്കയുംചെയ്യുന്നാകിൽ
സത്വരംമോചിക്കേണംതൽകളേബരംഭവാൻ
പ്രത്യയത്തോടുംപുണ്യംചെയ്തിട്ടുള്ളവൻമുമ്പിൽ
ദൃശ്യസന്നിഭാഭവദ്വാന്തനംഗദപ്രഭൊ
വിത്തഹീനനാംക്ഷയീഭക്തനായ്സമുദ്രസം
ബദ്ധമായ്ക്കിടക്കുന്നഗൌതമീതീർത്ഥത്തിങ്കൽ
തിങ്കളാഴ്ചയിൽചെന്നുമജ്ജനംതുടങ്ങേണം
തങ്കലാളീടുംപാതകാഗ്നിയെക്കെടുത്തുവാൻ
തിങ്ങളൊന്നോവംതീർത്ഥസേവയാകഴിക്കേണം
മംഗളോദയാലഘംകെട്ടവൻവിശുദ്ധനാം
ധന്യനായീലെന്നോർത്താമഗ്നമിത്രനെവൃഥാ
പിന്നായുംപീഡിപ്പിച്ചാൽഭഗ്നനായ്വരുംഭവാൻ
മർത്ത്യനെപ്പിടിച്ചുപീഡിപ്പിച്ചുഞെക്കിപ്പിഴി
ഞ്ഞദ്ധമാംക്ഷണംകൊണ്ടുനിർദ്ദയംമുടിപ്പവർ
ദുസ്സഹപ്രഭാവനാംത്വൽപ്രിയാവിഷൂചിക്കാ
ദുസ്സ്വാദോവാദ്ധ്യന്മാരിൽചെന്നടൻപതിയ്ക്കുന്നു

അസ്ത്രസംശയംദേവതാൎത്ഥമായ്ക്കൊടുക്കുന്നോ
രൎത്ഥമാഹരിയ്ക്കുന്നദുർബ്ബുദ്ധിയേയുംബലാൽ
ഭൂക്തിസംസ്ഥിതന്മാരാംസുദ്വിജോത്തമന്മാരെ
ശക്തികൊണ്ടലംവിലക്കീടുന്നപാപിയേയും
പുത്രാദിയേയുംദ്വിജന്മാരെയുംവഞ്ചിച്ചിട്ടു
വിത്രാസഹീനംസ്വാദുഭക്ഷ്യസാധനങ്ങളെ
ക്കൈവെതാനെതന്നെഭക്ഷിയ്ക്കുംദുഷ്ടനേയും
നിഷ്കൃപംബാധിച്ചിവർതൽക്ഷണംമുടിയ്ക്കുന്നു
ഭക്തിപൂൎവ്വകംദേവസേവനംചെയ്യുംനിത്യം
ഭുക്തിയെജനങ്ങൾക്കുനൾകിയുംയഥാവിധി
വൃത്തിയോടിരിയ്ക്കുന്നമൎത്ത്യരെബ്ബാധിയ്ക്കില്ലീ
ശക്തിയേറീടുംപ്രാണിഹന്ത്രീയാംഭവൽപ്രിയാ
താതഗോത്രജയാകുംനാരിയെമോഹംകൊണ്ടു
ചൂതസായകക്രീഡയ്ക്കിശ്ചിയ്ക്കുംനരന്മാരും
താദൃശംക്രമംവിട്ടുതാഹഗോത്രജന്മാരെ
സാദരംപ്രാപിയ്ക്കുന്നദുൎവൃത്തജനങ്ങളും
തല്പത്രനാകുംമഹാശക്തനാംപ്രമേഹത്താൽ
കല്പിച്ചവണ്ണംതന്നെബാധിയ്ക്കപ്പെട്ടീടുന്നു
സ്വൎണ്ണതസ്കരന്മാരെമൂത്രകൃച്ഛ്രമാംഗദം
ദണ്ഡമേറീടുംവണ്ണംചെന്നുപദ്രവിക്കുന്നു
കേവലംവലംത്രുങ്ങുംകാഞ്ചനംകൊണ്ടുള്ളോരു
ദേവഭൂഷണംസ്വൎണ്ണചൂൎണ്ണങ്ങളോടുംകൂടി
അൎപ്പണംചെയ്തീടേണമജ്ജനംപ്രമേഹത്താ
ലല്പവുംപാൎത്തീടാതെസന്ത്യക്തമായീടുമെ
തങ്കത്തിൽവലംകൊണ്ടുപങ്കജംതീൎപ്പിച്ചതു
പങ്കത്തിൽപ്രണാശനംചെയ്യുവാൻക്രമംപോലെ
ശ്രോത്രിയദ്വിജനായിദ്ദാനംചെയ്യാശുമൎത്ത്യൻ
മൂത്രകൃച്ഛ്രത്താലുടൻമോചിക്കപ്പെട്ടീടുന്നു
ശംഭുവിൻധനാമെരിച്ചീടുന്നപാപിയ്ക്കാശു

സംഭവിച്ചീടുംലിംഗവ്യാധിയെന്നറിഞ്ഞാലും
അസമാസൂയാവശാലവരശ്രീയംകണ്ടി
ട്ടസഹിഷ്ണുക്കളായിപ്പിരിയംചുളിപ്പവർ
നരകീടന്മാരവർമുഴുവൻകുംഭീപാകം
നരകംപുക്കുവീഴുംപുനരുള്ളവററിലും
കനകംബലത്താലെഹരണംചെയ്യുന്നവർ
കുനഖന്മാരായ്‌വാംസപിണ്ഡങ്ങൾപോലെതന്നെ
ജനനംചെയ്യുംപാണ്ഡുപ്രഭമാംവപുസ്സോടും
മനുജാധമന്മാരാമവരെമടിയ്ക്കാതെ
പാണ്ഡുവാംഭവൽഭ്രാതാഭാര്യതന്നോടുംകൂടി
ത്തുണ്ണമാക്രമിച്ചേററംപീഡിപ്പിച്ചീടുംദൃഢം
വിധിപൂർവ്വകംജപാകുസുമാദികൾകൊണ്ട
ങ്ങധികംപൂജിച്ചൊരുമഹിഷപ്രവീരനെ
സഷ്വാപിണ്യാകമീവസ്തുക്കളോടുംകൂടി
ററംശമുണ്ടാകുംവണ്ണംവിപ്രന്നുദാനംചെയ്തും
മുൽഗലാഖ്യമാംതീർത്ഥമജ്ജനംകഴിച്ചിട്ടു
ചൊൽകലർന്നീടുംമഹത്തായവൈഷ്ണവംമന്ത്രം
അയ്മ്പത്തിനാഥൻകടാക്ഷിയ്ക്കുന്നവണ്ണംനേരോ
ടയ്മ്പത്തിമൂവ്വായിരംസംഖ്യയാജപംചെയ്തും
ഭുജിയ്ക്കുന്നവനേവൻതെരിയ്ക്കുന്നവൻതന്നെ
ത്യജിയ്ക്കുംബാധിച്ചുംകൊണ്ടിരിയ്ക്കുംപാണ്ഡുവ്യാധി
മുഞ്ഞൊന്നവണ്ണംചെയ്യാതുള്ളവൻപാണ്ഡുഗ്രസ്തൻ
പഞ്ചത്വംപ്രാപിയ്ക്കുമെദുഃഖിച്ചുംകൊണ്ടുതന്നെ
പൊന്നണിഞ്ഞജസ്ത്രീയെശ്രദ്ധയാവേദജ്ഞനാ
കുന്നവിപ്രനായ്ദാനംചെയ്തിട്ടുന്നവൻതന്നെ
വിട്ടുമാറിടുംരോഗശങ്കയിഹവന്തന്നിൽ
പെട്ടുപോകൊല്ലാഭവാനെന്നുമെന്നറിഞ്ഞാലും
ഗർഭഭഞ്ജനംചെയ്യുംദുർജ്ജനത്തിങ്കൽതന്നെ
നിർഭരംജലോദരാവെന്നുപദ്രവിയ്ക്കട്ടെ

കുമ്പവത്തീടുംവിധൌകമ്പമെന്നിയെവഴി
യമ്പലംകെട്ടിച്ചവൻതൃഷ്ണയുള്ളവർക്കെല്ലാം
വെള്ളമേകീടുംപുണ്യംനേടുന്നതദ്ദേഹത്തോ
ടുള്ളസംബന്ധംവിട്ടുപോകട്ടെജലോദരം
ചൊല്ലെഴുംവ്രണങ്ങൾതീവ്രങ്ങളായ്ത്തുറെറട്ടുണ്ടു
കില്ലകന്നുപദ്രവിയ്ക്കുന്നവീരന്മാരിവർ
സകലന്മാരുംതുലാപുരുഷപ്രദാനംകൊ
ണ്ടകലത്താകുംദുർണ്ണാമഘമറെറന്നുകണ്ടാൽ
അല്പസുപ്രസൂതയാംഗോവിനെവധിച്ചുപോ
ലർത്ഥപൂർവ്വകംവ്രണക്ലിഷ്ടനായിടുന്നവൻ
വിപ്രനായേകനാകിൽതദ്ദേഹംവ്രണങ്ങൾക്കു
നിഷ്പ്രയോജനംതൊട്ടുപോവുകൊല്ലൊരുത്തനും
ദുഃഖമേകുന്നുരസദ്രവ്യതസ്കരന്മാർക്കു
തർക്കമെന്നിയെസദാനിഷ്കൃപംവിചർച്ചികാ
സൌവർണ്ണദാനംതുടർന്നുണ്ടാകുംപുണ്യംകണ്ടാ
ലവ്വർണ്ണമൊട്ടുംനിൽക്കാതങ്ങൊഴിഞ്ഞിടുംതാനും
പലമാത്രമായ്ക്കാണുംകനകംകൊണ്ടുരംഭാ
ഫലമുണ്ടാക്കിച്ചുതന്നണനായ്ദാനംചെയ്താൽ
വരുമാപ്പുണ്യംകണ്ടിട്ടവനിൽപിന്നൊത്തെല്ലും
പെരുമാറാതെഭഗന്ദരമങ്ങൊഴിഞ്ഞീടും
സന്നിപാതമാമിവൻപീഡയേറീടുംവണ്ണം
ചെന്നിരുന്നീടുംശിവക്ഷേത്രജ്ഞകൻതങ്കൽ
ത്വരിതംവിശ്വാസഘാതകനാമവങ്കലും
പരിതാപാർത്തിചീർക്കുംപടിചെന്നെത്തീടുന്നു
അപരൻതന്നെക്കുറിച്ചധികംഹാസ്യമായു
ള്ളപവാദത്തെച്ചെയ്യുന്നവനെന്നല്ലപിന്നെ
പഴകിക്കിടക്കുന്നാപരപൂർത്തങ്ങളോരോ
നാഴകിൽചേർത്തുവമ്പോടമരുംധന്യംമന്യൻ
ധർമ്മകർമ്മാർത്ഥംവയ്ക്കുമർത്ഥംകയ്യടക്കുന്ന

കന്മഷപ്രവൎത്തകൻമൎത്ത്യനിന്ദ്യന്മാരെ
പ്രിയയായ്മേവുന്നസംഗ്രഹണിയോടുംപ്രാപി
ച്ചുയശംസങ്കടംചേൎത്തുയിരുംപറിയ്ക്കുന്ന
ഏവനാചരിപ്പവൻവിധിപോലജാദാന
മവനെവിട്ടുപോകുംഗ്രഹണീമഹാമതെ
ഭക്ഷിയ്ക്കുന്നേരത്തിങ്കൽപ്രാണിവൃന്ദത്തെദ്വേഷി
ച്ചുക്ഷയ്യപാപംനേടുംദുൎജ്ജനങ്ങളെബലാൽ
ചെന്നുപദ്രവിക്കുന്നരൌദ്രമാമരോചകം
തന്നൊടെബന്ധംകാണിച്ചെത്രയുംവലക്കുന്നു
ചൊന്നപോലനേകംപേൎക്കാദരാലനേകമാ
മന്നഭോജനംകൊടുത്തപുണ്യംനേടീടുകിൽ
അസ്തുസംശയംമുക്തന്മാരാമീഗ്ഗദേന്ദ്രനാ
ലത്തലുംവെടിഞ്ഞാശുഭക്തിയുംതുടങ്ങുമെ
ധിക്കരിച്ചഹോസുഹൃത്താഡനംചെയ്തീടുന്ന
നിഷ്കൃപൻതാനുംവഴിപോക്കരെബലത്താലെ
ഒല്ലുങ്ങളാലെപീഡിപ്പിയ്ക്കയുംമനസ്സിനെ
തെല്ലുങ്ങുമുട്ടിയ്ക്കയുംചെയ്യുന്നാദുൎബ്ബുദ്ധിയും
വേദനാകരങ്ങളാംശൂലങ്ങളാൽപീഡിപ്പിച്ചു
രോദനാരാവംപൊഴിച്ചെത്രയുംദുഃഖിയ്ക്കുന്നു
ഭക്തിമുററീടുംകൃത്യംകയ്യാണ്ടുനിത്യമേന
സ്സക്തിമുത്തോടുംസദാശൂലിനെസ്സേവിയ്ക്കയും
സന്തതംവശംകെട്ടുഘോരമാംകാരാഗൃഹെ
ബന്ധനംപ്രാപിച്ചുകേണീടുന്നാമൎത്ത്യരെയും
പഞ്ജരങ്ങളിൽപെട്ടുപക്ഷിക്കൂട്ടങ്ങളേയു
മഞ്ജകന്മാരിൽകുടുങ്ങുന്നാപാന്ഥന്മാരേയും
ചിത്തവിത്രാസത്തിങ്കൽനിന്നുവേർപെടുക്കയും
ശ്രദ്ധയോടനുഷ്ഠിച്ചുധന്യരാംജനങ്ങളെ
വട്ടൂരവൈമാറുംമുന്താശൂലങ്ങളും
തൊട്ടുപോകില്ലാപുനരൊന്നുമെന്നറിഞ്ഞാലും

മഹാതപംപരന്മാരിൽഭവിയ്ക്കുന്നതുനോക്കി
സ്സഹിയ്ക്കുന്നില്ലെന്നുള്ളുംദഹിയ്ക്കുംദുഷ്ടന്മാരെ
തൽക്ഷണംബാധിയ്ക്കുന്നാഹിക്കതാൻമോചിയ്ക്കുന്ന
ലക്ഷഹോമോൽഭൂതപുണ്യാഢ്യരാംജനങ്ങളെ
ക്രൂരനാംധനദ്ഭ്രാതംയക്ഷസപംകൊതിയ്ക്കുന്ന
പൂരുഷന്മാരിൽചെന്നുപൌരുഷംകാണിയ്ക്കട്ടെ
മാഷമേരുവുംതൈലഹവിയുംദാനംചെയ്യും
ദോഷവർജ്ജിതന്മാരെവർജ്ജിച്ചുമാറീടട്ടെ
ഹരിസൽക്കഥാമൃതംചെറുതുംകേട്ടീടാതെ
ദുരിതംനേടിടുന്നാപുരുഷന്മാരിൽതന്നെ
കർണ്ണശൂലമാംഗദംചെന്നുപദ്രവിയ്ക്കട്ടെ
ബന്ധമുണ്ടാക്കൊല്ലേതുമന്യരാംജനങ്ങളിൽ
കപിലാഗോദാനവുംഹരിസൽക്കഥാസാര
മഖിലാഷേണകേട്ടീടുകയുംചെയ്യുന്നവർ
പുണ്യംപൂണ്ടവരെന്നുവിട്ടുപോകട്ടെപരം
ബന്ധ്യന്മാർപരദ്രവ്യെകണ്ണിട്ടുംദുരാത്മാക്കൾ
കണ്ടുകണ്ടഹർന്നിശംകാമിച്ചുകാമാശുഗം
കൊണ്ടുകൊണ്ടരംപരസ്ത്രീകളെഹരിപ്പവർ
സഞ്ചരിച്ചുംകൊണ്ടുണ്ണുംമൂഢരീമർത്ത്യന്മാരും
നെഞ്ചകംചുട്ടുംവണ്ണംരോഗദബന്ധ്യന്മാർതന്നെ
ശക്തിയേറീടുംനേത്രരോഗമീബന്ധ്യന്മാരി
ലൊത്തിരുന്നുപദ്രവംചെയ്യട്ടെനക്തന്ദിവം
സൌവർണ്ണംസരാരുഹംവിപ്രപുംഗവന്നായി
ദ്ദവ്വണ്ണംസങ്കല്പിച്ചുദാനംചെയ്തനന്തരം
ശൈലേശനാകുംസോമനാഥന്റെലിംഗത്തേയോ
കൈലാസട്ടത്താംകാശീനാഥന്റെലിംഗത്തേയോ
സാദരംദർശിച്ചീടുംപുണ്യവാന്മാരിൽപിന്നെ
ഖേദമേകാതെരോഗംകേവലംഗമിയ്ക്കട്ടെ
ക്ലേശമേകാതെകെട്ടുംസംസാരമാകുംരോഗ

മീശദശ്ശനെപുനരെന്തുസാരമീരോഗം
താതനാംമഹാഗുരുഭ്രതനെഹനിപ്പവൻ
ചേതനാവിഹീനനാംമാതൃഹാവത്യന്ധനാം
പാതകംതീൎപ്പാനിവരെത്രയുംപ്രായശ്ചിത്തം
ചേതസാവിചാരിച്ചുചെയ്തുംകൊണ്ടിരിക്കേണം
യാതൊരുത്തൻറജിഹ്വാസാധുകീൎത്തനംചെയ്വാ
നാദരത്തോടുംതുടങ്ങീടുന്നില്ലൊരിക്കലും
അത്രയല്ലന്യാക്ഷേപകൎത്ത്രിയായീടുന്നപോ
ലത്രപാപിയാമവൻതൻമുഖംവരാത്തിദം
മുഖരോഗങ്ങൾകണ്ടുമുദമുൾക്കൊണ്ടുചെന്നു
സുഖമോടതിൽതന്നെസുതരാംക്രമതാകുന്നു
ഭക്തസൽക്കഥാനാചിതംഭദ്രമീശ്വരസ്തോത്രം
ഭക്തിയോടനുഷ്ഠിച്ചുംശാസ്ത്രകല്പിതംപോലെ
വിപ്രപുംഗവനായിസ്സാദരംസദക്ഷിണം
ശുഭ്രവൎണ്ണനാംവൃഷശ്രേഷ്ഠനെദ്ദാനംചെയ്തും
വൎത്തനംചെയ്യുംമഹാപുണ്യവാന്മാരെവിട്ടു
വക്ത്രരോഗൌഘാലംദൂരെവിദ്രുതംമണ്ടീടുന്നു
പ്രത്യയത്തോടുംസൂക്ഷിച്ചീടുവാനായിട്ടുങ്ങു
സത്യവാനായുള്ളൊകനൊകനവിത്തംവാങ്ങി
തങ്കരത്തിങ്കൽതഥാചേൎത്തുവച്ചനന്തര
മങ്കരിച്ചീട്ടുംലോഭംകൊണ്ടുതാന്മടിക്കാതെ
വന്നുചോദിക്കുംസ്വാമിക്കല്പവുംകൊടുക്കാതെ
തന്നുടെസമ്പത്തായിത്താനടക്കീടുന്നവൻ
നിഷ്ഠുരൻപാപിഷ്ഠനാമായവൻതങ്കൽചെന്നു
പെട്ടുവത്മീകംപാദംരണ്ടിലുംവർദ്ധിക്കട്ടെ
ബുദ്ധിപൂൎവ്വകംകെണ്ണക്കറവുള്ളവിത്തങ്ങളെ
സുദ്വിജാദികൾക്കായിട്ടേകീടുംജനങ്ങളെ
ശ്രീശഭക്തന്മാരെന്നുകണ്ടുകൈവെടിഞ്ഞീടും
ക്ലേശകൃത്തായീടുമീവത്മീകമെന്നോവേണ്ടു

നിന്ദ്യമാംഭാവംകൊണ്ടുദേവോപകാരദ്രവ്യ
മന്യവക്ത്രാന്നഗ്രാസമെന്നിവബലത്താലെ
തിന്നമാഹരിയ്ക്കുന്നചണ്ഡനെവിട്ടന്നില്ല
ഗണ്ഡമാലയാംഗദംഖേദമേകുന്നപരം
വപ്രദേവന്മാക്കായിരത്താദിദാനംചെയ്താൽ
നിഷ്പ്രകാശയായ്ക്കൂടുംഗണ്ഡമാലയാമിവൾ
ഗുരുപത്നിയെപ്പുക്കപുണരുംപാപിഷ്ഠകൽ
ഗുരുവാംകണ്ഡ കുഷ്ഠമുളവായ്പന്നിടുന്നു
ശിവനുഘണ്ടാപ്പ്ണമുടനെചെയ്യുന്നാകി
ലവനുകണ്ഡ കുഷ്ഠമറുതിവന്നീടുമെ
വാച്ചലാഭേൽകൃഷ്ണനാംദാനശീലനെക്കണ്ടു
മൃർഖരെയപ്രാപയ്ക്കുന്നസേഷ്യനാംദുർബുദ്ധിയെ
വിഗ്രഹംപൊടിഞ്ഞിടുംവണ്ണമെവലച്ചീടു
മുഗ്രമാമപസ്മാരംബാധച്ചുബോധിച്ചാലും
ക്ഷേമമുണ്ടാവാനിവൻകൃഷ്ണഗോദാനംചെയ്തു
ഹേമപുഷ്കരംപക്ഷധമ്മമാചരിയ്ക്കണം
ധമ്മമാചരയ്ക്കുന്നുദംഭംകൊണ്ടെന്നാലാത്തു
ശമ്മഹീനനാംഗജചമ്മബാധയാലവൻ
ഹംസതീത്ഥത്തിൽചെന്നുമജ്ജനംചെയ്തീടേണം
ശാസനീയമാംസുഖംകിട്ടുമന്നേരംതിട്ടം
തലവേദനമുമ്പാംഗദജാതികൾചെന്നു
പലവഞ്ചനംചെയ്യുന്നവരിൽപതിയ്ക്കുന്നു
സൂര്യപൂജാദിക്രിയാപുണ്യനൈപുണ്യംകൊണ്ടു
വീയ്യവുംവെടിഞ്ഞിവയൊക്കവെപുറംവാങ്ങും
പരന്മാക്കുള്ള ധമ്മസൂത്രത്തെമുറിയ്ക്കുന്ന
നരന്മാർപാപിഷ്ഠന്മാർദണ്ഡയോഗ്യന്മാർതന്നെ
ധമരുവ്യാധിയുംവാല്യകവുംക്രൂടിചെന്നി
ട്ടമരുന്നിതുവമ്പോടവരിൽസുഖത്തോടെ
ദേവഭൂദേവന്മാക്കായ്സൌവണ്ണസൂത്രംനൽകി

സേവനംചെയ്താലവർമുക്തന്മാരായീടുമെ
വായ്ക്കുന്നദൌരാത്മ്യത്താലനാഹംപരദ്രോഹം
വാക്കർമ്മചിത്തങ്ങൾകൊണ്ടാചരിച്ചീടുന്നവർ
സന്തതംമഹത്തായസന്തതിക്ഷയംകൊണ്ടു
സന്തപിച്ചീടുംശക്തിയേറുമീയഘംതീർപ്പാൻ
വിസ്രബ്ധബുദ്ധ്യാഹരിവംശസൽകഥാസാരം
സശ്രദ്ധംത്രിവാരമാകർണ്ണനംചെയ്തീടേണം
തല്പുണ്യപൂരംകൊണ്ടുശുദ്ധിയുംനരന്മാർക്കു
കെല്പുള്ളപുത്രാദിസംസിദ്ധിയുംവന്നീടുമെ
വിസ്തരിച്ചിവയെല്ലാംചൊല്ലുവാൻകാലംപോരാ
ഞ്ഞിത്തരംകുറഞ്ഞൊന്നുചൊല്ലീതൊന്നെന്നേവേണ്ടു
ധർമ്മരാജോക്തംകേൾക്കമർത്ത്യന്മാർക്കൊരിയ്ക്കലും
ദുർമ്മൃതിപ്രദങ്ങളാംരോഗങ്ങളുണ്ടാസ്തുരാ
വംശശുദ്ധിയുംഭക്തിസമ്പത്തിസൌഖ്യാദിയും
സംശയംവിനാവരുംപാർത്ഥപാർത്തറിഞ്ഞാലും
ശ്രദ്ധാദേവനാംദേവനാർത്തവത്സലൻനാഥ
നാസ്ഥപൂണ്ടനന്തരംമാലിനീവിവാഹാർത്ഥം
മാനുഷാകാരംപൂണ്ടുരൂപാലങ്കാരങ്ങൾകൊ
ണ്ടാനുകൂല്യത്തോടൊത്തയക്ഷ്മാദിവീരന്മാരെ
പാർത്തുസന്തോഷിച്ചവരോടുംതൻപുരംവിട്ടു
ചീർത്തുചിന്നീടുംതേജോയുക്തനായ് പുറപ്പെട്ടു
ശ്രീവിലാസാലങ്കാരപ്രൌഢിവൈശിഷ്ട്യംപൂണ്ടു
ഭൂവിലാശ്ചര്യംചേർക്കുംസാരസ്വതാഖ്യാലയെ
ഹോമശാലയിൽബൃഹൽഭാനുതർപ്പണംചെയ്തു
കാമസാഫല്യംവരുത്തേണമെന്നാപേക്ഷിച്ചു
ശ്രീനാരദർഷിപ്രമുഖ്യോത്തമദ്വിജന്മാരെ
നാനാവസ്തുക്കൾകൊണ്ടുംപൂജിച്ചുതേജസ്സോടെ
സ്വാഗമംപ്രതീക്ഷിച്ചുംകൊണ്ടുവാണീടുംമഹാ
ഭാഗയാംനൃപാത്മജതൻമുമ്പിൽപ്രകാശിച്ചു

എത്രയുംപ്രസാദിച്ചുകന്ന്യകാരത്നത്തിന്റെ
വക്ത്രവുംകടാക്ഷിച്ചുവാത്സല്യപൂരത്തോടെ
മുഗ്ദ്ധരൂപിണിബാലെധർമ്മരാജൻഞാനിന്നു
മുക്തസംശയംപൂരിപ്പിയ്ക്കുവൻഭവൽകാമം.
ചൊല്ലുകെന്തിഷ്ടംനിനക്കെന്നുചോദിയ്ക്കുന്നേരം
കില്ലുകൈവെടിഞ്ഞെഴുന്നേററുസംഭ്രമത്തോടെ
ഭർത്താവായെന്നെവരിയ്ക്കേണമെദേവാനെന്നു
നിർത്താവതല്ലാതേററലജ്ജയോടുണർത്തിച്ചു
കുമ്പിടുന്നാവധൂതന്നോടെങ്കിലങ്ങിനെതന്നെ
കുംഭിഗാമിനിനിന്നെവേട്ടുകൊള്ളുവൻഭദ്രേ
എന്നരച്ചുടൻചീരവർമ്മാവിൻമുമ്പിൽതാനെ
ചെന്നുനിന്നാനന്ദമേറുന്നമാറോതീടിനാൻ
ധർമ്മവത്സലരാജോത്തംസമെകേട്ടാലുംഞാൻ
ത്വന്മനസ്ഥിതൻമാരപ്രോത്ഥിതൻവൈവസ്വതൻ
സൽപ്രിയൻചിത്തംതെളിഞ്ഞിദ്ദിക്കിലെത്തീടിനേൻ
ത്വൽപ്രിയംചെയ്തീടുവാൻതുഷ്ടമാനസത്തോടെ
പുത്രിയെനമുക്കായിത്തന്നാലുംമഹാപുണ്യ
കർത്രിയെവരിയ്ക്കുന്നുണ്ടദ്യഞാൻമടിയ്ക്കാതെ
ഇത്തരംകഥിയ്ക്കുന്നധർമ്മരാജനെന്നൃപ
ന്ഗാഢസന്തോഷത്തോടുംവന്ദിച്ചുസംപൂജിച്ചു
ഉത്തമാസനെവസിപ്പിച്ചുകൌതുകത്തോടു
മുഗ്ദ്ധതാഘോഷത്തോടുമൊത്തസന്മുഹൂർത്തകെ
ചക്രിയാംലക്ഷ്മീശനെദ്ധ്യാനിച്ചുതൻപുത്രിയെ
സൽക്രിയാപുരസ്സരംകാലനായേകീടിനാൻ
ചൊൽക്കൊണ്ടവേഷാന്തരംകയ്ക്കൊണ്ടകാലൻതാനു
മക്കൊണ്ടൽവേണിതന്റെപാണിപീഡനംചെയ്തു
ചിക്കെന്നുമന്ദസ്മിതംചെയ്തുചെയ്തന്ന്യത്തോടും
നിൽക്കുന്നരാജോത്തമൻതന്നോടുചൊല്ലീടിനാൻ
എത്രയുംപ്രസന്നനായ്വന്നുഞാനേവംഭവൽ

പുത്രിയെലഭിക്കയാൽക്ഷത്രിയേശ്വരസത്യം
ചിന്തിതംവരംതരാമാവശ്യംപറഞ്ഞാലു
മന്തികസ്ഥിതംഭവന്മൃത്യുവെന്നറിഞ്ഞാലും
ചൊല്ലിനാൻനൃപൻഭവാനോടുഞാൻവരംവരി
ക്കില്ലിനിക്കെന്നുംമൃത്യുതീപ്പതെന്നിരിക്കിലും
എന്നുടെജാമാതാവായ്വന്നുപോയല്ലോഭവാ
ന്നുഞാനധർമ്മമാംകൃത്യമെങ്ങിനെചെയ്യും
കന്യകാവിത്തംകൊണ്ടുജീവിക്കുംപിതാക്കന്മാർ
ചെന്നുനാരകെപതിച്ചീടുമെന്നോർത്തീടുന്നോൻ
അന്തകൻചൊല്ലീടിനാനൊക്കുമീപക്ഷംഭവാ
നന്തരംഗത്തിൽധരിക്കേണമീമദീരിതം
ധർമ്മനായീടുന്നഞാൻതോഷിതൻതെല്ലെങ്കിലും
കൽമഷംഭവാനിതിൽസംഭവിക്കില്ലാദൃഢം
തന്നുകന്യയെഭവാൻവാങ്ങിഞാൻവാങ്ങിച്ചവൻ
തന്നവനാശീർവ്വാദംചെയ്യുകിൽപിഴയ്ക്കുമോ
കുററമില്ലെന്നാലഹംവാങ്ങുവൻതന്നാലുമി
ങ്ങുററവണ്ണമെഭവാനാശയുള്ളാശീർവ്വാദം
എന്നുഞാൻമരിച്ചീടുമെന്നുമ്പിൽപ്രസന്നനാ
യന്നുദേവകീസുതൻകേശവൻഹൃഷീകേശൻ
വന്നുശോഭിച്ചീടേണമെന്നതിന്നനുഗ്രഹം
തന്നുപോയാലുംധർമ്മദേവകാരുണ്യാംബുധെ
മററിനിക്കൊന്നുംവേണമെന്നില്ലെന്നാകക്കാമ്പിൽ
പററിനിന്നുയർന്നീടുംഭക്തിരോമാഞ്ചത്തോടെ
മന്നവൻഗ്രഹിപ്പിച്ചനേരമാവരംനൽകി
സന്നതപ്രിയൻഭാനുനന്ദനൻകൃപാമയൻ
അത്രഞാൻപാർത്തീടുവൻകൃഷ്ണനാഗമിപ്പോള
മസ്ത്രചാപാദ്യങ്ങളാമായുധങ്ങളെറ്റുണ്ടു
വല്ലവൈരിയുംവന്നുനേർത്തെങ്കിലായോധനെ
വെല്ലുവൻതദീയമാംസൈന്യസന്ദോഹത്തെയും

സൎവ്വധാവരുത്തുവൻത്വജ്ജയംസമസ്തവും
നിൎവ്വൃതാത്മനാഭവാൻവാണാലുമെന്നിങ്ങിനെ
നൎണ്ണയത്തോടുംപറഞ്ഞത്രൈവപാൎത്ഥാനതും
വണ്ണിന്നോരംരണംചെയ്യുവാൻവന്നീടിനാൻ
എങ്ങിനെജയിച്ചീടുമന്തകൻതന്നൊനമ്മ
ളിങ്ങനേകംപേർകൂടിയെങ്കിലുംവൃഥാഫലം
ജേതവ്യനാകാവീരവൎമ്മകൻമഹാരാജ
നാധിവ്യാധികളേൽക്കാതുള്ളവൻമറേറാൽകൃഷ്ണൻ
സത്യമെജയമെന്നുസങ്കല്പിച്ചിരിപ്പവൻ
കൃത്യമേതുമേപിഴയ്ക്കാതനുഷ്ഠിയ്ക്കുന്നവൻ
പൊയ്യുരച്ചീടാതവൻനിദ്രയിൽപോലുംസുഖം
ചെയ്യുമാമഹാവിഷ്ണുതൻപാദപത്മങ്ങളെ
എപ്പൊഴുംധ്യാനിച്ചിരിയ്ക്കുന്നവൻദിനംതോറു
മുൾപ്പെട്ടുംപുണ്യേശ്ചകൊണ്ടന്തണോത്തമന്മാൎക്കായ്
ദാനങ്ങൾചെയ്യുന്നവൻതജ്ജലംവൎദ്ധിച്ചുവ
ന്നനങ്ങൾകൂടാതൊഴുക്കിട്ടുപോയ്യ്ഴതലെ
കാണുന്നവാപീതടാകങ്ങളെഗ്ഗമിച്ചിട്ടു
വേണുന്നവണ്ണംമഹാതീൎത്ഥങ്ങളാക്കീടുന്നു
എങ്കിലീമഹാവീരൻവീരവൎമ്മകൻനൃപൻ
തങ്കലുള്ളനന്തമാംവിക്രമംകാണിയ്ക്കുവാൻ
സന്നദ്ധനായിജ്ജവംപൂണ്ടുതേൎത്തട്ടിൽകേറി
ഖിന്നത്വമെത്തീടാത്തയോദ്ധാക്കളോടുംകൂടി
ധനുസ്സുശസ്ത്രങ്ങളുംകയ്ക്കൊണ്ടുചിക്കെന്നിതാ
വന്നത്രകേറീടുന്നുകാണ്കമെധനഞ്ജയ
ത്വല്ല്യക്തനായുള്ളനിന്നൊനോക്കിക്കൊണ്ടെത്തുകവാ
നസ്യക്തനായിട്ടെടുത്തീടിനാനുഴറേറാടെ
വല്ലതെങ്കിലുംമടിയ്ക്കേണമെന്നില്ലാവീര
വില്ലെടുത്താലുംഭവാൻപോരിനായ്മുതിൎന്നാലും
സ്വത്രാണയത്നംവിഘ്നംകൂടാതെനമുക്കിങ്ങു

സുത്രാമസൂനോയഥാവിക്രമംചെയ്തീടേണം
മന്നവൻമയിൽധ്വജൻമാന്യനീഹംസധ്വജ
നെന്നാവമ്പന്മാർമുതൽക്കുള്ളവരെല്ലാരും
പ്രദ്യുമ്നൻതവാത്മജൻബാലനാംവൃഷധ്വജൻ
ഹൃദ്യന്മാരിവർമൂന്നുപേരുമായെതൃക്കട്ടെ
കണ്ടാലുമേററംനല്ലകൌതുകംമഹായുധ
മുണ്ടാകുംപതിച്ചീടുമെത്രയുംബലംസഖെ
ഭഗവാനേവംതെളിഞ്ഞരുളിച്ചെയ്തുകേട്ടു
മഘവാവിന്റെമകൻമഹിതൻധനഞ്ജയൻ
തന്നുടെചാപംകുലച്ചുഗ്രമാംഗുണധ്വാന
മൊന്നുടൻമുഴക്കിനിന്നീടിനാനതിൻമദ്ധ്യെ
തത്സമീപത്തിൽചെന്നാവീരവർമ്മാവാംധന്യ
നുത്സവോദയംപൂണ്ടലോചനദ്വയത്താലെ
മത്സരാദ്യങ്ങളാകുംദോഷങ്ങളെല്ലാംതീർക്കും
ചിത്സ്വരൂപനാംവാസുദേവനെനോക്കീടിനാൻ
സ്വച്ഛമാംമയിൽപീലിപൂണ്ടപൊങ്കിരീടവും
മെച്ചമാർവ്വിളങ്ങുന്നഗോപിയുംഫാലാന്തരെ
ഗണ്ഡലക്ഷ്മിയെവളർത്തീടുന്നമീനാകാര
കുണ്ഡലങ്ങളുംഗളേഹാരാദിമാല്യങ്ങളും
കങ്കണാംഗുലീയാദിഭൂഷണങ്ങളുംമദ്ധ്യേ
തങ്കമേഖലാബദ്ധപീതശ്രീദുകൂലവും
സന്തതംമഹായോഗിമാനസംലയിക്കുന്ന
ചന്തമേറീടുംമൃദുശ്രീപാദപത്മങ്ങളും
പുഞ്ചിരിശ്രീകൊണ്ടണിഞ്ഞുള്ളവക്ത്രാംഭോജവു
മഞ്ചിതങ്ങളാംചലല്ലോചനാഞ്ചലങ്ങളും
തൃക്കരങ്ങളിൽകശാരത്നവുംഖലീനവു
മുരംക്കരുന്നിങ്കൽഭക്തവാത്സല്യപ്രവാഹവും
സ്നിഗ്ദ്ധമാംമഴക്കാറൊടൊത്തവർണ്ണവുംപൂണ്ട
ഭക്തവത്സലൻതന്നെപ്പാർത്തുപാർത്താനന്ദിച്ചു

ചിത്തഭേദംകൊണ്ടോൎത്തുവന്ദിച്ചുപാൎത്ഥൻ തന്നോ
ടിത്തരംചൊല്ലീടിനാൻവീരരത്നമേപാൎത്ഥ!
ത്വൽഭടന്മാരാമിവരേവരുംരണാജിരേ
കെല്പടങ്ങീടാതുള്ള ശസ്ത്രതാഡനത്താലെ
മജ്ജിതന്മാരായ് മഹാദുഃഖസാഗരെപരം
മജ്ജിതന്മാരാകയാൽപേടിച്ചങ്ങോടീടിനാർ
നിശ്ചയംഭവാനോടുനേൎത്തുപോർചെയ്വാഞ്ഞാലെൻ
കൈച്ചൊറിയ്ക്കുമർച്ചവന്നീടുകില്ലറിഞ്ഞാലും
പുഷ്കരേക്ഷണ! പാൎത്ഥസാരഥേ! ശൗരേ! ഹരേ!
നിഷ്കളങ്കാത്മൻ! നിത്യഭക്തവത്സലപോററി
അത്തലററീടുംവണ്ണംവീരനായ്ഭവിച്ചാലു
മസ്തുസന്ദേഹംഭവാനത്രകേവലംബലാൽ
എങ്ങിനെഭവിച്ചാലുംവേണ്ടില്ലപൃഥാത്മജ
നെങ്ങുമെഭവാന്മറഞ്ഞീടൊല്ലീരണാങ്കണേ
നില്ക്കുകെൻമുമ്പിൽതന്നെനിശ്ചലംസഹിയ്ക്കുകെൻ
നിഷ്കൃപപ്രഹാരമെന്നിങ്ങിനെയുണൎത്തിച്ചു
സത്വരംസന്ധിപ്പിച്ചുബാണഷഷ്ടിയെക്കൊണ്ടു
ഹൃത്തടംതന്നിൽതാഡിച്ചീടിനാൻമുകുന്ദനെ
സപ്തസായകംകൊണ്ടുകൌന്തേയനേയുംമനം
തപ്തമായീടുംവണ്ണംതാഡിച്ചശേഷംബലാൽ
ഒത്തുവന്നൊരുത്തോരുകേകികേതനൻമുമ്പാം
നിസ്തുലന്മാരാംവീരന്മാരെയുംനിരക്കവെ
അയ്യഞ്ചുബാണംകൊണ്ടുവീഴ്ത്തിനാനെല്ലാവരു
മയ്യയ്യോവിമോഹിതന്മാരായിക്കിടന്നുപോയ്
ക്രുദ്ധനായുടൻതന്നെധന്വിയാംധനഞ്ജയൻ
പുത്തനാംപരാക്രമംകയ്ക്കൊണ്ടുകൂസീടാതെ
എന്നുടെഹയങ്ങളെവിട്ടുതന്നാലുംശീഘ്ര
മെന്നുരച്ചുംകൊണ്ടുഗ്രനാരാചവൎഷംചെയ്തു
മുക്കിനാൻനൃപനുള്ള വിഗ്രഹംതദാനൃപൻ

ദുഃഖിയാകാതെശരമൊക്കവെനുറുക്കിനാൻ
മെല്ലവെചിരിച്ചുംകൊണ്ടിത്തരംചൊന്നാനിത്തു
നല്ലപോലറിഞ്ഞാലുംപാൎത്ഥഞാൻപാൎത്തീടാതെ
മുന്നാമെൻമുമ്പിൽകണ്ടരണ്ടുസത്രാശ്വത്തെയു
മെന്നപോലെത്രത്തുള്ളകൃഷ്ണപാൎത്ഥന്മാരേയും
കയ്യൂഖാക്കവൻപിടിച്ചെന്നഘോഷിച്ചുകൊണ്ടു
കൎക്കശങ്ങളാംസഹസ്രാധികാശുഗങ്ങളെ
വിട്ടയച്ചവകൊണ്ടുമൂടിനാൻകിരീടിയെ
വിഷ്ടപേശനാംകൃഷ്ണമൂൎത്തിതന്നോടുംകൂടി
ചിക്കെന്നുതോയംകൊണ്ടുപൂൎണ്ണനായീടുംപയോ
മുക്കെന്നപോലെസിംഹനാദവുംമുഴക്കിനാൻ
ബുദ്ധിമാന്മാരാലുള്ളപൃത്ഥ്വീശമന്ത്രംപരം
സിദ്ധിയോടരിപ്രദേശങ്ങളെകണക്കിനെ
ശസ്ത്രിയായീടുംസവ്യസാചിതൽബാണങ്ങളെ
പ്പത്രിസഞ്ചയംകൊണ്ടുസത്വരംനശിപ്പിച്ചു
മിന്നമേഴസ്ത്രംവിട്ടുവീരവൎമ്മാവിൻമാറിൽ
ചെന്നുകൊണ്ടീടുന്നവബന്ധിച്ചവേഗത്തോടെ
ക്രുദ്ധനാംനൃപൻദൃഷഷ്ടികൊണ്ടിന്ദ്രാത്മജ
നാത്തലേകിനാനത്രയല്ലന്യാസ്ത്രംകൊണ്ടു
ഭക്തവത്സലൻതിരുമെയ്യിലുംശതംകൊണ്ടു
തദ്ധ്വജസ്ഥനാംഹനുമാന്റെവപുസ്സിലും
ഹന്തപൂജനംചെയ്താനപ്പോഴെശരംകൊണ്ടു
കൃത്തനംഭവിയ്ക്കയാൽകൃഷ്ണഃചാദനംവിട്ടു
ന്നൊന്നുദേഹങ്ങളോടുംപാൎത്ഥസദ്രഥാശ്വങ്ങ
ളന്തരാതിരിഞ്ഞോടിവൈഷമ്യസ്ഥലങ്ങളിൽ
പെട്ടുപോയ്രഥത്തോടുമവ്വണ്ണംതന്നെഭയ
പ്പെട്ടുനിൎഭിണ്ണങ്ങളാംവാജിഃപതണ്ഡങ്ങളും
സുന്ദരങ്ങളാംബൎഹ്ഹസ്യന്ദനങ്ങളുംപൊടി
ഞ്ഞുന്നതങ്ങളാംകൊടിസ്തംഭങ്ങളോടുംകൂടി

മന്നിടംതന്നിൽദ്രുതംവീണുപോയ്കാലാൾകളും
ഛിന്നിവല്ലാതെകണ്ടുദിക്കിലെയ്ക്കെല്ലാംമണ്ടി
അന്തമില്ലാതെവരുംവീരവർമ്മാസ്ത്രൌഘംകൊ
ണ്ടന്ധമായശേഷമാംപാർത്ഥവമ്പടക്കൂട്ടം
വന്നസംഭ്രമത്തിലായ്‌വാച്ചമോഹത്താൽ ജഗ
ത്തെന്നപോലിത്ഥംകണ്ടുകംസസൂദനൻസൂതൻ
കൌതുകപ്രദൻനാഥൻകൈതവംകൈക്കൊണ്ടരുൾ
ചെയ്തു പാർത്ഥനോടിപ്പോളാർത്തനോസഖെഭവാൻ
കണ്ടറിഞ്ഞീലെവീരവർമ്മാവിൻപരാക്രമ
മിണ്ടലുൾക്കൊണ്ടീനമുക്കുള്ള വമ്പടക്കൂട്ടം
മണ്ടിവീരന്മാർകേകികേതുമുഖ്യയാർശരം
കൊണ്ടിതാവിമോഹിച്ചുനീളവെകിടക്കുന്നു
എന്തിനിച്ചെയ്യുംനമ്മളെങ്ങിനെനിവർത്തിയ്ക്കും
കുന്തിതൻകുമാരകക്രൂസപൊട്ടല്ലെന്നില്ല
കൊല്ലുവാനടുക്കുമീഘോരനാംനരേന്ദ്രനെ
വെല്ലുവാനുപായമെന്തൊന്നുമേകാണുന്നില്ലെ
പണ്ടുഞാനുപായംകൊണ്ടാത്തവണ്ണമെവെന്നി
ട്ടുണ്ടുസംഗരെപലവീരന്മാരേയുംബലാൽ
കർണ്ണനാമവൻപോരിലെന്നിച്ഛയാലെപാരിൽ
തിണ്ണമന്നുറച്ചതേർചക്രങ്ങൾപൊങ്ങായ്കയാൽ
മന്ദനായ്മിഴിച്ചുനിന്നങ്ങുപോയതുംവണ്ണം
ഖിന്നനാകില്ലീനൃപൻപുണ്യവാനൊരിയ്ക്കലും
ഗ്രസ്തമാകില്ലാഭൂമിദേവിയാലിവനുള്ള
ശസ്തമാംരഥത്തിന്റെചക്രമെന്നറിഞ്ഞാലും
ത്രസ്തനായൊളിച്ചോരുസൈന്ധവൻതന്നിയ്ക്കുള്ള
മസ്തകംഭവൽകൃത്തായാതൊരസ്ത്രംകൊണ്ടതു
നിഷ്ഫലംതന്നെവീരവർമ്മകൻതങ്കൽചെന്നാ
ലപ്പൊഴെബലംകെട്ടുവീഴുമെന്നതുതിട്ടം
മൽസുദർശനംനികൃന്താനേകദൈത്യഗ്രീവം

നത്സമോപമംവീരവർമ്മകഗ്രീപാതലെ
ശങ്കയില്ലെന്നാകയാൽകേതുവിന്നഗ്രത്തിങ്കൽ
അങ്കമായിരിയ്ക്കുന്നോരഞ്ജനാകുമാരകൻ
ബലവിക്രമൻപ്ലവംഗോത്തമൻമരുൽപുത്ര
നലതാരാതിക്ഷേപണോചിതൻമഹാശക്തൻ
തന്നുടെബലാഞ്ചലംകൊണ്ടുതാൻകെട്ടിപ്പൊക്കി
യൊന്നുപോലേററംചുററിച്ചീനൃപൻതന്റെരഥം
സിന്ധുതൻമദ്ധ്യത്തിങ്കൽസത്വരംക്ഷേപിയ്ക്കട്ടെ
ചിന്തിതംസാധിയ്ക്കുവാനെന്തിതിൽപരംഹിതം
എന്നതാനുറച്ചുരുൾചെയ്തുഭാഷിതംശ്രവി
ച്ചുന്നതാമോദംകൈക്കൊണ്ടുത്തമൻകപീശ്വരൻ
തമ്പുരാനുടെതിരുമുമ്പിലങ്ങിറങ്ങിനാൻ
കുമ്പിട്ടുംശിരസ്സോടുമിത്ഥമൊന്നുണർത്തിനാൻ
പങ്കജേക്ഷണശൌരെപംക്തികണ്ഠാവാസമാം
ലങ്കയല്ലല്ലോപാർത്താലിസ്ഥലംപുരസ്ഥലെ
ജംബുമാലിയാംരക്ഷസ്സില്ലകേവലംസാക്ഷാ
ലംബുജാക്ഷിയാംസീതാദേവിയിൽദയാഹീനം
എത്രയുംഭയംചേർക്കുംരാക്ഷസീജനങ്ങളു
മത്രനിൽക്കുന്നില്ലെന്റെവിക്രമംനടക്കില്ലാ
തൽഗിരംശ്രവിച്ചൊരുപുഷ്കരേക്ഷണൻമുദാ
സൽക്കരിച്ചയ്യോടരുൾചെയ്തുകൌതുകത്തോടെ
മന്ദനാകാതെഭവാൻമന്നവൻതന്റെമണി
സ്യന്ദനപ്രക്ഷേപണംചെയ്കടോകപിശ്രേഷ്ഠ
മന്നിയോഗത്താലിതുസാദ്ധ്യമായീടുംദൃഢം
ചെന്നിനിപ്പരാക്രമംകാണിയ്ക്കവൈകീടാതെ
ത്വത്സഹായംകൊണ്ടല്ലാതത്രസംഗരെവ്യഥാ
വത്സനാംബീഭത്സുവിന്നാശ്വാസമുണ്ടാവില്ല
ധർമ്മസിദ്ധിയ്ക്കായകാര്യങ്ങളുംചെയ്തീടണം
സ്വന്തതെഭവാനമീഞ്ഞാനമെന്നോർത്തേണമോ

തവൽകൃപാലവംകൊണ്ടുസർവ്വവുംസാദ്ധ്യംതന്നെ
തക്കമില്ലഹംചെയ്യുന്നുണ്ടിതെന്നുണർത്തിച്ചു
മർക്കടശ്രേഷ്ഠൻഹനൂമാനുടൻധരിത്രിയി
ലുൾക്കടപ്രതാപേനചാടിച്ചെന്നതിദ്രുതം
മനാവൻനടത്തുന്നതദ്രഥംസസൂതാശ്വം
തന്നുടെകൈകൊണ്ടെടുത്തംബരംപുക്കീടിനാൻ
എന്നതിന്നിടയ്ക്കുതേർവിട്ടുഭൂമിയിൽചാടി
നിന്നവീരനാംവീരവർമ്മകൻവേഗത്തോടെ
ധർമ്മജാനുജൻതന്നിയ്ക്കുള്ളതേർകയ്യോണ്ടുപോ
യാമ്പരെമരുത്സുതൻനില്ക്കുന്നദിക്കിൽചെന്നു
ഹാസപൂർവ്വകംപറഞ്ഞീടിനാൻകപിശ്രേഷ്ഠ
ഹാസമർത്ഥനാംഭവാനെന്നുടെരഥംമാത്രം
നിസ്സൃപംനയിയ്ക്കുന്നുനിഷ്ഫലംഭവൽകൃതം
കത്രതെബലാമഭൽരക്ഷപണ്ണെപറഞ്ഞാലും
സൂതനായ്സാഴംവാസുദേവനുംകിരീടിയും
ശ്വേതവാഹനങ്ങളുംചേർത്തദിവ്യമാംരഥം
ഞാനെടുത്തുംകൊണ്ടിങ്ങുവന്നതൊന്നീക്ഷിച്ചാലും
വീണ്ടടഞ്ഞീടുംവണ്ണമങ്ങുടൻപ്രക്ഷേപിപ്പൻ
വാനരൻഭവാനറിഞ്ഞില്ലമൽബലംസർവ്വം
വേണമെന്നിരിയ്ക്കുകിൽതെല്ലൊന്നുകാണിയ്ക്കുവൻ
വാനണഞ്ഞാലുംമടങ്ങില്ലഞാൻവേഗംകൊണ്ടു
ബാണസന്നിഭംചാരുസഞ്ചാരംചെയ്തീടുവൻ
ദുർദ്ദേവശക്ത്യാമഹാസംഗരെഭവാനാലു
മദ്ദ്വൈവമുക്തന്മാരാംകൃഷ്ണപാണ്ഡവന്മാരെ
എങ്ങെങ്ങുപോകംഭവാനാകാശദേശങ്ങളി
ലങ്ങങ്ങുഞാനുംനയിച്ചീടുവൻതെരുങ്ങാതെ
ദുഗ്ദ്ധസാഗരംപുക്കവൈകുണ്ഠഗേഹാന്തരെ
മുഗ്ദ്ധമാംഭുജംഗേന്ദ്രമെത്തതൻമീതെതന്നെ
മന്ദമാക്കിടുന്നുണ്ടീകൃഷ്ണമൂർത്തിയെപ്പുണ്യ

മൊന്നതിൽകിട്ടുംവചോഗണ്യമല്ലാതെമമ
വിരഹംകൊണ്ടുദ്ദുഃഖിച്ചുമതുംരമാദേവി
നിരഹങ്കാരത്തൊടുംനിജചേതസ്സാൽസദാ
പൃഥ്വീതലെവൃഥാസുതഭക്തിയാൽവശീ
കൃതനായ്വസിയ്ക്കുന്നാപതിയെദ്ധ്യാനിയ്ക്കുന്നു
തന്മനോരഥംസാധിപ്പിച്ചുഞാനെന്നാലിനി
യ്ക്കുമ്മയാൽനൽകപ്പെട്ടുംമുഖ്യമാമനുഗ്രഹം
വീരവർമ്മോക്തംകേട്ടുവീരനാംഹനുമാനും
സാരസമ്മോദംപൂണ്ടുസാദരംചൊല്ലീടിനാൻ
ധർമ്മചൈതന്യംകൂട്ടുംധന്യരത്നമെവരം
ത്വന്മഹത്വംമെപരംദൃഷ്ടാന്തമായെങ്കിലും
വർണ്ണിതംഭവാനാലെഹന്തപൌരുഷംനിജം
പണ്ഡിതന്മാരായവർവർണ്ണിയ്ക്കില്ലൊരിയ്ക്കലും
സ്വപ്രശംസകൻട്ടശംനിന്ദ്യനാംസാധുക്കളി
ലപ്രസന്നംമമമനംത്വൽഗിരംശ്രവിയ്ക്കയാൽ
മന്നവൻകയർത്തപോലോതിനാൻകപേഭവാൻ
ചൊന്നതെപ്പേരുംപോരുംമദ്രഥാവെടിഞ്ഞാലും
ശക്തനല്ലിതുംകൊണ്ടുപോകുവാൻഭവാനെയും
ബദ്ധനാക്കവൻപിടിച്ചിങ്ങുഞാൻബലത്താലെ
മദ്ഭൃതന്മാരാംകൃഷ്ണപാണ്ഡവന്മാരെന്നപോ
ലുദ്ധതംമദീയമാംമർദ്ദനംസഹിച്ചാലും
എന്നുരച്ചിടംകയ്യിലാരഥംസമർപ്പിച്ചു
തന്നുടെവലത്തുകൈമുഷ്ടികൊണ്ടുടൻതന്നെ
കുത്തിനാൻനെററിത്തടത്തിങ്കലൊന്നതിൽപരം
സ്തബ്ധനായമന്ദപോയ്ശക്തനാംഹനുമാനും
മൃത്യുനാശനക്ലേശനാശനൻഹൃഷീകേശൻ
നിത്യനാമീശൻഭക്തവത്സലൻതദാമുദാ
ചിത്തസംഭ്രമത്തോടുംതൃക്കഴൽതാർകൊണ്ടൊന്നു
ഹൃത്തടത്തിങ്കൽചവുട്ടീടിനാൻസുരേന്ദ്രനെ

ശംഭുവിൻചവിട്ടേറെറാരന്തകൻകണക്കിനെ
വമ്പുവിട്ടുടൻനൃപൻവീണുഭൂപൃഷ്ഠത്തിങ്കൽ
ചത്തപോലല്പംനേരംമൂർച്ഛയാകിടന്നിട്ടു
ബുദ്ധനായെഴുന്നേററുനോക്കീടുംദശാന്തരെ
പൃത്ഥ്വിയിൽക്ഷണംകൊണ്ടുവന്നുതാനുറപ്പിച്ചു
നൃത്തിയതേരിൽകൃഷ്ണന്മാരെയുംസമീപത്തിൽ
നിന്നീടുംസമീരജൻതന്നെയുംസമീക്ഷിച്ചു
നന്ദിയോടോതീടിനാൻമൽബലംകണ്ടീലയൊ
എന്നുടെകരത്തിങ്കൽനിങ്ങൾമൂവരെയുംഞാ
നിന്നടക്കിനേൻപിടിച്ചുദ്വിതീയനാമെന്നെ
സംഗരാന്തരെനിങ്ങൾമൂന്നുപേരൊന്നിച്ചിട്ടു
മങ്ങടങ്ങുവാൻകഴിഞ്ഞീലത്ഭുതംതന്നെ
കയ്യിലാക്കിനേൻമഹാശ്വങ്ങളെരണത്തിങ്ക
ലുല്ക്കടന്മാരാംവീരന്മാരെയുംമടക്കിനേൻ
അദ്ര്യമെയമപ്രോക്തൻമൃത്യുവെങ്ങൊളിച്ചുപോ
യത്ര്യനാമയൻതന്നെഞാനിന്നുസർവ്വംകൊണ്ടും
മൽപ്രഭാവത്തിന്നുള്ള കാരണംമറെറാന്നല്ലി
ച്ചിൽപ്രകാശനാംകൃഷ്ണമൂർത്തിതൻകൃപോദയം
ഇത്തരംപറഞ്ഞുള്ളിൽഭക്തിവിശ്വാസത്തോടു
മൊത്തംമുകുന്ദപാദാരവിന്ദാന്തങ്ങളിൽ
മസ്തകംസമർപ്പിച്ചുബാഷ്പവാരിയുംചൊരി
ഞ്ഞുത്തരംനമസ്കാരമാചരിച്ചനന്തരം
ഭംഗിയിൽക്രമ്പുംപാണിപത്മങ്ങൾളാട്ടുംനിന്നി
ട്ടിങ്ങിനെയുണർത്തിനാനിന്ദിരാപതേഹരെ
തമ്പദാംഭോജംസ്മരിച്ചീടുന്നഭക്തന്മാർക്കു
സമ്പദാംഭോഗംനൾകുംസർവ്വദൈവമെപോററി
എന്തറിഞ്ഞീടുംഭവത്തത്വമീക്കാണുന്നാവ
രന്തരംഗത്തിൽഭവൽഭക്തിയില്ലെന്നാകിൽ ൧
ജന്മവുംവൃഥാഫലംമർത്ത്യന്മാർക്കൊരിക്കലും

കൎമ്മനാശവുംവരാമോക്ഷവുംസിദ്ധിയ്ക്കില്ലാ
കൃത്യമൂഢന്മാർമഹാസംസാരപാരാവാരെ
നിത്യമേഷണപ്രിയന്മാരായിമുങ്ങീടുന്നു
ഭക്തിയുക്തന്മാരായാൽ ഭുക്തിയുംകാലേനല്ല
മുക്തിയുംലഭിച്ചീടുമില്ലകില്ലേതുംവാദമൊ
ത്വന്മഹത്വത്തെപ്പുകഴ്ത്താവതല്ലനന്തനം
ചിന്മയാനന്താനന്ദകന്ദമെന്നമോസ്തുതെ
ത്വൽഭക്തിതന്നെസിദ്ധികൎത്രിയെന്നുറച്ചുഞാ
നൽപ്പത്തമമദ്ധ്യേഭവദ്ധ്യാനംചെയ്തഹന്നിശം
ത്വൽഭക്തപൂജാദിയാംധൎമ്മകൎമ്മവുംചെയ്തു
നിഷ്പക്ഷപാതംനാനാലോകോപകൎത്താവായി
വൎത്തനംചെയ്തീടുന്നേൻപത്തനംഭാഗ്യാപുത്ര
നൎത്ഥമെന്നിത്യാദിയിൽസക്തിയെന്നിയെസഭാ
ദുൎല്ലഭംഭവദ്രൂപമീട്ടുശംകണ്ടേനിപ്പൊ
ളല്ലലേററിനിയ്ക്കുള്ള ജന്മ സാഫല്യംവന്നു
ത്വൽകൃപാകൃതംപുകഴ്ത്താവതൊഭവാനൊരു
തൃക്കഴൽതാർകൊണ്ടെനിയ്ക്കുള്ള മാൎത്തട്ടിൽതട്ടി
പ്പാഠ ിയിൽപതിപ്പിച്ചുമോഹിപ്പിച്ചെങ്കൽബലാ
ലെത്തിയുള്ളൊരുമൃത്യുകൃത്യവുംകഴിപ്പിച്ചു
സത്വരംചൈതന്യംചേൎത്തിടിനാൻപാൎത്താലേവം
ഭക്തരക്ഷണംചെയ്വാനാരുവാൻജഗല്പതെ
ഏവ്വനാരേവംപറഞ്ഞപ്പോഴേകപിശ്രേഷ്ഠൻ
വട്ടത്തേൎത്തട്ടിൽചാപബാണങ്ങളോടുംകേറി
സംഗരത്തിന്നായൊരുങ്ങീടിനാൻതദാമുദാ
മംഗലസ്മിതംതൂകിശ്രീവാസുദേവൻദേവൻ
തൃക്കയ്യിൽനിന്നിട്ടുചമ്മട്ടിയെതാഴത്തിട്ടു
ചിക്കനെഞെഴുന്നേററുനിന്നുപാൎത്ഥനെനോക്കി
വ്യക്തമീവാക്യാമൃതംതൂകിനാനെന്നാലിപ്പോ
ളുക്തമായുള്ളതും സാരംകേട്ടറിഞ്ഞാലുംസഖെ

നമ്മളാലൊരായിരംവത്സരംപോർചെയ്താലും
നിർമ്മലാകാരൻനൃപൻജേതവ്യനാകില്ലിവൻ
ഹസ്തസാമർത്ഥ്യംപെരുത്തുള്ള വൻമഹാബല
നസ്തസംശയംസമസ്താസ്ത്രസംഗ്രഹാഭിജ്ഞൻ
സപ്രതാപംകൊണ്ടേററവീരരെവീഴ്ത്തീടിനാൻ
സ്വപ്രസാദംമെവളത്തീടിനാൻകണ്ടീലയൊ
ഭക്തവത്സലൻതന്നോടന്നേരംധനഞ്ജയൻ
മുക്തസംശയംമുദാവിഷ്ടനായുണർത്തിനാൻ
ഒക്കമീവാക്യംവേദചക്രസംഭവംയോഗ്യം
സൽക്കുലപ്രഭോഭവത്സന്തോഷപ്രപോഷണൻ
നിർണ്ണയംമഹാജയംപ്രാപിയ്ക്കുംമഹീതലെ
വർണ്ണനീയതപമ്പൂണ്ടുവന്ദനീയനാസ്ഥരും
വയ്മ്പനാസ്ഥിളങ്ങുമീധീരവർമ്മകൻപോരി
ലെമ്പരാക്രമംകൊണ്ടുതോല്ക്കയില്ലൊരിക്കലും
സത്തമൻപാർത്ഥൻചൊന്നസത്യഭാഷണംകേട്ടു
ചിത്തമോദത്തോടേവംവീരവർമ്മകൻചൊന്നാൻ
ഹവ്യവാഹനൻതന്നദിവ്യമാംചാപത്തോടെ
സവ്യസാചിത്വംപൂണ്ടചിത്രവീര്യവാൻഭവാൻ
ചൊല്ലുകൊല്ലേവംവിശപംവില്ലുകൊണ്ടശേഷവും
വെല്ലുവാൻപോരുന്നവൻതെല്ലുമേകുഴങ്ങാതെ
ജംഗമങ്ങളുംസ്ഥാവരങ്ങളുംസഹിയ്ക്കില്ലാ
സംഗരത്തിങ്കൽഭീമംതാവകംപരാക്രമം
സത്വപാരിധെനരശ്രേഷ്ഠഹേജിഷ്ണോഭവ
ത്തത്വബോധംമേറ്റത്തിലുണ്ടെന്നബോധിച്ചാലും
അത്രയായൊരുത്തന്റെചിന്തനംമാത്രംകൊണ്ടു
ചിത്രമായീടുംജയംമർത്ത്യനതുഭവിയ്ക്കുന്നു
ചൊല്ലെഴുന്നാകൃഷ്ണനാമീക്കാണുന്നൊരനാഥ
നല്ലയൊഭവൽസ്തുതകൃത്യമാചരിയ്ക്കുന്നു
തങ്ങളിൽഭേദംനിങ്ങൾക്കേററമില്ലോപിടുവാൻ

നിങ്ങളീക്ഷമയ്ക്കുള്ള രക്ഷിതാക്കന്മാർതന്നെ
മൽപ്രഭാവത്തിന്നുള്ള മൂലവുംമറെറാന്നല്ലീ
ചിൽപ്രകാശനാംകൃഷ്ണമൂത്തിതൻകൃപോദയം
വ്യക്തിയാംവണ്ണംതെളിഞ്ഞിത്തരംപറഞ്ഞാശ്രു
ഭക്തിയാലസ്വസ്ഥനാസ്സന്നപാർത്ഥിവശ്രേഷ്ഠൻ
വല്ലുമങ്ങെറിഞ്ഞിട്ടുതത്രപാത്തട്ടിൽചാടി
കില്ലുകൂടാതെകൃഷ്ണപാദാരവിന്ദങ്ങളിൽ
മസ്തകംസമപ്പിച്ചുബാഷ്പവാരിയുംചൊരി
ഞ്ഞുത്തമംനമസ്കാരമാചരിച്ചനന്തരം
ഭംഗിയിൽക്കുമ്പുംപാണിപത്മങ്ങളോടുംനിന്നി
ട്ടിങ്ങിനെയുണത്തിനാനിന്ദിരാപതെഹരെ
ത്വൽപദാംഭോജംഭജിച്ചീടുന്നഭക്തന്മാക്കു
സമ്പദാംഭോഗംനൽകുംസവ്വദൈവമെപോററി
രക്ഷമാംകടാക്ഷാവലോകേനദീനത്രാണ
ദക്ഷമാംഭവൽപാദമാശ്രയംസദൈവമെ
സവ്വാപരാധംക്ഷമിക്കേണമെതരേണമെ
നിവ്വാണസൌഖ്യംപ്രാണനിയ്യാണകാലെമുഖ്യം
എന്തറിഞ്ഞീടുംഭവത്തത്വമീക്കാണുന്നാവ
രന്തരംഗത്തിൽഭവൽഭക്തിയില്ലെന്നാകിലൊ
ജന്മവുംവൃഥാഫലംമത്ത്യന്മാക്കൊരിക്കലും
കമ്മനാശവുംവരാമുക്തിയുംസിദ്ധിക്കില്ലാ
കൃത്യമൂഢന്മാർമഹാസംസാരപാരാവാരെ
നിത്യമേഷണാദിസംഭാരേണതാണീടുന്നു
ഭക്തിയുക്തന്മാരായാൽഭുക്തിയുംകാലെനല്ല
മുക്തിയുംസന്തോഷവുംസൌഖ്യവുംഭവിച്ചീടും
ത്വന്മഹത്വംമെവ്വുകത്താവതല്ലനാല്യസ
ച്ചിന്മയാനന്താനന്ദകന്ദമെനമോസ്തുതെ
ത്വൽഭക്തതന്നൊസിദ്ധികത്ത്രിയെന്നുരച്ചുത്താ
നപ്പുത്തമമദ്വൈതവധ്യാനംചെയ്തഹന്നിശം

ത്വൽഭക്തപൂജാദിയാംധൎമ്മകൎമ്മവുംചെയ്തു
നിഷ്പക്ഷപാതംനാനാഭൂതോപകൎത്താവായി
വൎത്തനംചെയ്തീടുന്നേൻപത്തനംഭാൎയ്യാപുത്ര
നൎത്ഥമെന്നിത്യാദിയിൽസക്തിയെന്നിയെസദാ
ദുൎല്ലഭംഭവദ്രൂപമീദൃശംകണ്ടേനിപ്പോ
ളല്ലലററിനിയ്ക്കിന്നുജന്മസാഫല്യംവന്നു
ത്വൽകൃപാകൃതംചിത്രമവ്യക്തംഭവാനൊരു
തൃക്കഴൽതാർകൊണ്ടിനിയ്ക്കുള്ളമാൎത്തട്ടിൽതട്ടി
പൃഥ്വിയിൽപതിപ്പിച്ചുമോഹിപ്പിച്ചെങ്കൽബലാൽ
എത്തിയുള്ളൊരുമൃത്യുകൃത്യവുംകഴിപ്പിച്ചു
സത്വരംചൈതന്യംചേൎത്തീടിനാൻപാൎത്താലേവം
ഭക്തരക്ഷണംചെയ്വാനാരുവാൻജഗല്പതെ
ത്വന്മഹാമായാജഗന്മോഹകാരിണീപരാ
ധൎമ്മഹാരിണീനരദ്രോഹിണീഗരീയസീ
തൽഭയംകളഞ്ഞിനിത്വൽപദത്തിങ്കൽതെളി
ഞ്ഞുത്ഭവിച്ചീടുംഭക്തിശ്രദ്ധയാനക്തന്ദിവം
ചിന്മയസ്വരൂപവുംചേതസാനിരൂപിച്ചു
ശൎമ്മവുംഭുജിച്ചുസന്തപ്തനായനങ്ങാതെ
ജന്മനാശനംചെയ്വാനാശയുണ്ടതിന്നായി
സ്സമ്മതിച്ചനുഗ്രഹിയ്ക്കേണമെന്നമോനമഃ
മല്പദദ്രവ്യാദിയുംമൽപ്രാണദേഹങ്ങളു
മൎപ്പണംചെയ്തീടിനേൻത്വൽപദേസമസ്തവും
എന്നിതങ്ങുണൎത്തിച്ചുപിന്നെയുംനമിച്ചിട്ടു
സന്നിധൌനിൽക്കുംജിഷ്ണുതന്നെയുംസംഭാവിച്ചു
ചന്തത്തിലാശ്ലേഷവുംചെയ്തുസന്തോഷംചേൎത്തു
ബ്ബന്ധുത്വംകയ്ക്കൊണ്ടിരിയ്ക്കേണമെന്നപേക്ഷിച്ചു
മൂൎച്ഛയുംതെളിഞ്ഞേററുവാച്ചമോദത്തോടങ്ങു
ചേച്ചയുംകയ്ക്കൊണ്ടണഞ്ഞുള്ളോരുവീരന്മാരിൽ
മത്സ്യഃകത്തുവിനേയുംബഭ്രുവാഹനനേയും

വത്സനാംവൃഷദ്ധ്വജൻതന്നെയുംപുണ്ന്നാശു
മററനേകംഭൂപർഹംസകേതുമുഖ്യന്മാരക
മററലിഞ്ഞിട്ടംവണ്ണമുള്ള സല്ലാപംചെയ്തു
തന്നുടെസുതാമാത്യമിത്രാദിവർഗ്ഗത്തോടെ
ദുന്ദുഭിഘോഷംമുഴക്കിച്ചുസന്തോഷത്തോടെ
സുന്ദരംശരംകുഴൽകൊമ്പിവവിളിപ്പിച്ചു
പിന്നെയുംപെരുത്തവാദ്യങ്ങളെഘോഷിപ്പിച്ചു
കൊണ്ടൽവർണ്ണനാംജഗത്തിന്റെറതമ്പുരാനെയു
മണ്ടർകോനുടെപുത്രനായുള്ളപാത്ഥനേയും
മററുള്ളനാനാരാജരത്നങ്ങളേയുംമോദം
പാറുന്നനാനാരമ്യവാഹനങ്ങളിൽകേററി
കൊണ്ടുപോയ്നിജാലയംപ്രാപിപ്പിച്ചതീവചോൽ
ക്കൊണ്ടുശോഭിയ്ക്കുംശുഭാകാരമാംസഭാതലെ
മണികാഞ്ചനസിംഹാസനശീഷങ്ങടംതോറു
മണിരത്നങ്ങളെപ്പോലഴകോടിരുത്തിനാൻ
സർവ്വോപചാരദ്രവ്യംകൊണ്ടുമാദരംപൂണ്ടു
വെവ്വോറെയഥാക്രമംസമ്പൂജിച്ചീടുംവിധൌ
നല്ലവൈദികന്മാരാംവിപ്രവീരന്മാർവന്നു
മല്ലവൈരിയാംവേദാന്താത്ഥസാരത്തെക്കണ്ടു
ഭക്തിതൻവശന്മാരായ്ഭാവിച്ചുകീത്തിയ്ക്കയു
മത്ഥിതംവരുത്തേണമെന്നുതാൻപ്രാത്ഥിക്കയും
സന്തോഷപാരവാരെമുങ്ങിയുംമയങ്ങിയും
കൌന്തേയനേയുംപാത്ഥകീത്തനംതുടങ്ങിയും
ക്ഷത്രിയന്മാരുംവൈശ്യശൂദ്രാദിവർണ്ണങ്ങളു
മെത്തിയവ്വർണ്ണംകണ്ടുകൃഷ്ണപാണ്ഡവന്മാരെ
വിസ്മയോദയത്തോടെകുമ്പിട്ടുവന്ദിയ്ക്കയു
മസ്തുതിയമാംകാൎയ്യമായെന്നുനന്ദിയ്ക്കയും
തത്രപൌരന്മാർചെയ്തതൊക്കവെമനോഹര
ചിത്രമാത്രംഞാനൽപ്പംചൊല്ലിനേനെന്നേവേണ്ടു

ഭക്തചിത്താഭിപ്രായകൎത്തൃകൻനാഥൻജഗൽ
ഭൎത്തൃഭൂതനാംപൂതനാന്തകൻകംസാന്തകൻ
ഖിന്നവത്സലൻഗോപീവത്സനന്ദിരാവത്സൻ
മന്നവൻപ്രാൎത്ഥിച്ചതിൻവണ്ണമേമടിയ്ക്കാതെ
തന്മിത്രവൎഗ്ഗത്തോടുംനിൎമ്മലാംബുവിൽചെന്നു
സംമഗ്നനായിസ്ഫീതശോഭമാംപീതാംബരം
ചന്ദനംമുതൽക്കുള്ളമണ്ഡനങ്ങളുംധരി
ച്ചന്നവുംനെയ്യുംപയഃപായസാദിയുംക്രമാൽ
ശൎക്കരാപകാപൂപഭക്ഷ്യാദിവസ്തുക്കളു
മൊക്കവെസുധോപമംഭക്ഷിച്ചുമോദത്തോടെ
പൊന്മയസ്ഥലംപുക്കുസിംഹാസനാരൂഢനായ്
വെണ്മയേറീടുന്നതാംബൂലാദിവസ്തുക്കളെ
ചൎവ്വണംചെയ്തുംനൎമ്മസല്ലാപംചെയ്തുംതഥാ
സൎവ്വസജ്ജനങ്ങൾക്കുമാനന്ദംവൎദ്ധിപ്പിച്ചും
നൃത്തഗീതാദിപ്രയോഗങ്ങളെത്തൃക്കംപാൎത്തും
സ്നിഗ്ദ്ധകോമളാമലശ്രീതല്പഖട്വാതലെ
ചിത്രമാംശയ്യാഗൃഹെസുപ്തഭാവത്തെപ്പൂണ്ടും
ചിത്തസന്തോഷത്തോടെവൎത്തനംചെയ്തീടിനാൻ
ഉത്തമോദ്യമംപൂണ്ടുള്ളംഗനാജനങ്ങളോ
ടത്താംചൊല്ലുക്കപ്പൈതലടങ്ങിനാൾ

മയൂരധ്വജയുദ്ധം സമാപ്തം.

# ജൈമിനീയാശ്വമേധം.

## കിളിപ്പാട്ട്

പൈങ്കിളിപ്പൈതലെ പൈദാഹബാധയു
ണ്ടെങ്കിലീപക്വാദിഭക്ഷ്യവസ്തുക്കളെ
ഭക്ഷണംചെയ്തുനീപാലുംനുകർന്നുകൊ
ണ്ടിക്ഷണംഖേദംകളഞ്ഞിട്ടുസാദരം
വൈകുണ്ഠസൽക്കഥാശേഷംമനോഹരം
വൈകുന്നഭാവംവെടിഞ്ഞുചൊല്ലേണമെ
കൈവല്യസമ്പത്തികൈവല്യമെന്നിയെ
കൈവന്നീടാനായ്തുണച്ചുകൊള്ളേണമേ
ചുട്ടററസംസാരവൈഭവംകാങ്കയാ
ലൊട്ടല്ലെടോഭയംഞങ്ങൾക്കുമാനസെ
കഷ്ടമെമാലോകർമിക്കതുംമൌഢ്യമാ
ന്നിഷ്ടമെതെന്നറിഞ്ഞിടാതഹർന്നിശം
പുത്രദാരാർത്ഥാദ്യനിത്യവസ്തുക്കളെ
നിസ്രൂപംവിശ്വസിച്ചന്യോന്യമീർഷയും
മാത്സര്യവുംമാനഡംഭാദിയുംപൂണ്ടു
വാത്സല്യവുംവിട്ടഹങ്കാരപൂർവ്വകം
ദുഷ്കർമ്മമാർജ്ജിച്ചുജന്മകാലംവൃഥാ
ദുഃഖത്തിലാക്കിക്കഴിയ്ക്കുന്നുദൈവമെ
ധർമ്മാർത്ഥകാമമോക്ഷങ്ങളിൽകാമവും
ധർമ്മാർത്ഥമർത്ഥവുംകൈക്കൊണ്ടുകേവലം
കണ്ടപെണ്ണുങ്ങളിൽകാമിച്ചിണങ്ങിയും
കണ്ടകത്വംകൊണ്ടുതമ്മിൽപിണങ്ങിയും
ശണ്ഠയോടെസാധുലോകങ്ങളെവൃഥാ
ചെണ്ടകൊട്ടിയ്ക്കയുംദുർവ്യയംചെയ്കയും

ബ്രഹ്മസ്വമെന്നില്ലദേവസ്വമെന്നില്ല
ജിഹ്മസ്വഭാവേനകാണുംധനങ്ങളെ
കുററമാരാതിങ്ങശേഷംഹരിയ്ക്കയും
മററാരാൾക്കുംകൊടുക്കാതെഭരിയ്ക്കയും
കട്ടുംവധിച്ചുംചതിച്ചുംപരന്തരം
കിട്ടുംവിധൌബലാൽതട്ടിപ്പറിയ്ക്കയും
ദുർവ്യയക്കാർതൻമഹത്വത്തിനായിട്ടു
നിർവ്യളീകംവ്യയംചെയ്തുമുടിയ്ക്കയും
ഭംഗഹീനംശ്രമംചെയ്തുതേനീച്ചക
ളങ്ങെടുത്തീടുന്നപൂന്തേൻകണക്കിനെ
ഹന്തലുബ്ധന്മാർകരത്തിലാക്കുംധന
മന്തരംവന്നുപോമെന്നുപേടിയ്ക്കയാൽ
മുട്ടുമെന്നാകിലുംതാൻതനിയ്ക്കായിട്ടു
മൊട്ടുപോലുംചിലവിട്ടുപോകാതഹോ
കെട്ടിയൊന്നായിട്ടുവച്ചുസൂക്ഷിയ്ക്കയും
പട്ടിണിതന്നെകിടന്നുമരിയ്ക്കയും
മെല്ലെന്നുവന്നീടുമർത്ഥിയെക്കാണുമ്പോ
ളില്ലെന്നുതന്നെമടിയ്ക്കാതുരയ്ക്കയും
വന്നുകൂട്ടുംവ്യവഹാരങ്ങളിൽദ്രുതം
ചെന്നുരാജസ്ഥലംകേറുംദശാന്തരെ
മത്സരത്തോടെജയിയ്ക്കുവാനുംമഹാ
ദുസ്സഹാചാരയായീടുന്നവേശ്യയെ
തങ്കലിഷ്ടംപോലിരുത്തുവാനുംഗതാ
ശങ്കമേററംവ്യയംചെയ്യുന്നകൂട്ടരും
ധർമ്മകാര്യവ്യയെതാനെമടിയ്ക്കയും
ദുർമ്മുഖന്മാർപരംദൈന്യംനടിയ്ക്കയും
വല്ലതുംവേണ്ടിവന്നെങ്കിലത്രൂഢയു
മല്ലലുംപൂണ്ടുമാനത്തിനായങ്ങിനെ
ചതല്പമാത്രംവ്യയംചെയ്തുകഴിയ്ക്കയും

ചൊല്ലുകൂട്ടംധൎമ്മശാസ്ത്രംപഴിയ്ക്കയും
കല്ലുതാനമ്പലംതോറുമെന്നീശ്വരൻ
കില്ലുതീരാപുരാണങ്ങളെനോക്കിയാൽ
എന്തഹോവേദമഹത്വംമനുഷ്യരി
ലന്തണന്മാൎക്കെന്തുഭേദംനിനയ്ക്കുകിൽ
എങ്ങുദൈവംവിഷ്ണുവെങ്ങുദൈവംശിവ
നെങ്ങുധാതാസുരന്മാരുമെന്നിങ്ങിനെ
അന്ധഭാവംകൊണ്ടുചെയ്തുമായാവശാ
ലന്തണന്മാരിലുമീശ്വരന്മാരിലും
ഭക്തിയുംവേണ്ടാവിചാരവുംവിട്ടുദു
ൎയ്യുക്തിയുംകൈക്കൊണ്ടുകൃത്യങ്ങളിൽസദാ
സക്തിയുംകൈക്കൊണ്ടുമാംസപ്രധാനയാം
ഭുക്തിയുംകാലെകഴിച്ചുദുൎബ്ബോധികൾ
മദ്യവുംസേവിച്ചുപുംശ്ചലീസേവയും
ഹൃദ്യമാംനായാട്ടുചൂതുതൊട്ടുള്ളതും
ധന്ന്യലോകാക്ഷേപവാദോച്ചഹാസവും
നിന്ദ്യലോകാത്മപ്രശംസാദിഘോഷവും
ഒത്തപൈശുന്ന്യവുംശൂന്ന്യസ്ഥലംപുക്ക
ചത്തപോലുണ്ടാമുറക്കവുംകൊണ്ടഹോ
നന്നായഹോരാത്രികാലംസമസ്തവു
മന്ദാശയന്മാർനയിക്കുന്നസാഹസാൽ
അമ്പലംതന്നിൽകടക്കില്ലകൂപ്പുകി
ല്ലയ്മ്പലംകയ്യ്ക്കൊണ്ടിരിയ്ക്കുന്നദേവനെ
ശംഭുവിൻനാമംജപിയ്ക്കില്ലശൌരിയാം
തമ്പുരാൻതന്നെസ്മരിയ്ക്കില്ലൊരിയ്ക്കലും
ദുഷ്കൃതംദൂരീകരിയ്ക്കുംപുരാണാദി
സൽക്കഥാവൎണ്ണനംചെയ്യില്ലചെറുമെ
ഏന്നമേകാദശിതൊട്ടുള്ളസുവ്രത
മൊന്നുമെനോൽക്കില്ലമുഖ്യവ്രതങ്ങളിൽ

എണ്ണയുംതേച്ചുകുളിച്ചിട്ടശാല്പ്രാന്ന
മുണ്ണുമൂട്ടില്ലാപിതൃശ്രാദ്ധമെങ്കലും
മുങ്ങുകില്ലാചെന്നഗംഗയിൽസേതുവു
മങ്ങുഃപായൊന്നുകണ്ടിടുകില്ലേതുമെ
കുററമേവംപലർചെയ്യുകാണുന്നതി
നാററമില്ലാകവെചൊല്ലുന്നതെങ്ങിനെ
കക്ശന്മാരാകുമിച്ചൊന്നപാപികൾ
മിക്കപേരുംപാരിലത്യല്പജീവികൾ
ദുർമ്മൃതിക്കേശെപതിയ്ക്കുന്നഹാപലർ
ദുർമ്മതിക്രീഡിതംദുഃഖദംകേവലം
ഒട്ടുവാർദ്ധക്യമാവുമ്പോഴയ്ക്കുംചിലർ
മട്ടമാറുംമുമ്പിരുന്നോരവസ്ഥയെ
വിട്ടുവീട്ടുംവിററുദാരിദ്ര്യവൃത്തിയിൽ
പെട്ടുപാരംവശംകെട്ടുഴന്നുംഭൃശം
കഷ്ടകർമ്മത്തിൻബലംനിമിത്തംഗുളൽ
കുഷ്ഠയക്ഷ്മാദികവ്യാധിബാധാവശാൽ
ക്ലിഷ്ടമാംദേഹംകലൎന്നുംകളത്രങ്ങ
ളിഷ്ടപുത്രന്മാർസ്വമിത്രങ്ങളെന്നിവർ
വർജ്ജനംചെയ്യയുംദൂഷണംകൊണ്ടു
തജ്ജനംചെയ്യയുംചെയ്യുന്നതാകയാൽ
ഞെട്ടിയേററംതപിയ്ക്കുംമനാംകരയ്ക്കൊണ്ടു
മഷ്ടിലാർത്ഥംപരാലയംതോറുമെ
വൃഷ്ടിയുംവെയിലുമേററുംകൊണ്ടുതാനൊരു
യഷ്ടിയുംകുത്തിക്കഴിഞ്ഞുചെന്നംഗണെ
കഞ്ഞിയുംചോറുംപൊതയ്ക്കുവാനായിട്ടു
പിഞ്ഞിയുള്ളോരുപഴന്തുണിക്കണ്ടവും
ശ്രദ്ധയോടേകാനിരന്നയഥാഹിതം
സിദ്ധമായ്ക്കാഞ്ഞതുംകാഞ്ഞലഞ്ഞങ്ങിനെ
എത്രയുംപ്രാണൻപൊരിഞ്ഞുംതിരിഞ്ഞുമ

ന്നൃത്രചെല്ലുമ്പൊളെന്തെങ്കിലുംകിട്ടിയാൽ
മുററത്തിരുന്നുകഴിച്ചുംദിനംപ്രതി
മുററുന്നപൈദാഹമെത്തുമ്പൊഴൊക്കവെ
പുത്തനാംദുഃഖംഭുജിച്ചുംപ്രവാഹത്തൊ
ടൊത്തകണ്ണീർതാൻതുടച്ചുംസ്വകർമ്മണാ
വല്ലപാന്ഥസ്ഥലെചെന്നുംശ്രമിച്ചങ്ങു
മെല്ലവെമണ്ണിൽകിടന്നുംസവേദനം
മുക്തവിണ്മൂത്രപങ്കംകൊണ്ടണിഞ്ഞതിൽ
ത്യക്തശൌചംചേൎന്നുരുണ്ടുംദിവാനിശം
പൊങ്ങുമാദുർഗ്ഗന്ധശക്തികൊണ്ടാരാനു
മെങ്ങുമാരാലടുത്തീടായ്കകാരണം
എണ്ണമററുള്ളുറുമ്പീച്ചകാകൻപട്ടി
യെന്നമിത്രങ്ങളോടൊന്നിച്ചുമേകദാ
അന്തികെപാശവുംദണ്ഡുമായെത്തീട്ടു
അന്തകൻതൻഭടന്മാരോടുമൊത്തുടൻ
ഭംഗുരത്വംക്രൂട്ടമംഗവുംകൈവെടി
ഞ്ഞങ്ങുപോകുന്നുപരേതരാജാലയെ
പക്ഷപാതംവിട്ടുകാലനീക്രൂരർക്കു
ശിക്ഷയേകുന്നതെന്തെന്നുചൊല്ലേണമൊ
ദുർവ്വാസനാവശന്മാൎക്കീദൃശംമഹാ
ദുർവ്വാരമായ്വരുംദുർദ്ദശാവൈഭവം
സ്പഷ്ടംധരാതലെധാരാളമെങ്ങുമെ
ദൃഷ്ടംഭയങ്കരംസംസാരസങ്കടം
ദുഷ്കർമ്മശാലികൾക്കുണ്ടാസുഖോദയം
സല്ക്കർമ്മശാലികൾക്കില്ലദുഃഖോദയം
വയ്പെഴുംമായാബലംകണ്ടുഞങ്ങൾക്കു
സംഭവിയ്ക്കുംഭയംശാന്തമായക്രമാൽ
ദുശ്ചിന്തനംനശിച്ചാശയംകൃഷ്ണനാം
സച്ചിന്മയൻതങ്കലങ്കീഭവിയ്ക്കുവാൻ

തക്കയത്നംചെയ്കശാരികാരത്നമെ
സദ്ഗതിക്ഷേമംനിണക്കുംഭവിയ്ക്കുമെ
എന്നിവണ്ണംവധൂവൃന്ദംപൊഴിയ്ക്കുന്നാ
നന്ദിവദ്ധിയ്ക്കുന്നനല്ലവാക്യാമൃതം
കണ്ണയുഗ്മംകൊണ്ടുനന്നായ്നുകൎന്നുകാ
ൎണ്ണനാംകൃഷ്ണനെധ്യാനിച്ചുമാനസെ
വന്നരോമാഞ്ചംകലൎന്നുകിളിക്കിടാ
വുന്നതാനന്ദേനചൊല്ലിത്തുടങ്ങിനാൾ
മങ്കമാരെകടത്തീടുന്നസംസാര
സങ്കടത്തിക്കെട്ടത്തീടുവാനാദരാൽ
കയ്ക്കൊളാക്കീടണംവൈകുണ്ഠമൂൎത്തിതൻ
ചൊൽക്കലന്നീടുംകൃപാമൃതംകേവലം
ഭക്തിയില്ലെങ്കിൽഭവിയ്ക്കില്ലതാക്മെ
ഭക്തിയൊപാഴിലുണ്ടാകില്ലനിൎണ്ണയം
തൽഭക്തസൽക്കഥാവൎണ്ണനംചെയ്യു
ലുല്ലനായാസ്സുരംതക്മില്ലേതുമെ
സച്ചിന്മയന്റെചരിത്രാമൃതംനിങ്ങ
ളിശ്ചിച്ചപോലുരയ്ക്കുന്നേനതൊക്കവെ
ശ്രദ്ധയോടുംകേട്ടുകൊൾവിൻപുരാണങ്ങ
ളത്രമോത്തംസനാംസൂതൻമഹാമതി
ചൊല്ലിനാൻതാപസന്മാരോടുകേൾക്കുവിൻ
കല്യനായുള്ളമഹാമുനിജൈമിനി
പാരിൽക്ഷിതീശപരന്മാർമുടിക്കല്ലായ
പാരിക്ഷിതോൎവ്വീന്ദ്രനായുള്ളഭക്തനെ
പാൎത്തു.ദരാതെപറഞ്ഞുതുടങ്ങിനാ
നോൎത്തുകേട്ടാലുംധരിത്രീശരത്നമെ
സൽക്കഥാശേഷംകഥിയ്ക്കുന്നതുണ്ടുഞാ
നൽക്കടാനന്ദംഭവിയ്ക്കുമാറെങ്കിലെ ാ
മൎത്ത്യാ ദ്വവഷംപൂണ്ടുമായകൊ ണ്ടാത്തീയ

കൃത്യമെല്ലാമെനടത്തുന്നതമ്പുരാൻ
ഭക്തപ്രിയൻപത്മനാഭൻപരാപരൻ
പക്ഷിദ്ധ്വജൻപത്മജന്മാദിസേവിതൻ
സൽപ്രജാപാലകൻവാസുദേവൻദേവ
നൻപ്രജാതാനന്ദമോടുംയഥാവിധി
ഭക്തനാംവീരവർമ്മാവിൻപവിത്രമാം
പത്തനംതന്നിൽസ്വകാന്തയാംപത്മയെ
തത്തനംചെയ്യിച്ചുമൂന്നനാളങ്ങിനെ
വത്തനംചെയ്തുചതുത്ഥമാംവാസരെ
തക്കമില്ലിന്നുതനൊഗമിയ്ക്കേണമെ
ന്നക്കംബിംബോദയെകല്പിയ്ക്കയാലുടൻ
നിഷ്കളങ്കംനൃപശ്രേഷ്ഠരെല്ലാവരും
നിർഗ്ഗമാത്ഥംമുതന്നീടുംഭശാന്തരെ
ധർമ്മകല്യാണവാൻകല്യാത്മകൻവീര
വർമ്മകൻഭൂവരൻകൃഷ്ണപാദാംബുജെ
വന്ദനംചെയ്തിട്ടുപൊന്നുംപണങ്ങളും
സുന്ദരശ്രീദിവ്യപട്ടാംബരങ്ങളും
പുഷ്ടധാമംപൂണ്ടപുഷ്യനാഗംവജ്ര
മഷ്ടധാമിന്ദ്രനീലമുഖ്യമുക്താഫലം
ശിഷ്ടമാംഗോമേദകംചാരുഗാരുത്മതം
തൊട്ടനേകാനഘരത്നജാതങ്ങളും
എണ്ണമില്ലാതിവകൊണ്ടങ്ങുപോകുവാൻ
ദണ്ഡമുണ്ടാമെന്നുതോന്നീടുവോളവും
സത്വവാഹദ്വയീപൂവ്വകംസത്രാമ
പുത്രകാഗ്രത്തിൽസമപ്പിച്ചനന്തരം
ഒന്നുംഗണിച്ചാലെഴപത്തുമായിരം
മിന്നുനാകോപ്പണിഞ്ഞുള്ളവെള്ളാനകൾ
എണ്ണതിനായിരംശ്യാമൈകകണ്ണങ്ങ
ളമ്പിളിശ്രീഭംഗിപൂണ്ടുള്ളവാജികൾ

ഒമ്പതിനായിരംജംഭാരിനാരികൾ
കമ്പിടുംസുന്ദരീരത്നങ്ങളങ്ങിനെ
ധർമ്മജന്മാവാംനൃപോത്തമനായിട്ടു
നന്മയേറുംകാഴ്ചനൾകീനയാനപിതം
മുമ്പനായശ്വരക്ഷാർത്ഥംപുറപ്പെട്ടു
തമ്പടത്തേരിലേറീടിനാനപ്പൊഴെ
മുത്തുപൂണ്ടർജ്ജുനൻകൃഷ്ണാനുവാദേന
മുത്തുരത്നംമുതല്ക്കുള്ള വസ്തുക്കളെ
തമ്പുരത്തിങ്കലേക്കായയച്ചീട്ടു
വയ്മ്പരായ്നില്ക്കുനാവീരയോദ്ധാക്കളെ
വെക്കംപുറപ്പെട്ടുമുമ്പേനടക്കവാ
നൾക്കമ്പഹീനംനിയോഗിച്ചുസാദരം
ശക്രപുത്രൻചെയ്തശാസനംമാനിച്ചു
നിഷ്ക്രമംചെയ്തുസമസ്തയോദ്ധാക്കളും
ശംഖങ്ങളെല്ലാംവിളിച്ചുമഹാരവം
തങ്കുന്നവാദ്യങ്ങളൊക്കവെകൊട്ടിച്ചു
ധന്യങ്ങളായനാലംഗംതികഞ്ഞുള്ള
സൈന്യങ്ങളോട്ടംകളിച്ചുപുളച്ചവൻ
പൊങ്ങുന്നഘോരകോലാഹലംകൊണ്ടുദി
ക്കെങ്ങുംമുഴങ്ങീനടുങ്ങുന്നവണ്ണമെ
സത്വരംസ്വൈരസഞ്ചാരംതുടങ്ങുമാ
റശ്വരാശ്വങ്ങളെവിട്ടുയഥാവിധി
വമ്പൊടുപാലനംചെയ്യാനവററതൻ
പിമ്പെതുടൎന്നുനടന്നുതുടങ്ങിനാർ
എത്രയുംവീരനാംവീരവർമ്മാനൃപൻ
മിത്രതേജസ്വിമയൂരദ്ധ്വജൻമഹാൻ
നല്ലഹംസദ്ധ്വജൻതാമ്രദ്ധ്വജൻവീര
നല്ലലില്ലാതുള്ള നീലദ്ധ്വജൻബലീ
ദുർജ്ജയൻവീര്യവാനർജ്ജുനൻതന്മകൻ

[library stamp]

ദുർജ്ജനധ്വാന്താക്കനല്പഹീതാക്രമൻ
ണ്ണന്റെപുത്രൻകരുത്തൻധ്വഷധ്വജൻ
കണ്ണന്റെപുത്രൻവിദശ്വൻവൃഷധ്വജൻ
വിക്രമംതേടുംമഹാരഥന്മാരിവ
രിക്രമംകയ്യൂക്കൊണ്ടുസഞ്ചരിയ്ക്കുംവിധൌ
സൎവ്വനേതാവായകൃഷ്ണനുംപാൎത്ഥനും
സൎവ്വസൈന്യാധിപന്മാരോടുകൂടവെ
നന്ദിയോടേകമാംതേരിൽപുറപ്പെട്ടു
പിന്നിലൂടെനടന്നീടിനാർവിദ്രുതം
ഭക്തപ്രിയൊന്നപോത്തംസപാൎത്താലിനി
വക്തവ്യമാംകഥാഭാഗംസുധാസമം
തൽപ്രകാരംപുകഴ്ത്താവതല്ലെങ്കിലും
സൽപ്രസംഗംവിഘ്നഹീനമായീടുവാൻ
കുംഭീന്ദ്രവക്ത്രനാംതമ്പുരാൻതൽപദം
കുമ്പിട്ടുഞാനൊരുവണ്ണംകഥിയ്ക്കുവൻ
ത്തുഷ്ടിയോടുംഭവാനാശയംകണ്ടതി
സ്വസ്ഥനായിക്കേട്ടറിഞ്ഞാലുമാദരാൽ
സാരസ്വതാലയെനിന്നുകൈവിട്ടോരു
സാരസ്വഭാവമായുള്ളഹംസദ്വയം
ഭാന്തംശരച്ചന്ദ്രസാന്ദ്രപ്രഭാനനം
കാന്തംജവംകൊണ്ടുവാതോപമംസമം
കുണ്ടുകുന്നേററംകടുത്തുള്ളകാടിവ
കണ്ടുകൂടുമ്പൊഴക്കംകടന്നങ്ങിനെ
കുണ്ഠിതംകൈവെടിഞ്ഞൊപ്പംകുതിച്ചങ്ങു
മണ്ടിയൊട്ടാരാലകന്നുമറഞ്ഞത്തു
മുമ്പുറത്തായൊരുവാഹിനീകണ്ടതിൽ
കമ്പമുണ്ടാകാതിറങ്ങിയഥാബലം
തുള്ളലോടുംപഞ്ചയോജനദീർഘമാ
യുള്ളതുനീന്തിക്കടന്നുകേടെന്നിയെ

പുക്കതീരസ്ഥലംവിട്ടുപുറപ്പെട്ടു
തക്കമില്ലാതെനടക്കുംദശാന്തരെ
കുന്തളാഭിഖ്യമാംനാട്ടിലായപ്പൊഴി
ചന്തമേറുംസത്തുവാജിരത്നങ്ങളെ
ചന്ദ്രഹാസൻെറഭടന്മാർപിടിച്ചുനി
സ്തന്ദ്രമാകർഷിച്ചുകൊണ്ടിലരണ്ടുമെ
മന്നവൻവാഴുംപുരംസപ്രയംപ്രാപ്തമാ
യെന്നറിഞ്ഞാലുംസ്സമൈയലെതദന്തരെ
രക്ഷകർമ്മാവീരവർമ്മാമുതല്ക്കുള്ള
രക്ഷകന്മാരിൻപുകഴ്ന്നഹംസദ്ധ്വജൻ
ശക്തൻമയൂരദ്ധ്വജാത്മജൻചാതുര്യ
യുക്തൻപ്രവീരൻകിരീടിജൻകണ്ണജൻ
എന്നിപ്പറഞ്ഞവരെത്രയുംസത്വരം
മുന്നിൽകടന്നവരശ്വാനുഗാമികൾ
വന്നണഞ്ഞാനന്ദംകണ്ടുവെക്കംകട
ക്കുന്നതിന്നാവതില്ലെന്നാകയാലവർ
മുന്നമേപോന്നഹംസങ്ങളങ്ങോട്ടുപോ
യെന്നറിഞ്ഞീടാതുഴന്നുതീരസ്ഥലെ
ഖിന്നരായ്നില്പതിൻമദ്ധ്യേജഗല്പതി
കിന്നരാതിസ്തുതൻശ്രീദേവകീസുതൻ
കുന്തിതൻപുത്രനോടൊത്തണഞ്ഞുനി
ന്നൊന്തിതെന്നാനന്ദംപാർത്തരുളീടിനാൻ
തന്നദംഭീമംപ്രചണ്ഡചക്രാവർത്ത
വൃന്ദവേഗങ്ങൾകൊണ്ടത്യാകുലോദകം
പൊങ്ങിവല്ലാതെമറിഞ്ഞുപൊട്ടീടുന്ന
തുംഗിയേറുംതരംഗങ്ങൾകൊണ്ടാഴിയെ
നിന്ദയോടുംഹസിയ്ക്കുന്നതോകാൺമ്പോ
ളെന്നുതോന്നിയ്ക്കുന്നയാതൊന്നുസന്തതം
കണ്ടുവെങ്കിൽചിലമീനങ്ങളാനയെ

കൊണ്ടുപോകുന്നയാതൊന്നിൽ ഭുജിയ്ക്കുവാൻ
മററുമീനങ്ങളീച്ചൊന്നമീനങ്ങളെ
ക്കൊററുചെയ്യാൻമിഴുങ്ങുന്നപിടിച്ചഹോ
സിന്ധുപോലുള്ളീനദംകണ്ടുകൌന്തേയ
നെന്തുപായംകടപ്പാനെന്നചിന്തയാ
ചൊല്ലിനാൻവീരവൎമ്മാവിനോടത്രക
ണ്ടില്ലയോഘോരമായീടുംനദംഭവാൻ
എങ്ങിനെനമ്മൾകടന്നുപോകുന്നതു
മെങ്ങുമില്ലിട്ടിക്കിലോടങ്ങളൊന്നുമേ
ഒട്ടുമേപാൎക്കവാനാമല്ലഹന്തമു
ന്നിട്ടുപോയീഹയംരണ്ടുമേവിസ്മയം
ഒത്തപോതങ്ങളെക്കൊണ്ടുവന്നിക്കണ്ട
മത്തനാഗാദിമത്സ്യനാശതങ്ങളെ
വെക്കംകടത്തീടുകെന്നുകേട്ടപ്പൊഴെ
തൽക്കൎമ്മശക്തനാംവീരവൎമ്മാനൃപൻ
തഞ്ചിത്തചിന്തനത്തൊടുംനടന്നാശു
വഞ്ചിസ്ഥലംപുക്കവൈകാതവണ്ണമേ
സിന്ധുശായിയ്ക്കെഴുന്നൊള്ളുന്നതിന്നുള്ള
ബന്ധുരശ്രീഗുണംതേടുന്നോരടവും
മററുള്ളനാനാചമൂസമൂഹത്തിന്നു
മേററുന്നമാറുള്ളനേകപോതങ്ങളും
കൊണ്ടുവന്നാക്കണത്തീടിനാനപ്പൊഴെ
ക്കൊണ്ടൽവൎണ്ണൻകടാക്ഷിച്ചുകല്പിയ്ക്കയാൽ
വന്നവേഗേനപോതങ്ങളിൽകേറിയ
മന്നവന്മാരുംമഹാപടക്കൂട്ടവും
മുമ്പുഴറേറാടെമുഹൂൎത്തകാലംകൊണ്ടു
വമ്പുഴയ്ക്കക്കരെപുക്കോരനന്തരം
ദുസ്തരംസംസാരമായുള്ളസാഗരം
സത്വരംതന്നെകടത്തുന്നതമ്പുരാൻ

മ്ത്രമാമർജ്ജുനൻതന്നോടുമൊത്തൊരു
ചിത്രമാംനൌകാതലംപുക്കുസാദരം
മന്ദമന്ദംകടത്തപ്പെട്ടുപുണ്യമേ
റുന്നതത്താരകന്മാരാൽധരാപതെ
പുഷ്കരാക്ഷാനുചിതംപുണ്യവാനർജ്ജുന
നക്കരെവേഗാലിറങ്ങിനോക്കുംവിധൌ
വൃത്രാരിപുത്രഹാ സത്രാശരതാങ്ങ
ളുത്രാടവീട്ടുഷ്ടങ്ങളായീലിതത്ഭുതം
കുത്രപോയെന്നറിഞ്ഞീലാതിരിയ്ക്കുകെ
ന്നിത്രമാത്രംതദന്വേഷണംചെയ്തവർ
വന്നുകേൾപ്പിയ്ക്കയാലർജ്ജുനൻകേശവൻ
തന്നുടെവക്ത്രപങ്കേരുഹെകേവലം
കണ്ണുരണ്ടുംസമർപ്പിച്ചുചോദിച്ചുകാർ
വർണ്ണസർവ്വജ്ഞകാരുണ്യപൂർണ്ണാകൃതെ
എങ്ങുപോയശ്വങ്ങളെന്നറിഞ്ഞീലിവ
രെങ്ങുമേകണ്ടതില്ലെന്നുചൊല്ലുന്നതേ
ശൌര്യമേറുംനൃപന്മാരിലാരെങ്കിലും
ധൈര്യവുംകൈക്കൊണ്ടിവറ്ററപ്പിടിപ്പിച്ചു
ബന്ധിച്ചുകൊൾകയോഹന്തനേരെന്തെന്നു
ചിന്തിച്ചുനേരെതിരിച്ചുരുളേണമെ
കെല്പുതട്ടുംഹംസരത്നങ്ങളാകാശ
മുൽപ്ലുതന്മാരായ്മറഞ്ഞങ്ങുപോകയൊ
എന്നുണർത്തിച്ചുമേൽഭാഗത്തിലേയ്ക്കുതാൻ
തന്നുടെവക്ത്രംമലർത്തിനോക്കീടിനാൻ
എന്നപോലന്യരുംമോഹംനിമിത്തമാ
യെന്നുനോക്കീടിനാരപ്പോളഭ്രാന്തരെ
കണ്ടാർപുമാനാമൊരുത്തൻവരുന്നതു
രണ്ടാമതാമർക്കബിംബംകണക്കിനെ
പ്രൌഢതേജോമയൻച ദ്രതുല്യ്രാദയൻ

കൈടഭാരിപ്രിയൻകല്യവിദ്യാലയൻ
യുദ്ധസന്ദൎശനെബദ്ധകൌതൂഹലൻ
സത്തമന്മാരിലത്യുത്തമൻനിൎമ്മലൻ
വന്ദനീയാത്മകൻവൈണികൻനാരദ
നെന്നനാമംധരിയ്ക്കുന്നയോഗീശ്വരൻ
കൃഷ്ണാമൃതാനന്ദഗോവിന്ദരാമേതി
തൃഷ്ണാഹരംനിരുനാമദിവ്യാമൃതം
നന്മഘോഷംതന്ത്രികൊണ്ടുതാനെചൊരി
ഞ്ഞംബരവീഥിയിൽനിന്നിഴിഞ്ഞങ്ങിനെ
വന്നിറങ്ങീതിരുമുമ്പിലായന്നേര
മിന്ദിരാവല്ലഭൻമാമുനിശ്രേഷ്ഠനെ
വന്ദനംചെയ്തുയഥാവിധിപാൎത്ഥനും
മന്നവന്മാരുമാനമസ്കരിച്ചീടിനാർ
വിഷ്ടവേശൻമഹാതുഷ്ടിയോടുംരത്ന
വിഷ്ടരാഗ്രെവസിപ്പിച്ചുയോഗീന്ദ്രനെ
സമ്പൂജനംചെയ്തുശേഷംകിരീടിയോ
ടമ്പോടുതാനരുൾചെയ്തുയാലൎജ്ജുനൻ
കൃത്യജ്ഞനാദരംകയ്ക്കൊണ്ടുണൎത്തിനാ
നാദ്യജ്ജനാനുഗ്രഹാഗ്രഹാലന്വഹം
പദ്മചന്ദ്രാഭനായവ്യാജമിങ്ങിനെ
സൎവ്വവിശ്വത്തിലുംസഞ്ചരിയ്ക്കുംമുനെ
വ്യൎത്ഥമാകില്ലഭവദ്ദൎശനംഭവാ
നൎത്ഥകാലെതാനെഴുന്നള്ളിവന്നതും
എത്രയുംരക്ഷിച്ചുകൊണ്ടുപോന്നീടുന്ന
സത്രവാജിദ്വയംസത്തമോത്തംസമെ
കുത്രപോയെന്നറിഞ്ഞീലഹോഞങ്ങളി
ന്നിത്രനാളുംമറഞ്ഞീലിതുംവണ്ണമെ
മുന്നിട്ടുധാവനംചെയ്തിട്ടുഞങ്ങളെ
ച്ചിന്നിട്ടുകൂട്ടംപിരിഞ്ഞോരനന്തരം

ഒന്നിച്ചുചെല്ലുവാനൊട്ടെങ്കിലുംതരം
വന്നില്ലൊരാൾക്കുമീവാഹിനീലക്ഷനെ
വന്നുപോയല്പംവിളംബമെല്ലാവൎക്കു
മെന്നുബോധിയ്ക്കേണമെന്തിതെൻദുൎഘടം
എങ്കിലീയശ്വങ്ങളേതുദേശത്തിലാ
രെങ്കിലുംബന്ധിച്ചതിൽപ്പെട്ടിരിയ്ക്കയൊ
കണ്ടിടംപിന്നിട്ടുകൌതുകാലിപ്പോഴും
മണ്ടിമാഴ്കാതെന്നടക്കയൊമാമുനെ
സത്വരംചിന്തിച്ചറിഞ്ഞുസന്തോഷേണ
തത്വമെന്തെന്നാജ്ഞചെയ്തുതരേണമെ
എന്നിവണ്ണംകേട്ടുമന്ദസ്മിതംപൂണ്ടു
നന്ദിതാത്മായവിജ്ഞാനിമാമുനി
ഉത്തമനാമൎത്ത്യവേഷംപൂണ്ടുവാഴുന്ന
പത്മനാഭൻ്റെമുഖാംഭോരുഹംപാൎത്തു
കൌന്തേയനോടുചൊല്ലീടിനാനൎജ്ജുന
ചിന്താവിഷാദംവെടിഞ്ഞാലുമാദരാൽ
സ്വസ്ഥാന്തരാത്മനായാകൎണ്ണനംചെയ്ക
വൃത്താന്തമെല്ലാംതിരിച്ചുഞാനോതുവൻ
സ്വച്ഛന്ദധാവനംചെയ്തുകൊണ്ടെത്രയും
പ്രച്ഛന്നമായ്നിന്നയുഷ്മദ്ധയദ്വയം
ശങ്കകൂടാതീനദംകടന്നാസ്ഥല
ത്തിങ്കലായോടിക്കളിച്ചുചെന്നാങ്ങിനെ
കുന്തളശ്രീപുരംതന്നിലായീദേവാ
നന്തരംകൈവിട്ടുകേട്ടാലുമാദരാൽ
തൽപുരാധീശനായ്രാജ്യംഭരിപ്പവ
നത്ഭുതാവസ്ഥനാംചന്ദ്രഹാസന്നൃപൻ
വൈകുണ്ഠപാദഭക്തന്മാരിലുത്തമൻ
വൈകല്യഹീനപ്രതാപവീൎയ്യോജ്വലൻ
സത്യംധരിച്ചിരിയ്ക്കുന്നവൻഭാഗധാ

നത്യന്തവിദ്യാവിവേകാദിയോഗ്യവാൻ
മന്നവന്മാക്കഗ്രസ്ഥനാകുംമന്ന
വെന്നവൻനല്ലമാന്ധാതാതഥാശിബി
സത്യാധികസ്ലാഘ്യനീയൻഹരിശ്ചന്ദ്ര
നിത്യാദിപൂർവ്വരാജോത്തമന്മാരലും
വത്തുന്തുറംശംമഹത്വമേറുന്നവൻ
നിസ്തുലൊദായ്യാദികീത്തിശാലീബലീ
സല്പുണ്യകേരളക്ഷോണീന്ദ്രപുത്രനാ
യുല്പന്നമാത്രൻകളിന്ദസംവദ്ധിതൻ
കന്തളാധീശനായ് വത്തിച്ചമന്നവൻ
ചിന്തനീയൻതനിയ്ക്കുള്ളരാജത്വവും
തമ്പുരോദാരരാജ്യാദിസവ്വസ്വവും
പെൺപുരോഗണ്യയാംകന്യയോടുംമുദാ
തന്തപോയാത്രയിൽതാനെകൊടുക്കയാൽ
ചന്തമോടൊക്കവെകയ്യ്ക്കൊണ്ടഭാഗ്യവാൻ
തന്മന്ത്രിയാംധൃഷ്ടബുദ്ധിതമ്പുത്രിയെ
ശർമ്മംതികഞ്ഞിടുംമാറുതാറാദിയിൽ
ക്ഷിപ്രമായെട്ടവൻചൊല്ക്കൊണ്ടലക്ഷ്മീശ
സുപ്രസാദാലേവമൈശ്വര്യമാണ്ടവൻ
സപ്പേശഭോഗമായിട്ടുള്ളചിത്രമാം
തല്പേശയിയ്ക്കുന്നതമ്പുരാനെന്നിയെ
സവ്വമാംതൽഗ്ഗുണംകാണ്മവാനാരുവാ
നവ്വശിയ്ക്കിന്ദ്രനാമിച്ചന്ദ്രഹാസനെ
നിങ്ങളുണ്ടൊജയിയ്ക്കുന്നതോററീടുമെ
സംഗരംചെയ്യാലതിന്നില്ലസംശയം
ഭോഗിദ്ധ്വജാരെപുകഴ്ന്നവീയ്യോദ്ധതൻ
കേകിദ്ധ്വജൻതാമ്രകേതുഹംസദ്ധ്വജൻ
വീരവർമ്മാബ്ഭ്രുവാഹനൻതൊട്ടുള്ള
വീരരത്നങ്ങളോടേറെററുത്തങ്ങിനെ

മുന്നമേററം ചെയ്തപോരുമ്പോലാവുകി
ല്ലിനിവൻതന്നോടെതിരായോരാളും
ഇത്തരംശ്രീനാരദോക്തംകേട്ട് കൊണ്ടു
ഭക്തവാനർജ്ജുനൻവിസ്മയിച്ചാദരാൽ
സത്വരംപ്രാർത്ഥിച്ചുണർത്തിനാനേവനീ
ശക്തനാംവൈഷ്ണവൻചന്ദ്രഹാസാഭിധൻ
എങ്ങിനെയുള്ളവൻതച്ചരിത്രംഭവാ
നിങ്ങിനെസംക്ഷിപ്തമാക്കിയാലൊക്കമൊ
വിസ്തരിച്ചോട്ടംകുറയ്ക്കാതശേഷവും
ശ്രദ്ധയുള്ളെന്നെഗ്രഹിപ്പിക്കവേണമെ
നന്ദിയോടന്നേരമോതിനാ നാരദൻ
നന്നിതേററംഭവൽപ്രാർത്ഥിതംപാണ്ഡവ
നിഷ്ഫലംപക്ഷേഭവാനിപ്പോഴാശയം
നിർഭയംനില്ക്കുകില്ലത്രെവനിശ്ചയം
അദ്ധ്വരദേശഭ്രഷ്ടമസ്പൃഷ്ടമിന്നൊര
മദ്ധ്വരത്തിന്നായ്നടത്തുംഹയദ്വയം
ഹസ്തിനാഗാരെവിചിന്താപരംപരാ
ഗ്രസ്തനായിട്ടിരിയ്ക്കുന്നുയുധിഷ്ഠിരൻ
മന്ദസ്ഥിതംചെയ്തുണർത്തിനാൻപാർത്ഥനു
മൊന്നാങ്ങറിഞ്ഞാലുമില്ലമെസംഭ്രമം
മുന്നംകുരുക്ഷേത്രയുദ്ധേപരസ്പരം
സന്നദ്ധമായുന്നസൈന്യംഭയങ്കരം
നിന്നതിന്മദ്ധ്യത്തിലക്കൃഷ്ണമൂർത്തിമെ
തന്നതൽഗീതോപദേശംമഹത്തരം
സ്വസ്ഥഹൃത്തായിട്ടശേഷംഗ്രഹിച്ചുഞാ
ൻതത്വലുണ്ടായ്ലിനിയ്ക്കുന്നതെല്ലമെ
സല്ക്കഥാകർണ്ണനംചെയ്യുവാനില്ലിന്നു
തക്കമെന്നങ്ങുപേക്ഷിയ്ക്കുന്നതാരഹോ
അപ്പുമാന്മാർകാലവഞ്ചിതന്മാരൊക്കി

ഖല്പമെല്ലൊനരന്മാൎക്കുള്ള ജീവിതം
തന്നിമിത്തം ചന്ദ്രഹാസവൃത്താന്തം ഭവാ
നിന്നിനിയ്ക്കായിട്ടുവൎണ്ണിയ്ക്കവേണമെ
സ്വഛന്ദമുൾക്കൊണ്ടുകേൾക്കവൻനീക്കമി
ല്ലശ്വങ്ങൾപോയെങ്കിലങ്ങുപോട്ടെമുനെ
എത്രമെവിഘ്നംമഹത്വമെന്നായാലു
മസ്തുമെചാഞ്ചല്യമുണ്ടായ്വരാദ്ദൃഢം
ത്തുഛമാമായുസ്സുപോകുന്നതിന്നമു
മ്പഛമാംശ്രേയസ്സുനേടുവാനാശയെ
ഒട്ടുതാല്പൎയ്യമേന്തീടുംമനുഷ്യർമു
ന്നിട്ടുചെയ്യേണ്ടുന്നകാൎയ്യംമഹത്തരം
വിഷ്ണുഭക്തശ്രീകഥാമൃതാകൎണ്ണനം
കൃഷ്ണരാമാദിതന്നാമാനുവൎണ്ണനം
തൽഫലംത്വരശ്വമേധപുണ്യോപമം
മല്പരിജ്ഞാനമീവണ്ണംതപോനിധെ
ഉൾഭക്തിയുക്തമാമൎജ്ജുനനോക്താശ്രുവി
ച്ചല്പന്നരോമാഞ്ചമൂൎത്തിയായ് നാരദൻ
ഉൾപ്പൂവഴിഞ്ഞുകൊണ്ടോതീടിനാൻഭവാ
നൽഭുതമീവൎണ്ണമുദ്യോഗമെങ്കിലൊ
തൽക്കഥാസാരംകഥിയ്ക്കുവൻകൌതുകാൽ
ദുഷ്ക്കൃതാപൽഘ്നംചെവിക്കൊൾകഫൽഗുന
മുന്നമേകൻകേരളാധീശനായുള്ള
മന്നവൻധാൎമ്മികൻഭുതിമാൻനീതിമാൻ
തന്നാടശേഷവുംവെണ്മപോലെചിരം
നന്നായഹൎന്നിശംപാലിച്ചിരുന്നവൻ
സന്താനമൊന്നുംപിറക്കായ്കയാലുള്ള
സന്താപമുൾക്കൊണ്ടുവേണ്ടുന്നവൎണ്ണമെ
വിഷ്ണുസംപൂജനംവിപ്രാദിഭോജനം
വൈഷ്ണവാരാധനംബാലകപ്രീണനം

കല്മഷഘ്നങ്ങളാംദാനങ്ങൾതൊട്ടുള്ള
ധർമ്മകർമ്മങ്ങളെചെയ്തിരിയ്ക്കുന്നനാൾ
തല്പുണ്യഗൌരവാലേകനാംബാലക
നുല്പന്നനായമഹാമൂല്യക്ഷവാസരെ
പ്രീതിയോടുംതദാതാതനാംപാർത്ഥിവൻ
ജ്യോതിഷക്കാരാംമഹീസുരശ്രേഷ്ഠരെ
സന്നിധാനെവരുത്തിച്ചുസമ്പൂജിച്ചു
തന്നിദാനംഗ്രഹിപ്പിച്ചോരനന്തരം
വീതകമ്പംനിങ്ങൾപോതകൻതന്നുടെ
ജാതകത്തിൻഫലംചിന്തിച്ചുസാമ്പ്രതം
കണ്ടു ചണ്ണുംചൊൽവിനെല്ലാമിതിയ്ക്കിവൻ
കൊണ്ടൽവർണ്ണൻതന്നാപുത്രനെന്നിങ്ങിനെ
മന്നവൻതന്നാലപേക്ഷിതന്മാരായി
വന്നാവയസ്സുള്ളൊരുദൈവജ്ഞരാമവർ
ജന്മകാലംകൊണ്ടുചിന്തിച്ചുകണ്ടുറ
ച്ചുന്മനസ്സോടുമൃഷീശനോടോതിനാർ
എത്രയുംചിത്രംധരിത്രീപതെഭവൽ
പുത്രകൻതൻഭദ്രയോഗമീഭാഗ്യവാൻ
ചിൽപൂരുഷൻവിഷ്ണുവെന്നുള്ള ദേവങ്ക
ലുറപ്പുവണഞ്ഞുണന്നേററംരമിപ്പവൻ
തല്പാദഭക്തിയോടൊന്നിച്ചഹർന്നിശം
സൽഭാവമോടുംവളർന്നുപോരുന്നവൻ
നിഷ്ഫലംസംസാരമെന്നബോധംപൂണ്ടു
നിർഭരാനന്ദേലയിയ്ക്കുന്നചിത്തവും
ധർമ്മശീലത്വവുംനാനാഗുണംകൊണ്ടു
നിർമ്മലത്വംപൂണ്ടുകാണുംസ്വപത്വവും
നിഷ്കളങ്കംവിളങ്ങീടുംപ്രതാപാദി
പുഷ്കലാവസ്ഥയുംസമ്പൽപ്രഭുത്വവും
സൽകളത്രാപത്യഭൃത്യമിത്രാമാത്യ

വർഗ്ഗസംസർഗ്ഗാദിസൌഖ്യമുഖ്യത്വവും
ശക്രനിൽക്കാളും തെളിഞ്ഞുശോഭിയ്ക്കുന്ന
ചക്രവർത്തിത്വവും രാജ്യങ്ങളാകവെ
ചൊൽകീഴടക്കുന്നശക്തിസാമർത്ഥ്യവും
സൽകീർത്തിഭാഗ്യസൌഭാഗ്യപ്രപൂർത്തിയും
കയ്യ്ക്കൊണ്ടുസർവ്വമർത്ത്യോൽകൃഷ്ടനായമ
ർത്ത്യക്കുംജയിപ്പതിന്നാകാതവണ്ണമെ
വർത്തനംചെയ്യുംചിരംപൃഥ്വിതന്നിലെ
ന്നിത്തരംലക്ഷണംകാണുന്നതെങ്കിലും
മൂലമാംനാളിൽജനിയ്ക്കയാലിന്നിവൻ
മൂലമായെല്ലാവളന്നുദോഷത്തിനും
കാലമേററംകഴിഞ്ഞേടണമെന്നില്ല
മാലണഞ്ഞീടുന്നതിന്നാതുല്യപതെ
ശത്രുക്കൾവന്നിങ്ങതിക്രമിച്ചുണ്ടാക
മർത്ത്യൽക്കടായോധനാന്തരെകേവലം
മൃത്യുവന്നീടുംഭവാനപെററമ്മയ്ക്കു
മെത്തുമെല്ലാമൃത്യുചെററുസൈന്യത്തിനും
മന്ത്രികൾക്കുംഹാനിവന്നീടുമന്നേര
മെന്തിനിക്കർത്തവ്യമെന്നുശേഷിച്ചവർ
നിർവ്വഹിച്ചീടുവാനാവതല്ലായ്കയാൽ
സർവ്വവുംകൈവിട്ടുമണ്ടിപ്പതങ്ങമെ
നിഷ്പ്രയാസംവന്നുചേരുംജയംകൊണ്ടു
ദുഷ്പ്രഭാവംപൂണ്ടശത്രുക്കളക്ഷണെ
വിഷ്പുരത്താകുംവിഭ്രുതിപൂരത്തൊടു
മിപ്പുരത്തേയുംചമൂസമൂഹത്തെയും
ബന്ധമേററംപ്രജാവർഗ്ഗത്തിനേൽക്കുന്ന
വണ്ണമെരാജ്യാദികാധികാരത്തെയും
കയ്ക്കലാക്കീടുമെതർക്കമില്ലെങ്കിലീ
ദുഃഖലേശംപോലുമെത്താതിരിയ്ക്കുവാൻ

ചൊൽക്കലെന്നീടുംസ്വപൌരുഷംകാണിച്ചു
ദുഷ്ടലധ്വംസിയായീടുംഭവാനടൻ
വന്നതാമെന്നുരച്ചൊന്നുചെയ്തീടണ
മിന്നതാണായതെന്നോതിത്തരേണമോ
തൻപ്രാണനാശത്തിന്നുഹേതുവാംകുട്ടിയെ
സംഭ്രമംകൈവിട്ടുസംഹരിച്ചീടണം
സ്വസ്ഥനായ്പിന്നെസ്സുഖിച്ചിരുന്നീടുമെ
ന്നിത്ഥമുക്തംകേട്ടുപൃത്ഥ്വീശ്വരോത്തമൻ
ചിത്തകമ്പംവിനാമന്ദസ്മിതംപൊഴി
ച്ചിത്തരംദൈവജ്ഞരോടുചൊല്ലീടിനാൻ
മല്പുത്രജാതകത്തിൻഫലംകേവലം
കെല്പുള്ള സന്തോഷപോഷകംവിപ്രരെ
തത്രകിഞ്ചിൽകണ്ടദോഷംതടുക്കുവാ
നത്രമാത്രംനിങ്ങൾകല്പിച്ചകൌശലം
ദുഷ്കൃതോദ്ദീപനംദുർഘടംവല്ലാത്ത
ദുഃഖദംദുസ്സഹംസന്ദേഹമില്ലമേ
മൽക്കഷ്ടയോഗംഭയപ്പെട്ടുകൊണ്ടുഞാ
നിക്കുട്ടിയെക്കൊല്ലുകില്ലെന്നുനിർണ്ണയം
സന്തതിസ്തംഭംനിമിത്തംചിരംഞങ്ങ
ളന്തരംഗംവെന്തിരുന്നുകാലാന്തരെ
തർക്കംമനസ്സിലുണ്ടാകാതനുഷ്ഠിച്ച
സൽക്കർമ്മപുഷ്ടികൊണ്ടീശ്വരാനുഗ്രഹാൽ
ഗർഭഗത്വംകലർന്നിത്ഥംപിറന്നുള്ളോ
രർഭകൻതാനിവൻഹന്തവ്യനല്ലമെ
പിണ്ഡകർത്താസൽഗ്ഗതിപ്രദൻതെല്ലുമേ
ദണ്ഡമെത്താതെദിവാനിശംഞങ്ങളാൽ
സ്സ്നിഗ്ദ്ധനായ്ചെയ്യപ്പെട്ടുംലാളനാദികൊ
ണ്ടുല്ലതാനന്ദംകലർന്നുകൊണ്ടങ്ങിനെ
മന്ദസ്മിതാലോകലീലാവിലാസേന

മന്ദംവളൎന്നുകാണുന്നവൎക്കാകവെ
ചിത്തംകൾക്കമാനന്ദപൂരോദയം
നിത്യംവളൎക്കുവാനുള്ളവൻകേവലം
എങ്കിലീക്കുട്ടിയെക്കൊന്നുജീവിയ്ക്കുവാ
നെങ്കലില്ലാമോഹമേവമുണ്ടാകുമോ
ദൈവസങ്കല്പംപിഴപ്പിച്ചുമറെറാന്നു
കൈവരുത്തുന്നതിന്നോൎക്കുന്നവൻജളൻ
ചത്തുപോകുംഞങ്ങളവ്വണ്ണമിന്നെങ്കി
ലസ്തുമാഴ്കുന്നില്ലതിങ്കലെൻമാനസം
ധൎമ്മകൎമ്മാദിപ്രശസ്തനായവ്വണ്ണ
മെന്മകൻജ്ജീവിച്ചിരിയ്ക്കുകിൽപോരുമെ
എന്നിത്തരംധീരവാക്യങ്ങൾകൊണ്ടുതാ
നന്നിദ്രമോദംകലൎന്നുള്ളവിപ്രരെ
സല്ക്കാരവുംചെയ്തയച്ചുസന്തുഷ്ടനാ
യക്കളിയേറുന്നകേരളാധീശ്വരൻ
കണ്ണിണയ്ക്കാനന്ദപൂരംവളൎക്കുന്നൊ
രുണ്ണിയെക്കൂട്ടുന്നകൂറോട്ടുകൂടവെ
സന്തതംമേളിച്ചുലാളിച്ചുപാലിച്ചു
ചിന്തിതംസാധിച്ചിരിക്കുംദശാന്തരെ
ഒട്ടുനാളേവംകഴിഞ്ഞതശേഷമെഹാ
നിഷ്ഠുരന്മാരാംരിപുക്കൾവന്നായവർ
മൎത്ത്യകായംശക്തിയേറുംകപാലികൾ
മൃത്യുകാലത്തിങ്കലെന്നപോലങ്ങിനെ
തല്പരംപെട്ടന്നുചുററിനാർസംഗ്രാമ
തല്പരന്മാരായുപദ്രവംകൂട്ടിനാർ
എന്നനേരംനൃപൻചെന്നുവേണ്ടുംവിധം
നിന്നനേകംരണംചെയ്തതോററങ്ങിനെ
സ്വൎഗ്ഗമുൾപ്പൂക്കാൻകളേബരംകൈവിട്ടു
കഷ്ടംകാലയോഗംതടുക്കാവതൊ

തന്വിയാം തൽപത്നി താനും തദാ ചിതാ
വഹ്നിയാലാത്മദേഹം ദഹിപ്പിച്ചുടൻ
തന്നുടെ ഭർത്താവുതന്നോടുമൊന്നിച്ചു
ധന്യലോകം ഗമിച്ചീടിനാരപ്പൊഴെ
മന്ത്രിസേനാധിപന്മാരും പരസ്പരം
മന്ത്രിച്ചു സന്താപചിന്താഭരോദയാൽ
എന്തിനിച്ചത്തിട്ടു സാദ്ധ്യമെന്നോർത്തിട്ടു
പിന്തിരിഞ്ഞങ്ങോട്ടുമിങ്ങോട്ടുമോടിനാർ
ഗർവ്വസ്വഭാവം കലർന്നുള്ള വൈരികൾ
സർവ്വസ്വവും ജയം കൊണ്ടങ്ങടക്കിനാർ
തത്സംഭ്രമത്തിങ്കലാർത്തയെന്നാകിലും
നിസ്സംശയം ബാലധാത്രിയായുള്ളവൾ
തല്പകം തന്നിൽനിന്നൻപോടു നാഥനാ
മർഭകൻതന്നെയെടുത്തുസ്വത്തുക്കൈവെ
ഹസ്തത്തിലും ഗോധമച്യുതസ്വാമിയെ
ചിത്തത്തിലും നിനച്ചങ്ങുനിന്നങ്ങിനെ
ശത്രുദേഹങ്ങൾ കാണാതെ പുറപ്പെട്ടു
വിദ്രുതം താനേ നടന്നു വിയത്തവൾ
കുന്തളശ്രീപുരം തന്നിലാക്കീടിനാ
ളന്തരം കൈവെടിഞ്ഞന്തിനേരത്തഹൊ
യാതൊന്നിലേററം കളിയ്ക്കുന്നലക്ഷ്മിതൻ
നാഥത്വവും ഭരിച്ചുള്ള ഭോക്തൃത്വവും
സർവ്വനേത്രാനന്ദകർത്തായുദിയ്ക്കുന്ന
യൌവ്വനെ മേലിലീയോഗ്യനാം ബാലനിൽ
സംഭവിഷ്യത്തായിരിയ്ക്കുന്നിതാര്യമെ
ഡിംഭനെ ലക്ഷ്മീശനദ്രിക്കിലാക്കിനാൻ
സങ്കടം ബാലനെന്തീശന, കല്പിതം
സംഘടിയ്ക്കും വിധം ചിന്തിയ്ക്കിലത്ഭുതം
സ്നിഗ്ദ്ധയായുള്ളവൾ വിശ്രമിപ്പാനൊരു

സിദ്ധവിപ്രാലയംതന്നിലായീടിനാൾ
വന്ദനാചാരേണസാദരംതാനങ്ങു
ചെന്നകാൎയ്യംഗ്രഹിപ്പിച്ചുകേട്ടപ്പൊഴെ
ധൎമ്മിഷ്ഠയാംവിപ്രഗേഹിനീതുഷ്ടയായ്
സമ്മതിച്ചൎഭകൻതന്നെക്കിടത്തുവാൻ
മെത്തയുംമററുവേണ്ടുന്നവസ്തുക്കളു
മെത്രയുംവേഗാൽകൊടുത്തിട്ടുധാത്രിയെ
ചിത്തമോദത്തോടിരിയ്ക്കുവാനൎഹമാം
സുസ്ഥലംതന്നിലാക്കീടിനാളഞ്ജന
ശ്രദ്ധയോടുംതദാധാത്രിയായുള്ളവൾ
ശുദ്ധതോയെകുളിപ്പിച്ചുകുമാരനെ
ബദ്ധമോദംഭദ്രദീപോജ്ജ്വലസ്ഥലെ
സത്തമകക്ഷ്യാദേവപത്നിതന്നന്തികെ
മെത്തതന്മീതെകിടത്തിയഥാവിധി
സത്വരംചെന്നുകുളിച്ചുവന്നിട്ടവൾ
പുത്തനാംക്ഷീരാദിസാധനംബ്രാഹ്മണീ
ദത്തമായിട്ടുള്ളഭക്ഷ്യംയഥാഹിതം
തൃപ്തിയാവോളംകൊടുത്തോരനന്തരം
സുപ്തിയായല്പംമയങ്ങുംകിശോരനെ
തല്പേശയിപ്പിച്ചുതാനുംഭുജിച്ചുവ
ന്നല്പേതരാനന്ദമുൾക്കൊണ്ടുകൂടവെ
തള്ളപോലല്പംശയിച്ചുകൊണ്ടീടിനാ
ളുള്ളമൊട്ടുംമറന്നീലൊരുറക്കത്തിലും
ആക്രോദയംകൊണ്ടുഴറേറാട്ടമേററവ
ളുക്കോമളാംഗനായുള്ളതൻകുട്ടിയെ
ശുശ്രൂഷണംചെയ്തുസുസ്നേഹസാഹസം
മിശ്രാനയംപൂണ്ടുലാളിച്ചനന്തരം
മെത്തമേൽതന്നെകിടത്തിക്കളിച്ചുവ
ന്നാതലെത്താതെകളിപ്പിച്ചുബാലനെ

സ്വസ്ഥയായ് സാധൂപഭോഗ്യങ്ങളായുള്ള
പുത്തനാം ഗോധൂമമുഖ്യധാന്യങ്ങളെ
കുത്തിയും നന്നായരച്ചങ്ങൊരുക്കിയും
ശുദ്ധിയേറും നറുമ്പാലിൽ കുറുക്കിയും
ഭക്തിയോടെ സിതായുക്തയാക്കീടുന്ന
ഭുക്തിയെ നൽകിയും പോററിത്തുടങ്ങിനാൾ
പഥ്യമായ് ക്രൂട്ടം ജനങ്ങളോടെങ്കിലും
സത്യവൃത്താന്തം പറഞ്ഞീലൊരിക്കലും
പുത്രകൻ തന്നെ കുളിപ്പിച്ചുമാലേയ
ചിത്രകം ഫാലെ യഥോചിതം ചേർക്കയും
കഞ്ജപത്രം തൊഴും കണ്ണുരണ്ടും മിന്നു
മഞ്ജനം ചാലിച്ചണിഞ്ഞും ദിനേ ദിനേ
ഭക്ഷണം പാനവും കാലെ കൊടുത്തിട്ടു
ശിക്ഷയോടങ്കത്തിലേററി ലാളിക്കയും
മന്ദം കളിപ്പിച്ചു നന്നായുറക്കിയും
മുന്നം വിരിച്ചുള്ള തല്പേ കിടത്തിയും
വത്സലത്വം കൊണ്ടകന്നിടാതങ്ങിനെ
വത്സനുള്ളന്തികെ തന്നെ വസിക്കയും
ബുദ്ധനായ് മെത്ത തൻ മീതെ കിടന്നിട്ടു
ബദ്ധമോദം കളിച്ചീടും കിടാവിനെ
ഹസ്തയുഗ്മം കൊണ്ടെടുത്തു മാറത്തണ
ച്ചൊത്തവണ്ണം പുണർന്നങ്കത്തിലാക്കിയും
ശ്രദ്ധയോടെ ശിരശ്ചുംബനം ചെയ്കയും
സ്നിഗ്ദ്ധവാക്യാമൃതം തൂകി ലാളിക്കയും
മുഗ്ദ്ധമായീടും മുഖാംബുജോല്ലാസവും
പുത്തനായ്പ്പൊങ്ങുന്ന പൂമന്ദഹാസവും
ചിത്രമാം ലീലാകടാക്ഷാവലോകവും
ചിത്തം കുളുർക്കവെ കണ്ടു മോദിക്കയും
ശർക്കരായുക്തമാം ദുഗ്ദ്ധം മലർപ്പൊടി

മൃദ്വ്യരംഭാഫലംമുന്തിരിങ്ങാപ്പഴം
കൽക്കണ്ടമിത്യാദിമദ്ധ്യമനക്കാമ്പി
ലുൽക്കണ്ഠയാമറക്കാതെകൊടുക്കയും
കജ്ജളംപോകുന്നവണ്ണംതെളിഞ്ഞുള്ള
സജ്ജലംകൊണ്ടുകഴുത്തോളമങ്ങിനെ
മജ്ജനംചെയ്യിച്ചുസന്ധ്യാഗമത്തിങ്ക
ലുജ്ജ്വലിച്ചീടുന്നരത്നദീപാന്തികെ
ശർമ്മലോപംവരുത്താതെടുത്തയ്മ്പോടു
നിർമ്മലോത്സംഗെവസിപ്പിച്ചുമാനസെ
ചിന്മയാത്മാവായ് വിളങ്ങുംമുകുന്ദനെ
നന്മയാകുംവണ്ണമോർത്തിക്കിടാവിനു
വന്നദുർയ്യോഗംനശിച്ചു ദീർഘായുസ്സു
മുന്നമൈശ്വര്യാദിപുഷ്ടിയുംതുഷ്ടിയും
വെക്കമുണ്ടാകുന്നതിന്നുകാരുണ്യേന
തൃക്കടക്കണ്ണുകൊണ്ടൊന്നുനോക്കേണമെ
ദൈവമെനാരായണേതിസംപ്രാർത്ഥിച്ചു
കൈവണങ്ങിക്കൊണ്ടനങ്ങാതിരിയ്ക്കയും
ഭക്തിയോടെതിരുനാമംജപിയ്ക്കയും
മുക്തിയോടൊക്കുമാനന്ദെലയിയ്ക്കയും
സ്വർഗ്ഗംഗമിച്ചതന്നാഥനെദ്ധ്യാനിച്ചു
ദുഃഖംവഹിയ്ക്കയുംചിത്തംദഹിയ്ക്കയും
പ്രത്യഹംചെയ്തുവളേവംവളർത്തിയ
കൃത്യവൈശിഷ്ട്യംപറഞ്ഞാലൊടുങ്ങുമൊ
ക്ഷത്രിയസ്ത്രീകുലംതന്നിൽപിറന്നവ
നെത്രയുംഭാഗ്യവാനിക്കണ്ടബാലകൻ
കർമ്മയോഗാലച്ഛനമ്മമാർതമ്മോടു
ജന്മമാത്രെപിരിഞ്ഞീടിനാനെങ്കിലും
ഠന്തപൈദാഹങ്ങളാത്മവിൺമൂത്രങ്ങ
ളന്തരാകാറുമവൈലിനിവൃമൂലവും

മക്കണത്തോടുരുമിച്ചമുമ്പായുള്ള
ദുർഗ്ഗുണംക്രൂരനാകീടങ്ങൾമൂലവും
വന്നുകൂടാവുന്നബാലദുഃഖങ്ങളി
ലൊന്നുമേൽക്കാതെവളൎന്നുതുടങ്ങിനാൻ
തിട്ടംവയസ്സമ്മനായപിമ്പീവണ്ണ
മിഷ്ടംപെരുത്തുള്ളദിവ്യനാംബാലനെ
വിട്ടങ്ങുകാലന്തർപുക്കീടിനാളഹൊ
കഷ്ടംവളൎക്കുന്നധാത്രിമഹാസതീ
ശിഷ്ടനായ്ബാലകൻമാത്രമല്ലിക്കില
ക്ലിഷ്ടനായന്നേവരയ്ക്കുംവളൎന്നവൻ
തൽപ്രകാരംകണ്ടുകാരുണ്യമുൾക്കൊണ്ടു
വിപ്രദാരങ്ങൾകൈക്കൊണ്ടുംകുമാരനെ
വന്നാനനാഥനായിട്ടിവൻവർജ്ജ്യന
ല്ലെന്നാലിനിപ്പാലനീയനെന്നിങ്ങിനെ
പാത്തുതൻപുത്രരിൽകാളുംപ്രിയംപൂണ്ടു
കാത്തുനാൾതോറുംവളൎത്തിത്തുടങ്ങിനാൾ
മുല്ലമൊട്ടൊക്കുന്നമുഖ്യമാകുംചോറു
മുല്ലസിച്ചുള്ളരുച്യോപദംശാദിയും
മെച്ചമേറുംസിതാപാൽപായസാദിയു
മിശ്ശരപോലെചമച്ചാജ്ജ്യാഗുളംമധു
സാശ്ഛമമാകുംദധിതക്രമിത്യാദിയു
മുച്ചമോദത്തോടൊരുക്കിവച്ചങ്ങിനെ
തങ്കുട്ടികൾക്കുമിക്കുട്ടിയ്ക്കുമാശയെ
തങ്കുന്നക്രൂരോടുമൊപ്പംകൊടുത്തവ
രണ്ടുനേരംതൃപ്തിയോളംഭുജിപ്പിച്ചു
കൊണ്ടുകൊണ്ടാടുന്നതെന്തുചൊല്ലാവതൊ
പപ്പടംപക്ഷംഗുളോപദംശംവട
യപ്പമപ്പോലടപഞ്ചസാരപ്പൊടി
സല്പശുക്ഷീരമിത്യാദിവസ്തുക്കളെ

മല്പമെന്നാക്കാതിവക്കിടയ്ക്കുന്നാഹം
ല്പംകനിഞ്ഞുധാരംളംകൊടുക്കുന്നി
തുരംപ്പക്കുമററവക്കന്തരംതോന്നുമൊ
ട്ടുസ്ഥീലമൊന്നുമില്ലാതുള്ളബാലനെ
നിസ്സീമസന്തോഷമോടുംകുഡുംബിനീ
കാലെകളിപ്പിച്ചുപൂമെയ്യിലശ്മമാ
മാലേപവുംചേത്തലങ്കരിപ്പിയ്ക്കയും
ചേത്തവണ്ണംവിഷ്ണുനാമംജപിയ്ക്കുവാ
നോത്തപോലെമന്ദമോതിക്കൊടുക്കയും
ചീത്തപുണ്യംവളക്കുന്നസാളഗ്രാമ
തീത്ഥമർച്ചാവസാനത്തിൽകൊടുക്കയും
ക്ഷേമമോദയത്തിനായർച്ചിതശ്രീതുള
സ്യാമോദപത്രംക്രമേണചൂടിയ്ക്കയും
പ്രേമാതിരേകേണചെയ്യുന്നഭേമി
ല്ലീമാതിരിയ്ക്കവരംക്കെള്ളൊളമെങ്കിലും
അംഗനാമൌലിതാനന്തിവന്നീടുമ്പൊ
ളങ്ങുനാതങ്കംകളിയ്ക്കുന്നഡിംഭനെ
അംഗണെനിന്നിട്ടെടുത്തുവാർകുന്തള
മങ്ങിനെമേല്പട്ടുകെട്ടിച്ചനാകുലം
ആകണ്ഠമജ്ജനംചെയ്യിച്ചുസംശുദ്ധ
മാകുന്നവസ്ത്രംധരിപ്പിച്ചനന്തരം
ആസ്ഥയോടങ്കേവസിപ്പിച്ചുദീപമു
ള്ളാസ്ഥലത്താനുംവസിച്ചിട്ടുസാദരം
രാമനാരായണേത്യാമയംപോക്കുന്ന
നാമജാലംജപിപ്പിയ്ക്കുന്നുസുസ്ഫുടം
മൃഷ്ടമാമന്നംഭജിപ്പിച്ചുമെത്തമേ
ലിഷ്ടമാംവണ്ണംശയിപ്പിച്ചുറക്കിയാൽ
തത്തൽക്ഷണംകഴിച്ചന്തികെചെന്നിട്ടു
സമ്പന്നമോദംശയിയ്ക്കുന്നരാത്രിയിൽ

ട്ടെനാളേവംദേവിജാംഗനാരക്ഷയിൽ
പെട്ടവൎദ്ധിയ്ക്കുംഹരിപ്രിയൻബാലകൻ
സൃഷ്ടവായുള്ളിടംകാലതിൽകൊച്ചായ
ഷഷ്ഠമാകുംവിരലൊന്നുപൂണ്ടുള്ളവൻ
ചൊല്ലുള്ളസാമാന്യമാന്യശീലൻനര
സല്ലക്ഷണോജ്ജ്വലൻദുൎല്ലഭൻകോമളൻ
സുന്ദരൻമാധുൎയ്യചാതുൎയ്യസമ്പൂൎണ്ണ
മന്ദഹാസാൎദ്രസല്ലാപൻമഹാത്മകൻ
തങ്കളങ്കംകളഞ്ഞേററംവിളങ്ങുന്ന
തിങ്കളെന്നാകുംപ്രകാരത്തിലങ്ങിനെ
സന്തതംകാണികൾക്കാഹ്ലാദകാരിയാ
യന്തരംവിട്ടങ്ങുവാഴുംദശാന്തരെ
തല്ലക്ഷണാസാരംചെവികൊണ്ടുസാദരം
ചൊല്ലുലന്നീടുംപുരസ്ത്രീകളിൽപലർ
തത്രചെന്നുവീരപുത്രനെവീക്ഷിച്ചു
ചിത്രമെന്നോൎത്തിട്ടെടുത്തിട്ടുതൽക്ഷണെ
രണ്ടുകൈകൊണ്ടുംപുണൎന്നുകൌതുകാഹലം
കൊണ്ടുകോലാഹലംകൂട്ടിലാളിച്ചുതെ
മെയ്യിന്നുകാണുംമൃദുത്വമേററംവെണ്ണ
നെയ്യിന്നുതുല്യമെന്നൊട്ടുവൎണ്ണിച്ചവർ
തത്സുഗന്ധംകൊണ്ടുനാസികയ്ക്കുണ്ടാകു
മുത്സുകത്വംകൊണ്ടതീവമോദിയ്ക്കയും
അച്ഛനെഞ്ങമ്മയെങ്ങെണ്ണിചൊല്ലീടുകെ
ന്നച്ഛമാകുംചൊല്ലുകൊണ്ടുചോദിയ്ക്കയും
തെല്ലുനേരംചെയ്തുചേതസ്സിലെത്രയും
ചൊല്ലക്കൂടുംസുതസ്നേഹംമുഴക്കയാൽ
വിട്ടുപോവാനവൎക്കയ്യോമനക്കാമ്പി
ലൊട്ടുമാകാതെഭവിയ്ക്കയാലായവർ
ങ്ങളെല്ലാംപാലിച്ചിടട്ടെകറച്ചുനാ

ളിങ്ങയച്ചാപ്യംകിശോരനെബ്ഭ്രാവമണി
ദ്ദുർല്ലഭദ്രവ്യത്തിലാഗ്രഹംമന്നിലാ
ക്കില്ലഭദ്രെസുഖംവേണമെല്ലാക്കുമെ
എന്നുചൊല്ലിദ്ദൂതംകൊണ്ടുപോയീടിനാ
രന്നതൊട്ടുഴമിട്ടുഴീശബാലനെ
അമ്പാടിയെന്നുള്ളഗോപവാടത്തിങ്ക
ലമ്പോടിരുന്നൊരീശ്രീവാസുദേവനെ
വല്ലവസ്ത്രീകൾപോലൊന്നിച്ചുമങ്കമാർ
നല്ലവണ്ണംവളത്തീടിനാരനഘം
മന്ദമന്ദംചിലർമെയ്യിൽസുഗന്ധമാ
മെണ്ണതേപ്പിയ്ക്കുംകുളിപ്പിയ്ക്കുമന്യമാർ
കുന്തളംവെള്ളംകളഞ്ഞുചിക്കുംചിലർ
ചന്തമോടെവകഞ്ഞിട്ടീടുമെചിലർ
ചന്ദനംചാലിച്ചലങ്കരിപ്പിയ്ക്കുമെ
സുന്ദരശ്രീദിവ്യദീർഘനേത്രങ്ങളിൽ
അഞ്ജനംതേച്ചിട്ടുമപ്പൊഴെയ്ക്കുംചില
രഞ്ജസാകൊണ്ടുചെന്നൂട്ടുംമുദാചിലർ
പുഞ്ചിരിശ്രീമഞ്ജുവാക്യംപൊഴിയ്ക്കുവെ
കൊഞ്ചിയേററംകളിപ്പിച്ചീടുമെചിലർ
മെത്തമേലാക്കിട്ടുമെനല്ലുറക്കീട്ടു
മിത്ഥമേവംപ്രിയശ്രദ്ധയോടെപ്പൊഴു
സ്നിഗ്ദ്ധമാകുംവധൂശുശ്രൂഷണംപൂണ്ടു
വർദ്ധമാനൻമാനനീയൻനൃപാത്മജൻ
അജ്ഞാതവണ്ണംസുഖിച്ചുവാഴുന്നനാ
ളഞ്ചാസ്വയസ്സുവന്നക്കാലമാദരാൽ
മങ്കമാരേകിത്തുടങ്ങിമനോജ്ഞമാം
തങ്കമാലാമണിജാലാദിമണ്ഡനം
ചഞ്ചലംപെട്ടാൽകിലുങ്ങിത്തുടങ്ങുന്ന
പൊഞ്ചിലമ്പേകീയൊരുത്തിയഥോചിതം

മററുള്ളൊരുത്തികൊടുത്തീടിനാൾമനം
പററുംപുലിശ്രീനഖംചേർന്നഭൂഷണം
കിങ്ങിണിക്കൂട്ടംകിലുങ്ങീടുമാററര
ഞ്ഞങ്ങണിഞ്ഞീടുവാനന്യയേകീടിനാൾ
സൈപരംകനിഞ്ഞൊരുനാരികനക്കവെ
കൈരണ്ടിനുംകങ്കണങ്ങളെനൽകിനാൾ
സമ്മോദമോടുംകൊടുത്താളൊരുത്തിനൽ
പൊന്മോതിരങ്ങളെകൈവിരൽക്കൊക്കവെ
പൊന്മേഖലംപല്ലചിററാടയെന്നിവ
ചെമ്മെചിലർകൊടുത്തീടിനാരന്യകൾ
സചാരമാകുംനല്ലപാദുകായുഗ്മവും
കൊച്ചുകുപ്പായവുംകോമളോഷ്ണീഷവും
മെച്ചമേറുംമട്ടിലേകിനാരീവണ്ണ
മിച്ഛയോടുംസ്ത്രീകൾവേണ്ടുന്നതൊക്കവെ
എല്ലാമലങ്കരിച്ചിത്രയുംചീർത്തീടു
മുല്ലാസമോടിക്കിശോരൻമനോഹരൻ
ക്ഷത്രതേജോധരൻധീരനായെങ്ങുമേ
തത്രതാൻതാനെനടന്നുതുടങ്ങിനാൻ
തങ്കിടക്കാരോടുമൊന്നിച്ചുമാനസെ
തങ്കിടുംകൌതുകത്തോടുംദിനംപ്രതി
മുററങ്ങളിൽകളിയ്ക്കുന്നുപരസ്പര
മുററങ്ങിനെനടക്കുന്നയാഥാരസം
കുററങ്ങളെന്നിയെചെയ്യുന്നിതാഭയാ
മററങ്ങുചീഥീതലത്തിലുംമെല്ലവെ
എങ്ങുചെന്നാലുംജഗൽപൂജ്യനാമിവ
നങ്ങുകിട്ടുന്നസുഭോജ്യമാമോദനം
പുഷ്കലസ്നേഹനപുണ്യനാരീജനം
നൽകരിച്ചേകുന്നിതെല്ലോസമസ്തവും
ശക്കരാപായസംതൊട്ടുള്ളതൊക്കവെ

മുഖ്യരാം ചങ്ങാതിമാരോട്ടുക്കൂടവെ
സംശയിയ്ക്കാതശിയ്ക്കുന്നുസാദരാമുദാ
സംശയിയ്ക്കുന്നസദാസാധുവാമിവൻ
സുപ്തനാകുന്നുനിശാവേളയിൽതദാ
ഉൽപ്പന്നാകുന്നുഗുണാഢ്യനാലനാഥം
ശട്ടപ്രകാരംപ്രബുദ്ധനായിട്ടിവൻ
പുഷ്ടപ്രകാശമാംസൂര്യദേവോദയെ
പെട്ടെന്നെഴുന്നേററുഹന്തതാനെപുറ
പ്പെട്ടങ്ങുയാതനായൊട്ടുദ്ദൂരസ്ഥലെ
ചട്ടററെഴുംനദീസ്ത്രുദ്ധതോയെകുളി
ച്ചിട്ടുഫാലാദിപ്രദേശെയഥാവിധി
ഇഷ്ടഭാവത്തോട്ടുക്കൂടവെഗോപിയും
തൊട്ടുപുഷ്പാദിസമ്പാദനംചെയ്തുടൻ
കൊച്ചുസാളഗ്രാമമൊന്നുപീഠോപരി
വച്ചുസങ്കല്പിച്ചുപൂജിച്ചുസാദരം
നിശ്ചലധ്യാനപ്രണാമനാമസ്തോത്ര
സച്ചരിത്രോപാസനംചെയ്തനന്തരം
പിൻതിരിഞ്ഞിങ്ങുപോരുന്നുപവിത്രനാ
യന്തിനേരത്തിങ്കലാസ്ഥാപുരസ്സരം
നിർമ്മലസ്നാനംകഴിച്ചുനിസ്സംശയം
ജന്മജശ്രീസാധുവാസനാവൈഭവാൽ
കർമ്മയന്ത്രഭ്രമംതീർത്തുകാത്തീടുന്ന
ചിന്മയൻതന്നെസ്മരിച്ചുചിത്താന്തരെ
ലക്ഷ്മീശകാരുണ്യപീയൂഷവർഷേണ
ഭസ്മീകരിയ്ക്കുമെസന്താപവഹ്നിയെ
എന്നുസംപ്രാർത്ഥിച്ചുതൽപ്പാദപങ്കജ
ത്തിന്നുവേണ്ടുംനമസ്കാരവുംചെയ്തുടൻ
വ്യക്തംസഹസ്രനാമോച്ചാരണംചെയ്തു
ഭക്തംഭുജിച്ചുറങ്ങുന്നുസുവ്രതസമം

എൻപൃഥാപുത്രപൃത്ഥ്വീപതെസാമ്പ്രതം
സംഭ്രാന്താനന്ദംസുഭക്തനാകുംഭവാൻ
കേൾക്കമേലേടംകഥാഭാഗമാദരാ
ലാക്കമേറുംഭക്തിരോമാഞ്ചകാരകം
ശ്രീഗദാശംഖചക്രാംഭോജബാഹുകൻ
ഭോഗദാതാഭുജംഗാരിധ്വജൻഹരി
ശോകദാഹാവഹൻപ്രേരണംചെയ്കയാ
ലേകദാതത്ഭക്തവര്യനീബാലകൻ
കുന്തളക്ഷോണീന്ദ്രമന്ത്രിവിരോധികൾ
ക്കന്തകൻധൃഷ്ടതീയെന്നവിഖ്യാതിമാൻ
വർത്തനംചെയ്യുന്നലക്ഷ്മീസമുല്ലാമാം
പത്തനംതന്നിലെത്തീടിനാൻകേവലം
തട്ടിനെഭക്തിദാമാത്മംസമാഹൃത
സദ്വിജാപൂരിതംഭ്രരിതന്മന്ദിരം
ഹൃത്തമസ്സസ്തമായൊത്തവിജ്ഞാനേന
സത്തമന്മാരാംതപോധനന്മാർപലർ
ഉൽക്കൃഷ്ടലക്ഷണംക്രൂട്ടംവിശിഷ്ടനാ
മിക്കുട്ടിയെക്കണ്ടുവിസ്മയിച്ചീടിനാർ
നെററിത്തടത്തിങ്കലേററംവിളങ്ങവെ
പററിച്ചഗോപികൊണ്ടുള്ളൂർദ്ധ്വപുണ്ഡ്രവും
മസ്തകത്തിൽതുളസ്യൽക്കൃഷ്ടപത്രവു
മൊത്തസംശുദ്ധൻവിശിഷ്ടനിപ്പുത്രകൻ
കൊള്ളാമഹൊമഹാവൈഷ്ണവൻമാന്യനെ
ന്നുള്ളാലുറച്ചവൻതന്നെവിളിച്ചുടൻ
സന്നിധൌതന്നെവസിപ്പിച്ചനന്തരം
സന്നാതൻമന്ത്രിവിനീതൻയഥാവിധി
കൈതവംകൈവെടിഞ്ഞർഘ്യാദികംകൊണ്ടു
ചെയ്തസമ്പൂജനംകയ്ക്കൊണ്ടിരുന്നവർ
മന്ദംവിളമ്പുന്നാപായസംമാന്യമാ

മന്നംനവംഘൃതംസൂപംസുശോഭനം
സല്പദാൎത്ഥംസ്വാദുമോദകംസാധുവാ
മപ്പംവടമധുമാധുരീപൂരിതം
മററുമേവംപലഭക്ഷ്യമാനാസികം
കൊററുചെയ്തത്രയുംതൃപ്തിപൂണ്ടീടിനാർ
ഡിംഭനംഭക്തിസംതൃപ്തനായ്സാദരം
ദംഭഹീനംവിപ്രവൃന്ദപാദങ്ങളെ
വന്ദനംചെയ്തങ്ങൊഴിഞ്ഞാൻതദന്തരെ
ചന്ദനംകസ്തൂരികാവിലംകുങ്കുമം
പുത്തനാമംബരംതാംബൂലമിത്യാദി
വിത്തമേററംകൊടുത്തത്യാദരാന്വിതം
നിന്നാമന്ത്രീന്ദ്രനെനോക്കിപ്രസന്നരാ
യ്യന്നാവിപ്രന്മാർവചോമൃതംതൂകിനാർ
ധൃഷ്ടബുദ്ധെമന്ത്രിമൌലിമുത്തെഭോ
നിഷ്ഠപൂൎവ്വംചെയ്തസല്ക്കാരമേല്ക്കയാൽ
തുഷ്ടിപൂരംപൂണ്ടുഞങ്ങളെല്ലാമേവ
മഷ്ടിദാനങ്ങളെചെയ്യുവാനാരുവാൻ
മന്നിൽചിരായുസ്സുഖങ്ങളുംവൃദ്ധിയോ
ടൊന്നിച്ചുദിയ്ക്കുന്നലക്ഷ്മീവിലാസവും
സംഭവിയ്ക്കട്ടെഭവാനുസൎവ്വാരാതി
ഡംഭഹന്താവാംഭവാനാൽസവിസ്മയം
ദൃഷ്ടനീഞങ്ങളോടൊന്നിച്ചിരുന്നിട്ടു
മൃഷ്ടമായിട്ടുള്ളഭക്ഷണംചെയ്തവൻ
ശുദ്ധൻവയസ്സഞ്ചുചെന്നവൻനിശ്ശേഷ
ചിത്തൈകചോരൻകിശോരൻക്ഷമാധരൻ
കുത്രനിന്നാഗതൻചിന്തിയ്ക്കിലാരുടെ
പുത്രനീത്തത്വംസമസ്തംയഥാതഥം
ചൊല്ലുകെന്നാരതുകേട്ടുമന്ത്രീന്ദ്രനും
തെല്ലുനേരംനിനച്ചീവണ്ണമോതിനാൻ

ദുർഗ്ഗതന്മാരായബാലകന്മാർപലർ
ദുഃഖശാന്തിയ്ക്കിനരേന്ദ്രമുഖ്യാലയെ
വന്നുപാർക്കുന്നതിരിച്ചവരേതവ
രെന്നുചോദിച്ചുബോധിയ്ക്കുവാനാവതൊ
ഴന്നതംഞാനിങ്ങുരാജേന്ദ്രകാര്യൈക
ചിന്തകൻകണ്ടതിന്നാണീക്കുമാരനെ
പ്രജ്ഞാതവൃത്താന്തനല്ലിവൻനിർണ്ണയം
പ്രജ്ഞാധരോത്തമന്മാരെധരിയ്ക്കുവിൻ
തൽഭാഷണംകേട്ടുവിപ്രേന്ദ്രരോതിനാർ
സൽഭാസുരാകാരശീലനീബാലകൻ
കണ്ടാലസാമാന്യസല്ലക്ഷണോജ്ജ്വലൻ
കൊണ്ടാടുവാൻതക്ക സൽഭാഗ്യസൂചകൻ
വർത്തിയ്ക്കുമെരാജ്യലക്ഷ്മീസമേതനായ്
പൃത്ഥ്വിയ്ക്കു ചാതുർന്നരത്നംകണക്കിനെ
ത്വത്സർവ്വസമ്പത്തുകൾക്കുമിങ്ങീശനായ്
നിസ്സംശയംമേലിലേററംവിളങ്ങുമേ
ത്വൽക്കുഡുംബത്തിന്നുകല്യാണകാരിയാ
മിക്കുമാരൻമാരലാവണ്യപുണ്യവാൻ
ധൃഷ്ടബുദ്ധേഭവാൻപാലിയ്ക്കവേണമീ
ദൃഷ്ടനായിട്ടുള്ള ദിവ്യനാംബാലനെ
ദിവ്യദൃഗ്വിജ്ഞാനശീലരാംവിപ്രരെ
സവ്യഥംതൽക്ഷണെവിട്ടുമന്ത്രീശ്വരൻ
ചിന്തനംചെയ്താനഹൊമഹാജ്ഞാനിക
ളന്തണന്മാരിവരന്ധത്വമോത്തുമൊ
എന്തനാഥൻബാലനെങ്ങിനെശക്തനാ
യെന്ധനാധീശനായീടുന്നതീശ്വര
കുന്തളാധീശ്വരൻപുത്രനില്ലാത്തയാ
ചന്തരംഗംകരിഞ്ഞെന്നോടുകേവലം
മന്ത്രവുംചൊല്ലീൻമദനനാംപുത്രനെ

സന്തതംസന്തതിസ്ഥാനെവസിപ്പിച്ചു
ചന്തമേറുംരാജനീതിസന്ത്രാണാദി
തന്ത്രസാരംപഠിപ്പിച്ചുകൊണ്ടങ്ങിനെ
ബന്ധുരസ്നേഹമുൾക്കൊണ്ടുകാൎയ്യങ്ങളി
ലന്തരംവിട്ടനുവൎത്തനംചെയ്യിച്ചു
വസ്ത്രഭൂഷാദികൊണ്ടേററംസുഖിപ്പിച്ചു
പുത്രവാനായെന്നപോലെസദാമുദാ
വൎത്തനംചെയ്യുന്നഞങ്ങൾക്കുവേണ്ടുന്ന
സാധനംതന്നീവശസ്ഥനാംപാൎത്ഥിവൻ
സല്ലക്ഷണംകൊണ്ടിവണ്ണംവിളങ്ങുമീ
ചൊല്ലുള്ളൊരോമൽകുമാരനെകാണുകിൽ
കില്ലെന്നിയെവരിച്ചീടുമെന്നാലൊരു
പുല്ലെന്നപോലാകുമെൻപുത്രകൻദൃഢം
തത്സങ്കടംസഹിയ്ക്കില്ലമെതിട്ടമീ
വത്സൻമഹാനൎത്ഥകാരണംസൎവ്വഥാ
എങ്കിലീദുൎബ്ബലൻതന്നെപിടിച്ചിന്നു
ശങ്കകൂടാതെവധിയ്ക്കുകെന്നോവതു
മററില്ലുപായമെൻദോഷക്ഷയത്തിന്നു
പററുന്നതിത്തരംചെയ്യുഞാനിപ്പൊഴെ
വ്യത്യസ്തമാക്കുവൻവിപ്രൌഘവാക്യമെ
ന്നിത്ഥംവിമോഹേനകല്പിച്ചുനിഷ്ഠുരൻ
നിത്യവുംഗോക്കളെക്കൊന്നുതിന്നീടുന്ന
നിൎദ്ദയന്മാരായചണ്ഡാലവീരരെ
വെക്കംവരുത്തിച്ചുചൊല്ലിനാൻനിങ്ങളെൻ
ദുഃഖംകെടുക്കുവാനൊന്നുചെയ്തീടുവിൻ
പുൽകസന്മാരെപശുഘ്നരെനിങ്ങൾക്കു
തക്കസമ്മാനംതരുന്നുണ്ടുസാമ്പ്രതം
എങ്ങുനിന്നൊനിന്ദ്യനായുള്ളൊരൎഭക
നിങ്ങുവന്നോദനംഭക്ഷിച്ചുദുൎഭഗൻ

സഞ്ചരിയ്ക്കുന്നണ്ടനാഥനായ്ഞാനിന്നു
സഞ്ചയിച്ചീടുന്നസമ്പത്തിനെക്രമാൽ
കയ്ക്കലാക്കീടുവാനുള്ളവൻപോലെന്നു
സൽക്കലീനന്മാർകഥിയ്ക്കുന്നതാകയാൽ
ഹന്തവ്യധാകരൻകാരുണ്യമെന്നിയെ
ഹന്തവ്യനിന്നിവൻനിങ്ങളാലിക്ഷണെ
മല്പുരത്തിങ്കലിങ്ങുണ്ടായിരിയ്ക്കേണം
മല്പുറത്തെങ്ങാനുമെന്നുതോന്നുന്നമെ
വഞ്ചനോപായേനനിങ്ങളിബ്ബാലനെ
തഞ്ചമേതുംപിഴയ്ക്കാതെപിടിച്ചുടൻ
കണ്ടനാക്കാതെകൊടുങ്കാട്ടിലാക്കീട്ടു
കണ്ടനാളംമുറിച്ചാശുകൊന്നീടുവിൻ
ചൊന്നവണ്ണംകൊന്നശേഷമെന്തുഷ്ടിയ്ക്കു
ചിഹ്നമേകംകൊണ്ടുവന്നുകാട്ടീടുവിൻ
നമ്മുടെകിങ്കരന്മാരായനിങ്ങൾക്കു
സംമുദാഭോഗംകലൎന്നുഞാനപ്പൊഴെ
നന്മയോടോരോരോകുടംപാൽകറക്കുന്ന
വന്മഹിഷ്യാദിവസ്തുക്കളെനൽകുവൻ
ചൊല്ലുകൊല്ലിക്കായ്വമാരോടുമെനിങ്ങൾ
ചെല്ലുകെന്നുള്ളൊരുശാസനംകേട്ടവർ
പുൽകസന്മാരവരക്ഷണെമാനസം
പുക്കസന്തോഷേണകുമ്പിട്ടുപോയുടൻ
സംശയംവിട്ടുള്ളവൈഷ്ണവക്കുട്ടിയെ
കൌശലത്തോടെതിരഞ്ഞുകണ്ടെങ്കിലും
കയ്ക്കലാക്കീടുവാൻതക്കമുണ്ടാകാഞ്ഞു
കൎക്കശന്മാരൊഴിച്ചീടിനാരജ്ജന
നിഷ്കൃപന്മാർപിററന്നാൾപുലച്ചയ്ക്കുചെ
ന്നൾക്കൃതോല്ലോഗനചുററിനാരപ്പൊഴെ
ശട്ടപ്രകാരംസരിജ്ജലംപുക്കതിൽ

പുഷ്ടപ്രസാദേനമജ്ജനംചെയ്തുടൻ
പുണ്യസാളഗ്രാമപൂജാദിയുംകഴി
ച്ചന്ന്യസാഹായ്യംവെടിഞ്ഞുള്ള ബാലകൻ
പിൻതിരിഞ്ഞാലയത്തിന്നുപോരുന്നതി
ന്നന്തരെമാരകന്മാരെടുത്താദരാൽ
ചിന്തിതംസിദ്ധിപ്പതിന്നുപായോക്തികൊ
ണ്ടന്തരംഗത്തെമയക്കിമായത്തിനാൽ
വക്രമാർഗ്ഗങ്ങളിൽക്കൂടവെകൊണ്ടുപോ
യുഗ്രമാംകാന്താരമുൾപ്പുക്കനന്തരം
കണ്ടകപ്രൌഢദ്രുവല്ല്യാദിസങ്കുലം
കണ്ടകവ്യാഘ്രാദിപൂർണ്ണംവനാന്തരം
കണ്ടകത്താശ്ചര്യമോടുംഹരിപ്രിയൻ
കണ്ടകംതേടിച്ചിരിയ്ക്കുംദശാന്തരെ
ന്നൽഗ്ഗളഛേദമാംമന്ത്രികാര്യാംബലാ
ലർഗ്ഗളംകൂടാതനുഷ്ഠിപ്പതിന്നഹൊ
ദുർന്നയജ്ഞന്മാർപശുഘ്നർകോശങ്ങളിൽ
നിന്നൊടുത്താർമൂർച്ചയുള്ള ശസ്ത്രങ്ങളെ
എന്നനേരംഭ്രമത്തോടുംസുധാർമ്മികൻ
തന്നോടെനന്ദനൻബുദ്ധിമാനർഭകൻ
തങ്കരസ്ഥംമൂർദ്ധസ്സിശുദ്ധംശിലാചയം
പങ്കജാക്ഷശ്രീസ്വരൂപംഗതാചയം
സത്വരംവായിലേയ്ക്കിട്ടാനിവൻപുരാ
ചത്വരംതോറുംവയസ്യരൊത്തങ്ങിനെ
തുഷ്ടിയോടെശിലാഗോളകക്കൂട്ടവും
യഷ്ടിയുംകയ്ക്കൊണ്ടുകേളിചെയ്യുന്നനാൾ
നിസ്തുലംനിൻചരിത്രംനീകളിപ്പതീ
പത്തുളപ്രസ്തരംകൊണ്ടുതന്നൊസഖേ
എന്തിതിൽസൌഖ്യമുണ്ടൊനിനക്കേററമെ
ന്നന്തികസ്ഥന്മാർവയസ്യർചോദിയ്ക്കയാൽ

ഉത്തരംചൊല്ലിനാൻഗോളകാകാരങ്ങ
ളിത്തരംതന്നെബഹുപ്രകാരത്തിലും
ചിത്രങ്ങളായപാഷാണങ്ങളോക്കിലൊ
ന്മിത്രങ്ങളായുണ്ടനേകങ്ങളെങ്കിലും
ഇത്രസുസ്നിഗ്ദ്ധമായൌപമ്യഹീനമാ
യത്രഞാൻമററൊന്നുകണ്ടീലക്രൂട്ടരെ
മുന്നമെഞാനിവയോടുക്രീഡിക്കളി
യ്ക്കുന്നാവൻഭഗ്നങ്ങളായിവയൊക്കവെ
വിട്ടുപോമന്ത്യകാലത്തിലീസേവ്യമാ
യിട്ടുകണ്ടീടുന്നദിവ്യമാമൊന്നിനെ
സൈ്വരംനിക്ഷേപണംചെയ്തുസന്തോഷേണ
സംരമിച്ചീടുന്നതുണ്ടെന്നുരച്ചുടൻ
അക്കല്ലുവക്ത്രേധരിച്ചുതാനവ്വണ്ണ
മുടംകിട്ടലൊഴിഞ്ഞുചെയ്തീടിനാനിപ്പൊഴും
പണ്ടെന്നനുഗ്രഹംകൊണ്ടുബാലൻധ്രുവൻ
കുണ്ഠതമെന്നിയെവൈകുണ്ഠമൂർത്തിയെ
ഭക്തികൊണ്ടേററംപ്രസന്നനാക്കീടിനാൻ
ഭക്തിമാനീബാലനാത്മനാകേവലം
കണ്ണുങ്ങടച്ചുകാർവ്വണ്ണനാംനാഥനെ
തിണ്ണന്നുചിന്തിച്ചിവണ്ണംമാതീടിനാൻ
നിർവ്വാണരൂപമൊകൃഷ്ണഭക്താവനം
കർവ്വാണനായുള്ളശൌരെനമോസ്തുതെ
ദുർവ്വാരതേജോമയാനുകമ്പാനിധെ
സർവ്വാമയഘ്നമായാപതെമാപതെ
സന്ത്യജിയ്ക്കൊല്ലമാംനിർദ്ദയന്മാരാക
മന്ത്യജന്മാരുഗ്രമണ്ഡലാഗ്രങ്ങളെ
കയ്ക്കൊണ്ടുവെട്ടുവാനായൊരുമ്പെട്ടഹാ
മല്ക്കണ്ഠമിപ്പോൾമുറിയ്ക്കുമെദൈവമെ
രക്ഷണംചെയ്കമെനിന്തിരുമേനിയാ

ലക്ഷണംരക്ഷിതൻഭക്തൻധ്രുവൻതഥാ
ഡിംഭികൻപ്രഹ്ലാദനംജലെമഗ്നനാം
കുംഭികൾക്കിന്ദ്രനിന്ദ്രദ്യുമ്നനംവിഭൊ
ദുഃഖമദ്ധ്യെനിന്നുമോചിതന്മാരെന്നു
സല്ക്കവീന്ദ്രന്മാർപുകഴ്ത്തുന്നുസാദരം
നിന്നാഥദീനാദിലോകനാഥൻഭവാ
നെന്നാണുകീൎത്തിച്ചുകേൾക്കുന്നിതെപ്പൊഴും
ഭദ്രപ്രദൻഭവാനെന്നിയെസാമ്പ്രതം
മദ്രക്ഷണത്തിന്നുമററില്ലൊരുത്തനും
പെററമാതാവുംപിതാവുമെന്നല്ലെനി
യ്ക്കുററബന്ധുക്കളുംഗോത്രജന്മാക്കളും
ഇല്ലഞാനേകനീകാട്ടിലുൾപ്പെട്ടുപോ
യല്ലലിങ്ങേല്ക്കുന്നതങ്ങുനീക്കേണമെ
എങ്ങുംനിറഞ്ഞിരിയ്ക്കുന്നവിഷ്ണോകനി
ഞ്ഞങ്ങുന്നുപാൎത്തൊന്നനുഗ്രഹിക്കേണമെ
കാൎത്തസ്വരാബ്ജോപമാനനംകൊണ്ടെവ
മാൎത്തസ്വരംചെയ്തുകേഴുംകിശോരനെ
പുഷ്കരാക്ഷൻഭക്തരക്ഷകൻപൊങ്ങീടു
മുൾക്കൃപാപൂൎവ്വംകടാക്ഷിച്ചുതൽക്ഷണെ
പുല്കസന്മാരുടെചിത്തംമറിയ്ക്കയാൽ
കൎക്കശത്വംമറിഞ്ഞുള്ളുകനിഞ്ഞവർ
ഖൾഗങ്ങളെല്ലാമുറയ്ക്കുള്ളിലാക്കിനാർ
നിഷ്കമ്പമിത്തരംതങ്ങളിൽചൊല്ലിനാർ
ചിത്രംചരിത്രമീനാഥനില്ലാത്തുള്ള
പുത്രൻപവിത്രൻമനോഹരൻകോമളൻ
സക്ഷമൻദീൎഘബാഹുദ്വയൻനിശ്ശേഷ
ലക്ഷണോപേതൻവിശാലേക്ഷണാന്വിതൻ
കുററമില്ലാത്തവൻദൃഷ്ടമാത്രേനമു
ക്കുററവൻവത്സനായീടുന്നതെങ്ങിനെ

കർമ്മയോഗംകൊണ്ടുവേർപിരിഞ്ഞീടിനാ
നമ്മയോടുംകഷ്ടമച്ഛനോടുംശിശ്രു
വിദ്രുതംഹന്തവ്യനെന്നൊപിജല്പിച്ച
ശത്രുതന്മട്ടിലീമന്ത്രീശ്വരൻബലീ
ചിന്തിയ്ക്കുകിൽധൃഷ്ടബുദ്ധിയല്ലിദ്ദേഹ
മന്ധൻമഹാദുഷ്ടബുദ്ധിയെന്നാസ്സുരം
വിത്തലോഭത്തിന്മഹത്വംനിമിത്തമാ
യത്തൽലോരോനരന്മാർക്കുചേർത്തിങ്ങിനെ
കഷ്ടമാംനാരകക്കുണ്ടിൽവീഴ്ത്താനൊരു
മ്പെട്ടുദേഹത്തോടുകൂടവെസാഹസാൽ
നമ്മളുംതത്രവീഴേണമോനമ്മക്കു
നന്മയല്ലിക്കർമ്മമൊന്നുകൊണ്ടുംദൃഢം
നിർവ്വിചാരംപണ്ടുചെയ്തപാപങ്ങൾകൊ
ണ്ടുർവ്വിയിൽപുൽകസന്മാരായ്പിറന്നുനാം
ഇന്നിവൻതന്നെവധിച്ചപാപത്തിനാ
ലിന്നിയുംതാണജന്മത്തിലാകേണമൊ
എന്നുകല്പിച്ചുള്ളശാന്തഭാവംപൂണ്ടു
നിന്നുതൽസ്വാന്തനംചെയ്തുപത്തുക്കവെ
ശങ്കതീരുംവിധംദുഷ്ടനെക്കാട്ടുവാ
നങ്കമായെന്തൊട്ടുക്കേണ്ടുതെന്നിങ്ങിനെ
ചിന്തയോടുംബാലദേഹംവിലോകിച്ചു
ചന്തമേറുംവാമപാദപാഥോരുഹെ
കണ്ടഷഷ്ഠാംഗുലംകണ്ടിച്ചെടുത്തതും
കൊണ്ടുണർന്നാരവർമന്ത്രിതന്നന്തികെ
വന്ദനംചെയ്തുനടത്തികാര്യംതൊഴു
തെന്നുബോധിപ്പിച്ചുചിഹ്നവുംകാട്ടിനാർ
ദുഷ്ടനാമായവൻതുഷ്ടനായന്നേരം
മിഷ്ടദാനംചെയ്തുചണ്ഡാലജാതിയെ
വിട്ടയച്ചുവംവ്യപാകരിച്ചിടിന്നേൻ

ഹൃഷ്ടവിപ്രോക്തമെന്നാശ്വസിച്ചങ്ങിനെ
ക്ലിഷ്ടഭാവത്തെവരുത്തുംവിചാരവും
കെട്ടടങ്ങീടിനാനന്വേഷപൂർവ്വകം
വിസ്മയംവൃത്താന്തമത്രാന്തരെമർത്ത്യ
ഘസ്മരവ്യാഘ്രാദിമിശ്രമാംകാനനെ
പെട്ടബാലൻപരംപേടിച്ചുപീഡിച്ചു
ചുട്ടചിത്തംപൂണ്ടൊരുത്തനായങ്ങിനെ
തന്മിത്രചിന്താസുധാരസംസേവിച്ചു
ദുർമൃത്യുമുക്തനായ്ജീവിച്ചുഫാൽഗുന
ബാലനോതാരുണ്യയുക്തനോനൈജമാം
പാലനോപായംവിചാരിച്ചുവൃദ്ധനോ
സ്ത്രീപുന്നപുംസകക്കൂട്ടത്തിലേവനീ
ശ്രീപുണ്ഡരീകാക്ഷനായുള്ളകൃഷ്ണനെ
സാദരംധ്യാനിച്ചുകൊള്ളുന്നതായവൻ
താദൃശംകൃച്ഛ്രത്തിൽനിന്നുവേറാകുമെ
അംഗുലിച്ഛേദംഭവിയ്ക്കയാൽകാലിൽനി
ന്നങ്ങൊലിയ്ക്കുംചോരകൊണ്ടണഞ്ഞായവൻ
മങ്ങുംമനംപൂണ്ടുചുഴവുംനോക്കുമ്പോ
ളെങ്ങുംമനുഷ്യരെക്കാണായ്കകാരണം
ഒച്ചപൊങ്ങീടുംവിലാപംതുടങ്ങിനാ
നച്ചുവൃക്ഷഘടാമദ്ധ്യസ്ഥനായഹോ
രക്ഷമാംലക്ഷ്മീശപക്ഷീശവാഹനാ
നക്ഷമാത്മാവാമനാഥനായീടിനേൻ
കാർവ്വർണ്ണകാരുണ്യപൂരവാരാന്നിധെ
സാർവ്വത്രികാവാസശൌരെനമോസ്തുതെ
വങ്കൊടുങ്കാട്ടിൽപതിയ്ക്കയാലുൾഭയ
സങ്കടംതീർക്കമെശീഘ്രമെന്നിങ്ങിനെ
ആർത്തനാദംകേട്ടുടക്കുംമൃഗീഗണെ
മാത്തമോഹംനിന്നുപാർത്തങ്ങണഞ്ഞുടൻ

തിക്കിച്ചുഴന്നുനിന്നേററംപത്രക്കവെ
നക്കിത്തുടങ്ങീതദംഘ്രിപങ്കേരുഹം
ഹൃദ്യനാംനമ്മുടെനായകൻകാമുക
നദ്യതൻഭർത്താവിനെവെടിഞ്ഞീവനെ
വന്നുചേൎന്നീടിനാൻതദ്വിയോഗോദയാ
ലിന്ദുവാംതമ്പുരാൻഖേദിച്ചുകേവലം
ബദ്ധബാഷ്പംചാരുവക്ത്രത്രപാംധരി
ച്ചിത്ഥമഭ്രത്തിൽനിന്നിങ്ങുവീണീടിനാൻ
എന്നിങ്ങിനെതൽപ്രസാദംവരുത്തുവാ
നൊന്നിച്ചൊരുമ്പെട്ടപോലെമാൻപേടകൾ
ഒത്തശ്ശുശ്രൂഷണംചെയ്യുന്നതിന്നിട
യ്ക്കുത്തലോട്ടാചെന്നാടുത്തുപക്ഷിവ്രജം
പത്രസുച്ഛത്രങ്ങളാലെകുമാരനെ
മിത്രഭീത്യാമറച്ചെല്ലൊമനോഹരം
സ്തബ്ദങ്ങളായുലൂകങ്ങളാലോകനെ
ശബ്ദങ്ങളെന്നിയെപോയതില്ലൊന്നുമെ
പാരാവതക്കൂട്ടമാരാൽകഠോരക
ണ്ഠാരാവമേററംമുഴക്കിയെന്നല്ലഹൊ
ഖേദശക്ത്യാശിലാജാലേനകേവലം
സോപാദരാപൂരണംചെയ്തുകില്ലെന്നിയെ
എന്നതിന്മദ്ധ്യേകുളിന്ദകാഭിഖ്യനാം
മന്നവൻവൈഷ്ണവൻദേശാധികാരവാൻ
സൈന്ധവാരൂഢൻപ്രരൂഢനായുള്ളൊരു
കുന്തളാധീശന്നുകപ്പംകൊടുപ്പവൻ
തദ്ദേശരക്ഷണംചെയ്തുചുററുന്നവ
നദ്ദേശമോട്ടമക്കാട്ടിലെത്തീടിനാൻ
തദ്ദശായാംതദാഭ്യന്തരെപൈതലിൻ
ദുർദ്ദശാരോദനംവിശ്രമിച്ചീടിനാൻ
സംരക്ഷമാംകൃഷ്ണരാമനാരായണ

സംരക്ഷമാംകൃഷ്ണശൌരെനമോസ്തുതെ
ഭൈഷ്മീപതെകൃഷ്ണ ചക്രപാണെരണെ
ഭസ്മീകൃതാനേകനിജ്ജരാരെഹരെ
ദുൎന്നയംചെയ്യുന്നദുൎയ്യോധനാലയെ
മുന്നമാപന്നയാസ്സന്നാപാഞ്ചാലിയെ
എങ്ങിനെരക്ഷിച്ചുകാരുണ്യശക്തികൊ
ണ്ടങ്ങിനെരക്ഷിയ്ക്കകെന്നെയുംദൈവമെ
കഷ്ടംജനന്ന്യാദിഹീനനായ്ദീനനായ്
ദുഷ്ടത്വമേറുംപെരുങ്കാട്ടിലിങ്ങിനെ
മട്ടന്നമാറകപ്പെട്ടതാനെശ്ശുഭം
തട്ടുംതവസ്തവംചെയ്യുമീബാലനെ
നിൎദ്ദയംസന്ത്യജിച്ചീടുന്നവൊഭവാ
നൎദ്ദനംപൂണ്ടുഞാനസ്തമിച്ചീടുകിൽ
ദുഷ്കീൎത്തിയങ്ങുത്ഭവിയ്ക്കുംഭവൽഭക്തർ
ദുഃഖാൎത്തിയിൽപതിയ്ക്കുന്നില്ലൊരിയ്ക്കലും
എന്നിവണ്ണംബുധശ്രാവിതംവിശ്വസ്ത
മിന്നിദംവ്യത്യസ്തമായിവന്നീടുമൊ
ആവിലാപംശ്രവിച്ചേററവുംവിസ്മയി
ച്ചാവിലാത്മാവാംകുളിന്ദാവനീശ്വരൻ
ആത്തവേഗംകീഴിറങ്ങീഹയംവെടി
ഞ്ഞാൎത്തനാദംകെട്ടദിക്കിലേയ്ക്കെത്തിനാൻ
ആസ്ഥലത്തിൽതദാമാൻപക്ഷിജാതിയാ
ലാസ്ഥയാശ്ശുശ്രൂഷിതാംഗനായങ്ങിനെ
കണ്ണിലെവെള്ളംപൊഴിച്ചുകേണീടുന്നൊ
രുണ്ണിയെക്കണ്ടങ്ങണഞ്ഞുകില്ലെന്നിയെ
ഉത്തരീയംകൊണ്ടുബാഷ്പസംമിശ്രമാ
മുത്തമശ്രീമുഖംമാർജ്ജനംചെയ്തുടൻ
ശാന്തനായാലുംഭയപ്പെടായ്കെന്നുള്ള
സാന്ത്വവാക്യംചെയ്തുചോദിച്ചുസാദരം

ഏവംനവംവനെവന്നാവൻനീശിശൊ
കേവലംകേഴുന്നതിന്നെന്തുകാരണം
ഏതൊരുത്തൻനിൻപിതാവമ്മയാരിഹ
കാതരത്വംവിട്ടുചൊൽകമെവാസ്തവം
എങ്ങുനിന്മിത്രങ്ങളിത്ഥംഗ്രഹിക്കുവാ
നിങ്ങുചെററല്ലിച്ഛയെന്നുകേട്ടപ്പോഴെ
ബുദ്ധിമാനായുള്ള ബാലനാശ്വസ്തനാ
യുക്തിമാധുര്യ്യമുള്ളുത്തരംചൊല്ലിനാൻ
എന്നുടെവൃത്താന്തമെന്തുചൊല്ലുന്നതൊ
നിന്നതൽബോധമിങ്ങില്ലെന്നുനിർണ്ണയം
നിശ്ചലംകേട്ടുകൊണ്ടാലുംഭവാനിനി
യ്ക്കച്ഛനംമാതാവുമന്യബന്ധുക്കളും
സച്ചിന്മയൻവാസുദേവൻദയാലയ
നച്ചിന്തിതംതരുംതമ്പുരാൻകേവലം
തന്നിത്യരക്ഷകവർദ്ധിതൻഞാനേക
നിനിങ്ങുനാഥനെക്കാണായ്കകാരണം
ദുഃഖംകലർന്നുകേഴുന്നോൻതദിച്ഛയാ
ദുർഗ്ഗപ്രദേശമാമിക്കാട്ടിലിങ്ങിനെ
കൈവന്നിതെല്ലൊനിവാസംയദൃച്ഛയാ
ദൈവംനിയോഗിപ്പതാക്കൊഴിക്കാവതൊ
മർത്ത്യരെക്കണ്ടാൽപിടിച്ചുതിന്നീടുന്ന
കൃത്യമേന്തീടുന്നദുഷ്ടസത്വൌഘവും
വന്നുമദ്ദുഃഖാന്തദുഃഖംവഹിക്കുന്നു
കൊന്നുതിന്നുംഭാവമില്ലിവററയ്ക്കഹൊ
മത്രാണമാചരിക്കുന്നുകൃപാർദ്രമായ്
ഗൃദ്ധ്രാദിയായുള്ള പക്ഷിസന്ദോഹവും
മൽഗാത്രശുശ്രൂഷണോൽസുകംമദ്ദുഃഖ
ദുഃഖാർത്തമാകുംമൃഗസ്ത്രീസമൂഹവും
എങ്കിലുംഭീതിയ്ക്കുഭേദമുണ്ടായതി

ല്ലെങ്കലിന്നേരമാശ്വാസമായേററവും
സത്തമാത്മാവെതവേക്ഷണംകൊണ്ടിനി
യ്ക്കസ്തമായെല്ലാസമസ്തമാകുംഭയം
എന്നിവണ്ണംതൽഗിരംകേട്ടുതുഷ്ടനാം
മന്നവൻമാനിച്ചുചിന്തിച്ചുമാനസെ
നന്നിവൻവൈഷ്ണവൻബാലൻഗുണോജ്ജ്വലൻ
നന്ദനീയൻനല്ലലക്ഷണംപൂണ്ടവൻ
സുക്ഷത്രവംശസംഭൂതനെന്തെങ്കിലും
നക്ഷത്രനാഥതുല്യാഹ്ലാദകർത്തൃകൻ
പുത്രനില്ലാതെഭജിയ്ക്കുന്നിനിയ്ക്കുള്ള
പുത്രഭാവംപൂണ്ടിരിപ്പതിന്നിങ്ങിനെ
തെററന്നദൈവനിർദ്ദിഷ്ടനായ്വന്നവൻ
മററിന്നുശങ്കയില്ലെന്നുകല്പിച്ചുടൻ
പുഷ്ടസന്തുഷ്ടിയുംകൈക്കൊണ്ടുചോദിച്ചു
വിഷ്ണുപോൽകൃഷ്ണനായിട്ടുള്ള പൈതലെ
നിയ്യെൻറപുത്രനായ്വർത്തനംചെയ്യുമൊ
പൊയ്യല്ലിനിയ്ക്കില്ലപുത്രനിന്നോളവും
തൽസുഖംവായ്ക്കുന്നരക്ഷണംചെയ്യുവാ
നൽസുകംമെമനസ്സെന്നുരച്ചപ്പൊഴെ
സുന്ദരശ്രീകോമളാംഗനാംബാലനെ
മന്നിടത്തിങ്കൽനിന്നങ്ങെടുത്തിട്ടുടൻ
തന്നുരസ്ഥാനത്തിലാക്കിപ്പുണന്നുള്ള
നന്ദിയോടുംസ്വകീയാശ്വത്തിലേററിനാൻ
താനുമവ്വണ്ണംസമാരോഹണംചെയ്തു
മാനുഷാധീശൻമഹാഭാഗ്യസിദ്ധിമാൻ
സ്വാനുഗന്മാരോടുമൊന്നിച്ചുചെന്നുദൈ
വാനുകൂല്യംനിനച്ചേററരോമാഞ്ചവും
തക്കഹീനംദക്ഷിണാംഗെമഹാസുഖൊ
ദ്രേക്കശക്ത്യാവന്നകമ്പവുംപൂണ്ടുടൻ

അക്കാടകംവിട്ടുമന്ദംനടന്നമൈ
ലക്കാതപംചേരുമെല്ലാതവണ്ണമെ
തഞ്ചന്ദനാവതീപത്തനംപ്രാപിച്ചു
തഞ്ചത്തിലാര്യയാസ്സാഴന്നഭാര്യയാൽ
ആദരിയ്ക്കപ്പെട്ടനന്തരംവർദ്ധിയ്ക്കു
മാധിപോംമട്ടിലാരാദ്ധ്യനാംബാലനെ
തങ്കരത്നംപോലെപുണ്യമേറുന്നവൾ
തങ്കരത്തിങ്കൽകൊടുത്തിട്ടുകൂടവെ
തല്പൃഥാസാരംക്രമേണസന്തുഷ്ടനാ
യൊക്കവെകേൾപ്പിച്ചുപിന്നെയുംചൊല്ലിനാൻ
ഭദ്രകാലംനമുക്കായ്വെസരോജാത
പത്രനേത്രൻകടാക്ഷിയ്ക്കയാലിന്നിവൻ
പുത്രകൻനിയ്യിക്കമാരനെലാളിയ്ക്കു
കത്രക്രൂരോടുംവളത്തീടുകനാഥം
മൈതലോടിക്കളിപ്പിച്ചുവേഗത്തിലീ
പൈതലിൻപൈദാഹസാദംകെടുക്കനീ
തൻഭർതൃശാസനംകെട്ടശേഷംസാന
കമ്പംവിനീതയാശ്ശനാമേധാവിനീ
ശ്രുദ്ധമായെന്തടെജന്മംസുതോദയാ
ലസ്തമായീശോച്യഭാവമെന്നിങ്ങിനെ
വത്സലവൈഷ്ണവിരാജ്ഞീയശസ്ഥിനീ
വത്സലാഭംകൊണ്ടതീവസന്തോഷിണീ
കെട്ടിയാലിംഗനംചെയ്തുകിശോരനെ
തുഷ്ടിയോടുംകളിപ്പിച്ചുയഥോചിതം
ചിത്തപ്രമോദനംചിത്രമാമോദനം
പുത്ത്ർഘൃതംമനംചേരുന്നതെമനം
മുഗ്ദ്ധംശൃതംസിതായുക്തംബഹുസ്വാദു
ദുഗ്ദ്ധംമുതൽക്കുള്ളനേകവസ്തുക്കളെ
നൽകിയാവോളംഭജിപ്പിച്ചുലാളിച്ചു

പുൽകിമേളിച്ചശയിപ്പിച്ചമെത്തമേൽ
പെററമാതാവെന്നപോലെദിവാനിശം
കുററമെന്യാതെവളൎത്തിത്തുടങ്ങിനാൻ
ഗൌരവംകൂട്ടംനൃപേന്ദ്രൻനിജാമാത്യ
പൌരവൃന്ദങ്ങളോടൊന്നിച്ചുകൌതുകാൽ
തത്രലോപംവെടിഞ്ഞുത്സാഹപൂൎവ്വകം
പുത്രലാഭോത്സവംഘോഷിച്ചുസാദരം
വൈഷ്ണവക്ഷേത്രങ്ങൾതോറുംവിശേഷിച്ചു
കൃഷ്ണവൎത്മാവിൻപ്രകാശംപരക്കവെ
നൈവിളക്കുംപയഃപായസംതൊട്ടുള്ള
ദൈവസന്തോഷകൃത്താകുംനിവേദ്യവും
നിൎമ്മലശ്രീനിറമാലാകലാപവും
നന്മയിൽപൊങ്ങുംസുഗന്ധധൂപങ്ങളും
ശൃംഗാരവാദ്യാദിവാദ്യഘോഷങ്ങളും
ശൃംഗാരവാദ്യാദിചിത്രനാദങ്ങളും
മിന്നുംകുടതഴവെൺചാമരങ്ങളു
മിന്ദുബിംബാഭങ്ങളാലവട്ടങ്ങളും
മത്തഗജങ്ങളുമൊത്തശിവേലിയു
മുത്തമഭൂതബലിപ്രഭാതാദിയും
നൃത്തഗീതസ്തുതികൃത്യസേവാദിയും
ശ്രദ്ധയോടെകഴിപ്പിച്ചുതമ്പത്തനൈ
വിപ്രസാധുക്കളെപ്പൂജിച്ചുമാനസെ
സുപ്രസാദംവളൎന്നീടുമാറങ്ങിനെ
മന്ദംമഹാപായസാദിസമ്പന്നമാ
മന്നംഭുജിപ്പിച്ചുതാംബൂലപൂൎവ്വകം
സ്വൎണ്ണഗോരത്നവസ്ത്രാദിവിത്തൌഘമാം
വൎണ്ണമാതൃപ്തിഭാവംകൊടുത്തീടിനാൻ
എണ്ണച്ചാർവസ്ത്രങ്ങളിത്യാദിനൽകിനാ
നെണ്ണമില്ലാതന്യവൎണ്ണമെല്ലാററിനും

കൺകളുക്കുന്നമാറെല്ലാവരുംനൃപൻ
തൻകുലക്കാമ്പായ്‌വിളങ്ങുംകുമാരനെ
കണ്ടുകണ്ടാശ്ചര്യസന്തോഷപൂരമുൾ
ക്കൊണ്ടുകൊണ്ടാശീർവ്വചോമൃതംതൂകിനാർ
ജ്യോതിഷക്കാരാംദ്വിജോത്തമന്മാരതി
പ്രീതിസൽക്കാരംപരിഗ്രഹിച്ചുള്ളവർ
ഭൂതിമാനാകുംകുളിന്ദഭൂപാലനോ
ടോതിനാരസ്തുതെഭദ്രംധരാപതെ
ത്വൽഭാഗധേയംമഹത്തരംപൃഥ്വിയിൽ
സൽഭാവനീയൻഭവാനെന്നുനിർണ്ണയം
ത്വത്സുതൻവിശ്രുതനച്യുതോപാസകൻ
ചിത്സുകെകാണികൾക്കേകുന്നവൻനവൻ
ഏതുമയംശ്രീമാൻബഹുശ്രുവസ്സത്തമ
നിതുയല്ലോത്താലിവന്നുള്ളസൽഗുണം
ഞങ്ങളല്ലംഗ്രഹിപ്പിച്ചിതേവംക്രമാ
ലങ്ങുകാണായ്വരുംമേലിൽസമസ്തവും
രക്ഷണീയൻവിശേഷിച്ചുംവിശിഷ്ടസ
ല്ലക്ഷണോപേതനിപ്പോതകൻഭൂപതെ
മന്ദഹാസംപൊഴിച്ചീട്ടുമിക്കുട്ടിതൻ
സുന്ദരാകാരമാമാനനംകാണുകിൽ
ചന്ദ്രനന്നേരംപതിയ്ക്കുമെന്നാകയാൽ
ചന്ദ്രഹാസാഭിഖ്യനാണിവൻനിർണ്ണയം
മന്നിടങ്ങൾക്കുള്ളധീശനായീട്ടുപോ
നെന്നിതുംക്രൂടിധരിച്ചിരിയ്ക്കേണമെ
അന്തണേന്ദ്രന്മാരനുഗ്രഹിച്ചാലതി
ന്നന്തരംവന്നീടുകില്ലഞാനാദരാൽ
കെല്പേറുമീഭവാന്മാരിട്ടയുക്തമാ
മിപ്പേരുതന്നെവിളിച്ചുകൊണ്ടീടുവൻ
എന്നനന്തച്ചൊന്നക്രൂപ്പകുളിന്ദനാം

മന്നവൻവിപ്രരെവിട്ടയച്ചീടിനാൻ
സാധുലഗ്നേ പർവിളിപ്പിച്ചുസാദരം
കാതുകുത്തുംകഴിപ്പിച്ചുകൊണ്ടങ്ങിനെ
സമ്പന്നിദാനമാമച്ചന്ദ്രഹാസനെ
തമ്പതിയോട്ടംവളത്തിത്തുടങ്ങിനാൻ
പൊന്നുംപൂചിനഖംമോതിരംതൊട്ടുള്ള
മിന്നുംപലമണിമാലയുംഹാരവും
മന്ദംകിലുങ്ങിവിളങ്ങുംവളകളു
മെന്നല്ലനല്ലരത്നാംഗുലീയങ്ങളും
സ്വർണ്ണത്തൽകൊണ്ടുനെയ്തുള്ളപൂഞ്ചേലയും
വർണ്ണനീയോജ്ജ്വലൽകാഞ്ചീകലാപവും
കുണ്ഡലശ്രീമഞ്ജുമഞ്ജീരയുഗ്മവും
മണ്ഡനംസർവ്വമണിഞ്ഞുള്ളഭംഗിയെ
കണ്ടുവാഴ്ക്കുന്നസന്തോഷോദയംകൊണ്ടു
മിണ്ടുവാനാവതല്ലാതെമയങ്ങിയും
സത്യംകൃതാർത്ഥനായ് വന്നുഞാനെന്നുമ
സ്സത്യന്തതുഷ്ടമായെന്നുചിന്തിയ്ക്കയും
പങ്കത്തിലോടിക്കളിയ്ക്കുമ്പൊഴുംപിടി
ച്ചങ്കത്തിലാക്കിപ്പുണർന്നുസുഖിയ്ക്കയും
തങ്കരമ്യാഭമായ്ക്കാണുന്നപൂമേനി
തങ്കരത്താലെതലോടിലാളിക്കയും
ശർക്കരാപായസാദിഭക്ഷണംനൽകിയും
സൽക്കഥാസാരംപറഞ്ഞുകേൾപ്പിയ്ക്കയും
തൻകളികോപ്പുള്ളതെല്ലാമെടുപ്പിച്ചു
തക്കവണ്ണംകളിപ്പിച്ചുങ്ങിരിയ്ക്കയും
എത്രയുംസ്നേഹിച്ചുചെയ്യുംപിതാവുത
ന്നുത്രസൽഭാവാദികണ്ടുകണ്ടന്വഹം
വിസ്മയിച്ചന്യകാര്യങ്ങളെമിക്കതും
വിസ്മയിച്ചുംകൊണ്ടിരിയ്ക്കുംദശാന്തരെ

ചന്ദ്രഹാസൻ ചാരുശീലൻമനോഹരൻ
ചന്ദ്രഹാരാദിയെക്കാളുംവിളങ്ങവെ
വെണ്മയേറുംയശോലക്ഷ്മീവിശിഷ്ടമായ്
നന്മയേറുംഗുണംകൊണ്ടണിഞ്ഞങ്ങിനെ
ജൃംഭിതാനന്ദംകലൎന്നദ്ദേഹംവിനാ
തമ്പിതാവിങ്കലുംമാതാവ്വതങ്കവും
ഭക്തിയുംഭീതിയുംപ്രീതിയുംനീതിയും
സക്തിയുംതാഴ്ചയുംകയ്ക്കൊണ്ടനാരതം
ദുസ്വതന്ത്രത്വവുംബാല്യചാപല്യാദി
ദുസ്വഭാവങ്ങളുംവിട്ടുപിത്രാജ്ഞയെ
നിശ്ചലംമാനിച്ചനിഷ്ഠയോടുംനിത്യ
മശ്ചരന്നുള്ളാശയോടൊന്നിച്ചുംനിശം
മന്ദമന്ദംവളൎന്നീടിനാൻവെന്തിങ്ക
ളെന്നപോലെതദാധാത്രീഫലപ്രദാ
നിഷ്പ്രയത്നംവിളഞ്ഞേററംവിളങ്ങിനാൾ
തൽപ്രജാവൃന്ദംസദാനന്ദപൂരിതം
കുംഭംനിറയ്ക്കുന്നദുഗ്ദ്ധപൂരംഗത
സ്തംഭംകറക്കുന്നഗോക്കളിൽസൎവ്വദാ
ക്ലേശംമുടിഞ്ഞുതെളിഞ്ഞുസുഭിക്ഷമായ്
ദേശംസമസ്തംപ്രശസ്തലക്ഷ്മീമയം
മുത്തൊടുമോൎത്തുകണ്ടാലുഭവാനെവ
മസ്തോകമച്ഛൃതോപാസകപ്രാഭവം
അച്ഛൻനരേന്ദ്രൻകുളിന്ദൻമനംകുള
ൎത്തശ്ചരന്നബുദ്ധിയാമിച്ചന്ദ്രഹാസനെ
വൎണ്ണപാഠത്തിനായേഴാംവയസ്സില
വൎണ്ണമാക്കീടിനാൻപാഠകോപാന്തികെ
അക്ഷരശ്രേണീവിനിൎണ്ണയംചെയ്തുക
ണ്ടക്ഷണനബുദ്ധിമാനായുള്ള ബാലകൻ
ര ണ്ടക്ഷരംഹരിയെന്നുള്ളതാശയെ

കുന്റതത്വഹീനംപരിഗ്രഹിച്ചീടിനാൻ
തജ്ജപംചെയ്തുകൊണ്ടന്യവർണ്ണങ്ങളെ
വർജ്ജനീയങ്ങളെന്നങ്ങുവിട്ടീടിനാൻ
ചൊല്ലുകെന്നെത്രയുംചൊല്ലിക്കൊടുക്കിലും
ചൊല്ലുകില്ലൊന്നുമെന്നാകയാൽപാഠകൻ
ക്രുദ്ധഭാവത്തോടുമോതീടിനാൻനിന
ക്കൊത്തതില്ലിക്കണ്ടശീലമെൻബാലക
നിന്നുടെനിർബ്ബന്ധമെന്തിതയ്യോഹരി
യെന്നുതന്നെകഥിയ്ക്കുന്നുനീയെപ്പൊഴും
മററക്ഷരങ്ങളെവിട്ടിരിക്കുന്നുനീ
ചെററെങ്കിലുംപഠിയ്ക്കുന്നില്ലിതത്ഭുതം
അർഭകൻചൊല്ലിനാനേററംവിനീതനായ്
അല്പവുംകോപംവഹിയ്ക്കൊല്ലസൽഗുരൊ
ഒന്നറിഞ്ഞീടേണമെഭവാനീഹരി
യെന്നാരണ്ടക്ഷരംഞാനുരയ്ക്കുന്നതിൽ
സിദ്ധംസമഗ്രമായുള്ളവർണ്ണാമ്നായ
മുക്തംപ്രധാനമീരണ്ടക്ഷരംപരം
തിർണ്ണംപുറപ്പെടുന്നില്ലൊന്നുമന്യമാം
വർണ്ണംമദാനനെനിന്നിട്ടുനിർണ്ണയം
കിങ്കരൻതന്നൊഭവാന്മാർക്കൊന്നിന്നു
ശങ്കയില്ലെങ്കിലുംചെയ്യുന്നതെന്തഹൊ
ഡിംഭികോക്തംശ്രവിച്ചാശുനാകംഗുരു
മുമ്പിലത്തെക്കാൾകയർത്തുകൊണ്ടങ്ങിനെ
തയ്ക്കുന്നതിന്നർഹമായുള്ളചൂരലും
കയ്യ്ക്കൊണ്ടുപാരംപരിശ്രമിച്ചോതിനാൻ
ഒക്കുകില്ലിച്ചൊന്നതൊന്നുംപഠിയ്ക്കനീ
യൊക്കവെവർജ്യങ്ങളായവർണ്ണങ്ങളെ
തല്ലുകിട്ടാതെകഴിയ്ക്കേണമെങ്കിലൊ
കില്ലുകൂടാതെകകേതിചൊല്ലീടുനീ

നിസ്സരിയ്ക്കാതിരിയ്ക്കില്ലനീയെത്തുമെ
മത്സരിയ്ക്കാതെപഠിച്ചുകൊണ്ടാൽമതി
തൽകോപശാസനംകേട്ടനേരത്തിക
ലകോമളാംഗൻകുളിന്ദരാജാത്മജൻ
വിഖ്യാതിമാൻമഹാസാരവേദീജഗ
ന്മുഖ്യാധികൻമഹാഭീതൻകണക്കിനെ
മന്ദമന്ദംപറഞ്ഞീടിനാൻദോഷ്ക്കല്ലെ
മുന്നമെഞാനുണത്തിച്ചതൊട്ടെങ്കിലും
നിണ്ണയമാമെനിത്യഹര്യക്ഷരദചായീ
വർണ്ണനംചെയ്യുംരസജ്ഞാരസാത്ഥിനി
തെല്ലെങ്കിലുംചലിയ്ക്കുന്നില്ലമററൊന്നു
ചൊല്ലുന്നതിനൊന്നുമൂലംദിവാനിശം
ജപ്യംഹരിശ്രേഷ്ഠനാമംജപിയ്ക്കുവൻ
ലഭ്യംതദാതദാലാപാലശേഷവും
മററുശാസ്ത്രങ്ങൾകൊണ്ടെന്തുസാദ്ധ്യംമഹാ
തെററുതന്നെവൃഥാപാഠശ്രമഭ്രമം
കീത്തനീയംഹരിശ്രീനാമമുത്തമം
പാത്തലെയാതൊന്നിലില്ലപാത്താലതു
ശാസ്ത്രമാകില്ലതൻനാമമില്ലാതുള്ള
ശാസ്ത്രജാലംപുരാണാദ്യങ്ങളെന്നിവ
കേൾപ്പതിനെങ്കിലുംകൊള്ളുന്നതല്ലപ
ത്മോത്ഭവൻതന്നെകഥിയ്ക്കുമെന്നാകിലും
ചന്ദ്രഹാസൻെറകഥാശേഷമാദരാ
ലിന്ദ്രസൂനൊകൾക്കസന്തോഷപോഷകം
കന്മഷഘ്നംകൃഷ്ണഭക്തിസംവദ്ധനം
സന്മനോരമ്യമെന്നുചാവ്യാഹീനംപരാ
ക്രുദ്ധചിത്തൻഗുരുബാലകോക്തംകേട്ടോ
രുത്തരംചൊല്ലാതെഴുന്നേററുസതപരം
പുഷ്കരാജാന്തികംപുത്രഭദ്രാത്ഥിയാ

മക്കളിക്ഷ്മാപാലനോടോതിനാൻ
ത്വൽക്കുമാരന്റെചരിത്രംവ്യഥാകരം
സൽഗുണാംബോധയെന്നുപേന്ദ്രകേൾക്കേണമെ
വർണ്ണക്രമംപഠിയ്ക്കില്ലിവൻവേണ്ടുന്ന
വണ്ണംകുറഞ്ഞൊന്നുമെന്നതോന്നുന്നുമെ
സുന്ദരവ്യക്തവാക്കായിസ്വയംഹരി
യെന്നുരണ്ടക്ഷരംമാത്രംദിവാനിശം
ജല്പനംചെയ്യുന്നുചൊല്ലിക്കൊടുക്കുന്ന
തല്പവുംചൊല്ലുമാറില്ലെന്നിതത്ഭുതം
തന്നുടെനാക്കിൽനിന്നന്യാക്ഷരങ്ങളി
ലൊന്നുപോലുംപുറപ്പെട്ടിടുന്നില്ലപോൽ
വയ്ന്നുക്രൂടുന്നൊരുദ്ഭുതസഞ്ചാരമൊ
തമ്പുരാനെചന്ദ്രഹാസങ്കലിങ്ങിനെ
കുണ്ഠയാംബുദ്ധിയ്ക്കുകാരണംതന്ദ്രിയൊ
കണ്ടറിഞ്ഞീലതിൻതത്വംമഹാമതെ
ത്വൽസമ്മതംകിട്ടിയെങ്കിൽപ്രശാസനം
വത്സങ്കലല്പംനടത്തിനോക്കീടുവൻ
മന്നവൻതൽഗിരംകേട്ടുചൊല്ലീടിനാൻ
നന്ദനൻചന്ദ്രഹാസൻമെബഹുപ്രിയൻ
ദൈവദത്തൻദണ്ഡ്യനാകുന്നതെങ്ങിനെ
നൈവചിത്തംതൽപ്രഹാരാദിശാസനെ
എങ്കിശോരൻഹരിയെന്നൊഴിഞ്ഞെത്തുമെ
തെങ്കിലുംതാൻപഠിയ്ക്കായ്ക്കയാലൂഴിയിൽ
നന്മകെട്ടുള്ളൊരുമൂഢനാമെങ്കിലും
നമ്മളെപ്പാലിയ്ക്കുമെന്നുള്ളതൊട്ടഢം
സല്പവിത്രംതച്ചരിത്രംവിചിത്രദം
ത്വല്പരിജ്ഞാതമല്ലെങ്കിലോതീടുവൻ
ഏകാദശീദിനെഭക്തിമാനാഹാര
മാകാനമുക്കെന്നുനിശ്ചയിച്ചാദരാൽ

പാനീയപാനവുംക്രൂടെവെടിഞ്ഞുവി
ജ്ഞാനീയമംവഹിച്ചാത്മപാത്മാന്തരെ
ഗാഢംഹരിദ്ധ്യാനമോടുംവസിയ്ക്കുന്ന
ഗൂഢംകിശോരസ്വഭാവമെതാദൃശം
ബാലാനുവത്തനംഞങ്ങൾക്കുമട്ടിന്നെ
കാലാനുകൂലമാംകർമ്മംസുഖാവഹം
മാലാകുമന്യഥാചെയ്താലതിന്നൊരു
മാളാകയില്ലെന്നറിഞ്ഞുകൊണ്ടിക്ഷണെ
സ്വാനുകമ്പംഭവാനങ്ങുചെന്നെന്നുടെ
സൂനുതന്നെപ്പിരിച്ചിങ്ങയയ്ക്കേണമെ
ജ്ഞാനശീലൻബാലനന്യശിക്ഷാദുഃഖ
ഹീനനായിട്ടിരിയ്ക്കട്ടെയഥാസുഖം
എട്ടാമതാകുംവയസ്സിലുണ്ടായിട്ട
മിഷ്ടോപനീതികാലത്തിലുദ്യോഗവാൻ
പുത്രകൻവേദംപഠിയ്ക്കുംസമസ്തവു
മത്രപോരുംപോകവിപ്രൌഘരത്നമെ
പാർത്ഥിവോക്തംകേട്ടുപാരംപ്രസാദിച്ചു
പാർത്തിരിയ്ക്കാതെഗുരുദ്വിജാഗ്രേസരൻ
യാത്രയുംചൊല്ലിനടന്നാശേഷംവന്നാ
നെത്രരമ്യാകാരനായുള്ളബാലനെ
കെട്ടിപ്പുണന്നുകൊണ്ടിത്ഥമോർത്തീടിനാ
നൊട്ടല്ലമെപുണ്യപൂരംനിനയ്ക്കുകിൽ
ശ്രീവിശ്രുതാചാരദാക്ഷ്യാദിയുക്തനാ
മീവിഷ്ണുഭക്തനായുള്ളൊരുപുത്രനാൽ
ഭാവിതൻഞാനതുദേശാദിസർവ്വവും
പാവിതംമാമകംഭാസ്വരംസാമ്പ്രതം
വേറെവിധത്തിലുള്ളാത്മജന്മാരെന്തി
നേറെവൃഥാപരദ്രോഹത്തിനൊശിവ
പോതകന്മാരേററമുണ്ടാംഭുജംഗിയ്ക്കു

ബാധകന്മാർദുർദ്ദരാശനന്മാരവർ
സാരാശയൻമാമകീനന്ദീനന്ദനൻ
നാരായണാക്രാന്തചിന്താപരായണൻ
ഞാനിവൻതമ്പിതാവാകവാനെന്തൊന്നു
ഹാനിഹീനംപുരാചെയ്തതെൻദൈവമെ
ദാനവ്രതങ്ങളൊപഞ്ചാഗ്നിമദ്ധ്യത്തി
ലൂനംവരാതെതപംചെയ്തുകെന്നുള്ളതൊ
എന്തെങ്കിലുംചെയ്തിരിപ്പുണ്ടതിൻഫലം
ജാതംകലുക്കമില്ലെന്നുറച്ചാത്മനാ
പ്രേമസന്തോഷപീയൂഷസിന്ധൌമറി
ഞ്ഞാമയംകൈവെടിഞ്ഞാറാടിയന്നാഹം
നാനാജനസ്നിഗ്ദ്ധനായുള്ളപുത്രനെ
ത്താനായവണ്ണംസുഖിപ്പിച്ചനാരതം
വാഴുന്നനാളിലാച്ചന്ദ്രഹാസൻവയ
സ്സേഴുംകഴിഞ്ഞെട്ടിലായെന്നുകാണ്കയാൽ
താതൻകുളിന്ദൻമുകന്ദസേവാരതൻ
പ്രീതൻമഹാഘോഷപൂർവ്വായഥാവിധി
മംഗളാമ്നായഹോമാനന്തരംവിപ്ര
പുംഗവാരാധനംചെയ്തുസമ്മോദനം
അംഗസംയുക്തമാംവേദോപദേശവു
മങ്ങവനായിട്ടുചെയ്യിച്ചസാദരം
വേദസാരാകാരനായുള്ളദേവനെ
മോദമോടുള്ളിൽഗ്രഹിച്ചുള്ളബാലകൻ
ഖേദമെന്യേപരംപഠിച്ചീടിനാനൊരു
വേദമെല്ലാതെഹരിദ്ധ്യാനപൂർവ്വകം
തത്തത്വസാരംവിലോകിച്ചുഭക്തിയോ
ടിത്ഥംപ്രഹൃഷ്ടനായോതീടിനാനവൻ
ബുദ്ധ്യാനിനയ്ക്കുകിൽബോദ്ധ്യങ്ങളാംശ്രുതി
സ്മൃത്യാഗമങ്ങൾതൊട്ടുള്ളവതൊക്കെ

സത്ത്വാത്മകൻമമസ്വാമിതാൻമുഖ്യമാ
യത്യാദരാഗീയമാനമാംദൈവതം
മദ്ദൈവഹീനമായുള്ളോരുസാധനം
മത്സൃഷ്ടിയിൽപെടുന്നില്ലൊരുദിക്കിലും
സർവ്വാംഗമാമ്നായസാരാർത്ഥമവ്യയം
നിർവ്വാണകാരണംവസ്തുനാരായണൻ
സംപ്രീതനായ്‌വിളങ്ങട്ടെമറക്കാമ്പി
ലെൻഭീതിഭാവംനശിയ്ക്കുവാനെപ്പോഴും
എന്നിത്തരംപരംപ്രാർത്ഥിച്ചനന്തരം
ധന്യതമേറുംധനുർവ്വേദവുംമുദാ
നിഷ്പ്രയാസംവീരനഭ്യസിച്ചീടിനാ
നപ്രകാരംകേൾക്കവിസ്മയംപാണ്ഡവ
ഫല്ഗുനാകുമങ്ങന്നതിങ്കലബ്ജാക്ഷനാം
സ്വാതായലക്ഷംസമർപ്പിച്ചസുസ്ഥിരം
സാദ്ധ്വിയായിട്ടുള്ളഭക്തയാംവില്ലതിൽ
സാത്വികംസൽഗുണംബന്ധിച്ചുതൽക്ഷണം
തഞ്ചിത്തമാംശരംചൊവ്വോടയച്ചിട്ടു
തഞ്ചത്തിലങ്ങിനെകൊള്ളിച്ചുലാക്കതിൽ
ററലക്ഷമിച്ചൊന്നവണ്ണമെദ്വേഷ്ടികൊ
ണ്ടാലസ്യമെന്നിയെകാണാതിരിപ്പവർ
അർദ്ദിതന്മാരായ്‌വരുന്നലക്ഷത്തിനാ
ലസ്ഥിതിയ്ക്കുളമെപാത്രമായീലിവൻ
ചന്ദ്രഹാസന്റെശരീരത്തുണീരത്തിൽ
നിന്നുതാനെപുറപ്പെട്ടൊരഞ്ചമ്പുകൾ
ചെന്നാണഞ്ഞതല്ലൊജനാർദ്ദനസ്വാമിയാ
കുന്നചൊല്ലേറുനാലക്ഷ്യത്തിലത്ഭുതം
ഇത്തരംതന്നെധനുർവ്വേദമഭ്യസി
ച്ചുത്തമൻകമ്പിട്ടുകൃപ്പിഗുരുക്കളെ
സമ്പൂജനംചെയ്തുഹംസപ്രവിഷ്ടനാ

യ്ക്കമ്പോദയംപൂണ്ടകുണ്ഡലംരണ്ടുമെ
മുന്നെതിലുംവിളങ്ങീടവെകയ്യ്ക്കൊണ്ടു
മന്ദേതരംതൽഖലീനംവലിയ്ക്കയാൽ
തദ്വാജിവക്ത്രംനമിപ്പിച്ചുസാദരം
സദ്വാചികംഗുരുശ്രേഷ്ഠരോടോതിനാൻ
തെല്ലുംഭ്രമംമനസ്സിങ്കലിപ്പോളിനി
യ്ക്കില്ലെങ്കിലിന്നെമൂഢനാകുംഹരിസ്ഥിതൻ
അത്ഭുതംപൂണ്ടപ്പൊളൎജ്ജുനൻചൊല്ലിനാ
നപ്പുറംകേൾക്കവാനേറുംത്വരാധരൻ
ചന്ദ്രഹാസന്റെചരിത്രംമനോഹരം
ചന്ദ്രശുഭ്രാകൃതെചാരുബുദ്ധെമുനെ
ചൊല്ലുള്ളശുദ്ധനാമീശ്വരൻവൈഷ്ണവൻ
ചെല്ലുന്നരാജ്യങ്ങൾപൂജ്യങ്ങളാകുമെ
സഭ്യസിദ്ധാചാരസന്മാന്യശീലനാ
യഭ്യസിച്ചാനീധനുൎവ്വേദമാത്മനാ
എപ്പൊഴിപ്പുണ്യവാന്തന്നുടെദൎശനം
കിൽബിഷഘ്നംമെകൃപാമൃതാംഭോനിധെ
ഔത്താനപാദൻനഭസ്സിൽസദാസാധു
ചിത്താനുകൂലൻവിഭീഷണൻലങ്കയിൽ
ഭക്തൻമഹാബലിനാഗലോകെഹരി
സ്നിഗ്ദ്ധൻപിതാമഹൻനാകലോകെദ്രുഹം
എപ്പൊഴുംസൎവ്വത്രസഞ്ചരിയ്ക്കുംഭവാ
നിപ്പൊഴിങ്ങെന്മപുണ്യപൂൎത്തിയാലെത്തിനാൻ
ത്വൽകൃപാനുഗ്രഹംകൊണ്ടിനിസ്സത്വരം
സൽകൃതിശ്രേഷ്ഠനാമച്ചന്ദ്രഹാസനെ
കണ്ടീടുവൻഞാൻകൃതാൎത്ഥനായീടുവൻ
മണ്ടീടുമന്നേരമാപത്തശേഷവും
ദുഃഖദാഹാദിദുൎബ്ബാധയാപഹം
തല്ക്കഥാശേഷപീയൂഷംകഥിയ്ക്കുമെ

ഉല്ഭടവ്യാപാരകാരിയാംയൌവനം
പുക്കശേഷംചെയ്തതെന്തുവാൻപുണ്യവാൻ
സംഹൃഷ്ടനായുരചെയ്താൻതപോധന
നംഹസ്സടങ്ങുംതദീയംകഥാമൃതം
തന്ദ്രികൂടാതെകഥിയ്ക്കുവൻകൌന്തേയ
ചന്ദ്രഹാസൻബ്രഹ്മവിദ്യാവിശാരദൻ
ക്ഷത്രനീതിക്ഷമാരക്ഷണോപായാദി
ചിത്രംവിജ്ഞേയശാസ്ത്രാൎത്ഥങ്ങളുംക്രമാൽ
മത്തദ്വിപസ്യന്ദനാശ്വങ്ങളിൽചേൎന്നു
യുദ്ധപ്രകാരവുംബോധിച്ചുമാനസെ
നിത്യവുംവിഷ്ണുപൂജാജപധ്യാനാദി
കൃത്യവുംചെയ്തുമുതൃന്നവനാങ്ങിനെ
പത്തുമഞ്ചുംവയസ്സായനാൾവീൎയ്യസ
മ്പത്തുകൊണ്ടാൎയ്യാത്മജൻകണക്കിനെ
നിസ്തുലതപംപൂണ്ടശേഷംവിനീതിയോ
ടൊത്തുകൂപ്പിപിതാവോടൊന്നുണൎത്തിനാൻ
താതസൽക്കാരുണ്യശീലകാൎയ്യാകാൎയ്യ
ബോധവാനാകുംഭവാനിന്നുമാനസെ
സന്ദേഹമെന്നിയെദിഗ്ജയംചെയ്യുവാ
നെന്നെനിയോഗിച്ചയയ്ക്കുകിൽഗഛന്നുഞാൻ
ത്വൽബലത്താലെസമസ്തമാംരാജകം
ശഷ്പതുല്യംരണെവെന്നിട്ടുതൽക്ഷണെ
ചിത്തംകലങ്ങാതനേകദ്രവ്യങ്ങളാം
വിത്തങ്ങളെക്കൊണ്ടുവന്നീടുവൻദ്വന്ദം
ജന്യങ്ങളിൽജയിച്ചീടുവാൻപോരുന്ന
സൈന്യങ്ങളേയുംസമാനയിച്ചീടുവൻ
തൽകുമാരോക്തംശ്രവിച്ചുശേഷംചിരി
ച്ചുകുളിന്ദൻപ്രേമഭീതനായോതിനാൻ
എന്മകൻനീയേകനെങ്ങിനെചെയ്യുമീ

കമ്മമിങ്ങില്ലാഭടന്മാർനിനയ്ക്കുകിൽ
മന്നവന്മാർസൈന്യശക്തിയോടൊത്തവ
രിന്നവക്കെത്താപരാജയംനിശ്ചയം
എങ്കിലുംനീസഹായാത്ഥംമനസ്സുകൊ
ണ്ടെങ്കലുംകാക്കുന്നദൈവമാംശാർങ്ങിയെ
മുന്നാടത്തിക്കൊണ്ടുനിർഗ്ഗമിയ്ക്കുന്നുവോ
നന്നുടൻകൈവരുംനിന്നുടെകാമിതം
ഒന്നറിഞ്ഞീടണംകുന്തളാധീശനാം
മന്നവൻതങ്കീഴിലെത്രെമമസ്ഥിതി
ധൃഷ്ടധീയെന്നുള്ളതന്മന്ത്രിനായകൻ
ദുഷ്ടനായിശതഗ്രാമദേശങ്ങളെ
തന്നിരിയ്ക്കുന്നുനമുക്കരക്ഷിയ്ക്കുവാൻ
തന്നിദേശംമാനനീയംമമാത്മജ
എങ്കിലിക്കുന്തളാധീശൻെറവൈരിക
ളെങ്കലുംവൈരംകലന്നിതിപൈപരികൾ
മത്താശയന്മാർമഹാശക്തിശാലികൾ
യുദ്ധാശയാവന്നുനേത്തുപലപ്പൊഴും
മദ്ദേശരക്ഷാധികാരാദിസവ്വവും
വിദ്വേഷബുദ്ധിയോടുംമുടിയ്ക്കുന്നവർ
മന്ദിതന്മാരിന്നുനിന്നൊത്തുവിയ്ക്കുയാ
ലെന്നിതങ്ങൊത്തുപോരായാലുംയഥാത്ഥം
താതവാക്യങ്ങളെകേട്ടശേഷംമഹാ
ബോധവാനായുള്ളചന്ദ്രഹാസൻബലീ
സാദരംവന്ദിച്ചുണത്തിച്ചുതാതദാ
മോദരൻതന്നെനമുക്കൊരാലംബനം
തൽകൃപാലേശമുണ്ടായാലസാരനും
കയ്ക്കലാകുംജയംകാണാപരാജയം
ദൈവകാരുണ്യമില്ലായ്കിൽബലാദികം
സവ്വവുംനിഷ്ഫലംശങ്കയില്ലേതുമെ

എന്നിരിയ്ക്കുമ്പോളിനിയ്ക്കെന്തുസംശയ
മിന്ദിരാനാഥനാംകാരുണ്യമൂൎത്തിയെ
ചിന്തിച്ചുഞാൻഗമിയ്ക്കുന്നേൻതുണയ്ക്കുവാ
നെന്തിന്നുസേനാഭടന്മാരിനിയ്ക്കിഹ
എന്നാവാക്യക്കൾകൊണ്ടച്ഛനുമാനസാ
നന്ദപൂരംജനിപ്പിച്ചുകില്ലെന്നിയെ
തന്നമ്മയെക്കണ്ടുവന്ദിച്ചനുഗ്രഹം
തന്നാങ്ങയയ്ക്കേണമെന്നപേക്ഷിയ്ക്കയാൽ
എന്മകൻകൃഷ്ണനെച്ചിന്തിച്ചുപോവുകെ
ന്നമ്മയുംനന്മയുള്ളാശിഷംനൽകിനാൾ
ചന്തമോടായതുംകയ്ക്കൊണ്ടനന്തര
മന്തണന്മാരെനമസ്കരിച്ചീടിനാൻ
വിപ്രരുമന്നായനുഗ്രഹിച്ചീടിനാ
രൾപ്രസാദംകലൎന്നാശിസ്സുമേകിനാർ
എന്നിതെല്ലാമെപരിഗ്രഹിച്ചെത്രയും
നന്ദിതേടുംവിഷ്ണുസേവകൻബാലകൻ
വില്ലുംശരാദിയുംകയ്ക്കൊണ്ടുവേഗേന
ചെല്ലുംരഥത്തിലാരൂഢനായങ്ങിനെ
ഒത്തനാലഞ്ചുതേരാളികൾതമ്മോട
മുത്തമേലഗ്രേപുറപ്പെട്ടുനിൎഭയം
ശത്രുഭാവംപൂണ്ടിരിയ്ക്കുന്നവീരരാം
ക്ഷത്രിയന്മാരുടെപത്തനംതോറുമെ
എത്തിയുദ്ധത്തിനായേററമുദ്യുക്തനായ്
പൃത്ഥ്വിയിൽപേർകൊണ്ടെഴുന്നരാജാക്കളെ
വെക്കംവിളിച്ചുചൊല്ലീടിനാൻവീരരെ
നിഷ്കമ്പമിക്കണ്ടനിങ്ങളെല്ലാവരും
കപ്പംതരേണമിങ്ങല്ലെങ്കിലിന്നേര
മൊപ്പംരണംചെയ്യിനെന്നുകേട്ടപ്പൊഴെ
ഒപ്പംചെറുത്തുള്ളരാജാക്കൾഭേസിച്ചു

സർപ്പംകണക്കെകയർത്തടുത്തീടിനാർ
തങ്കരത്തിൻബലംകൊണ്ടങ്ങുതൽക്ഷണെ
വങ്കരുത്തുള്ള വർതമ്മെരണാങ്കണെ
വെന്നുതങ്കീഴിലാക്കിത്തുടങ്ങീടിനാ
നിന്ദ്രപത്മങ്ങളെയെന്നപോലർജ്ജുന
നാരായണസ്വാമിതങ്കഥാപീയൂഷ
പാരായണത്തിങ്കൽനിന്നുപേടിച്ചുടൻ
കാലേയദോഷങ്ങൾപോലെമഹായുദ്ധ
കാലെകളിന്ദജൻതങ്കൽനിന്നിട്ടഹോ
പാരംഭയപ്പെട്ടപാർത്ഥിവാധീശ്വര
ന്മാരങ്ങുമണ്ടിത്തിരിച്ചൊളിച്ചീടിനാർ
ആയതാലോകനംചെയ്തുചേതസ്സുകൊ
ണ്ടായതാക്ഷൻചന്ദ്രഹാസനോർത്തീടിനാൻ
കഷ്ടമീമന്നവന്മാരഹങ്കാരികൾ
പുഷ്ടരാജ്യൈശ്വര്യദർപ്പണമോഹികൾ
ദുഃഖഹർത്താവാംമുകുന്ദനെമാനിച്ചു
തക്കവണ്ണംഭജിക്കായ്കയാലിങ്ങിനെ
ഏകരപ്രേരിതാസ്ത്രംകൊണ്ടുപീഡിച്ചു
സങ്കടപ്പെട്ടുനില്ക്കാവതല്ലായ്കയാൽ
സ്യന്ദനാശ്വങ്ങളേയുംവെടിഞ്ഞതി
ക്രന്ദനത്തോടുംസ്വജീവിതംകാക്കുവാൻ
ദിക്കുതോറുംപുക്കൊളിച്ചാരഹോമഹാ
ധിക്കുതാൻദൈവാനുകൂല്യഹീനംബലം
മൽഗ്രസ്തമായുള്ള രാജകംകാക്കുവാ
നഗ്രസ്ഥനായൊന്നൊത്തുകൂടുവാനാരുവാൻ
എന്നുടെതമ്പുരാനംഭോരുഹേക്ഷണ
നൊന്നിയെമറ്റൊരാളില്ലെന്നുനിർണ്ണയം
എന്നവർദ്ധിയ്ക്കുന്നാക്രമംകൊണ്ടാരെയും
കൊന്നുവീഴ്ത്താതവരെയുംജയിച്ചുടൻ

ചിത്തസന്തോഷംബഹുപ്രകാരേണതാ
നസ്തസന്ദേഹംകരസ്ഥമാക്കീടിനാൻ
നിർണ്ണനീയങ്ങളാസ്സിളങ്ങീടുന്ന
ദുർവ്വർണ്ണനാനാസുവർണ്ണരത്നങ്ങളും
പട്ടുവസ്ത്രങ്ങളുംതൊട്ടുള്ളവസ്തുക്ക
ളിട്ടുപൂർണ്ണങ്ങളായിട്ടുള്ള വണ്ടികൾ
എത്രയെന്നില്ലവയെല്ലാംനടത്തിച്ചു
മിത്രയുക്തൻനിവർത്തിച്ചുഘോഷാന്വിതം
മുത്തണിഛത്രാദിയോടുംമുഴുത്തുള്ള
മത്തനാഗാശ്വാദിയോടുംപതുക്കവെ
തമ്പത്തനെചെന്നുപൂകുമ്പൊഴാമോദ
സമ്പന്നനായ്‌വന്നതാതൻകുളിന്ദകൻ
തൽപ്രജാവൃന്ദാവൃതാംഗനായ്‌ചെന്നിട്ടു
സംഭ്രമത്തോടെതിരേറ്റുകൊണ്ടീടിനാൻ
മന്ദംതദൈവമാതാവായദേവിയും
തന്നന്തരംഗെതെളിഞ്ഞങ്ങിനെ
നിന്നദീപോർദ്ദീപ്തഭാജനംകൊണ്ടുപു
ത്രന്നുനീരാജനംചെയ്താൾതദന്തരെ
സ്യന്ദനംവിട്ടങ്ങിറങ്ങിവിശിഷ്ടനാം
നന്ദനൻചന്ദ്രഹാസാഖ്യൻവിനീതിമാൻ
തിണ്ണന്നുഭക്ത്യാപിതാക്കൾതൻകാക്കലായ്‌
ദണ്ഡംകണക്കെനമസ്കരിച്ചീടിനാൻ
മംഗളാശീർവ്വാദമോടെപിതാക്കളെ
മങ്ങെഴനോല്പിച്ചുനിത്തീടിനാൻതദാ
നന്ദ്യശീലൻകുളിന്ദാത്മജൻവിപ്രാദി
വന്ദ്യലോകങ്ങളെവന്ദിച്ചുണർത്തിനാൻ
ഭക്തിയാക്ളള്ളപിതാക്കളിൽസന്തതം
സിദ്ധിയെല്ലാമവന്നില്ലകില്ലേതുമെ
ഭക്തിയില്ലാതവർനിഷ്ഫലംജീവിച്ചു

ബുദ്ധിയുംകെട്ടുപതിയ്ക്കുന്നഭൂതലെ
ജന്മഹേതുക്കളായ്ക്കാണണൊരശ്ചരന
മമ്മയുംവിഷ്ണുവുംലക്ഷ്മിയുംകേവലം
എന്നെൻമനോഗതംകില്ലതിന്നേതുമി
ല്ലെന്നാങ്ങുരച്ചമ്മയോടുംപിതാവിനെ
സന്തോഷമേറുമാറാശ്ലുസൌവൎണ്ണമാ
മന്തോളമേററിനടത്തിച്ചുമുന്നമെ
തക്കത്തിലച്ഛൻെറപാദുകായുഗമവും
കയ്ക്കൊണ്ടുതാനുംപദാനടന്നീടിനാൻ
കന്ദൎപ്പനാകുന്നദേവൻവണങ്ങുന്ന
സൌന്ദൎയ്യശാലിയാംചന്ദ്രഹാസൻയുവാ
മന്ദമന്ദംമത്തദന്തിപോലങ്ങിനെ
ചെന്നന്നണഞ്ഞെല്ലാചതുഷ്പഥത്തിൽതദാ
പൊന്മെടതോറുംവസിയ്ക്കുംപുരസ്ത്രീക
ളുന്മേഷമോടുംതദാസ്യമാാചന്ദ്രനെ
മെല്ലവെകണ്ടുകണ്ടാശയാംഭോജമുൽ
ഫുല്ലമായുല്ലസിച്ചീടുംഭശാന്തരെ
പൊങ്ങുംമുദാംബുധൌമുങ്ങിനീന്തിക്കളി
ച്ചുംഗംകളത്തേററമത്ഭുതംതേടിനാർ
മന്ദഹാസംചെയ്യൊരുത്തിചൊല്ലീടിനാ
ളെന്നുടെതോഴിനീകണ്ടാലുമന്തികെ
ചന്ദ്രഹാസൻവന്നുചേർന്നുമനോഹരൻ
തന്നുടെനേത്രവാതംകൊണ്ടുസാമ്പ്രതം
സമ്മതിയ്ക്കുന്നുമഹാപാതകങ്ങളെ
നമ്മുടെപാപവുംനഷ്ടമാമിപ്പൊഴെ
എന്നിത്തരംവധൂസംഭാഷണംകേട്ടു
നന്ദിച്ചധീരനാംചന്ദ്രഹാസൻക്രമാൽ,
ഉത്തമന്മാരാംസുഹൃൽപിതൃവ്യാദികൾ
ക്കുദ്ധൃതാനന്ദംവളൎത്തുകൊണ്ടങ്ങിനെ

മന്ദിരംപ്രാപിച്ചുമന്ദംപിതാക്കളെ
മന്നിടത്തിങ്കലിറക്കിവന്ദിച്ചുടൻ
ദിഗ്ജയംചെയ്തുതാനാർജ്ജിച്ചവിത്തങ്ങ
ളൊക്കെയുംനേരെവരുത്തിച്ചുനക്രമാൽ
അച്ഛൻെറമുമ്പിൽസമർപ്പിച്ചുകുംഭിക
ളശ്വങ്ങളെന്നിവറെറയുംനിരക്കവെ
മുത്തുക്കൾപട്ടുപടങ്ങൾതുടങ്ങിയുള്ള
വസ്തുക്കളെയുംതിരിച്ചുകാട്ടീടിനാൻ
ത്വൽകൃപാശക്തികൊണ്ടിത്രയെല്ലാമിന്നു
കയ്ക്കലാക്കിക്കൊണ്ടുവന്നീടിനേനഹം
എന്നിതാവൈഭവാനേററംപ്രസന്നനാ
യെന്നിനോടെല്ലാംവശീകരിയ്ക്കേണമെ
എന്നുണർത്തിയ്ക്കുന്നവീരനാംനന്ദനൻ
തന്നുടെപൂർവ്വമ്പുണർന്നാകുളിന്ദകൻ
മന്നിലിന്നേററംകൃതാർത്ഥനായ്വന്നുഞാ
നുണ്ണിനിന്നാലെചിരായുസ്സുപൂണ്ടുനീ
നന്ദിയേറീടുംപ്രകാരംജയിച്ചാലു
മിന്ദിരാനായകാനുഗ്രഹാലന്വഹം
എന്നുള്ളനുഗ്രഹംനൽകിപ്പെരുത്തുള്ള
പൊന്നുംപൊന്നംരത്നമിത്യാദിസർവ്വവും
ഭണ്ഡാരദേശത്തിലാക്കീവളർന്നപൈ
തണ്ഡാദിയെത്തദീയാഗ്രസ്ഥലങ്ങളിൽ
ബന്ധനംചെയ്യിച്ചുപിന്നെവിശേഷിച്ചു
ബന്ധുവൃന്ദത്തോടുമൊന്നിച്ചുസാദരം
പഞ്ചാരീവാസരെചേരുംമുഹൂർത്തകെ
ഷ്ചഞ്ചലംകൈവെടിഞ്ഞച്ചന്ദ്രഹാസനെ
സാംഗതോഷ്ഠ്യാഗംപ്രജാപാലനാർത്ഥമായ്
തമ്പദെചേർത്തുവേദജ്ഞരാംവിപ്രരാൽ
തത്രാഭിഷിക്തനാക്കീടിനാനന്ദിനെ

ഭദ്രാഭിവൃദ്ധിയോടുണ്ടായൊരുത്സവം
വിപ്രസംഭോജനംവിഷ്ണുസമ്പൂജനം
സൽപ്രധാനംമഹാദാനംയഥാവിധി
മംഗലശ്രീശനാമോച്ചാരണംഘന
മംഗനാഗാനാദിനർത്തനംവർത്തനം
തുംഗനാദോച്ചണ്ഡഭേര്യാദിവാദനം
ശൃംഗശംഖാദികാപൂരണംമോദനം
എന്നിവവിസ്തരിപ്പിച്ചുലോകങ്ങൾക്കു
നന്ദിവർദ്ധിപ്പിച്ചതിന്നുചൊല്ലാവതൊ
ബദ്ധപ്രമോദംമനംമറന്നാബാല
വൃദ്ധംപുരസ്ത്രീപുമാന്മാർചമഞ്ഞവർ
ഉദ്ധതോത്സാഹംപുരംതോറുമാവോള
മുദ്ധവംതത്രപൂരിപ്പിച്ചുഭൂപതെ
മുററങ്ങളെല്ലാമടിച്ചുനനച്ചിട്ടു
മുററുന്നപങ്കംകളഞ്ഞവതോറുമെ
ചന്ദനച്ചാറുംതെളിച്ചുചട്ടററപൂ
വൃന്ദവുംനീളെവിതച്ചുവിളങ്ങവെ
ചന്ദ്രശുഭ്രാഭങ്ങളായുള്ളപുത്തനാം
ചന്ദ്രചൂർണ്ണാദിവസ്തുക്കൾകൊണ്ടങ്ങിനെ
സച്ചതുഷ്കങ്ങളെത്തീർത്തീടിനാരാടി
മെച്ചമേറുംകൊടിക്കൂറകൾകെട്ടിനാർ
ചന്തമേറുംപലതോരണംബന്ധിച്ചു
പന്തലുംനാനാവിതാനവുംകൂട്ടിനാർ
ഭംഗിയേറീടുനാലങ്കാരമോടിക
ളിങ്ങിനെചേർത്തിന്നററമില്ലേതുമെ
പുഷ്ടാഭിലാഷംഫലിയ്ക്കുന്നവണ്ണമെ
പട്ടാഭിഷേകംകഴിഞ്ഞോരനന്തരം
പൌരലോകംസർവ്വമൊന്നിച്ചുതല്ലാദ
പൌരുഷംകയ്ക്കൊണ്ടെഴുംചന്ദ്രഹാസനെ

ചെന്നുകണ്ടാദരിച്ചാനന്ദമുൾക്കൊണ്ടു
നിന്നുകൊണ്ടാടിപ്പുകഴ്ത്തിയഥോചിതം
ചിക്കെന്നുകാഴ്ചകൾവച്ചാർവിശിഷ്ടമാം
സൽഗന്ധപൂരംപരക്കുന്നചന്ദനം
വമ്പുകൂട്ടംനല്ലകസ്തൂരികുങ്കുമം
ചെമ്പകാദിപ്രസൂനാവലീമാലകൾ
കർപ്പൂരമിത്യാദിസാരവസ്തുക്കൾകൊ
ണ്ടുൾപ്പൂകുളുർക്കവെപൂജിച്ചുകൂടവെ
നല്ലകിൽചൂർണ്ണാദിധൂപിച്ചുനീളവെ
ചൊല്ലുകിൽചിത്രമാംഗന്ധംപരത്തിനാർ
അംഗമെല്ലാമണിഞ്ഞങ്ങിനെവന്നണ
ഞ്ഞംഗനാരത്നങ്ങളന്നേരമാദരാൽ
കത്തിയാളുന്നകർപ്പൂരദീപങ്ങളൊ
ടൊത്തിരിക്കുംരത്നപാത്രങ്ങൾകൊണ്ടുടൻ
മന്ദംമുകുന്ദസ്ഥവേനനീരാജന
മെന്നുള്ളകർമ്മംകഴിച്ചുവാങ്ങീടിനാർ
ഗംഭീരനായുള്ളചന്ദ്രഹാസൻതദാ
സംപ്രീതനായവരോടുചൊല്ലീടിനാൻ
ചൊല്ലെഴുംപൌരലോകങ്ങളെനിങ്ങളെൻ
ചൊല്ലുകേൾപ്പിൻവരുംയാമ്യമാംവാസരം
ഭദ്രംതന്നെനമുക്കപാർത്താലിനി
തത്രനല്ലുത്സവംചെയ്യിനെല്ലാവരും
രണ്ടുനേരംഭക്തഭക്ഷണംനിന്ദ്യമാ
മുണ്ടുകൊള്ളേണമനേകവാരംമുദാ
ശ്രദ്ധയോടിത്തരംചെയ്യാതിരിക്കുന്ന
മർത്ത്യനെവൻശത്രുതന്നെനമുക്കവൻ
എന്നപോലേകാദശീദിനംതന്നിലു
ള്ളനാഭോക്താംമഹാശത്രുവെന്നാസ്ഥയും
പാതകൌഘംസർവ്വമേകാദശീദിനെ

ഭീതമായന്നെലയിയ്ക്കുന്നതാകയാൽ
ത്യാജ്യമാമന്നമന്നാളൊന്നരന്മാൎക്ക
ഭോജ്യമാകാഭുജിച്ചീടുകൊല്ലാരുമെ
എന്നൊരയ്മ്പത്താറുനാഡികായുക്തയായ്
നിന്നുകാണുന്നു ദശമ്യാഖ്യയാംതിഥി
രിക്തയാണെന്നതുപിററനാളാസ്സുരം
മുഗ്ദ്ധയായുള്ളമുകുന്ദപ്രിയാതിഥി
തള്ളിനെപാൎത്താലവിദ്ധയാമായതു
ഭക്തിമാന്മാരാലുപോഷ്യയെന്നോൎക്കുവിൻ
ധൎമ്മതാല്പൎയ്യവുംപാപൌഘഭീതിയും
ചിന്മയങ്കൽചീൎത്തഭക്തിയുംപൂണ്ടവർ
ഏതവരാസ്ഥയാരണ്ടുപക്ഷത്തിലും
ജാതമായീടുന്നൊട്ടുരേകാദശിവ്രതെ
സ്വാമിയെദ്ധ്യാനിച്ചുറങ്ങാതിരിപ്പവർ
ഭൂമിയിൽപുണ്യംപെരുത്തുള്ളവൎക്ഞാൻ
ദാസനായ്ക്കന്നൊവസിയ്ക്കുവൻതെല്ലുമെ
ക്ലേശമില്ലായതിന്നെന്നറിഞ്ഞീടുവിൻ
മൂഢത്വമെററിയെന്നിങ്ങളെല്ലാവരും
കൂടസ്ഥനായുള്ള വിഷ്ണുവാംദേവനെ
സാദരംഭാവിച്ചുസേവിച്ചുസത്വരം
സാരസാരംകയ്ക്കലാക്കുവാൻനോക്കുവിൻ
സേവകന്മാൎക്കുള്ള പാപംനശിപ്പിച്ചു
ഭാവുകംനൽകുവാനേകാദശിസമം
കാമാനുകൂലമായേകമെന്തെങ്കിലും
കാഴ്മാനമില്ലകേൾപ്പാനമില്ലെങ്ങുമെ
ശ്രീകാമുകൻനാഥനാകയാൽമുഖ്യമാ
മേകാദശിവ്രതംനിസ്തുലംകേവലം
ഇത്യാദിചന്ദ്രഹാസോപദേശംശ്രവി
ച്ചത്യാദരംപൂണ്ടപൌരലോകംമുദാ

യുക്തംത്വദുക്തംസമസ്തമീവണ്ണമെ
നക്തംദിവംഞങ്ങൾനന്മവന്നീടുവാൻ
ശ്രദ്ധപൂണ്ടാജ്ഞപോലാചരിച്ചങ്ങിനെ
വർത്തനംചെയ്യാമതിന്നില്ലസംശയം
എന്നുണർത്തിച്ചതുകേട്ടുസന്തോഷിച്ചു
ചന്ദ്രഹാസൻമഹാസത്വൻസുബുദ്ധിമാൻ
സുന്ദരസ്വർണ്ണരത്നാംബരൌഘങ്ങൾകൊ
ണ്ടുന്നതാനന്ദംവരുന്നമാറങ്ങിനെ
ഗൌരവംക്കൂട്ടുംദ്വിജന്മാർമുതല്ക്കുള്ള
പൌരവൃന്ദത്തിന്നലങ്കാരമേകിനാൻ
ദുർബ്ബലന്മാരായവൎക്കുംമഹാധനം
കല്പവൃക്ഷംപോലനേകമേകീടിനാൻ
എല്ലാവരേയുംക്രമേണരഞ്ജിപ്പിച്ചു
സല്ലാപപൂർവ്വംപിരിച്ചയച്ചീടിനാൻ
നന്നനന്നൊന്നുപിരിഞ്ഞാരവർകളും
മന്നൊതൊട്ടാൎയ്യനായുള്ളകുളിന്ദജൻ
ചെമ്മെപിതാവിനെസ്സേവിച്ചുമാനിച്ചു
ധൎമ്മേണകാൎയ്യംനടത്തിത്തുടങ്ങിനാൻ
ശുഭ്രഭാവംപൂണ്ടവിപ്രഗേഹങ്ങളും
സുപ്രഭാവംചേൎന്നയജ്ഞസ്ഥലങ്ങളും
വമ്പുകൂട്ടുംപലവിഷ്ണുദേവാലയം
ശംഭുദേവാലയംദുർഗ്ഗാശുഭാലയം
എന്നിവയെല്ലാംവിശേഷിച്ചുതീൎപ്പിച്ചു
പൊന്നിറംതേടുന്നതുംഗധ്വജങ്ങളെ
പൊൻപതാകാങ്കങ്ങളോടുംപ്രതിഷ്ഠിച്ചു
സംഗീതാദ്യാദരാഭ്യൎച്ചാപുരസ്സരം
ബദ്ധകോലാഹലംനിത്യോത്സവാദിയും
പുത്തനായേററംനടത്തിച്ചുസാദരം
സന്ന്യാസിമാൎക്കിരുന്നീടുവാനായുള്ള

ധന്യാഭമാമാശ്രമൌഘവുംനീളവെ
വൈശ്യശൂദ്രാദിവസ്തൌഘവുംശോഭയാ
ദൃശ്യമാംവേശ്യാഗൃഹാദിപ്രപഞ്ചവും
ഹർമ്മ്യങ്ങളുംമണിസ്തംഭസ്ഥലങ്ങളും
രമ്യങ്ങളായുള്ളശാലാശതങ്ങളും
വിക്രയവ്യാപാരവീഥീസ്ഥലങ്ങളു
മക്രമംവിട്ടുള്ളവാണിജ്യവൃത്തിയും
സത്രങ്ങളുംകൂപവാപീഗണങ്ങളും
ചിത്രങ്ങളുദ്യാനകേളീവനങ്ങളും
പുണ്യങ്ങളാകുംപ്രപാപ്രദേശങ്ങളും
വർണ്ണ്യങ്ങളിത്യാദിവേണ്ടുന്നതൊക്കവെ
വർദ്ധിച്ചുവന്നുകുളിന്ദഭൂപാലന്നു
സിദ്ധിച്ചുചക്രവർത്തിത്വസാദൃശ്യവും
മെച്ചംദിനംതോറുമേറിയേറിക്രമാ
ലച്ചന്ദനാവതിയെന്നുള്ളമന്ദിരം
ചന്ദ്രഹാസന്റെഗുണോദയശ്രീമൂല
മിന്ദ്രഗേഹത്തെഹസിയ്ക്കുകെന്നായഹൊ
തൽഗുണംകേൾക്കയാലാസ്ഥയോടുംമററു
ദിക്കുതോറുംനിന്നുപൃത്ഥ്വീസുരാദികൾ
വന്നുവന്നാങ്ങിനെക്കൂടിത്തുടങ്ങിനാർ
വിണ്ണുകൂപ്പീടുംകുളിന്ദരാജാലയെ
തക്കവിത്താദിദാനങ്ങൾകൊണ്ടത്രയും
സൽക്കരിച്ചായവർതമ്മെകുളിന്ദജൻ
തത്തൽപ്രധാനാഗ്രഗേഹങ്ങൾതോറുമെ
ചിത്തപ്രസാദംവരുത്തിയിരുത്തിനാൻ
പുഷ്ടാദരംപൂണ്ടുതൻപട്ടണത്തിങ്ക
ലഷ്ടാദശവിപ്രജാതിയേയുംമുദാ
രക്ഷിച്ചുനന്നായ്വസിപ്പിച്ചുനിത്യവും
ശിക്ഷിച്ചുധർമ്മോപദേശേനസാദരം

സൽകൃത്യവുംവിഷ്ണുദേവനിൽഭക്തിയും
നിഷ്കഷ്ടയോടെവളർത്തിയെല്ലാക്കമെ
സർവ്വദാനാനാപ്രകാരേണചെയ്യുന്ന
സർവ്വദാനാദിപ്രഭാവമോതാവതൊ
വർദ്ധിതാശംചന്ദ്രഹാസാന്തികത്തിങ്ക
ലർത്ഥിയായ്ചെല്ലുംദരിദ്രനായുള്ളവൻ
കിട്ടുന്നസമ്പദംചിത്രംകുബേരനെ
പെട്ടെന്നുതന്നെതൃണീകരിച്ചങ്ങിനെ
നിർഗ്ഗമിയ്ക്കുന്നുസന്തുഷ്ടിയോടുംതെളി
ഞ്ഞതക്കെല്ലാമബ്ജാനനാഭയാസന്തതം
വണ്ണമെപ്പേരുംമുകുന്ദനെവേണ്ടുന്ന
വണ്ണമെഭാവിച്ചുസേവിച്ചുസാദരം
സ്വർഗ്ഗദേശംപുക്കപോലങ്ങൊരിയ്ക്കലും
ദുഃഖലേശംപോലുമുൾപ്പെടാതങ്ങിനെ
തങ്ങൾതങ്ങൾക്കുവിധിച്ചകർമ്മങ്ങളെ
ഭംഗഹീനംചെയ്തുവാണുകൊണ്ടീടിനാർ
നിഷ്കന്മഷതപംകലർന്നുള്ളഭൂദേവ
ഷൾക്കർമ്മപുഷ്ടിയുംഗോരക്ഷണംകൃഷി
വിപ്രശുശ്രൂഷണംനിത്യമിത്യാദിയും
തൽപ്രദേശേമഹാചിത്രംസമസ്തവും
ലക്ഷ്മീശഭക്തനാംപുത്രനാലുണ്ടായ
ലക്ഷ്മീവിലാസാദിവൈഭവംകാൺകയാൽ
എത്രയുംമോദിച്ചുവിസ്മയിച്ചേകദാ
പുത്രനോടായിട്ടിവണ്ണമോതീടിനാൻ
പുത്രഹെചന്ദ്രഹാസശ്രീനിവാസസൽ
ഭദ്രഹെതോകേൾക്കമൽഗിരംസാദരം
സൽക്കാരപൂർവ്വകംകുന്തളാധീശനു
നിഷ്കായുതംധനംകപ്പമേകീടണം
എന്നതിൽപാതിതന്മന്ത്രിയാംധൃഷ്ടധീ

യെന്നവീരന്നംതദർദ്ധസംഖ്യാധനം
തൽക്കളത്രത്തിന്നുമേകേണമിങ്ങിനെ
തക്കംവെടിഞ്ഞുസംവത്സരംതോറുമെ
നിഷ്ക്കൃഷ്ടയോടുംകൊടുക്കുന്നഞാനിന്നു
നിഷ്കൃഷമിച്ചൊന്നവണ്ണംധനങ്ങളെ
വെക്കംകൊടുത്തങ്ങയക്കേണ്ടതല്ലയൊ
ചൊല്ലെഴൊണ്ടസത്വശീലെരൊദാൎയ്യവാരിധെ
ശിഷ്ടശീലൻകുന്തളേശ്വരൻപാൎത്ഥിപൻ
ധൃഷ്ടധീയാംമന്ത്രിമുഖ്യനോടുംതഥാ
വമ്പുകൂടുംഗാലവൎഷിപ്രവീരനാം
തമ്പുരോധസ്സോടുമൊന്നിച്ചഹന്നിശം
തന്നുടെകൃത്യംനടത്തുന്നതാനെങ്കി
ലെന്നുടെകാൎയ്യാധികാരാദിസൎവ്വവും
ധൃഷ്ടധീതന്നെനടത്തുന്നതിന്നിവ
ൾക്കിഷ്ടമേറുംവിധംചെയ്യുനീസാമ്പ്രതം
ഷഷ്ട്യൃാജനാദൂരദേശത്തിലപ്പുരം
തുഷ്ട്യാധരിച്ചുകൊണ്ടാലുമെന്നിങ്ങിനെ
തമ്പിതുപ്രോക്തംശ്രവിച്ചുസംഭാവിച്ചു
സംഭൃതപ്രീതിമാൻചന്ദ്രഹാസൻതദാ
വന്ദനംചെയ്തുണ്ണത്തീടിനാനാശൎയ്യ
വന്നണഞ്ഞീടുംഭവൽപ്രിയംചെയ്യുവർ
മുന്നംകൊടുത്തുപോരുന്നതിൽകൂട്ടിഞാ
നിന്നങ്ങയയ്ക്കുംവൻമുഖ്യവസ്തുക്കളെ
മന്നവൻമുമ്പായമുന്നപേക്ഷംമോദ
മുന്നമിപ്പിയ്ക്കുവാനേകുന്നതൊക്കവെ
വന്ദ്യനാംഗാലവശ്രീമുനിയ്ക്കുംദിവ്യൻ
ധന്യമെരൗലെതാതപുണ്യപൂരപ്രദം
എന്നിവണ്ണംഗ്രഹിപ്പിച്ചുഗാംഭീരനാ
മിന്ദിരാനായകോപാസകൻലീലയാ

മുത്തുക്കൂട്ടംവിധംമൂന്നപേക്ഷംനല്ല
വസ്തുജാലംകൊടുത്തങ്ങയച്ചീടിനാൻ
ഒട്ടകംവാമിയിക്കൂട്ടത്തിനുള്ളോരു
പൃഷ്ഠദേശത്തിലുംവണ്ടികൾക്കുള്ളിലും
കെട്ടിയേററിയെടുപ്പിച്ചഹേമങ്ങളും
തുഷ്ടിയെനൽകുന്നപട്ടാംബരാദിയും
ഉൾത്താരിളക്കുന്നഗന്ധംപരക്കുന്ന
കസ്തൂരികാചന്ദ്രമാലേയജാലവും
സല്ലക്ഷണംചേൎന്നവാരണാശ്വങ്ങളും
കില്ലററവർണ്ണമങ്ങെത്രയുംകൂടവെ
ചിത്രമാംവിജ്ഞപ്തിവാചകംചേൎത്തുള്ള
പത്രവുംകിങ്കരന്മാർവശംചേൎക്കയാൽ
ഒക്കവെകയ്യ്ക്കൊണ്ടുസേവകന്മാരവർ
നിൎഗ്ഗമിച്ചീടിനാർനിർദ്ദേശകാരികൾ
കുന്തളേശാലയത്തിങ്കലായാർപത്മ
ബന്ധുദേവൻമറഞ്ഞീടുമ്പൊഴപ്പൊഴെ
തൽപുരോപാന്തെസരിത്തൊന്നുകാൺകയാ
ലത്ഭുതംകയ്യ്ക്കൊണ്ടുതങ്ങളിൽചൊല്ലിനാർ
ചിന്തനംചെയ്യിനിന്നേകാദശീദിനം
സന്ധ്യയുംവന്നുകണ്ടീലെനമുക്കിനി
സന്മജ്ജനംചെയ്തുശുദ്ധിയോടുംപര
ബ്രഹ്മസ്വരൂപിയാമച്യുതസ്വാമിയെ
സമ്പൂജനംചെയ്കവേണംജനാർദ്ദന
നമ്പോടുഭദ്രംനമുക്കുതന്നീടുമെ
നമ്മുടെകൃത്യംകഴിച്ചശേഷംമന്ത്രി
തമ്മുടെചെന്നുചേൎന്നീടാംപുരാന്തരെ
എന്നുറച്ചാശുസായാഹ്നത്തിലായവർ
ജാഹ്നജാതുല്യമായ്ക്കാണുംനദീജലെ
സ്നാനംകഴിച്ചുനാരായണസ്വാമിയാ

മാനന്ദമൂർത്തിയിൽഭക്തിയോടുംസമം
ധ്യാനപ്രണാമനാമോച്ചാരണാദ്യനു
ഷ്ഠാനപ്രകാരംസമസ്തംനടത്തിനാർ
മൂദ്ധ്ദേശേതുളസ്യാർദ്രപത്രങ്ങളെ
ച്ചേർത്തശേഷംസിക്തശുദ്ധവസ്ത്രങ്ങളെ
മാററിയില്ലമമഗ്നവേഷംകലൎന്നവർ
പോററിയാംമന്ത്രിതൻമുമ്പിലെത്തീടിനാർ
വന്ദനംചെയ്താർയഥാപ്രകാരംതങ്ങ
ളിന്നിവരെന്നുള്ളവിജ്ഞപ്തിപൂൎവ്വകം
ധൃഷ്ടധീയെന്നുള്ളമന്ത്രീശ്വരൻമഹാ
ദൃഷ്ടനന്നേരംമിഴിച്ചുനോക്കീടിനാൻ
പങ്കഹീനാർദ്രവസ്ത്രാദിപൂണ്ടുള്ളതൽ
കിങ്കരന്മാരെവിലോകിയ്ക്കകാരണം
വ്യത്തുകൊണ്ടാചരിച്ചീടിനാൻദൂഷണം
ചത്തുപോയെത്രെകളിന്ദകൻമന്നവൻ
ലങ്കയില്ലിന്നതുകൊണ്ടീവിധത്തിലീ
കിങ്കരന്മാർകുളിച്ചിങ്ങുവന്നീടിനാർ
എന്നഭാവംപ്രകാശിപ്പിച്ചുചോദിച്ചു
മന്നവൻദേശത്താവാകേളിന്ദകൻ
ചത്തതെന്നെത്രനാളായനിഷ്ടോദയം
ചിത്തതാരിൽധരിച്ചീലതിന്നോളവും
ഭൃത്യരെനിങ്ങളോതീടുവിൻനമ്മോടു
സത്യമാംവൃത്തമെന്നിത്തരംകേൾക്കയാൽ
സത്വരംസേവകന്മാർസാരവേദിക
ളുത്തരംവാക്യംമടിയ്ക്കാതുണത്തിനാർ
വന്നൊത്തിയേയ്ക്കാമനിഷ്ടഭാവംവൈരി
വൃന്ദത്തിനാകാകളിന്ദനൊരിയ്ക്കലും
ധന്യനീങ്ങൾക്കനാഥൻകളിന്ദകൻ
വന്യമാലിപ്രിയൻമാലിൽപെടാത്തവൻ

തന്നുവിട്ടെല്ലൊസപത്നീകനാംഭവാ
നിന്നരത്നാദികംപൂൎവ്വാധികംധനം
പുത്രൻദുകൂലഹെമൊപലക്കൂട്ടങ്ങ
ളൎത്ഥങ്ങളൊട്ടല്ലസംഖ്യങ്ങൾക്കൂടവെ
ചൊല്ക്കൊണ്ട ചന്ദനംകസ്തൂരികാഗരു
സൽഗന്ധസാധനംമററുംപലേതരം
എന്നിപ്പദാൎത്ഥങ്ങൾകൊണ്ടുസമ്പൂൎണ്ണങ്ങൾ
വന്നിങ്ങുചേരുന്നതുണ്ടിതാവണ്ടികൾ
മത്തനാഗങ്ങളുംപൊത്താലനേകങ്ങൾ
ചിത്തവേഗംകലൎന്നുള്ളൊരശ്വങ്ങളും
കുന്തളാധീശനിതിൽപരംവസ്തുക്ക
ളന്തരംവിട്ടേഴിരട്ടിതന്നൊനൃപൻ
തന്നയച്ചിട്ടുണ്ടുനൽകുവാനായവ
തന്നരാധീശാലയത്തിലായാകവെ
എന്നണൎത്തിച്ചുനൽകീടിനാർപത്രവു
മെന്നനേരംമന്ത്രിവീരൻപ്രലോഭവാൻ
ചിത്തദേശംതെളിഞ്ഞാത്മാൎത്ഥമായുള്ള
വിത്തമെല്ലാമെപരിഗ്രഹിച്ചീടിനാൻ
വൈശിഷ്ട്യമേറുന്ന വസ്തുക്കളെക്കണ്ടു
വൈചിത്ര്യമുൾക്കൊണ്ടുചിന്തിച്ചുചൊല്ലിനാൻ
യുഷ്മദീശന്റെചരിത്രംവിചാരിച്ചു
വിസ്മയംമെകുറച്ചല്ലകുളിന്ദകൻ
നിൎദ്ധനൻമുന്നംനമുക്കുള്ളഭോഗ്യമാ
മൎത്ഥമെല്ലാമെതികച്ചുതന്നീടുവാൻ
എത്രയുംബന്ധിച്ചുപോരുന്നവൻജവാ
ലിത്രസമ്പന്നനായ്വന്നതെന്നിങ്ങിനെ
അസ്തപ്രയാസംമഹത്തരംധൊരാള
മൎത്ഥംകൊടുത്തിങ്ങയച്ചവാറെങ്ങിനെ
തത്വംധരിക്കാതിരിക്കാവതല്ലമെ

സത്യംമറയ്ക്കാതുരയ്ക്കവിൻകേൾക്കുവാൻ
മന്ദേതരംമന്ത്രിവാക്യംശ്രവിയ്ക്കയാ
ലന്നേരമോതിനാർസേവകന്മാരവർ
എങ്കിലൊകേട്ടുകൊണ്ടാലുംകുളിന്ദകൻ
തൻകിശോരൻചന്ദ്രഹാസൻപരാക്രമീ
സൽഗുണോപേതൻധനുർവ്വേദപാരഗൻ
പുഷ്കരാക്ഷപ്രിയൻപുണ്യപൂതക്രിയൻ
ദിക്കുതോറുംചെന്നനേകരാജാക്കളെ
മുഷ്കുതീരുംവിധംവെന്നുവെന്നങ്ങിനെ
വിത്തസമ്പാദനംചെയ്തുതന്താതനെ
ബദ്ധസംഭാവനംസമ്പന്നനാക്കിനാൻ
വിത്തനാഥൻനടുങ്ങീടുംപ്രകാരത്തി
ലർത്ഥദാനാദിയുംനിത്യംതുടങ്ങിനാൻ
നിഷ്പ്രയാസംതദ്ധനൌഘത്തിൽനിന്നൊട്ടു
ത്തിപ്രകാരംഭവൽപ്രീതിയ്ക്കുസാദരം
തന്നയച്ചീടിനാനിക്കണ്ടതൊക്കയു
മെന്നവാക്യംകേട്ടമാത്യനായുള്ളവൻ
എന്നൊവിശേഷമെന്നന്തെന്നാശയെ
മുന്നെതിലുംവിസ്മയിച്ചുചൊല്ലീടിനാൻ
എന്തഹൊനിങ്ങൾചൊല്ലുന്നതെന്തീലസം
ബന്ധമെന്നത്രെനമുക്കുതോന്നുന്നതും
പുത്രനില്ലാതെതപിയ്ക്കുംകുളിന്ദകൻ
പുത്രവാനായ്‌വന്നതെങ്ങിനെസാമ്പ്രതം
വന്ധ്യയായ്വാഴുന്നതൽഭാര്യപെററുവൊ
ചിന്തയാലങ്ങുള്ളസന്താപമററുവൊ
സത്വരംനമ്മോടുസത്യംകഥിപ്പിനെ
ന്നിത്തരംചൊല്ലുന്നമന്ത്രിയെപ്പാർത്തവർ
ചൊല്ലിനാർപിന്നെയുംപണ്ടൊരിയ്ക്കൽപരം
കല്യനായീടുംകുളിന്ദനാംമന്നവൻ

ചെന്നനായാട്ടിനായിട്ടുകാന്താരത്തി
ലന്നനേരിട്ടങ്ങുകണ്ടൊരുബാലനെ
കയ്ക്കൊണ്ടുപത്തനംപ്രാപിച്ചുസന്തോഷ
മുൾക്കൊണ്ടുതൻപുത്രനാക്കിവച്ചങ്ങിനെ
സ്നിഗ്ദ്ധചിത്തൻ ചന്ദ്രഹാസനാമംവിധി
ച്ചൊത്തവണ്ണംവളൎത്തീടിനാനന്വഹം
ഭവ്യനാകുംചന്ദ്രഹാസന്നസാമ്പ്രതം
യൌവനംവന്നടിച്ചെല്ലോമഹാമതെ
എന്നിത്തരംകേട്ടമന്ത്രിതന്നുള്ളത്തി
ലന്നിച്ചസംഭ്രമത്തോടുമോൎത്തീടിനാൻ
ദുഷ്ടനായേകൻപെരുങ്കാട്ടിലങ്ങിനെ
പെട്ടവൻപോരികൻചിന്തിയ്ക്കിലേതവൻ
പണ്ടന്നു ചണ്ഡാലവീരർകൊന്നീടുവാൻ
കൊണ്ടങ്ങുപോയവൻതന്നെയൊദൈവമെ
സങ്കടംമെകളഞ്ഞീടുവാൻകോപ്പിട്ട
കിങ്കരന്മാരവർകൃത്രിമംചെയ്കിതൊ
നിഷ്കൃപന്മാരെന്നഭാവംവെടിഞ്ഞിതിൽ
ദുഷ്കൃതംശങ്കിയ്ക്കകൊണ്ടൊകിശോരനെ
നിഗ്രഹിയ്ക്കാതെവനെവിട്ടുകാൽവിര
ലഗ്രമാത്രംകൊണ്ടുവന്നൊൻപുരസ്ഥലെ
ചിഹ്നവുംകാട്ടിയൊപ്പിച്ചുപോയാർചതി
ച്ചെന്നപോലുള്ളത്തിലിന്നുതോന്നുന്നമെ
ഒക്കമെന്നൂഹമൊട്ടന്ന്യബാലൻവനം
പുക്കവാണീടുവാൻന്ന്യായമില്ലേതുമെ
തത്ത്വമൊന്നെത്രയുംസത്വരംചെന്നിട്ട
തത്വമെല്ലാമേധരിപ്പനെന്നിങ്ങിനെ
തന്മനസ്സിൽദൃഢംനിശ്ചയിച്ചപ്പൊഴെ
നിൎമ്മലന്മാരാമവൎക്കുദേവോദനം
സാദരംഭുക്തിയ്ക്കനൽകുവാൻതന്നുടെ

സൂദവൃന്ദത്തോടുകല്പിയ്ക്കയാലവർ
സാവധാനംചോർകൊടുപ്പാൻകളിന്ദന്റെ
സേവകന്മാരെവിളിച്ചുകാത്തീടിനാർ
അന്നമിന്നൊത്രയുംവർജ്ജ്യമെന്നായവ
രന്നശിപ്പാനങ്ങണഞ്ഞതില്ലാരുമെ
വയ്പുകാർചെന്നീവിശേഷംസമസ്തവും
കെല്പുകൂട്ടംമന്ത്രിതന്നോടുണർത്തിനാർ
ധൃഷ്ടധീയാമവൻവിസ്മയിച്ചത്രയും
രുഷ്ടനായ്കണ്ണുംചുവപ്പിച്ചുതൽക്ഷണെ
സത്വരംചൊല്ലുകൊണ്ടവൈഷ്ണവന്മാരായ
ഭൃത്യരെനേരെവരുത്തിച്ചുചൊല്ലിനാൻ
എന്തഹോനിങ്ങളുണ്ണീടുവാൻചെല്ലാഞ്ഞു
ബന്ധമേതുംപിടിയ്ക്കില്ലെന്നോപേടിയൊ
ചിത്തഗർവ്വോദയാലിത്തരംവർജ്ജിച്ചു
ദത്തമന്നംനിങ്ങളെന്നറിഞ്ഞേനഹം
ചിത്തവേഗംപൂണ്ടിതിന്നിനിത്തക്കതാ
മുത്തരംചെയ്യാതടങ്ങില്ലിവൻദൃഢം
വിത്തനാഥോപമൻതാനെന്നുകല്പിച്ചു
മത്തനായിട്ടങ്ങിരിയ്ക്കുംകളിന്ദനെ
ശൃംഖലാബന്ധനെചെയ്തുകാരാഗൃഹ
ത്തിങ്കലാക്കിച്ചന്ദ്രഹാസനാംഭോഷനെ
മർദ്ദനംകൊണ്ടുമണ്ടിച്ചശേഷമാം
തദ്ധനംകൊള്ളയിട്ടിങ്ങടക്കീടുവൻ
തദ്ദശായാംനിങ്ങൾകണ്ടുകണ്ടീടിയെ
ക്ഷുദ്രപശന്മാരായ്പറിച്ചുതിന്നീടുമെ
ക്രുദ്ധനാംമന്ത്രിതൻക്രൂരവാക്യംശ്രവി
ച്ചസ്തശങ്കംസേവകന്മാരുണർത്തിനാർ
മന്ത്രിവീരപ്രഭോശാന്തനാകേണമ
ങ്ങെന്തിനീക്രോധംപ്രദീനാശ്രയാകൃതെ

ഞങ്ങളിൽഗൎവ്വമില്ലയ്യൊഭജിയ്ക്കുമൊ
ഞങ്ങളിന്നോൎക്കേന്നമേകാദശീദിനം
എന്താവ്രതികണ്ടഞങ്ങൾക്കപോരുന്നാ
പന്ഥാവില്ലുണ്ടായ്കൃതഘ്നസംസൎഗ്ഗവും
എന്നാമൂലംവിശേഷിച്ചുംഭജിയ്ക്കുകി
ല്ലന്നമിന്നങ്ങറിഞ്ഞാലുമീവാസ്തവം
ട്ടിത്ഥംസൂക്താകേട്ടമാത്ര്യൻപ്രതാപവാൻ
പ്രത്യയംകൊണ്ടുതാനണ്ടുശയ്യാഗൃഹെ
മെത്തതൻമീതെശയിച്ചുതാനെങ്കിലും
ചിത്തദുശ്ചിന്തയാനേരംപുലൎത്തിനാൻ
പെട്ടന്നെഴുന്നേറ്റുമജ്ജനംഭോജനം
തൊട്ടന്നുവേണ്ടുന്നകൃത്യംകഴിച്ചുടൻ
സന്മജ്ജനാത്തുളസ്യാസേവനംതൊട്ട
കൎമ്മങ്ങളെല്ലാംകഴിച്ചുകൊണ്ടങ്ങിനെ
വന്നാണഞ്ഞുള്ളകുളിന്ദൻറസേവക
ൎക്കന്നദാനംചെയ്തുവേണ്ടുന്നവണ്ണമെ
മൃഷ്ടാശനംകഴിപ്പിയ്ക്കയാലായവർ
തുഷ്ടാശയംപൂണ്ടുയാത്രയ്ക്കൊരുങ്ങിനാർ
മന്ത്രിവീരൻതദാരാജാന്തികംപുക്ക
മന്ത്രസല്ലാപംകഴിച്ചോരനന്തരം
ഒന്നഞ്ഞാന്തന്നെകുളിന്ദരാജാലയെ
ചെന്നുപോരേണ്ടുന്നകാൎയ്യമുണ്ടാകയാൽ
സമ്മതംകയ്ക്കൊണ്ടതിന്നുള്ളനുജ്ഞയെ
നന്മയോടേകേണമെന്നപേക്ഷിയ്ക്കയാൽ
മന്നവൻതുഷ്ടനായാജ്ഞയെനൽകിനാ
ന്നെന്നാലുംവാങ്ങിച്ചുരാജകാൎയ്യങ്ങളെ
പുത്രകൻതങ്കലാക്കീടിനാനാശുഞാ
നത്രവന്നീടുംവരയ്ക്കുയഥാവിധി
ഒക്കെവന്നീടത്തീടേണമെന്നുള്ള

തക്കസന്ദേശവുംനൽകിയഥോചിതം
വെക്കംപുറപ്പാടുക്രൂട്ടുംദശാന്തരെ
തൽകന്യകാവിഷയാഭ്യാവിലാസിനീ
സർവ്വചിഹ്നാലങ്കൃതാംഗീവിശേഷിച്ചു
യൌവനോല്ലാസാദിഭംഗീമനോഹരീ
വന്നുവന്ദിച്ചുതന്താതനോടോതിനാ
ളൊന്നറിഞ്ഞാലുംപിതാവെകൃപാനിധെ
സ്നിഗ്ദ്ധഭാവത്തോടഹംരസാലന്ന്വഹം
സിക്തമാക്കീടുംരസാലംഫലോൽഗമീ
സൽഭാവനീയനായീടുംഭവാനിന്നു
തല്ലാലനത്തെനിരൂപിയ്ക്കവേണമെ
സന്തതംരാജകാര്യോദ്യമംകൊണ്ടന്യ
ചിന്തനത്തിന്നുകാലംസുദുർല്ലഭം
എന്നറിഞ്ഞോന്നുഞാനോർമ്മപ്പെടുത്തിനെ
ന്നെന്നുണർത്തിച്ചടങ്ങീടിനാളപ്പൊഴെ
തത്സമുക്താർത്ഥംധരിച്ചുതൻപുത്രിയെ
വത്സലൊകങ്ങൾകൊണ്ടാശ്വസിപ്പിച്ചവൻ
വിദ്രുതംസേവകന്മാരോടുമൊത്തങ്ങു
ശത്രുതന്നാശംകൊതിച്ചുപോയീടിനാൻ
സ്വച്ഛന്ദമങ്ങിനെരണ്ടാമതാംദിനെ
തച്ചന്ദനാവതിതന്നിലെത്തീടിനാൻ
സമ്പന്നനാകുംകളിന്ദൻതദാഗമെ
തൻപുത്രപൌരാദിയോഗേനചെന്നുടൻ
സംഭ്രമത്തോടുംനമസ്കരിച്ചങ്ങിനെ
തൻപ്രഭുസ്ഥാനംവഹിയ്ക്കുന്നമന്ത്രിയെ
സംപ്രീതിഭാരംഭവിയ്ക്കുന്നവണ്ണമെ
ഗംഭീരവാദ്യാദിഹൃദ്യാരവാന്വിതം
കൊണ്ടുപോന്നുൽകൃഷ്ടരത്നാദിവൈഭവം
കൊണ്ടുമിന്നുംസഭാമദ്ധ്യേമഹാസനെ

ഭംഗിയോടെവസിപ്പിച്ചപണ്ടുള്ളപോ
ലങ്ങിനെസൽകരിച്ചീടുംദശാന്തരെ
ചന്ദ്രചൂഡാത്മജൻതന്നോടുതുല്യനാം
ചന്ദ്രഹാസൻവന്നുവന്ദിച്ചസന്നിധൌ
ചന്തംകലൎന്നുനിന്നീടിനാനന്നേര
മന്തൎഭയംപൂണ്ടുമന്ത്രിദുരാശയൻ
പൃഷ്ടവാനേവംകളിന്ദനോടാരിവൻ
വിഷ്ടപാശ്ചര്യ്യംവളൎക്കുംപ്രതാപവാൻ
സംഭൂഷിതാംഗലാവണ്യതാരുണ്യവാ
നംഭോധിഗംഭീരനത്രമംചൊൽകമെ
മന്ദംകളിന്ദനാംമന്നവൻചൊല്ലിനാ
നിന്നാങ്ങറിഞ്ഞാലുമിക്കണ്ടബാലകൻ
എന്മകൻചന്ദ്രഹാസാഹ്വയൻവിഷ്ണുവാം
ചിന്മയങ്കൽഭക്തിവിശ്വാസമുള്ളവൻ
എന്നുണ്ണിസാഫല്യരൂപനെന്നാനന്ദ
സമ്പന്നചിത്തനായോതുംദശാന്തരെ
ദുഷ്ടധീപൊള്ളുന്നൊരുള്ളമോടുംപുറ
ത്തിഷ്ടംനടിച്ചിട്ടുപിന്നെയുംചൊല്ലിനാൻ
എത്രയുംകഷ്ടംഭവച്ചരിത്രംഭവാൻ
മിത്രമാമെന്നെമറന്നതെന്തിങ്ങിനെ
പുത്രജന്മോത്സവംമിണ്ടീലനമ്മോടു
പത്രസംപ്രേഷണംപോലുമാകാഞ്ഞിതൊ
എപ്പൊഴിങ്ങുല്പന്നനായീസുതൻകനി
ഞ്ഞിപ്പൊഴെന്നാലുംധരിപ്പിയ്ക്കമെസുഖം
ധൃഷ്ടബുദ്ധേദീനബന്ധോഭവാനിന്നു
ഹൃഷ്ടനായാലുംഗ്രഹിയ്ക്കമെഭാഷിതം
പൌരുഷായത്തംസമസ്തംകഴിച്ചിട്ടു
മൌരസൽപുത്രൻപിറന്നില്ലിനിയ്ക്കഹൊ
ദുഷ്ടനായുള്ളിവൻചട്ടററദൈവനി

ദ്ദിഷ്ടനായെമ്പുത്രഭാവത്തിലെത്തിനാൻ
ചൊല്ലുവൻതദ്വിധംനായാട്ടിനായിഞാൻ
വില്ലുമായിപ്പുറപ്പെട്ടുപണ്ടേകദാ
സൈന്ധവാരൂഢനായങ്ങോട്ടുവന്നിട്ടു
കുന്തളേശാലയത്തിങ്കൽനിന്നിപ്പുറം
കുത്രചിദ്യോജനദ്വന്ദ്വദൂരത്തില
ങ്ങെത്രയുംഘോരമാംകാട്ടിലുൾപ്പെട്ടുടൻ
ഉഷ്ണസന്താപങ്ങളെത്തേടുമ്പൊളാക്കമെ
പുഷ്ടസന്താപംപിറക്കുന്നവണ്ണമെ
കഷ്ടപാദാംഗുലിപ്രച്ഛേദവേദനാ
ജുഷ്ടനായ്‌രോദനാരാവംപൊഴിക്കയും
പഞ്ചാസ്യമുഖ്യഹിംസ്രോപദ്രവംപെടാ
തഞ്ചാംവയസ്സിലായുള്ളൊരുബാലകൻ
തമ്പരിത്രാണാർത്ഥമർത്ഥിച്ചുവിഷ്ണുവാം
മുമ്പരിൽപ്രാധാന്യമുള്ള തന്നാഥനെ
തന്നാമയംകെട്ടുംവണ്ണംനിരൂപിച്ചു
തന്നാമജാലംജപിക്കയുംചെയ്തഹോ
നിൽക്കുന്നതായിട്ടുകണ്ടങ്ങടുത്തുള്ളി
ലൊക്കുന്നസങ്കടംതീർത്തിട്ടുനാഥനെ
കയ്ക്കലാക്കിക്കൊണ്ടുപോന്നിങ്ങണഞ്ഞുഞാ
നങ്കലെന്നീടുന്നക്രൂരോട്ടക്രൂടവെ
എമ്പുത്രനാക്കിമേളിച്ചുലാളിച്ചുകൊ
ണ്ടിമ്പത്തിനൊക്കുന്നവണ്ണംവളർത്തിനെൻ
അക്കുട്ടിയാണിവൻതക്കമില്ലുന്നതൊ
ട്ടുക്ലിഷ്ടനാണിവൻതന്നാലഹംവിഭൊ
പൌരസല്ലോകാദിസമ്മതൻതാനിവ
നൌരസൻതന്നിലുംമുഖ്യൻമമപ്രിയൻ
എന്നിവണ്ണംകളിന്ദോക്തംസുദുസ്സഹം
വഹ്നിയിൽചുട്ടനാരാചംകണക്കിനെ

ദയാധിഹീനമീപ്പറഞ്ഞവണ്ണമെ
ഹയാദികളാകുംപശുക്കളാശയാ
പയോധിതോയത്തിലിറങ്ങിമണ്ടുമോ
വയോധികന്മാരുംപറഞ്ഞിട്ടില്ലിതു
വിരോധികൾചെയ്തമറിമായന്താനൊ
സരോജനേത്രനോടണത്തിയ്ക്കതന്നെ
വിവൎണ്ണമാംമുഖംവഹിച്ചുകൂട്ടരോ
ടിവണ്ണമിത്തിരിപറഞ്ഞനന്തരം
തിരഞ്ഞുനാഥനോടണത്തിനാമെല്ലാ
മറിഞ്ഞുവാണീടുംകൃപാനിധെകൃഷ്ണ
തുരംഗംരണ്ടുമെസമുദ്രതോയത്തി
ലിറങ്ങിപ്പോയിപോലിതെന്തുസത്യമൊ
മതിയ്ക്കപാരന്ന്യതിക്രമംനമ്മെ
ച്ചതിയ്ക്ക[illegible]കൃതജ്ഞരിങ്ങിനെ
പലപ[illegible]ട്ടിതുവരെപാലി
ച്ചുലകംലെത്രയുംനടത്തിയിപ്പൊഴെ
കുതിരകൾപോയെന്നുവരുന്നാകി
ലെതിരകന്നുള്ളപരാഭവംതന്നൊ
മരിച്ചുപോകിലുംസഹിച്ചുകൂട്ടുമൊ
ഹരിച്ചുപോയെങ്കിൽസപത്നനാരവൻ
കരുത്തുകസുരാസുരാദിജാതിയി
ലൊരുവനൊമുരഹരനരകാരെ
എവിടത്തിലെന്റെകുതിരകളിപ്പൊ
ളവിടന്നുതിരിച്ചരുൾചെയ്യേണമേ
സുരവരസുതപരവശഗിരം
വിരവൊടിങ്ങിനെവിവരമായ്ക്കേട്ടു
മറുവടിയായിട്ടരുൾചെയ്തുകൃഷ്ണൻ
തിരുവടിഭവാനരുതഴലിതിൽ
പ്രിയസഖധനഞ്ജയതവഹയ

ദായമിളുശ്രുമെയിർവെടിയുമൊ
തിരയുടയൊരുകടലിലായെങ്കിൽ
തിരയുകവേണംകരഗതമാകും
ജയിത്വംകയ്ക്കൊണ്ടുവന്നിയ്ക്കുമൎജ്ജുനൻ
മയിൽധ്വജൻഹംസധ്വജൻമമാത്മജൻ
ന്നുവരൻബഭ്രുവാഹനൻകിരീടിജ
നിവരഞ്ഞുപേക്ഷിക്കള്ളൊരുരഥങ്ങളെ
വലിയ്ക്കുംവാജികളതിചപദിവ്യങ്ങ
ളൊഴിയ്ക്കുംനീരിലുംചരിയ്ക്കുംഭവ്യങ്ങൾ
വിയത്തിലുംചെല്ലുമിവരുടെരഥം
ഭയത്തിനെന്തൊരുവഴിയിഹപാൎത്ഥ
മറിമായക്കാരൻഹരിയിതിസത്യ
മറിയാത്തുള്ളൊരുപുരുഷനേപ്പോലെ
പൊരുൾക്കൂട്ടംചിലപുതുമൃദുഗിര
മരുൾചെയ്തശേഷമവരോടുംകൂടി
എഴുന്നെള്ളിയെതിരകന്നവന്തിര
യെഴുന്നവാരിധിപയോഭരോപരി
ത്വരയോടുംകൂടികുതിരകളെല്ലാം
തിരയുടെമേലെപലായനംചെയ്തു
കരയുംവിട്ടസംഗരമതിൽഭയ
ങ്കരജലമധ്യേപരംദൂരംപുക്ക
ഒരുദിശിതദാസുരുചിരമായു
ള്ളൊരുവരദീപമുയരവെകണ്ടു
തരുലതാദിയുംതരുമൃഗാദിയു
മുരുതരംചേൎന്നുള്ളതിലതിസുഖം
ബകദാല്ഭ്യനെന്നുള്ളൊരുമുനീശ്വര
നകതാരിൽപരാപരചിദ്ധാമത്തെ
സ്മരിച്ചുകണ്ണുകളടച്ചിരുന്നതി
സ്ഫുരിച്ചപുണ്യമാംതപസ്സുചെയ്യുന്നു

കണക്കവിട്ടുള്ളവയസ്സുചെന്നവൻ
തുണയ്ക്കുനൽപക്ഷിമൃഗങ്ങളായവൻ
പലപലചെറുതുളകളുംപൂതാ
കലഗൃഹങ്ങളാംവല്കളുംപൂണ്ടു
ഉണങ്ങിയെത്രയുംപഴക്കമായ്കഴി
ഞ്ഞിണങ്ങിയുള്ളൊരുവടത്തിന്റെതലം
ശിരസ്സിന്നുമേലെപിടിച്ചിരിപ്പവൻ
ചിരസ്ഥിതൻഭുവിബഹുജ്ഞനീമുനി
തദീക്ഷണംചെയ്തങ്ങിറങ്ങിയേവരും
സുദീപ്തതാപസോത്തമാന്തികംപുക്ക
നമസ്കരിച്ചുതല്പദാംബുജംതദാ
സമസ്തബോധനാംതപോധനോത്തമൻ
മിഴിയിണരണ്ടുംതുറന്നുനോക്കിനാ
നാഴിയുമുള്ളൊട്ടുമത്തുനേരംനേരെ
മഴമുകിൽനിറമെഴുംതിരുമെയ്യു
മഴകേറാമറവുള്ളവയവങ്ങളും
വിലസീടുംനവതുളസിമാലയും
വലയാദിമണിമയകലാപവും
മൃദുതരപീതദുകൂലമേഖലാ
മധുരമന്ദ്യവുംകടാക്ഷലീലവും
വിധുതൊഴുംതിരുമുഖസരോരുഹേ
മൃദുരസസിതസ്മിതവിശേഷവും
കരുണയുംകയ്ക്കൊണ്ടരുളീടുംജഗൽ
ഗുരുവാകുംകൃഷ്ണൻതിരുവടിയെയും
ധനഞ്ജയൻമുമ്പായവരേയുംകണ്ടി
ട്ടനന്തസന്തോഷംകലൎന്നുസാദരം
സ്മിതംപെടുംവചോമൃതംകൊണ്ടുയഥോ
ചിതംപൂജിച്ചിതങ്ങരുൾചെയ്തീടിനാൻ
മഹോദയംതന്നെനമുക്കുചിന്തിച്ചാ

ലഹോദയാർദ്രനാംഹൃഷീകേശൻതന്നെ
അതീവചാഞ്ചല്യംവഹിയ്ക്കുമഞ്ചുപേ
രിതീഹസാമ്പ്രതംനയിച്ചുകാങ്ക്ഷയാൽ
മമേഹമണ്ഡലെഭവിയ്ക്കകില്ലിനി
ശ്ശമേണവാഴ്വാനൊരിയ്ക്കലുംസുഖം
മനീഷിയാംമഹാമുനിയൊടന്നേരം
വിനീതിമാൻപൃഥാതനൂജനോതിനാൻ
ശമദമതപോനിധെനമോസ്തുതെ
നമനീയമഹൊമഹനീയാകൃതെ
ദുരാപദുർല്ലഭംഭയാനിധെഭവാ
ദൃശാദിദർശനംദൃഢാഘനാശനം
പരംഭാഗ്യംകൊണ്ടിന്നവർക്കുലബ്ധമായ്
നരന്മാർക്കില്ലൊന്നുമിതിൽപരംലഭ്യം
വരിഷ്ഠംനിന്തിരുവടിയുടെതപ
ശ്ചരിത്രംവിസ്മയംധരിത്രിയിൽഭവാൻ
ത്തുളഞ്ഞുജീർണ്ണമായ്വരണ്ടൊരുവട
ദളംധരിയ്ക്കുന്നശിരസ്സിലെപ്പൊഴും
ശ്രമിച്ചിട്ടിങ്ങിനെകഴിയ്ക്കുന്നകാലം
ചമച്ചിട്ടില്ലൊരുഗൃഹംപോലുംകഷ്ടം
ഭവദീയജ്ഞാനഛായംപിളന്നിട്ടു
ശിവശിവരണ്ടുപലാശമാംമരം
മുളച്ചതെത്രയുംവളർച്ചയോടൊത്തു
തളത്തുപൂത്തിതാകളത്തുകാണുന്നു
മഹത്വംകൂടുമീമരങ്ങളിൽപല
വിഹംഗമവ്രജംകുഡുംബസംയുതം
ഗൃഹങ്ങളെത്രയുംചമച്ചവതോറു
മഹന്നിശംചമച്ചമർന്നുപോരുന്നു
ഭയങ്കരങ്ങൾമുമ്പുറത്തുംപിന്നിലും
സ്വയംമുളച്ചുയർന്നുള്ളസ്വപ്പറവുകൾ

പൊരുന്നിട്ടുംസുഖംഭരിച്ചിവററയിൽ
പൊറുത്തീടുംപലജംഗപുംഗവർ
പുറത്തിതാവനാങ്ങിഴഞ്ഞുഃകറിത്തോൾ
പുറത്തുന്നുതൻമുഖങ്ങൾകൊണ്ടഹൊ
നിരന്തരംഭവാനയയ്ക്കുംശ്വാസത്തെ
പരംതരത്തിലാസ്വാദിയ്ക്കുന്നുമുദാ
മരംപോലെകാണുംഭവാനടെകളെ
ബരംതന്നിൽപലമൃഗങ്ങൾവന്നിതാ
ചൊറിഞ്ഞിടുന്നുടലുരയ്ക്കുന്നുഭവാ
നറിഞ്ഞിടുന്നില്ലീയവസ്ഥയൊന്നുമെ
പറഞ്ഞുതീരമൊട്ടുഢംഭവാനിഖി
ഗിറഞ്ഞുകണ്ടിടുംനിരാശത്വംചിത്രം
കിരീടിതൻശിരംഗ്രഹിച്ചനന്തരം
ശരീരനിസ്പൃഹൻചിരിച്ചുചൊല്ലിനാൻ
ഗ്രഹിയ്ക്കനിർണ്ണയംമദീയംപാണ്ഡവ
ഗൃഹസ്ഥധർമ്മംഞാൻപരിഗ്രഹിച്ചിലാ
കളത്രധാരണംമഹാഘകാരണം
വളർത്തിടുംക്ലേശംകെടുത്തിടുംജന്മം
സുഖസ്ഥിതിയ്ക്കായിസ്വദാരരക്ഷക
നഘത്തിനുള്ളതുമനുഷ്ഠിച്ചീടുമെ
അകൃത്യമെന്തെന്നുംസുകൃത്യമെന്തെന്നു
മകത്തിണങ്ങെണ്ടുംവിചാരംകെട്ടുപോം
വിനഷ്ടമാനസെവിവേകമെന്നായാ
ലനർത്ഥമോക്ഷമങ്ങവനുകിട്ടുമൊ
സ്വബന്ധനംമൂലംനരന്മാർക്കെപ്പൊഴും
ശിവംതുലഞ്ഞുണ്ടാമനേകമാഗ്രഹം
പ്രിയന്മാരാമെൻറകുമാരന്മാരിവർ
വയസ്സുകൊണ്ടേവംയുവാക്കന്മാരായീ
വഴിപ്രകാരമിന്നിവർക്കിനിവേളി

കഴിപ്പിച്ചീടാതെവിളംബിയ്ക്കാവതൊ
സുതന്മാരെങ്ങിനെസുതന്മാൎക്കിന്നുള്ള
സുതന്മാരുംതഥാവിധന്മാരാകുമൊ
സ്വധൎമ്മാനുഷ്ഠാനസ്വഭാവംകൊണ്ടിവർ
ഹിതന്മാരാകുവാനിവൎക്കൊന്നിഹ
മറകളുംശാസ്ത്രങ്ങളിവകളിലെന്തു
മറവികൂടാതെപഠിപ്പിച്ചീടേണ്ടു
വിവാഹമെങ്ങിനെകഴിപ്പിച്ചീടേണ്ടു
നിവാസത്തിനൊത്തുഗൃഹംകൊടുക്കേണ്ടു
സുഖാവഹംമമസുതാത്മജാത്മജ
മുഖാവലോകമെന്നിതിഹൃദിസദാ
ഗൃഹസ്ഥനുണ്ടാകുംവിചാരംധൎമ്മമ
ട്ടഹസ്സന്തോറുംകെട്ടധോവാസംവരും
മനസ്സിലേഷണത്രയാദിസംഗികൾ
ക്കനൎത്ഥംസംസൃതിഭ്രമംവളൎക്കുന്നു
അസക്തനാകാഞ്ഞാലനൎത്ഥമേററമു
ണ്ടശക്തനാമവൻഭവംമുടിയ്ക്കുവാൻ
അശങ്കമിങ്ങിനെനിനച്ചുറച്ചുഞാ
നസംഗിയായ്തപമനുഷ്ഠിച്ചീടുന്നേൻ
മനുഷ്യനായുഷ്യംക്ഷണേനഭംഗുര
മനിത്യമിക്കാണുംകളേബരംപരം
അതിങ്ങുരക്ഷ്യമെന്നുറച്ചുമൂഢന്മാ
രതിപ്രയത്നംചെയ്തുലഞ്ഞുകൊള്ളുന്നു
ഉടനുടഞ്ഞീടുന്നുടൽകാപ്പാൻതീൎത്തി
ലുടജംഞാനിതിന്നുടയവനാരൊ
വിജയൻവിസ്മയിച്ചപ്പൊഴുതുടൻ
ദ്വിജയതീന്ദ്രനെതൊഴുതുചോദിച്ചു
ചിരന്തനമൊരുവടദളംചൂടി
പ്പുരംതപിയ്ക്കുംനിന്തിരുവടിയ്ക്കിഹ

കഴിഞ്ഞതെത്രയൊവയസ്സുമന
സ്സഴിഞ്ഞതുംചെയ്തിങ്ങറിഞ്ഞുകൊള്ളുവാൻ
അപേക്ഷഞങ്ങൾക്കെന്നറിയിച്ചനേര
ത്തുപേക്ഷണംചെയ്യാമുനീന്ദ്രനോതിനാൻ
പറഞ്ഞുകേൾപ്പിയ്ക്കാമഹമതുനിങ്ങ
ളറിഞ്ഞുകൊള്ളുവിൻനരോത്തമന്മാരെ
കഴിഞ്ഞുകാലംമെകുറഞ്ഞൊന്നുംഭ്രമ
മൊഴിഞ്ഞുഞാൻവനിങ്ങിരുന്നതിൽപിന്നൊ
മൃകണ്ഡുജന്മാരാംമുനികളുംപാരിൽ
പുകഴ്ന്നാലോമശമുനികളുംപലർ
പിറക്കയുംതഥാമരിയ്ക്കയുംചെയ്തു
മറക്കയില്ലഞാൻധരിച്ചതൊന്നുമെ
പരിചിതന്മാരാമവരുടെകണ
ക്കരചെയ്വാനഹംമതിയാകുംകേൾപ്പിൻ
വിരിഞ്ചവംശതിമരിച്ചുഞാൻകണ്ടി
ങ്ങിരിയ്ക്കവെതന്നെമമായുസ്സീദൃശം
ക്ഷിതിയിലെത്രയുംചുരുങ്ങിയതിനി
യ്ക്കിതിനിടയ്ക്കുററില്ലൊരുവിനാശവും
വിധിലയംതോറുമുലകിടംപയോ
നിധിമയംസൎവ്വമതിഭയങ്കരം
സ്ഫുടതരംതദാവളൎന്നുയൎന്നൊരു
വടമരംമാത്രംവിളങ്ങുന്നുണ്ടതിൽ
ഒരുകൊമ്പത്തൊരുദളംതന്നിലൊരു
ചെറുകിശോരകൻകിടന്നുമിന്നുന്നു
സുരുചിരമുഖനവയവംകൊണ്ടു
പുരുതരസുഖംതരുന്നസുന്ദരൻ
നിരുപമൻദിവ്യനിരുകരംകൊണ്ടു
മരുണമാംകാലിൽപെരുവിരലതു
തിരുമുഖത്തിങ്കൽപിടിച്ചണച്ചുടൻ

തെരുതെരെത്തെല്ലുനകന്നാംമെല്ലവെ
ചിരിച്ചുംകിഞ്ചനകരഞ്ഞുംമൌനത്തെ
ധരിച്ചുകാണുന്നുവിചിത്രമിങ്ങിനെ
കുറയാതെവിധിവയസ്സോളംകാലം
നരപാതെകഴിഞ്ഞിട്ടപ്പൊഴ്ശ്ശിശ്ശു
മറഞ്ഞുമറ്റൊരുപിതാമഹൻവന്നു
പിറന്നുസൃഷ്ടിയുംയഥാത്തുടങ്ങുന്നു
സമുദ്രമാക്രമിച്ചഗാധമായ്ക്കണ്ടു
സമസ്തമാംജഗംനശിച്ചുതൽക്ഷണെ
ധരാദിലോകവുംസുരാസുരാദിയാം
ചരാചരൌഘവുംജനിച്ചുകാണുന്നു
പ്രഹൃഷ്ടനാംഞാനിസ്ഥലത്തിലാകുന്നു
സുഹൃതപംപൂണ്ടേവംതപസ്സുചെയ്യുന്നു
ഗതവയസ്സോളംസമൎത്ഥനായ്വസി
ച്ചഥവിധിനശിച്ചുദധിയിൽത്തന്നെ
മുഴുകുന്നുവിശ്വംമുഴുവനപ്പൊ
ളുഴകുള്ളശിശ്ശുവടപത്രോദരെ
തഥാശയിക്കുന്ന സമയത്തിൽപിന്നെ
വിധാതാവുംമറ്റുംസമുത്ഭവിക്കുന്നു
പുനരപിസൎവ്വംനശിച്ചുപോകുന്നു
പുനരപിസൎവ്വംജനിച്ചുകാണുന്നു
ഒരുവനായിഞാനിതിവിധിലയ
മിരുപതോളംകണ്ടിരിക്കുന്നൊനിതിൽ
പറവതിന്നുള്ളചിരായുസ്സെന്തുള്ളു
പരവശനായുള്ളിനിക്കെന്നിങ്ങിനെ
മഹർഷിഭാഷിതംശ്രവിച്ചുസാദരം
സഹർഷനൎജ്ജുനൻചിരിച്ചുണൎത്തിനാൻ
മഹനീയാത്മാവെനമോസ്തുതെമന
സ്പൃഹണീയംഭവച്ചരിത്രംവിസ്മയം

വ്രതസ്ഥനായിട്ടുള്ളവിടെയ്ക്കായുസ്സീ
വിധത്തിലൊകൊള്ളാംമിതംഗതംശ്രുതം
മുനിപ്രഭൊമറെറാന്നിളക്കംതീരുമാ
റിനിഗ്രഹിയ്ക്കുവാനിനിയ്ക്കുകൌതുകം
ജഗൽക്ഷയംതോറുംജഗത്രയംകട
ലതിക്രമിച്ചുകീഭവിയ്ക്കാവെള്ളത്തിൽ
മരിയ്ക്കാതെദവാനിരുന്നപോന്നതും
ധരിയ്ക്കാതെമനസ്സടങ്ങുന്നില്ലമെ
ന്നതുംകൂടികേൾപ്പിച്ചിടേണമെന്നുകേ
ട്ടുതുല്യനായുള്ളമുനീന്ദ്രനോതിനാൻ
കഥിയ്ക്കുവനതുംപൃഥാസുതപ്രയോ
നിധിയ്ക്കുമഹാതരംഗിതാംഭസി
പതിച്ചുമുങ്ങിയുംകിതച്ചുപൊങ്ങിയും
കുതിച്ചുനീന്തിയുംകുഴങ്ങിയങ്ങിനെ
വിധിയ്ക്കുംമൂലമായ്വിളങ്ങീടുംജഗൽ
പതിയ്ക്കുണ്ടാംകൃപാലവേനചാവാതെ
വടദ്രുശായിയാംകിശോരനെക്കണ്ടു
അടുത്തുതൽപ്പദംപിടിച്ചനന്തരം
തരംഗതാഡനവ്യഥാദികൊണ്ടൊട്ടും
തരംകെടാതൊരുസുഖത്തൊടുംകൂടി
ച്ചിരംകിടന്നഥജലംനശിയ്ക്കുമ്പോ
ളുരംകിടയ്ക്കുമീസ്ഥലത്തിലാകുന്നു
തിരിവതുനന്നീവിശേഷംഞാൻക്ഷയ
മിരിവതുമേവംകഴിച്ചുകൂട്ടിനേൻ
മുകുന്ദനച്യുതൻപരൻനാരായണൻ
അഖണ്ഡനദ്വയൻദയാപരായണൻ
സമസ്തകാരണൻവിധിക്ഷയംതോറും
ക്രമത്തിലീക്കാണുംജഗത്തശേഷവും
സ്വകുക്ഷിയിൽചേർത്തീശിശുത്വവുംകയ്ക്കൊ

ണ്ടകണ്ണുമൂർത്തിയായ് വടദ്രുപത്രത്തിൽ
സ്വയംശയിക്കുന്നതദംഘ്രിപങ്കജം
വയംശ്രയിക്കുന്നതദാശ്രയംചെയ്താൽ
തദാസമസ്തവുംലഭിക്കുമേവനും
സ്പൃഹാസ്പദങ്ങളെല്ലാംവികല്പമില്ലെങ്കിൽ
തഥാവിധൻജഗൽപിതാവുസാമ്പ്രതം
പ്രതാപശാലിയായുദാരശീലത്താൽ
സ്വമായയാബലകുലക്ഷയംകൊണ്ടീ
ക്ഷമാഭരംപരംമുടിക്കുവാനായി
ശ്രമാപഹംകൃഷ്ണസമാഹ്വയത്തൊടും
സുമാനുഷാകാരംധരിച്ചശോഭയാ
പ്രിയത്വവുംതവസുബന്ധുഭാവവും
നിയന്തൃഭാവവുംവഹിച്ചുകൂടവെ
ളുണ്ണച്ചിതാസദാചിദാനന്ദാഭോഗ
മണച്ചിളാതലമലങ്കരിക്കുന്ന
മഹത്വമേറീടുംഭവാനുമേവനെ
ന്നഹംമനസ്സിങ്കൽധരിച്ചിരിക്കുന്നു
പ്രഭൂതപുണ്യവാനഹമിഹജഗൽ
പ്രഭുദയംകൊണ്ടെന്നറിയിച്ചശേഷം
വിലങ്ങെതഴംനല്ലനരവേഷംകണ്ടോ
ണരുളീടുന്നൊരുഭഗവാനെനോക്കി
കരുമുകിൽനിറംകലർന്നമിന്നുന്ന
തിളങ്ങുമെയ്യുംവനമാലാദിയും
മറുവുംകൌസ്തുഭമണിവിശേഷവും
ചെറുചില്ലിലതാകലാവിലാസവും
വൃതനിറംമിന്നുംസുപീതചേലവും
പെരുകീടുംമുഖപ്രസാദശീലവും
കരുണയുംചലൽദൃഗഞ്ചലങ്ങളു
മരുണമാംചൊടിദ്വയംവെളുക്കവെ

സുരുചിരരശ്മിരവിയോടൊത്തിട്ട
ന്നൊരുമന്ദസ്മിതസിതാമയുംകണ്ടു
മുഴക്കംഭക്തിപൂണ്ടുണത്തിനാനേവം
കുഴക്കത്തീടുംജഗൽപതെഹരെ
മറിമായംതവബഹുവിധംകണ്ടി
ങ്ങറിയുവാനൊട്ടുമരുതിനിയ്ക്കയ്യൊ
ഭവൽപ്പദംസ്മരിച്ചിരിയ്ക്കുമീയെന്നെ
സുവിസ്തൃതമായസമുദ്രത്തിൽതന്നെ
കിടക്കകെന്നേവംവെടിഞ്ഞതഹൊഭവാ
നടക്കരുതെന്നൊന്നതിന്നകന്നുപോകുന്ന
കരയ്ക്കുകയറുവാൻവിളംബിയ്ക്കൊല്ലിനി
ക്കരംകൊണ്ടെന്നെങ്കൽകനിഞ്ഞീടേണമെ
വലിയൊരുവടമരത്തിലുണ്ടാക
ന്നാലിലയിലങ്ങൊരുചെറുകിടാവായി
ശയനംചെയ്യുംനിന്തിരുവടതന്നെ
നയനംകൊണ്ടുകണ്ടറിഞ്ഞിട്ടുണ്ടല്ലൊ
ഒരുപൊഴുതിലുമതുകാലത്തൊന്നും
തരുവതിന്നായിട്ടുപേക്ഷിച്ചില്ലാ
തരുണനായലക്ഷ്മീവരണംചെയ്യൊരു
പുരുഷനായ്ക്കണ്ടതുവശാലിപ്പോൾ
മദത്ഥിതാത്ഥംകൈവരുത്തിടേണമെ
സദച്ചിതാകൃതെസദാനമോസ്തുതെ
ക്ഷണംതരേണമെതെളിഞ്ഞിനിയ്ക്കാശ്ലേ
ഷണംമഹാലക്ഷ്മീമണാളദൈവമെ
വരിഷ്ഠനാംധമ്മതനൂജനെക്കാണി
ച്ചരിഷ്ടനാശനതരേണമെസുഖം
കടുത്തകാംക്ഷയോടിവണ്ണംപ്രാത്ഥിച്ച
ങ്ങടുത്തകൃഷ്ണനാംജഗന്നിവാസനെ
മുഴുക്കനാംമുനിപിടിച്ചുമാറണ

ച്ചൊതുക്കിയങ്ങിനെപ്പുണൎന്നനന്തരം
പതുക്കവെചൊന്നാൻപൃഥാതനൂജനോ
ടിതുൾക്കനിവൊട്ടുംശ്രവിയ്ക്കഫൽഗുന
സ്ഫുടമായീലയൊമമഗ്രഹമിതു
കടൽവണ്ണന്നുള്ളതിരുവുടൽതന്നെ
വടിവൊടെത്രയുംതെളിഞ്ഞുയാതൊന്നിൽ
ക്കുടികൊണ്ടീടുന്നുവിമുക്തിയാംപൊതി
ചമച്ചിട്ടില്ലഞാൻഗ്രഹദാരങ്ങളെ
ഗ്ഗമിച്ചിട്ടില്ലെന്നുവിചാരിച്ചീടേണ്ടാ
അതുരണ്ടുമിപ്പോളവാപ്തമായ്ഭവാ
നതുലമാംമോദംകലൎന്നുകണ്ടാലും
മുദിതചിത്തംപൂണ്ടിതികഥിയ്ക്കുന്നാ
വിദിതനതാപനാംയതികുലേന്ദ്രനെ
സ്തുതിഗിരാപരംബഹുമാനിച്ചുടൻ
നതിനതിപ്രിയനൎജ്ജുനനരുൾചെയ്തു
വരാകൃതെമുനെഭവാൻതന്നെസാക്ഷാൽ
പുരാണപൂരുഷൻവികല്പമില്ലമെ
വികല്പമെന്നിയെഭവാനുടെകണ്ണി
ലകപ്പെട്ടീലയൊവിരിഞ്ചവിശ്രുതി
ശിവശിവപാൽത്താലിവണ്ണമാരാറാൻ
തവമഹിയ്ക്കില്ലവസാനംത്രനം
സമസ്തന്മാരാലുംഭവാനൊരാളെല്ലൊ
സമൎച്ചനീയനാംതപോധനൻത്രനം
യുധിഷ്ഠിരമഖംഫലിച്ചുഞങ്ങൾക്കെ
ന്നിതിൽപരംഭദ്രംഭവത്സമാഗമാൽ
സുഖദാതാവാകുംഭഗവാനോടപ്പോൾ
ബകദാൽഭ്യൻമുനിചിരിച്ചുണൎത്തിനാൻ
ഭവത്സൂക്തമിതഹൊവിമോഹനം
പവിത്രമിച്ചെയ്യുംപരീക്ഷണംകൊള്ളാം

മമഗർവ്വംസർവ്വംമറഞ്ഞുപോയ്മുന്ന
മ്മുതടൻഭവാൻകളഞ്ഞകാരണം
വിനഷ്ടമായതിൻപ്രകാരമിപ്പത്മാ
സനന്തങ്കൽകനത്തിരുന്നഗർവ്വവും
വിചിത്രംതദ്വിധംവചിയ്ക്കുവൻപാത്മ
രുചിച്ചുകേട്ടാലുംപുരാമഹാകല്പെ
പ്രഗത്ഭൻവേദനാംചതുർമ്മുഖൻപരം
സഗർവ്വൻനാല്പതുവയസ്സുചെന്നവൻ
കളഹംസോൽകൃഷ്ടഗളപൃഷ്ഠംകേറി
ക്കളെവദാമ്നായശാപനിയൊട്ടുംകൂടി
സ്വയംപുറപ്പെട്ടെന്നാട്ടുക്കൽവന്നതി
സ്മയംകയ്ക്കൊണ്ടെന്നോടിവണ്ണംചൊല്ലിനാൻ
മുന്നേഭവാനാശീർവ്വാദപാത്രംധരി
ച്ചനേകകാലമായഹൊതപിയ്ക്കുന്നു
മനസ്സിലങ്ങെന്തൊന്നിനപ്പതുണ്ടോരു
കനത്തകാമമെന്നറിഞ്ഞു,ഞാനതു
കഥിയ്ക്കുകിന്നമ്മോടനുഗ്രഹംനൽകി
ക്കൊതിച്ചതിൻഫലംവരുത്തുവൻദൃഢം
പ്രസന്നനായ്വരപ്രദാനംചെയ്യുവാ
നസംശയംവന്നോനഹംപിതാമഹൻ
വിധിപ്രോക്തംശ്രവിച്ചുദിച്ചഗർവ്വാകൊ
ണ്ടധിക്ഷേപിച്ചഹംഹസിച്ചുചൊല്ലിനേൻ
ചതുർമ്മുഖവിധെവിചിത്രമീവാക്യം
സ്വതുംഗദംഭംകൊണ്ടുരച്ചതുമതി
സമത്ഥനോഭവാനിനിയ്ക്കനുഗ്രഹം
സമപ്പ്ണംചെയ്‌വാനതീവനിസ്സാരൻ
മരിയ്ക്കുവോൻഞാനിങ്ങിരിയ്ക്കവെഞ്ചെല്ലി
ഞ്ഞുരയ്ക്കുവാൻവന്നാജളപ്രഭോപോക
മറഞ്ഞവരായിട്ടിതുപോലായുസ്സ്

കറഞ്ഞപിംശതിചതുർമ്മുഖന്മാരെ
മുറയ്ക്കുകണ്ടിട്ടുള്ളൊരുത്തൻഞാനെന്ന
ങ്ങുറയ്ക്കകെന്നേവംപറഞ്ഞനന്തരം
ഒഴിച്ചുപോകാതെചതുർമ്മുഖൻമിഴി
മിഴിച്ചുപിന്നെയുംകഥിച്ചുമാമുനെ
പിഴച്ചുഗർവ്വാംകൊണ്ടസഹ്യഭാഷണം
മൊഴിച്ചുഹാഭവാനതീവഭോഷനാ
അസാധുബോധംകൈവെടിഞ്ഞറിഞ്ഞാലു
മസാരനല്ലഞാനശേഷനായകൻ
ജഗത്തിതീരേഴുംസൃജിച്ചവൻപ്രജാ
സുഖസ്ഥിതിപ്രദനജൻനിരാശ്രയൻ
സുശീലനെന്നാലെജനിതങ്ങൾചതു
രശീതിലക്ഷംകോടികൾജീവാത്മാക്കൾ
അപരനായവക്കടയതാരോത്താ
ലപാഭയംസുഖിച്ചുമരുവാൻവേണ്ടി
സുരമുനിമാരാസുരാദികൾനമ്മെ
ചിരകാലംതപംചെയ്തുപാസിച്ചീടുന്നു
വരമവർക്കെല്ലാമഹംകൊടുക്കുന്നേ
നൊരുവനമെന്നോടുപമിപ്പാനില്ലാ
വരുന്നതാരിങ്ങുതവപ്രിയംപരം
തരുന്നതിന്നേകനറിഞ്ഞിടാമെല്ലൊ
തരുത്തരംചൊന്നേനടങ്ങാതെഞാനം
സുഭൂമ്മതെചതുർമ്മുഖസുഭൂരവെ
നടക്കവൈകാതെനടക്കുന്നൊന്നാ
നടക്കമെന്നിയെപരംസ്തുതിയ്ക്കുണ്ടാ
മവാങ്കലുണ്ടാകില്ലൊരുബഹുമാന
മവാങ്മുഖനായിട്ടിരിപ്പൻഞാനിപ്പോൾ
പരസ്പരംഞങ്ങളഹങ്കരിച്ചേവം
പറഞ്ഞുംകൊണ്ടല്പംകഴിഞ്ഞതിൻമദ്ധ്യേ

പാരനാഭ്രശിലാമരങ്ങളുംപൊട്ടി
പ്പറന്നാഹൊചുഴന്നയുൻപോംവണ്ണം
കട്ടത്തുവന്നൊരുപെരുംചുഴൽക്കാററി
ങ്ങടുത്തുഞങ്ങളെച്ചുഴററിയങ്ങിനെ
എടുത്തുമേല്പോട്ടെയ്ക്കെറിഞ്ഞുകൊണ്ടുപോയ്
പെടുത്തുവിഷ്ണുവിൻദ്വിതീയബ്രഹ്മാണ്ഡ
ശിവശിവകർമ്മപ്രണോദനംമൂലം
മവശന്മാരായിവരുന്നജന്തുക്കൾ
ദ്രുതതരമൌഢംബരത്തിൽനിന്നാരാ
ലിതരമാമൌഢംബരത്തിലാംവണ്ണം
ഇതിലുംരമ്യമായതിലെഴുന്നൊരു
വിധിലോകത്തിങ്കൽപതിച്ചവർഞങ്ങൾ
മിഴികളെമിഴിച്ചവലോകിയ്ക്കുമ്പൊ
ളുഴകോടങ്ങൊരുവിശിഷ്ടവിഷ്ടരെ
സുരമുനികളാലുപാസിയ്ക്കപ്പെട്ടു
സരസനായെട്ടുമുഖത്തോടുംകൂടി
വിളങ്ങിവാഴുന്നവിരിഞ്ചൻഞങ്ങളെ
വിളംബമെന്നിയെവിലോകിച്ചപ്പൊഴെ
വിളിച്ചുസന്നിധൌനിറുത്തിപ്പാർത്തുടൻ
വെളുത്തപുഞ്ചിരിചൊരിഞ്ഞുചോദിച്ചു
പറവിൻനിങ്ങളേതവർപേർനിങ്ങൾക്കെ
ന്തിരുവരെങ്ങുനിന്നിവിടെയ്ക്കുവന്നു
നവന്മാരിനിങ്ങൾകൃശന്മാരത്രമൽ
ഭവന്മാരല്ലെന്നുണ്ടിനിയ്ക്കുതോന്നുന്നു
തദുക്ത.കേട്ടുവിസ്മയിച്ചുനാന്മുഖൻ
മൃദുസ്മിതത്തൊടുമുണർത്തിച്ചീടിനാൻ
അഹംബ്രഹ്മാമമപദത്തിൽനിന്നിപ്പൊ
ളിഹതദീയമാംപദത്തിലെത്തിനേൻ
ബകദാത്മ്യനിവൻ ബഹുതപോധനൻ

പുകളൊടൊത്തവൻമമശിഷ്യൻതന്നെ
പരിചരിച്ചനാൽമറയുടെപൊരുൾ
പരിചയിക്കുവാനൊരുമിച്ചുപോന്നു
പുതുമപൂണ്ടഷ്ടവദനനാംബ്രഹ്മാ
വരുനേരംപൊട്ടിച്ചിരിച്ചുചൊല്ലിനാൻ
അഹംതന്നെപിതാമഹനങ്ങാവുകി
ല്ലഹങ്കാരംകൊണ്ടീയബദ്ധംചൊല്ലേണ്ടാ
പരിചര്യ്യാർഹന്മാർമമവൃദ്ധംനിങ്ങ
ളരികിൽവന്നാവരിനിയ്ക്കുശൌചാൎത്ഥം
മണലുംവെള്ളവുംമടിയാതെകൊണ്ടി
ങ്ങണയുവിൻപോയെന്നുരചെയ്യുംവിധൌ
അവിടയുംവന്നുകൊട്ടങ്കാരെറ്റാന്നടി
ച്ചവരെയുമതിൻപ്രകാരമെന്നെയും
പറപ്പിച്ചുംകൊണ്ടങ്ങയൻപുഷ്കരെ
പരിഭ്രമിപ്പിച്ചുശമിച്ചുതൽക്ഷണെ
തൃതീയമായുള്ളവിരിഞ്ചഗോളത്തി
ലതീവവേഗത്തിലണഞ്ഞുഞങ്ങളും
അതിലിരിയ്ക്കുന്നജനങ്ങളേവരു
മതിവദാന്യന്മാർസുധന്യശീലന്മാർ
അവർചിലർവിധിസവിധവാസിക
ളവശന്മാരായിട്ടിരിയ്ക്കുംഞങ്ങളെ
അവലോകിച്ചേറ്റംചിരിച്ചുചൊല്ലിനാ
രബലന്മാർനിങ്ങളദൃഷ്ടന്മാരിഹ
പിണഞ്ഞപീഡയാലലഞ്ഞുലഞ്ഞുംകൊ
ണ്ടണഞ്ഞവരേവർചരിത്രമാകവെ
പറഞ്ഞാലുംനാണംവെടിഞ്ഞുസാമ്പ്രതം
പരങ്ങാതെനിങ്ങൾക്കനുഗ്രഹംതരാം
വസുമുഖൻബ്രഹ്മാവുരചെയ്താനഹം
വസുമതീമുഖപ്രപഞ്ചകർത്തൃകൻ

വിരിഞ്ചൻനമ്മുടെപദത്തിൽനിന്നിങ്ങു
പിരിഞ്ഞുവന്നവരിവരിരുപേരും
മമശിഷ്യന്മാരെൻപരിചര്യാർത്ഥമാ
യമലചിത്തന്മാരൊരുമിച്ചുപോന്നാർ
വിധിജനംതട്ടുത്തുരചെയ്തുപോ
നതിജളൻഞളിഞ്ഞബദ്ധമോതൊല്ലാ
പതിനാറുമുഖംവഹിച്ചെഴുംപ്രജാ
പതിയിതുകേട്ടാലനർത്ഥമായ്തീരും
വരുവിനേവരുംജഗൽകർത്താവായി
ട്ടരുളീടുംസാക്ഷാലജനാംസ്വാമിയെ
വണങ്ങുവിൻഗർവ്വംവെടിഞ്ഞുഭക്തിയൊ
ടിണങ്ങുവിൻവരംവരിച്ചുവാങ്ങുവിൻ
അവരുടെഗിരംശ്രവിച്ചുഞങ്ങളു
മവധിഹീനമാംഭയംകൊണ്ടങ്ങിനെ
വിറച്ചുഷോഡശവദനനായ്വാഴും
വിരിഞ്ചൻതന്നുടെതിരുമുമ്പിൽചെന്നു
ശ്രുതിജ്ഞഭൂസുരസുരർഷിമണ്ഡല
സ്തുതിപ്രഹൃഷ്ടനായ്സദസ്ഥലാന്തരെ
സ്വവിഷ്ടരൊപരിവിലസിവാണീടും
ത്രിവിഷ്ടപേശനാംപിതാമഹൻതദാ
ഒറക്കവെപൊട്ടിച്ചിരിച്ചുചൊല്ലിനാ
നരയ്ക്കുവിൻനിങ്ങൾവിരിഞ്ചനാരുവാൻ
ഒരുത്തനല്ലൊരുവദനംനാലതി
ലിരട്ടിമററവന്നിതെന്തൊരത്ഭുതം
ഒരുവൻതാപസനപൂർവ്വന്മാർനിങ്ങൾ
കരുതുവിൻമമസുഭൃത്യന്മാർതന്നെ
ത്യജിയ്ക്കുവിൻഗർവ്വംനടക്കുവിൻനമ്മെ
ഭജിയ്ക്കുവിൻബ്രഹ്മാവഹംതന്നെലോകെ
ഇതിമുഖാധികൻവിധികഥിയ്ക്കുമ്പോ

ളതിജ്വാലങ്ങളുംകൊട്ടങ്കാററുണ്ടായി
നിലയിട്ടങ്ങളതിലുടൻപെട്ടു
തലകീഴായിട്ടുപറന്നുപോയഹൊ
അപരമാമണ്ഡംപ്രവേശിച്ചതിന്ന
മബലമാരായിട്ടുജലോകത്തങ്കൽ
പതിതന്മാരായിഭ്രമിച്ചുനോക്കുമ്പൊ
ളതിമനോഹരതരമായുള്ളതിൽ
പ്രവരന്മാരായിപ്പലരേയുംകാണാ
യവരൊന്നുംമിണ്ടീലനന്തരംതഥാ
വിഷാദഹാരിയായിവിളങ്ങീടുംസാക്ഷാൽ
ദ്വിഷോഡശാനനൻവിരിഞ്ചവീര്യവാൻ
മിഴിയ്ക്കുംഞങ്ങളെവിലോകനംചെയ്തു
മുഴക്കംവിസ്മയദയാവശനായി
വിളിച്ചുചോദിച്ചുചരിത്രമപ്പൊഴെ
മുളച്ചുമോദേനതൃതീയനാംവിധി
വിധിയഹമെന്നുതുടങ്ങിക്കേൾപ്പിച്ചു
പുതിയൊരുത്തരംശ്രവിച്ചുഗർവ്വത്താൽ
ഹഹഹഹന്തെതിഹസിച്ചുചൊല്ലിനാ
നഹമൊഴിഞ്ഞവൻവിരിഞ്ചൻമൂഢരെ
മദംധരിച്ചന്യനഹംതാനെന്നിഹ
മദന്തികെവച്ചിട്ടിതെന്തൊരത്ഭുതം
വിളങ്ങുമൊമിന്നാംമിന്നങ്ങളെന്നുള്ളത്രു
വളൎന്നഭാസ്സുള്ളൊരഹസ്കരാദയെ
ചതുരനായുള്ളചതുൎത്ഥനാംബ്രഹ്മാ
വിതുപറയുമ്പോളിരച്ചുംകൊണ്ടഹൊ
കൊട്ടങ്കാററുണ്ടായിട്ടടിച്ചുഞങ്ങളെ
നടുങ്ങുംവണ്ണമെപറപ്പിച്ചങ്ങിനെ
ക്ഷണത്തിലന്യമാംവിരിഞ്ചഗോളത്തി
ണലയ്ക്കയാലേററംഭ്രമിച്ചിട്ടുംഞങ്ങൾ

ചതുഷ്ഷഷ്ടിമുഖംകലന്നിരിയ്ക്കുന്ന
ചതുശ്ഛവിതേടുംവിരിഞ്ചനെക്കണ്ടു
തദൈവപിന്നെയുമിരട്ടിയ്ക്കുംമുഖ
പൃഥുപ്രഭതപംപൂണ്ടെഴുന്നാജന്മാരെ
പലരേയുംപലവിധിഗോളംതോറും
നലമോടെകണ്ടാനവരെല്ലാവരും
അഭിമാനംചൊല്ലുനിമിത്തംപാത്ര്യയാ
ലഭിഹതന്മാരായവരൊടുംകൂടി
വിളംബംകൈവിട്ടുസഹസ്രവക്ത്രനാ
സ്സിങ്ങളുംധന്യനാംവിരിഞ്ചനെക്കണ്ടു
സമുജ്ജ്വലിച്ചിടുംസ്വപീഠമുൾനി
സമസ്തദേവർഷിസമുദയത്താലും
നിറമെഴുംദിവ്യശരീരംപൂണ്ടുള്ള
മറകളാലുമാഗമങ്ങളാലുമെ
സ്തുതനായുംപരംനതനായുംപാദ
ച്യുതനാകാതെഴുംപ്രപഞ്ചത്തിൻപ്രഭു
തിരുമുമ്പിൽനന്നുതൊഴുന്നഞങ്ങളെ
തിരുമിഴികൊണ്ടുവിലോകനംചെയ്തു
അരികവെവിളിച്ചതീവത്സലരി
ച്ചരുൾചെയ്തുവിധിപ്രഭുക്കളെമുനെ
സുഖമല്ലെനിങ്ങൾക്കിതുനേരംജഗ
ദഘോദ്ധരന്മാരാംമഹാത്മക്കൾനിങ്ങൾ
എവിടെനിന്നെത്തിമമസമീപത്തി
ലിവിടംനിങ്ങളാലലംകൃതമായി
പരംപ്രസിദ്ധിമാനഹംഭവാന്മാരീ
പുരംപ്രവേശിയ്ക്കുനിമിത്തമിപ്പൊഴെ
പരമസന്തോഷമിനിയ്ക്കുനമ്മോടു
പറയുവിനെന്തിന്നുപാഗമംചെയ്തു
ശ്രുതിസുഖംചെയ്യുംതദുക്തംകേട്ടാശു

വിധികളാനന്ദംകലൎന്നത്തിനാർ
ജഗൽപതെമഹാപുരുഷദൈവമെ
വികൽപനാശനാകൃതെകൃപാനിധെ
സൎവ്വന്മാരാകനിമിത്തംഞങ്ങളി
ങ്ങകപ്പെട്ടവല്ലാതലഞ്ഞിന്നെങ്കിലും
സുഖംഞങ്ങൾക്കിപ്പോളകക്കാമ്പിൽഭവ
ന്മുഖപ്രസാദംകൊണ്ടഖണ്ഡമാസ്സന്ത
സമസ്തമീവിശ്വംചരാചരാന്വിതം
ചമച്ചമുമ്പന്നാംസരോജസംഭവൻ
അവികലാഖിലപ്രഭാവനിസ്തുല
നവിടന്നല്ലയൊസരസ്വതീപതെ
അവരുടെഗിരംശ്രവിച്ചശാന്തനാ
യവദാതസ്മിതമനോഹരാനനൻ
അരവിന്ദാക്ഷനിലതീവഭക്തിമാ
നരുൾചെയ്തീടിനാൻപിതാമഹന്മാരെ
അറിവിൻനിങ്ങളീമമഗിരംകേട്ടാ
ലരമിനാശയെപരിപാകംവരും
പരവശന്മാരീവിരിഞ്ചന്മാർമമ
ളൊരുജഗത്തിന്നുംപ്രഭുക്കളാകില്ലാ
പരമകന്താരിൽപരമാത്മാമമാ
നരുതരഗൎവ്വംതുടരുകിൽകഷ്ടം
ചപലന്മാരായാലതുമൂലംനമു
ക്കബലതാംവരുമതുമിഹദൃഷ്ടം
പലഗോളങ്ങളിലിരുന്നവർനിങ്ങൾ
ബലഹീനന്മാരായിഹപതിച്ചില്ലെ
ജനനംയാതൊരുപുരുഷൻെറനാഭീ
വനജസീമനിനമുക്കകവലം
അവനജനാദ്യനവേദ്യനാരാദ്ധ്യ
നവനകൎത്തൃകൻചരാചരാത്മകൻ

സുഖദൻനിശ്ചലൻജഠരത്തിൽബഹു
ജഗദണ്ഡങ്ങളെഭരിച്ചുസന്തതം
സ്വശക്തിയുക്തനായ്പയസ്സമുദ്രത്തിൽ
പ്രശസ്തിയോടുംനല്പനന്തമെത്തമേൽ
ഒറങ്ങുംതമ്പുരാനശേഷനായക
നൊരുങ്ങുംസൃഷ്ടിയ്ക്കായ്ചിലപ്പൊഴപ്പൊഴെ
വിനിർമ്മിച്ചീടുന്നവിരിഞ്ചന്മാർക്കായി
ക്കനിഞ്ഞുനൽകീടുംകടാക്ഷശാസനം
വരിച്ചനേകമാംപ്രപഞ്ചമങ്ങിനെ
തിരിച്ചവരെല്ലാംചമച്ചുകൊള്ളുന്നു
ജഗന്നിവാസൻറബലംതന്നെനമു
ക്കകന്നിടാതുണ്ടാംബലംസമസ്തവും
സഹസ്രവക്ത്രനാംഭഗവാനിങ്ങിനെ
സഹസ്മിതംചൊന്നവചോമൃതംകേട്ടു
വിധുജനങ്ങളുംമുദിതനാംഞാനും
ഹൃദിപതിഞ്ഞുള്ളൊരഹങ്കാരംവിട്ടു
വിധിപോലങ്ങിനെസ്വപദിവീണുതൽ
പദിനമസ്കാരമനുഷ്ഠിച്ചനേരം
പരിരംഭംചെയ്തുപരമനാംദേവൻ
പരിപൂജിച്ചുതന്നനുവാദംവാങ്ങി
പരിഭവംതീൎന്നുതിരിച്ചുപോരുവാൻ
പരിചോടെഞങ്ങൾമുതിൎന്നമാനസെ
ഹരിയുടെതിരുവുടലുംഭക്തിയൊ
ടരിയചെന്താളിരടിയുംചിന്തിച്ചു
സ്തുതിച്ചശേഷംതൽപ്രസാദംമൂലമു
ല്പതിച്ചവാത്യയാവിധൂതന്മാരായി
സ്വതന്ത്രതയൊടുമവരവൎക്കുള്ള
പദംപ്രവേശിച്ചപിതാമഹന്മാരും
ക്രമങ്ങളാനാമീസ്ഥലത്തിലായോൎത്താ

ലമേയംവിഷ്ണുവിൻമറിമായംപാൎത്ഥ
വിശേഷിച്ചുംമഹാജനങ്ങൾക്കിഷ്ടമ
ല്ലശേഷഹാരിയാമഹങ്കാരംപരം
വരുന്നതാക്കിട്ടുജഗൽപിതാവിനെ
മറന്നവനധോഗതിയ്ക്കുപാത്രമാം
ബകദാൎഭ്യോദിതംകഥാദികംകേട്ടു
ബകവൈരിസഹോദരൻകിരീടിയും
മൃദുസിതസ്മിതരസാൎദ്രനായ്നില്ക്കും
യദുകുലേന്ദ്രനുംതെളിഞ്ഞുയോഗിയെ
വണങ്ങിനോക്കുമ്പോളരികവെതമ്മി
ലിണങ്ങിയെത്തുംഹയങ്ങളെക്കണ്ടു
പരിഗ്രഹിച്ചുടൻതിരിച്ചുപോരുവാ
നൊരുമ്പെട്ടപ്പൊഴെസ്സതപ്രിയൻഹരി
മനുഷ്യനാഥനാംയുധിഷ്ഠിരൻതനി
ക്കനുഗ്രഹംശുഭംകൊടുക്കുവാൻഭവാൻ
കനിഞ്ഞിവരോടുംഗമിക്കുവാനിനി
ത്തുനിഞ്ഞിടേണമെന്നുണൎത്തീട്ടാവിധൌ
തപസ്ഥലംവെടിഞ്ഞുടനെഴുന്നേററ
തപസ്വിവൃദ്ധനെവിനീതിപൂൎവ്വകം
ശതമഖസുതരഥത്തിൽപീഠത്തിൽ
ചിതമാകുന്നമാറിരുത്തിയന്തികെ
സരീസൃപാന്തകസുവാഹനൻതാനും
കിരീടിയോടൊന്നിച്ചിരുന്നനന്തരം
ശിഖിധ്വജൻമുമ്പാംമഹാരഥന്മാരും
സുഖിച്ചുതേർകളിൽകളിച്ചുകേറിനാർ
കടത്തിരമേലെരഥഹയങ്ങളെ
നടത്തിയേവരുംക്ഷണാത്തലങ്ങിനെ
തടത്തിലായുടനിറങ്ങിയങ്ങുപാ
ഴിടത്തിലപ്പൊഴത്ഭുതത്തൊടുംകൂടി

കളിന്ദജാതികളകതളിരേററം
തെളിഞ്ഞുദേവകീസുതനൊടുകൂടി
ചിരന്തനതപോധനപ്രവീരനെ
ശിരസ്സുകൊണ്ടവനമിച്ചുകൂപ്പിനാർ
ധനഞ്ജയൻതദാജനാർദ്ദനാജ്ഞയാ
ലനഘശീലനാംതപസ്വിവൃദ്ധനെ
അതിമനോജ്ഞമായ്വിളങ്ങുമന്തോള
മധിരോഹിപ്പിച്ചുനടത്തിമുന്നമെ
ഹയങ്ങളെവിട്ടുഹരിയോടുംകൂടി
ഭയംവെടിഞ്ഞുതൻപടത്തേരിൽക്കേറി
നടന്നനന്തരംഭടന്മാരുംപരം
പടന്നഹസ്തിതേർഹയാദിസേനയും
കളകളംകൊണ്ടങ്ങിളയുടെതല
മിളകുമാറുടൻനടന്നുകൂടവെ
കലശലായ്ഭേരീമരാദികൾക്കുള്ള
പലശബ്ദങ്ങളുംമുഴങ്ങിയങ്ങിനെ
മരച്ചുസൈന്ധവൻജയദ്രഥൻവാണ
പുരസ്ഥിട്ടുക്കൽചെന്നണഞ്ഞതപ്പൊഴെ
ജയദ്രഥാത്മജൻകുമാരകൻജന
പ്രിയതപംകൂട്ടുന്നസ്വപതാപംപൂണ്ടവൻ
സ്വഭാവശോഭനൻസുഭാസനംചെയ്യും
സഭാസനംതന്നിൽനുഭാവകൌതുകം
സ്വമന്ത്രിമുഖ്യരാൽനിഷേവിക്കപ്പെട്ട
അമന്ദശീലനായമർന്നിടുന്നവൻ
സ്വതാതശത്രുവാംപൃഥാസുതൻബാഹു
പ്രതാപവാൻവൈരക്കൂട്ടത്തൊടും
രണംചെയ്തീടുവാൻമുതിർന്നുവന്നി
ങ്ങണഞ്ഞതെന്നുള്ളവൃത്തംകേട്ടപ്പോൾ
ഭയത്താലെഞെട്ടിത്തെറിച്ചുടനുടൻ

വിയത്താടൽപെട്ടധരാതലെവീണു
മരിച്ചുപോയഹൊവിചിത്രമന്നേരം
പരിഭ്രമിച്ചുതത്സഭാജനങ്ങളും
ശവമായീനൃപകുമാരനെന്നിത്തു
ശിവശിവയെന്നനിലവിളിക്കൂട്ടീ
ശ്രവസ്സിലായതുപതിയ്ക്കയാലതി
ജവത്തിലമ്മയായെഴുന്നാട്ടുള്ളാ
കരഞ്ഞുംകൊണ്ടോടിയണഞ്ഞുതന്നുയിർ
പിരിഞ്ഞുള്ളാത്മജകളേബരോപരി
മറിഞ്ഞുവീണുടൻചുടുന്നകണ്ണുനീർ
ചൊരിഞ്ഞുവാരിയങ്ങെടുത്തുപുത്രനെ
പുണർന്നുപുത്രനീയുറക്കമോമിഴി
ച്ചുണർന്നുചൊല്ലുകെന്തിടർനിണക്കിപ്പോൾ
ജനമനോഹരവിലോകനംചെയ്ക
ജനനിഞാൻഭവദിപദിനാശിനീ
മരിയ്ക്കയോമമകുമാരനീയൊന്നു
മുരയ്ക്കയില്ലെന്നാണിതെന്തുവിസ്മയം
തവമുഖാമൃതമയൂഖാഭീക്ഷണ
നവസുഖാലഹംപതിവിയോഗത്തെ
മറന്നിരിയ്ക്കുന്നോനതിന്നനഷ്ടമായ്
പിറന്നിതത്രമെപെരുത്തസങ്കടം
മരിയ്ക്കുവൻക്ഷണംവൃഥൈവജീവനം
ഭരിയ്ക്കുവാനഹമിരിയ്ക്കുകില്ലിനി
പലവിധത്തിലുംവിലാപംചെയ്തുടൻ
തലയിലുംവക്ഷസ്ഥലത്തിലുംപരം
കരദ്വയംകൊണ്ടിട്ടടിച്ചുമൂർശ്ഛിച്ചു
ധരിത്രിയിൽതന്നെകിടന്നാളത്തിയെ
ക്ഷണത്തിലങ്ങുപചരിച്ചുമന്ത്രിക
ളുടനത്തിവന്ദിച്ചങ്ങിരുത്തിയോതിനാർ

ദ്യൂതത്തിനെത്തിനാൻമൂത്തപാണ്ഡവൻ
പിതൃഘ്നനെന്നുകേട്ടടിച്ചുഭീതിയാൽ
മൃതപ്രായമേറവുതെസുതന്നുഹാകഷ്ട
മിതെങ്ങറിഞ്ഞിനിഹിതംനിനച്ചാലും
സ്വമന്ത്രിഭാഷിതംശ്രവിച്ചുസങ്കട
സമുദ്രമഗ്നയായെഴുന്നേറ്റുള്ളാ
സമുത്ഥാനംചെയ്തുജവേനമാനസോ
ദ്യമത്തൊടുംകൂടിപ്പലായനംചെയ്തു
കിഴിഞ്ഞവസ്ത്രവുമഴിഞ്ഞകേശവും
പൊഴിഞ്ഞബാഷ്പവുംവഹിച്ചുകൊണ്ടവൾ
സമാഗമംചെയ്യുംകിരീടിതന്നുടെ
സമീപത്തിൽചെന്നുതട്ടുത്തുനോക്കുമ്പോൾ
സരോജനേത്രനാംഭഗവാനെക്കണ്ടു
സരോദനംകാല്ക്കൽപതിച്ചുണർത്തിനാൾ
ശുഭാകൃതെകൃഷ്ണകൃപാനിധെവിപ
ദ്വിഭാവരീരവെനമോനമോസ്തുതെ
അനാഥയാമെന്നെപ്പരിപാലിയ്ക്കേണ
മനാരതംഭവൽപദാംബുജങ്ങളിൽ
അനാദരംചെരാതുപാസിയ്ക്കുന്നവ
ക്കനാതുരത്വമെന്നറിഞ്ഞിടുന്നുഞാൻ
തവസുഹൃത്താകുംകിരീടിപോരിലെൻ
ധവാവധംചെയ്തുവിധിവശാൽപുരാ
ശിവശിവമമസുതനെയുംകൊന്നാ
നവനിന്നായതെന്തഹംസഹിയ്ക്കുമൊ
ഹിരണ്യഗർഭനംവണങ്ങിയാചിയ്ക്കും
ശരണ്യനാകുംനിന്തിരുവടിതന്നെ
സ്വപുണ്യയോഗംകൊണ്ടണഞ്ഞുയാചിച്ച
വിപന്നയാമെന്നെക്കടാക്ഷിയ്ക്കേണമെ
സ്വസാവിൻഭാഷണംശ്രവിച്ചുഹൃഷ്ടനൻ

വിഷാദമോടുംകീഴിറങ്ങിവേഗത്തിൽ
പ്രണാമംചെയ്തുടൻപ്രസാദിപ്പിയ്ക്കുവാൻ
ഘൃണാമനസ്സനായിവണ്ണംചൊല്ലിനാൻ
ഭവദ്വിപത്യമില്ലിനിയ്ക്കുഞാനൊട്ടു
മുപദ്രവംഭവൽസുതന്നുചെയ്തീലെ
മറിച്ചുചൊന്നതെന്തവൻതവപ്രിയൻ
മരിച്ചുവൊഭവന്മതിഭ്രമംഭീമം
ത്യജിയ്ക്കുമൽഭയംധൃതരാഷ്ട്രാത്മജെ
ഭജിയ്ക്കുസന്തോഷംമനതാരിൽപരം
മുദംവരുത്തുവാൻതദർത്ഥമിപ്പൊഴെ
മദംവഹിച്ചുള്ളമതംഗജങ്ങളെ
സഹസ്രമൊശതസഹസ്രമൊതവ
സ്പൃഹയ്ക്കുട്ടതിലിരട്ടിനൽകുവൻ
സപത്നന്മാരായുള്ളവരെയുംമറു
നൃപത്വംകയ്ക്കൊണ്ടുള്ളവരെയുംബലാൽ
രണംചെയ്തുജയിച്ചസംഖ്യംരത്നവും
ഗുണംകൂട്ടംനാടുംപിടിച്ചുനൽകുവൻ
പ്രിയംചെയ്യുംമഹാജനങ്ങൾക്കാദ്യനാം
നയജ്ഞനങ്ങിന്നവണ്ണംചൊല്ലുമ്പോൾ
സുതാന്തശോകംകൊണ്ടകംകരിഞ്ഞവൾ
നിതാന്തദുസ്സഹശ്രമേണദുഃഖിതാ
കരഞ്ഞുപിന്നെയുംഭഗവാനെനോക്കി
ക്കരങ്ങളുംകൂപ്പിശ്വസിച്ചുണർത്തിനാൾ
ജയജയധനഞ്ജയസഖജഗ
ത്ത്രയപതെകൃപാലയമാംപാലയ
ഭവാദിസങ്കടംകെടുക്കുമീശ്വരൻ
ഭവാനശേഷഹൃൽകുശേശയസ്ഥിതൻ
മനസ്സിൽപണ്ടൊരുവിപത്തിൽപാർഷതീ
നിനയ്ക്കകൊണ്ടാവിർഭവിച്ചുതൽക്ഷണെ

വിളഞ്ഞകാരുണ്യംകലൎന്നവൾക്കഭയം
കളഞ്ഞഭീഷ്ടിതംകൊടുത്തതല്ലയൊ
സ്മരിയ്ക്കുംപ്രാണികൾക്കിരിയ്ക്കുംസങ്കടം
ഹരിയ്ക്കുന്നഭവാൻകൊടുക്കുന്നുസുഖം
സുതാൎത്ഥമിച്ഛയോടണഞ്ഞൊന്നിന്നു
കൃതാൎത്ഥയായ്ഭവദ്വിലോകനത്താലെ
മഹാനിധെമമസഹോദരൻപാൎത്ഥ
നഹോദയാകഥാവിഹീനനീയെന്നെ
പതിയൊടുംസുതനൊടുംപിരിച്ചഹ
സഹിതയൊടൊപ്പിച്ചുഗതത്രപംവിമൊ
നശിച്ചുപോയ്നാടുമനാഥമായ്ദുഃഖ
മശിച്ചവാകമീയിനിയ്ക്കുസമ്പ്രതി
ഹയങ്ങളെന്തിനുഗജങ്ങളെന്തിന്ന
[illegible]യങ്ങളുംധനചയങ്ങളുംതഥാ
സമസ്തവുംതരാനൊരുക്കമാണത്രെ
സമൎത്ഥനാമവൻവിചിത്രഭാവം
മമസുതനായിൎക്കൊടുത്തെഴുന്നേല്പി
ച്ചമലമാമാശീൎവ്വചനവുംനൽകി
സുരക്ഷണംചെയ്കസുരപ്രഭോഭവാ
നരക്ഷണംപോലുംപൊറുക്കൊലാപുരാ
ഗുരുദ്വിജന്മചത്തിരുന്നാപുത്രനെ
വരുത്തിയേകിയചരിത്രംവിശ്രുതം
പലവിധമിതിപറഞ്ഞുടൻപതി
ച്ചുലകധിപതിപാദങ്ങളിൽതന്നെ
കിടന്നുരുണ്ടുംകൊണ്ടതുകളിൽപരം
ചുടുന്നബാഷ്പംകൊണ്ടഭിഷേകംചെയ്തു
ശ്രിതന്മാൎക്കെല്ലാരുഹിതംവരുത്തീടും
സ്വതന്ത്രൻപാലനവ്രതൻകൃപാനിധി
വസുദേവാത്മജനായിട്ടുള്ളസുത

ന്നസ്ഥാനംചെയ്യുനശങ്കമിപ്പോൾ
തരുവൻമംഗളമെഴുന്നേററീടുകെ
ന്നരുൾചെയ്താൎയ്യയാമവളൊടുംമുദാ
പലനിഷൂദനസുതൻമുതൽക്കുള്ള
ചിലനിഷേവകസ്സുവരന്മാരൊടും
എഴുന്നെള്ളീജയദ്രഥാലയെപലർ
ചുഴന്നുള്ളീശ്വരൻനൃപസഭാതലെ
പൃഥിവിയിൽകഷ്ടഗതിയിലങ്ങിനെ
പതിതനായുള്ളകുമാരനെക്കണ്ടു
അയികിശോരകസുശോഭനനീയി
ങ്ങുയിരൊടുംകൂടിയെഴുന്നേററീടുക
ഭയമുണ്ടാകില്ലെന്നരികിലെന്നതി
പ്രിയംഗിരംകനിഞ്ഞരുൾചെയ്തുമൃദു
കരതളിർകൊണ്ടുതദംഗംതൊട്ടപ്പോ
ളൊരുതെളിവൊടുമുണൎന്നുബാലകൻ
മിഴിയിണതുറന്നെഴുന്നേററന്തികെ
വഴിപോലെനോക്കുംപൊഴുതുതന്മുമ്പിൽ
വിളങ്ങീടുംഹരിഭഗവാനെക്കണ്ടു
വളൎന്നീടുംസുഖപുളകവുംപൂണ്ടു
ഒരുവടിപോലെസുതചിരങ്ങളാം
തിരുവടികളിൽപതിച്ചുകൂപ്പിനാൻ
അരികിൽക്കണ്ടൊരുകിരീടിതന്നെയു
മരിഭയംവിനാവണങ്ങിനാനവൻ
ഹരികിരീടികളതീവമോദേപൂ
ണ്ടരിയൊരാശിസ്സമവനുനൽകിനാർ
തനുജനുള്ളുടൽപുണൎന്നുവൈകിടാ
തനുമോദംകയ്ക്കൊണ്ടുണൎന്നുള്ളോ
പടഹദുന്ദുഭിപണവമൎദ്ദള
പടലവാദിത്രമുഖാരവംതദാ

മുഴക്കത്തോടുമങ്ങുയൎന്നാകൌതുകം
മുഴക്കംസംഗീതംതുടൎന്നുനൃത്തവും
സമന്ത്രിപൌരന്മാൎത്തുടങ്ങിയുള്ളവർ
സമംത്രിലോകീശകപിധ്വജന്മാരെ
പുകഴ്ത്തിനാരടിവണങ്ങിനാർജയ
ജകത്തിനാരതിമഹോത്സവാഘോഷം
വളൎന്നീടുന്നതിന്നിടയ്ക്കുഹർഷിച്ചു
തളൎന്നീടുംരാജ്ഞീസുതനൊടുംകൂടി
പുരുഹൂതസുതനൊടുംപുരാണനാം
പുരുഷനെമണിമനോഹരാസനെ
വസിപ്പിച്ചെത്രയുംഭജിച്ചുപൂജിച്ചു
രസിപ്പിച്ചൎത്ഥിച്ചുവണങ്ങിവാഴ്ത്തിനാർ
പ്രസാദവാൻപൃഥാസുതൻപ്രഥാഗുണ
പ്രസാധകൻതദാഭൂയാദരത്തൊടും
സ്വയംപ്രലനയംപറഞ്ഞുദ്ഗ്ലാ
ഭയംശമിപ്പിച്ചിട്ടിവണ്ണംചൊല്ലിനാൻ
ഹയത്തൊടുംഗജാഹ്വയംഗൃഹംതനാക്കി
ചയംഗമിയ്ക്കുന്നതികഞ്ഞുവത്സരം
ജനസുഖംനൽകുംമഖത്തെയുംകുന്തി
ജനനിയെയുംപാർഷതിയെയുംപിന്നെ
ഭഗവാനുള്ളൊരുജനനിമാരെയും
ഭഗവതികളാംയുവതികളെയും
വിധിപോലെകണ്ടുസുഖിയ്ക്കുവാൻപുരു
പതിയായിട്ടിന്നുഭവതിപോരണം
ക്ഷണംപുറപ്പെട്ടാലൊരുമിച്ചുപോവാം
ക്ഷണംകഴിച്ചുഞാനിതിഗിരംകേട്ടു
ഹിതതരമിനിയ്ക്കിതെന്നുവാസവ
സുതനൊടുത്തരംപറഞ്ഞുദ്ഗ്ലാ
പുരുസുഖംനൽകുംനരസഖനൊടെ

ത്തിരുമുഖംനോക്കിയുരചെയ്താളുടൻ
മുരഹരസുരവരഹരാർച്ചിത
നരവരസുഖകരനരകാരെ
ധരണിയിലേവംകരുണയാരവൻ
കരണിയംനിത്യംസ്വഭക്തജീവനം
ഭവൽപ്രസാദംകൊണ്ടിനിയ്ക്കുപുത്രന
മിവണ്ണംരാജ്യവുംഭവിച്ചുസമ്പ്രതി
യമസുതമഖമഹാദിഭശനെ
മമഹൃദകൊതിഫലിപ്പിയ്ക്കേണമെ
ഹരയുടെകടമിഴ്യുടെലേശം
പരിചോടേലഭിച്ചുഗസുതനൊട്ടും
കരപുരയ്ക്കായിട്ടുടൻപുറപ്പെട്ടാ
ളുറയുകനൃപഹര കൃപാബലം
അഥജഗദധിപതിയുംപാത്ഥന
മിതരന്മാരൊട്ടംസ്വസൈന്യംപ്രാപിച്ചു
പടകളൊന്നിച്ചുപലവധ്വജമ്മി
ലിടകലന്നിട്ടംകളകളത്തൊട്ടം
കടകം ചാമരാദികളൊട്ടുംകൂടി
നടകൊണ്ടുഗിരികലംകലുങ്ങവെ
നലമൊടിങ്ങിനെ ചിലദേശാകട
ന്നളവുനാളീകദളവിലോചനൻ
വലരിപുമുഖസുരവിഭുസുഖം
വളരുമാറുള്ളകളിയാട്ടംദേവൻ
സ്വയംസ്വലീലയാവനസ്ഥലെമണ്ടം
ഹയഭയംപിടിച്ചുടക്കിബന്ധിച്ചു
അങ്കംചെയ്തുഹരിഹയതനയനൊ
ടരുണജസുതസഹോദരസഖെ
വിരുതേറുംബഭ്രുനൃപതിവീരന്മാർ
മരുവീട്ടംമഹീതലമശേഷവും

ചുഴന്നുവന്നിളകുന്ന തുരംഗമങ്ങളെ
ത്തുഴന്നുപോകുവാനിടവന്നീടാതെ
ഭവഭാഗ്യംശ്ലാഘ്യമിനിനമുക്കെങ്ങു
മവനിയിൽചുററിത്തിരിയേണ്ടാപാൎത്ഥ
അവധിയാമബ്ദംതികഞ്ഞുചിത്തംകൊ
ണ്ടവലോകിയ്ക്കുകയുധിഷ്ഠിരൻനൃപൻ
വ്രതവിധിക്ലേശംസഹിച്ചുവിപ്രൌഘ
വൃതനായിട്ടേതുദിനമായ്‌വാഴുന്നു
വഴിയ്ക്കുതത്രചെന്നിനിവേണ്ടുംകാൎയ്യം
കഴിയ്ക്കുകതന്നെനമുക്കപാണ്ഡവ
യുധിഷ്ഠിരാന്തികമഹംമുദാമുമ്പി
ലധഗമയ്ക്കുന്നേനഥനിശാഗമെ
വളൎന്നകൌതുകംകലൎന്നനമ്മുടെ
കുളിന്ദജാദികൾഗുണപ്രവേദികൾ
പ്രശസ്തന്മാർശുഭപ്രവൃത്തന്മാർഭവ
ദ്വശസ്ഥന്മാർവസുന്ധരാധിനാഥന്മാർ
ധ്വജധ്വജൻമമസുതനാതളാത്മജൻ
വൃഷധ്വജൻഭവൽസുതൻബലശ്രുതൻ
ഹിതകൎമ്മാവാകുംശിനിസുതൻകൃതി
കൃതവൎമ്മാവിവരിനിയുമുള്ളവർ
സമസ്തരുംഭവത്സമേതന്മാരായി
ക്രമത്തിൽചെയ്യട്ടെയുധിഷ്ഠിരെക്ഷണം
പലമണിമയകിരീടകണ്ഠകെ
വലയഹാരാദിവിഭൂഷണങ്ങളും
വിലസീടുംനവപട്ടുകുലജാലവും
മലരണിമാലാകലങ്ങളെപ്പൂണ്ടു
മലയജരസമൃഗനാഭിധൂപ
സുലഭസൌരഭ്യസുവാസനയൊടും
മലവിഹീനമാംവ്യജനമാലക

കലമണിഞ്ഞുള്ളൊരഴകൊട്ടുംകൂടി
സുഗന്ധതൈലംകൊണ്ടെരിഞ്ഞുനാസിക
സുഖംതരുംപലമണിദീപങ്ങളിൽ
പരംതെളിഞ്ഞുമുമ്പുറംതന്നിൽമേന്മ
തരംപോലെഹിതംപെട്ടുംപാടംപാടി
നിറംകലന്നാട്ടംനടീജനങ്ങളും
നിരന്തരവാദ്യഘനസ്വനങ്ങളും
ഗുണംവർണ്ണിച്ചീടുംസ്തുവന്ദിവൃന്ദവു
മിങ്ങനെ യുണ്ടാകുംകളകളോത്സവെ
തുരംഗമമേധയജ്ഞ ബന്ധനെ ശ്ലേഷ
നരന്മാർക്കുംമുന്നെനടത്ത ച്ചങ്ങിനെ
പുരസ്കൃതനാകുംമുനിയൊട്ടംനിങ്ങൾ
പുരംപ്രവേശിപ്പിൻപുതുമോദത്തോടെ
സ്വാസമീവർണ്ണനരുൾചെയ്യുംസാക്ഷാൽ
സരസിജാക്ഷനന്തിരുവടിതാനെ
എഴുന്നെള്ളീകരീപുരംപുക്കശ്രുഭ
മെഴുന്നദേശമാംസുരാപഗാതടെ
വിചിത്രമണ്ഡപസ്ഥലത്തിലെത്രയും
ശുചിതമേറീട്ടുംമനോയമത്തോടെ
മഹർഷിമണ്ഡലംചുഴന്നുവാഴുന്ന
മഹസ്സ്വിയാംധർമ്മമഹീന്ദ്രനെക്കണ്ടു
നമസ്കരിച്ചപ്പോളെഴുന്നേററാത്തുസൽ
സമക്ഷമക്ഷയപ്രമോദപൂർവ്വകം
ക്ഷമേനനാദരംകലന്നുഭക്തനായ്
ക്രമേണ സല്ക്കരിച്ചിരുത്തിയോതിനാൻ
ജയജയജഗൽപ്രിയതനോധന
ഞ്ജയസഖവരതവവിയോഗത്താൽ
അവശനായുഷ്യനഹംവസിയ്ക്കുന്നോ
നവസരമിതിലിതിപുരസ്ഥലെ

ങ്ങവലോകനലെഭ ച്ഛൂതൂവശാലഴ
ലുഷിതമായിട്ടത സുഖംവന്നു
ഘണ്ണക്കംപൂണ്ടുള്ള ജനങ്ങൾക്കെത്രയും
ഉന്നമ്മുംനിന്തിരുവടിവടിവോടെ
വരുത്തിയൊമമജയംസമസ്തവു
മൊരുത്തനാസ്ഥാൻനിമിത്തമെന്തഹോ
നരകനാശന!വിജയനംമഖ
തുരഗവുംചമൂസമൂഹവുമെങ്ങു
സമമൊന്നായീലെമമമഖാൎത്ഥമാം
സമയവുംതഥാസമീപിച്ചീലയൊ
ന്തരുമുഖംതെളിഞ്ഞരുൾചെയ്തുകൃഷ്ണൻ
തിരുവടിയമനിധെയമാത്മജ
ങ്ങാറ യുകതവസഹോദരൻവീര
നരിവിനാശനൻഹരീശകതനൻ
ഹയദ്വയത്തൊടുമനേകരാജസ
ഞ്ചയത്തൊടുംമഹാജയത്തൊടുംകൂടി
സമാഗതൻചമൂസമാവൃതൻചാരെ
സമാവധൌസൎവ്വപാവതംസമെ
മടക്കമെന്നിയെന്നുപന്നഗരജയി
ച്ചടക്കിയവധംകേറഞ്ഞാനോതീടാം
തുരംഗമംമുമ്പിൽസ്വയംമാഹിഷ്മതീ
പുരംഗമിക്കയാലതിന്നധീശ്വരൻ
മരുൽസഖന്തന്നെസ്വജാമാതാവാക്കി
മരുവുന്നീലധ്വജൻമഹാബലൻ
മടിച്ചുനില്ക്കാതെതുരംഗമേന്ദ്രനെ
പ്പിടിച്ചുബന്ധിച്ചുപരാരണംചെയ്തു
മടക്കംവന്നാപ്പോൾകൃശാനശാസനാ
ലൊട്ടക്കംസന്ധിച്ചുകിരീടിയോടൊത്തു
പുരംകൊടിഞ്ഞുടൻതുരംഗരക്ഷാൎത്ഥം

പുറപ്പെട്ടീടിനാനന്തരം പാൎത്ഥൻ
പെരുത്തവമ്പോടുംഗമിച്ചു ചെമ്പക
പുരത്തിലായവപ്പോളതിന്നായകൻ
ഹരിപ്രിയൻഹംസദ്ധ്വജൻ പ്രതാപവാ
നരിപ്രജാമദഹരൻദുരാസദൻ
മുതൃന്നപോരിനായങ്ങഞ്ഞശേഷംതൽ
സുതന്മാരിൽപരംബലംകലൎന്നവർ
സുധന്വാവുംതഥാസുരഥനുംമഹാ
മൃധംചെയ്തവൽഭടന്മാരെവെന്നു
ജയംപൂണ്ടൎജ്ജുനൻതന്റെയുമെത്രയും
ഭയംകൊടുത്തവൻമുകുന്ദഭക്തന്മാർ
ഹതന്മാരായൊരുവധംകിരീടിയാ
ലതങ്ങുകണ്ടുടൻകയൎത്തുതാൻതന്നെ
എതൃത്തൊരുഹംസദ്ധ്വജക്ഷിതീന്ദ്രനെ
ഹിതത്തിനൊക്കനോരുപായംകൊണ്ടാശ്ശു
അടക്കിയാദരിച്ചിണക്കതാൻപാൎത്ഥ
നടുക്കലാക്കിനേൎത്തുണയ്ക്കുവാൻവേണ്ടി
അനന്തരംഭുജബലംകൊണ്ടുഴിയി
ലനഘൻബഭ്രുവാഹനൻകിരീടിജൻ
അരശനായ്വാഴുംമണിപുരംപ്രാപി
ച്ചരിശംകാണിച്ചുഹരിഹയാത്മജൻ
പടിവശാലഹൊവൃഷദ്ധ്വജാന്വിതം
യുധിഹതനായിനിജസുതനാലെ
ഫണിപതിമകൾപുകൾപെടുംമതി
ഗുണവതിയായുള്ളലൂപിയപ്പൊഴെ
പണിചെയ്തുവശീകരിച്ചുജീവക
മണികൊണ്ടുവൃഷദ്ധ്വജപുരസ്സരം
പുരന്ദരാത്മജനനന്നെഴുന്നേറവു
പരംപ്രാഹൃഷ്ടനായ്സുതനോടുംകൂടി

ദുഃസംഗമംവിട്ടുനടന്നാനന്തരം
പരതാപൻതാമ്രധ്വജൻമഹാബലൻ
മദപ്രവൃത്തനാംമയൂരകേതുവിൻ
മകരഹയന്ത്രഭേദനത്തിന്നാവൻ
തട്ടിയവാജിയെപ്പിടിച്ചമഗ്ഗത്തി
ലതിദീനനായചെയ്തുഭയങ്കരാഹവെ
ഒട്ടുക്കംപരാക്രമംപൂണ്ടട്ടക്കമെന്നോയും
മിട്ടക്കറങ്ങളെല്ലാരുകിരീടത്തിന്നെയും
ചൊടിച്ചുകൈകൾകൊണ്ടുടൻബലത്താലെ
പിടിച്ചുപീഡിപ്പിച്ചടക്കീടുംവിധൌ
വലഞ്ഞുമോഹിച്ചുകിടന്നഞങ്ങളെ
വലിച്ചെറിഞ്ഞിട്ടുഹയത്തോടുംകൂടി
സപരത്നന്ദിരംഗമിച്ചനന്തരം
സ്വപ്രസൂതവിഷാദംതീർക്കുവാൻ
മുത്തുക്കൻവിപ്രനായഹംസശർമ്മനാ
മായാത്രക്കംപൂണ്ടുള്ളസിതാശപൻതന്നോടും
നിശ്ശൂപപുരമകംപുക്കതത്തൽ
ദിശിവാഴുംബഹുവിധജനങ്ങളിൽ
പിരിയാതെപ്പോഴുംമൊഴിയലുമുള്ള
ഹരിയുടെകീർത്തിസ്മൃതിവിശേഷവും
പരചിന്മൂർത്തിയാമനന്തശായിതൻ
ചരണപൂജകജനോത്തമൻനൃപൻ
മരുവീടുംദിക്കിൽമിനോദയെചെന്നു
വിരുതൊടുംചിലകളവെടുത്തുഞാൻ
പലതരത്തിലുംപരീക്ഷിച്ചപ്പോഴും
ചലിനമേല്ക്കാതെശിഖിധ്വജൻതങ്കൽ
തെളിവെഴുംസത്വഗുണാഭിവൃദ്ധിയും
മിളിതമായ്നിന്നവലിയസത്വവും
വഴിപോലെകാട്ടിവിജയനാമന

മഴിയുമാശ്ചൎയ്യംവരുത്തിയശേഷം
സ്വവേഷംപൂണ്ടുനിന്നതുകണ്ടുഭൂപൻ
ജീവനങ്ങളെപ്പുകഴ്ത്തിപ്പൂജിച്ചു
സ്വയജ്ഞത്തെവെടിഞ്ഞുടൻഭവാനായി
സ്വയംനടത്തിയഹയത്തെയുംതന്റ
സ്വപുത്രനോടുംതാമ്രധ്വജാംകയ്യാണ്ടു
സ്വതാസംഗരപ്രവൃത്തനായഹൊ
സ്വതന്ത്രന്മാൎങ്ങളെനന്തരംസാര
സ്വതംപുരംപുക്കുതുരംഗമത്തൊടും
അത് നനാഥനായെഴുന്നമന്നവ
നതിപ്രതാപവാനതീവധൎമ്മവാൻ
വിമലൻവീരവൎമ്മകൻമകൾക്കൊരു
രമണനാസ്ഥാഴംയമനൊടുംകൂടി
സമരംചെയ്യുന്നൊനമൎത്ത്യകകൊണ്ട
ങ്ങമരനായകസുതവശനായാൻ
പൃഥുശ്രുഭനിധെതവതുരംഗമ
മഥമറഞ്ഞുകുന്തളപുരംപുക്ക
നൃപൻചന്ദ്രഹാസൻതദീശൻദേവസഃ
നിഭൻചന്ദ്രൻമങ്ങുംയശോവിശേഷവാൻ
ക്ഷിതീശശേഖരൻജിതേന്ദ്രിയൻമഹാ
നതീവവൈഷ്ണവനശേഷസത്ഗുണൻ
സദൈത്യന്മാരാകുന്നമൎത്ത്യന്മാരാലും
സുദുൎജ്ജയൻജഗന്നമസ്ക്കരണീയൻ
പെരുമ്പടയ്ക്കുമുമ്പുറംപുക്കപാരി
ന്നൊരുമ്പെട്ടംനേരംരണോദ്യമത്തോടെ
ഭയംവെടിഞ്ഞുഞാൻകിരീടിതന്നുടെ
ഹയങ്ങളെത്തെളിച്ചതിദ്രുതംരഥം
നടത്തിനേൎട്ടങ്ങടുത്തതുംകണ്ടി
ട്ടെട്ടുത്തിൎയ്ക്കുന്നപടവില്ലുംവിട്ടു

ധരിത്രിയിൽച്ചാടിക്കിരീടിയെപ്പിടി
ച്ചുരസ്സിൽചേൎത്തിട്ടുപുണൎന്നങ്ങളെ
പുരത്തിൽക്കൊണ്ടുചെന്നതിവത്സല്ലരി
ച്ചിരുത്തിപ്പൂജിച്ചുഹയംനടത്തുവാൻ
ഒരുത്തന് ഞാനെന്നിങ്ങ് കൂടിനാൻ
പെരുത്തതുതന്നെഭവൽഭാഗ്യംനൃപ
അനന്തരംവിട്ടുഹയംരണ്ടുംപാഞ്ഞി
ട്ടനൎത്ഥമാംവണ്ണംസമുദ്രത്തിൽചാടി
മറഞ്ഞുപോകയാലതെങ്ങുപോയെന്നു
തിരഞ്ഞുകൊള്ളുവാനറച്ചുവിദ്രുതം
ധരാതലേശ്വരകിരീടിമത്സുതൻ
മരാളകേതനൻമയൂരകേതനൻ
മണിപുരാധിപൻവരൊടൊത്തൊരു
പണിചെയ്യുന്നഹംപയോധി തൻമീതെ
ജലചരങ്ങളാംഹയങ്ങളെമണ്ടി
ച്ചലനാതെഗമിച്ചകന്നൊരുദിശി
പെരുത്തീടുംസുഖംമനസ്സിലേവൎക്കും
വരുത്തീടുന്നൊരുവരദ്വീപംകണ്ടു
തരംഗിതാംഭോധിജലത്തിൽനിന്നതി
ലിറങ്ങിനോക്കുമ്പോളൊരുശുദ്ധസ്ഥലെ
ഉണങ്ങിയുള്ളൊരുവടങ്ങളുംചൂടി
യിണങ്ങീടുംമൃഗാദികളൊടുംകൂടി
വിരിഞ്ചവംശതിവിനാശംകണ്ടുക
ണ്ടറഞ്ഞിരിക്കുന്നചിരന്തനൻമുനി
ബകദാല്ഭ്യൻമഹാതപംചെയ്തുകൊണ്ടു
സുഖദാൎഢ്യംകയ്ക്കൊണ്ടിരിപ്പതങ്ങിനെ
വയംകണ്ടുവന്ദിച്ചനന്തരംകണ്ട
ഹയദ്വയത്തെയുംമഹൎഷിതന്നെയും
പുരസ്കരിച്ചുംകൊണ്ടുടൻനിവൎത്തിച്ചു

പരാക്രമംകീൎത്തിമാനിഹഭവാൻദ്ദൃഢം
വലിയതുഭവൽപ്രതാപംകേൾക്കുന്ന
തലമിതുപരംചെറിയതുതന്നെ
ജ്ഞാനമില്ലാംതപസ്സുണ്ടുംപരാക്രമാദികൊ
ണ്ടെനഘന്മാർപലമഹീമഹേന്ദ്രന്മാർ
ജിതന്മാരായുശംഗതന്മാരായേവം
ഹിതന്മാരായെല്ലാഭവാനപാണ്ഡവ
ന്മവരെല്ലാവരുംഭവദീയമായു
ള്ളവംശാകംഭചമ്പാനനഞ്ഞിട്ടണ്ടല്ലോ
മദ്ധ്യവൃത്തന്മാർസുഭക്തന്മാർവർ
സമരാത്മന്മാരെന്നറിഞ്ഞവർതമ്മെ
കനകമുഖ്യാദരാദികൊണ്ടെന്നെ
ക്കണക്കണ്ടാലുംയുധിഷ്ഠിരപ്രഭൊ
ന്മസംഖ്യമഹാസ്തോർഹയങ്ങാംദിച്ചവ
ളുമംഖ്യാതകാഞ്ചനവസ്തുക്കൾ
ഹതങ്ങളായിട്ടുള്ളവകളെൾട്ടമ
ഖിതന്മാരാംമഹീമണാളന്മാരൊട്ടം
മഹർഷിതന്നോട്ടംയയുദായത്തൊട്ടം
മഹേന്ദ്രപുത്രനിങ്ങൊടുകലൊയെല്ലൊ
എതിരേറിടേണമിവർകളെനാമി
ന്നിതിനായിമുമ്പിലണഞ്ഞുഞാൽനൃപ
വിധിപോലെമഖംതുടന്നിടാമുടൻ
ഹൃദിഹിതംതവസമസ്തംസാധിയ്ക്കും
ഭുജബലംകൂട്ടംവൃകോദരൻതാനും
വിജയനുംവചോവശത്തിലുള്ളപ്പോൾ
ഒരുകുറവുമില്ലിഹഭവാനുള്ളിൽ
കരുതീടുംകാൎയ്യംസഫലമായീടും
യുധിഷ്ഠിരൻചിരിച്ചുണർത്തിനാനപ്പോ
ളതിപ്രിയംകൃഷ്ണതവവചോമൃതം

കുറവിനിയ്ക്കുണ്ടോശരണംമേലേവൻ
കരുണകൊണ്ടുള്ളകടാക്ഷമല്ലയൊ
കരുമുകിൽവൎണ്ണകളുംനേരംനി
ന്തിരുവടിതന്നെമമബലംസൎവ്വം
സഹജന്മാൎക്കുമെററൊരുബലമില്ല
നാഹമറിയുന്നൊനരവിന്ദേക്ഷണ
മുകിൽവൎണ്ണനാംഭഗവാനന്നേരം
മുദിതനായ്മരുൽസുതമുഖംനോക്കി
പരമിമ്പംകലൎന്നിനിയ്ക്കായിട്ടേറ്റം
പരിരംഭംതന്നീടുകവൃകോദര
അകതാരിൽക്കാത്തങ്ങണഞ്ഞാലുംഭവ
നകംതെളിഞ്ഞീലെങ്കിൽസ്ഥിരതമ
തിരുമനംതെളിഞ്ഞിവൎണ്ണമാരൊ
ഭരംചെയ്യുംഹരിചരണപങ്കജ
പരമജന്മനായവൎകളെല്ലാരു
മനനമിയ്ക്കുംസ്തുതിയ്ക്കുംചെയ്യാർ
അനന്തരംനന്ദനന്ദനനെയും
ന്നനന്തരമന്തഃപുരംപുക്കരാൽ
പ്പുഷ്പസായകപ്രൌഢയുതകാക്കൽ
കരുണാമനായെഴുന്നറങ്ങന്ന
തൊഴുതുംകൊണ്ടുഹൊവജയാദികഥ
മുഴുവനുംനന്നായുരചെയ്യപ്പോഴെ
സുശോഭനാമോദംവളൎത്തുദേവകി
യശോദകൾക്കുള്ളസമീപത്തിൽചെന്ന
അവരെയുംനമിച്ചശേഷമന്നാത
മവിടെയുംകേൾപ്പിച്ചിട്ടനന്തരമഹൊ
സതിയായുള്ളപാൎവ്വതിയാംദേവിയു
രതിസ്ത്രീയാകുംസുഭദ്രയുംചെന്നു
ഹരിപദംകണ്ടിട്ടിരിക്കവെനിന്നു

ചരിതംകേട്ടതിപരിതോഷംപൂണ്ടാർ
മഹിതനാംദിതിസുതാരിഗാന്ധാരി
സഹിതനായുള്ളധൃതരാഷ്ട്രനെയും
ചതുരനായുള്ളവിദുരൻതന്നെയു
മതുലനാംഗാവൽഗണിയെയുംകണ്ടു
സുഖോദയംവരുംസുഭാഷണംചെയ്തു
വൃകോദരനോടുമൊരുമിച്ചുപിന്നെ
ഖദ്രേപുത്രിയാംഭഗവതീദേവി
വിദർഭയാംസാത്രാജിതീമഹാസതി
സുമതിയായാംജാംബവതിമുതലായ
കമനികളായുള്ളനേകനാരികൾ
സഹവാസംചെയ്തുവിളങ്ങിടുംനിജ
മഹനീയാലയമകംപുക്കപ്പൊഴെ
തെളിഞ്ഞുദേവികൾവണങ്ങിപ്പൂജിച്ചു
വിളങ്ങുമാസനെവസിപ്പിച്ചങ്ങനെ
പരിചരിച്ചിടുംസമയത്തിൽതന്നെ
കരിമുകിൽവർണ്ണൻഭഗവാനെനോക്കി
ഭഗവതിഭാമാചിരിച്ചുചോദിച്ചു
ഭഗവാനെകൃഷ്ണപയോരുഹെക്ഷണ
ഒരുമടിക്കൂടാതുപകരിയ്ക്കുംനിൻ
തിരുവടിഹൃദിതെളിവോടുംകൂടി
പ്രിയതചംകൂടീട്ടുംകിരീടിയ്ക്കുധര
ഹയത്തൊടുംരമ്യചയത്തൊടുംമുധെ
ജയംകൊടുത്തീലെജനപദംതോറും
സ്വയംനടന്നേവംചുഴന്നുപോന്നീലെ
മനോഹരാകൃതെതവാവലോകനെ
മനോഭവാമയംഹരിയ്ക്കുവാൻവേണ്ടി
വധൂജനങ്ങളിലൊരുത്തിയെങ്കിലു
മുരുധരാഗമോടപേക്ഷിച്ചീലയൊ

സുഖംവരുത്തുവാനടുത്തകുബ്ജയൊ
സുഖർഷഗാത്രിയൊവരിയ്ക്കപ്പെട്ടീലെ
പ്രമീളയെന്നൊരുസുമീനനെത്രയെ
സമീരണാത്മജസഗർഭ്യൻവെട്ടീലെ
അതുപോലെചെയ്യാതടങ്ങുമൊഭവാ
നതുചെയ്തില്ലെന്നില്ലശേഷവുംചെയ്യും
പ്രിയതമാഗിരംശ്രവിച്ചുടൻമായാ
മയനാകുംദേവൻചിരിച്ചുസാദരം
സമീപത്തിൽതന്നെവസിയ്ക്കുംസാരനാം
സമീരപുത്രനോടരുൾചെയ്തീടിനാൻ
കളവൊഴിഞ്ഞുള്ളനയനിധെഭീമ
ബലമെഴുംഭീമാവചനംകേട്ടീലെ
കളത്രസംഘവുമവരവർപെററ
വളർച്ചപൂണ്ടുള്ളബഹുസുതന്മാരും
സുതസുതന്മാരുമനേകംചേരീട്ട
ഗാധനായുള്ളഞാൻതരുണനൊപ്പിന്നെ
പലമഹത്തുക്കളെഴുന്നധർമ്മജ
നിലയത്തിൽതന്നെമരുവുന്നൊനിപ്പോൾ
പുതുതായുള്ളൊരുവധൂപരിഗ്രഹെ
ഉത്സുകവാനായെന്നറിയുകിലെന്നെ
ജനങ്ങൾനിന്ദിച്ചുഹസിയ്ക്കില്ലെന്നാണം
മനസ്സിലല്പവുമിനിയ്ക്കില്ലെന്നായൊ
ചെറുപ്പകാലത്തിൽചിലതനുഷ്ഠിച്ചു
നറുപ്പുകൂടാതുള്ളപകടമത്രു
ഒരിയ്ക്കലുംമമരുചിയ്ക്കയില്ലിപ്പോ
ളുറയ്ക്കുകെന്നുടെമൊഴിയിതുസത്യം
ശരിയായിട്ടെന്റെചരിത്രത്തിന്മേ
മറിയുന്നീലിവരകതാരിലഹൊ
ഹരിയുടെഗിരംശ്രവിച്ചുഭീമൻപ

ഞ്ചിരിയോടുംനിന്നാനതിനിടയ്ക്കുകൻ
പ്രതീഹാരൻവന്നുനമിച്ചുസാദരം
ക്ഷിതീശഭാഷിതമുണർത്തിച്ചീടിനാൻ
സഭീമനാംനാഥനടനെഴുന്നെള്ളി
സഭാതലംപുക്കനൃപാലനെക്കണ്ടു
തദാശയജ്ഞാനയരുൾചെയ്തീടിനാ
ന്നദാരധർമ്മജവൃകോദരാഗ്രജ
നയജ്ഞനാംഭവാൻപരിഭ്രമിയ്ക്കാതെ
സ്വയജ്ഞവാടത്തിൽസുഖിച്ചിരുന്നാലും
ധൃതരാഷ്ട്രാദിയാംമഹാജനത്തോടു
മെതരേററിടുവാനഹംഗമിച്ചീടാം
വിവിധനിർഘോഷംവിജയൻതന്നുടെ
സവിധദേശത്താലണയുവൻമുദാ
പുറപ്പെട്ടീടട്ടെമഹർഷിമാർപലർ
പുരസ്ഥിതന്മാരാംദ്വിജോത്തമന്മാരും
മുഴക്കട്ടെശ്രുതിസ്വരങ്ങളെമ്മോദം
മുഴക്കട്ടെശംഖുകൾകന്നവക്രമാനസ
കൃപാചാര്യരാകുംഗുരുവിദുരൻസഞ്ജയ
നപരന്മാർപലരിവരൊടുംകൂടി
മരുത്സുതൻമാദ്രീസുതന്മാരെന്നിവ
രൊരുമിക്കട്ടെപോകനാതന്നുസാദരം
ജനനിയാംകുന്തിയനവധിവധൂ
ജനവതിയായിട്ടണയുംപാർത്ഥനെ
ശശിമുഖീകരച്ചുതീവഹർഷംപൂ
ണ്ടഖിലാഘംകയ്യ്ക്കൊണ്ടനുഗ്രഹിയ്ക്കട്ടെ
മുനിവധുക്കളുമനുഗ്രഹിച്ചെൻറ
വനിതകളൊടുമനുമോദത്തോടും
സമാദരിയ്ക്കട്ടെമഹാഗജസ്ഥമാം
കുമാരികാഗണംസരണികൾതോറും

വെളുത്തചല: ജൌഘലംപൊഴിച്ചുമാനസം
കുളുർത്തഴകൊടുംഗമിയ്ക്കട്ടെമുമ്പിൽ
ഭൂജഭേവണിക്ജനങ്ങളും ജഘ
ന്യജഗണങ്ങളുംനടീനടന്മാരും
പലവാദ്യക്കാരുമകമ്പടിക്കാരു
മലസാതെപോവാൻമുതിർന്നു നില്ക്കട്ടെ
അലംഘനീയമാംഭവന്നിയോഗംകൊ
ണ്ടലങ്കരിയ്ക്കട്ടെനൃപാലയംപലർ
നിറംപെട്ട പലപതാകകളോടും
നിറഞ്ഞഭംഗിയിൽപെട്ടുന്നതോരണം
നിരന്തരംവേണ്ടുംതലങ്ങൾതോറുമെ
നിരക്കവെട്ടുദൃഢംനിബന്ധിച്ചീടട്ടെ
തെളിവേറുംമുക്താഫലമണികുല
തളിർകുലംപലമലർമാലാദികൾ
പ്രധാനമാംമൃദുക്ഷൌമജാലാദി
വിതാനമീവകംഘടിപ്പിച്ചീടട്ടെ
മലയജകുളുർജലംകൊണ്ടങ്കണ
തലമശേഷവുംനടവഴികളും
കുളുർക്കുംമാതിരിനനയ്ക്കട്ടെഗന്ധം
വളർക്കട്ടെപൂക്കൾവിതയ്ക്കട്ടെമേലെ
പെരുകുംകൌതുകവിധമേതാദൃശം
പുരുഷന്മാരവരവർചമയ്ക്കട്ടെ
പുരന്ദരസുതസമാഗമോത്സവം
പരംനരജനമിഹഘോഷിയ്ക്കട്ടെ
ധരായരുൾചെയ്തവചനംകേട്ടുള്ളിൽ
പരിതോഷംപൂണ്ടുള്ളരണജാത്മജൻ
അരശൻഭക്തികൊണ്ടുവശനായേവ
മുരചെയ്തീടനാൻമുരരിപോവിഭോ
ജയജയശൌരെപൃഥാസുതന്മാർക്ക്

ജയകരനാകുംസുഹൃത്തുംബന്ധുവും
ഗുരുവുംമന്ത്രിയുമുപദേഷ്ടാവുംന
ല്ലൊരുനിയന്താവുമവിടന്നുതന്നെ
മമതയോടെല്ലാംനടത്തുകീവണ്ണം
മമഭാരംസൎവ്വമവിടയ്ക്കുതന്നെ
തെളിവൊടീവണ്ണംതുണയ്ക്കുവാനെവ
നളവില്ലേതവകൃപയ്ക്കുകേശവ
നുപഗിരംകേട്ടുതെളിഞ്ഞെഴുന്നേററി
ട്ടുപഭോഗപ്രദൻതിരിച്ചെഴുന്നെള്ളി
സ്പൃഹണീയംനിജഗൃഹമകംപുക്കു
ഗൃഹണികൾചെയ്യുമുപചാരംപൂണ്ടു
വരുണദിക്കിനെഗ്ഗമിച്ചുശോഭിയ്ക്കു
ന്നരുണനസ്തമിച്ചിട്ടന്നാമുന്നമെ
കുളികഴിച്ചൎഘ്യംകൊടുത്തനന്തരം
തെളിവോടുംതിരുവുടൽവിളങ്ങവെ
അമലമാംപീതവസനവുംചാൎത്തി
യമൃതേത്തുംകഴിച്ചതിമോദത്തൊടെ
പരിമളംപെരുമിളകുംകസ്തൂരി
പരിമിളൽകുളുർമലയജച്ചാറും
കുസുമമാലികാകലാപവുമണി
ഞ്ഞനുസമകളാംദയിതകളോടും
സുഗന്ധവീടികാസുചൎവ്വണംചെയ്തു
സുഖംധരിച്ചതിവിനോദിച്ചങ്ങിനെ
മധുരസല്ലാപാമൃതംപൊഴിച്ചിരു
ന്നഥമൃദുശയ്യാതലത്തിലങ്ങിനെ
ശയിതനായ്വെഞ്ചാമരാദികൊണ്ടുതൻ
ദയിതകൾവീശുംമൃദുവാതമേററു
കരുതീടുംസുഖംകലൎന്നുടൻപള്ളി
ക്കുറിപ്പുകൊണ്ടുണൎന്നിടുമ്പൊളേററു

കുളിച്ചനശ്ശേഷംകഴിച്ചുദിവ്യമാ
മളിചരവിയെഴുംതിരുകളെബരം
സമസ്തമണ്ഡനസമുദയംകൊണ്ടു
ചമഞ്ഞുമഞ്ജുവാംമഹസ്സോടുംകൂടി
കൃപാലുകേശവൻതിരുവടിനാഥൻ
നൃപാലയംതന്നിലെഴുന്നെള്ളുംപ്പൊഴു
അവികലാദരയോടലംകൃതമായു
ള്ളവിടത്തിലൃഷിദ്വിജോത്തമന്മാരും
അവരവർപരമലങ്കരിച്ചവ
രപാനന്മാരായമഹാജനങ്ങളും
നിറഞ്ഞുനിർഗ്ഗമിപ്പതിന്നവേണ്ടപൊ
ലൊരുങ്ങിനിൽക്കുന്നബഹുലതാംകണ്ടു
തിരുമനസ്സുറന്തെളിഞ്ഞുപാർത്ഥിപ
ന്തരുളിയവിധംസമസ്തന്മാരോടും
പുരന്ദരാത്മജസമീപവുംനോക്കി
പ്പുറപ്പെട്ടുജഗൽപതിയഥോചിതി
സുഗന്ധപൂർണ്ണമാംസമപ്രദേശത്തി
ലമരമായുള്ളചാമരസമൂഹത്തെ
ശശധരാർക്കംപൊലുറപ്പിച്ചങ്ങിനെ
ദ്ദശതരവാദ്യകളകളത്തൊടും
ധ്വജതരാഷ്ടാദികളൊടുംപ്രധാനമാം
രഥമധിരോഹിച്ചെഴുന്നെള്ളീഹരി
മറകളുച്ചത്തിൽജപിച്ചുകൊണ്ടഗ്രെ
മറയോർകളെല്ലാംനടന്നമെല്ലവെ
പെരുകുംമംഗലകരംവരാക്ഷതം
കറുകതെരിതിപലപദാർത്ഥവും
സുഭാജനങ്ങളിൽധരിച്ചുകൂടവെ
സുഭാസുരദ്വിജവധൂജനങ്ങളും
വളർന്നഭാസ്സുള്ളമണിപാത്രത്തൊടും.

വളർക്കെ കർപ്പൂരപ്രദീപസഞ്ചയം
കുതൂഹലത്തൊടും വഹിച്ചു ബാല്യജ
വധൂജനങ്ങളുമതുപോലെതന്നെ
കുസുമം ചന്ദനം നവഗോരോചനം
സുഷമകൂട്ടും കുങ്കുമമിവസർവ്വം
വിചിത്രഭാജനതലങ്ങളിലാക്കി
വിശിഷ്ടപാണിപങ്കജങ്ങൾകൊണ്ടേന്തി
ചരാഭകൈരസുംഭാംബരാദി കൊണ്ടേററം
വിരാജിക്കും വേശ്യാജനങ്ങളും സമം
നടകൊണ്ടീടിനാർ മുദാ തദന്തരെ
കടൽവർണ്ണൻ ദേവനരുൾചെയ്തപോലെ
മഹതിയാം ദേവകിയും യശോദയും
മഹിതയായുള്ള പൃഥാദേവിയും
മതംഗജോത്തമങ്ങളിൽക്കേറി
മുതൻമുന്നമെനിർഗ്ഗമം ചെയ്തു
മണിവിഭൂഷണഗണമണിഞ്ഞൊരു
ഗ്മിണീദേവി ഹരിരമണിയാം സതീ
ശിബികയിലേറി ഭുവി മനോജ്ഞമാ
മവികലവധൂസഹസ്രകത്താലെ
പരിവൃതയായിട്ടെഴുന്നെള്ളിവന്നു
കരിവരോപരി പരമൊടെകേറി
തദാമുദാ സാത്രാജിതിയാം ദേവിയും
തഥാ ചമഞ്ഞൊരു ശിബികയിലേറി
കുസുംഭസുന്ദരകുസുമത്തിനുള്ളിൽ
കുത്തുമ്പണഞ്ഞീടും സുകഞ്ചുകങ്ങളും
വിളങ്ങും ക്ഷീരത്തെ ഹസിച്ചീടുന്നൊരു
വെളുപ്പെഴും മൃദുദുകൂലകങ്ങളും
സുദുർല്ലഭസുരദ്രുമസുമങ്ങളും
സദുല്ലസൽബഹുവിഭൂഷണങ്ങളും

അന്നിഞ്ഞുമോഗിയിൽത്തുനിഞ്ഞുപോകവാ
നണഞ്ഞുകണ്ടതൻവധൂജനങ്ങളെ
പുരസ്കരിച്ചുംകൊണ്ടൊരുങ്ങിവന്നങ്ങു
പുറപ്പെട്ടീടുമ്പോളതിൻവണ്ണംതന്നെ
വിശിഷ്ടവസ്ത്രങ്ങളുടുത്തുശാരദ
ശശിപ്രഭാഹാരാദ്യലങ്കാരങ്ങളും
തമാലവർണ്ണകഞ്ചുകങ്ങളുംധരി
ച്ചുമാനുഷീസമമനോഹരശ്രീയാ
നവരസത്തൊടുമിളകിയബഹു
യുവതികളായുള്ള ബാലകളൊടും
സതിയാകുംജാംബവതിയുമവ്വണ്ണം
പ്രതിയമോടുപൂണ്ടതിമോദത്തോടെ
മഹിമക്കുടീടുമനിരുദ്ധൻതന്റെ
മഹിഷിയായുള്ളൊരുഷയാംദേവിയും
സമുദ്യമത്തോടുംവിനിർഗ്ഗമംചെയ്തു
സമുത്ഥിതംതദാചലകോലാഹലം
വധൂമയംതന്നെ നിമൂഹംമിയ്ക്കതും
വിധൂതപങ്കമാംപഥിമഹാമതെ
[പരസ്പരമുള്ളതിരക്കുകാരണം
ക്ഷരിയ്ക്കുംകുങ്കുമംപതിയ്ക്കുന്നകൊണ്ടും
ത്രുടിതമാലകളുടനുത്തുകൾ
സ്ഫടികതുല്യാംബുകണങ്ങളെപ്പോലെ
ഉടനുടൻവീണരഥചക്രാദിയാൽ
പൊടിഞ്ഞവിടത്തിൽകിടക്കുന്നകൊണ്ടും
കരങ്ങൾകൊണ്ടന്യവധുക്കൾതങ്ങടെ
കരങ്ങളിൽനൽകുംരുചിരകർപ്പൂരം
ധൂതിയിലങ്ങെല്ലാംപതിയ്ക്കുന്നകൊണ്ടും
ക്ഷിതിയിൽചേറേറിവധുക്കൾകാരണം]
സിതാതപത്രചാമരാദിചിഹ്നപൂ

ഞാതാതദേവിമാരതീവശോഭിച്ചു
കൃതാൎത്ഥനായ്വന്നകിരീടിയെക്കാണ്മാൻ
നിതാന്തകൌതുകംനടകൊണ്ടീടിനാർ
അഹോഭാഗ്യംഭാഗ്യമനൎഘൻഫാൽഗുന
നഹോനാഥാത്മജസുതസഹോദരൻ
ജയത്തോടുംമഹായശസ്സോടുംഹയ
ദ്വയത്തോടുംസമാഗതനിന്നിങ്ങിനെ
സഹർഷംവൎണ്ണിച്ചുപുരവാസീജനം
സഹസ്രപത്രാക്ഷൻതിരുവടിതന്നെ
പുരസ്കരിച്ചൊപ്പംനടന്നുസാദരം
പുരന്ദരാത്മജവിലോകനേച്ഛയാ
നടന്നകന്നീടുംമഹാജനാഗ്രത്തിൽ
ഇടന്നവാദിത്രസുഖസ്വരത്തോടും
സുഭഗകളാകുംഗണികകൾപലർ
ശ്രുതികളാരാവസുഖപദംപാടി
രണിതാഢ്യംപൊഴിച്ചിളകിമന്നീടും
മണിവലയാദിവിഭൂഷണങ്ങളും
യുവജനമനോവികാരമേകുന്നാ
കുവലയചാരുദൃഗഞ്ചലങ്ങളും
മൃദുസ്മിതസ്മിതവിലാസ്യംപൂണ്ടു
മധുരമായുള്ളോരഭിനയത്തോടെ
മുഖസരോരുഹസുഗന്ധംകൊണ്ടേററം
മുഖരമായ്ക്കൂടുന്നളിസമൂഹത്തെ
കരതളിർകൊണ്ടുതട്ടുത്തുമേളിച്ചു
സരസമാമാട്ടംതുടൎന്നുകൊണ്ടു
കരുമുകിൽവൎണ്ണൻതിരുവടിയുടെ
തിരുമനസ്സിലുംപ്രസാദമുണ്ടാക്കി
കടമിഴികൊണ്ടുള്ളൊരുതിരുനോട്ട
മിടരൊഴിയുമാറവരിലുണ്ടായി

വിവിധചിഹ്നം പൂണ്ടിവണ്ണം ചെല്ലുമ്പോൾ
ളവിധനശ്വരവരൻ ധനഞ്ജയൻ
പ്രസന്നചിത്തനായനന്തരം
സ്വകസൈന്യവ്യൂഹവും ചമച്ചു സാദരം
സ്വയം രഥത്തിൽനിന്നിറങ്ങി മുന്നമെ
ഹയചയത്തെയും മഹർഷിതന്നെയും
രഥങ്ങളിൽനിന്നങ്ങിറങ്ങിയ മഹാ
രഥന്മാരായുള്ള നരേശന്മാരെയും
നടത്തി മാധവൻ തിരുവടി നില്ക്കു
ന്നിടത്തിലായപ്പോൾ നൃപേന്ദ്രന്മാരവർ
[ഹരിതിരുമെയ്യിൽ ലയിച്ചങ്ങു കണ്ടേൻ
പരിചിൽ പാർത്ഥന്റെ പരന്ന സൈന്യത്തെ
യുധിഷ്ഠിരാർത്ഥമായ് ഹരി താനെ തന്നെ
വിധിവൽ തൻ സൈന്യസ്വരൂപനായ് തീർന്ന
മദിച്ച ദന്തികൾ വെള്ളത്തവാഹങ്ങൾ
പടത്താൽ പോകുന്നോർ വിളങ്ങും തേരുകൾ
നൃപർ നൃപപുത്രരിവരെല്ലാം കൃഷ്ണ
കൃപയാലെ കൃഷ്ണസ്വരൂപികളായി
സുരുചിരരൂപം കലർന്നിവരെല്ലാം
പുരുശോഭയോടെ പുരസ്ഥിതരായി
അവനിനാഥന്മാരതീവ വിസ്മയി
ച്ചവരെയൊക്കെയും സമീക്ഷിച്ചു പിന്നെ]
പറഞ്ഞു തങ്ങളിൽ സുവിസ്മയത്തോടും
പരന്നു കാണും പാരിടത്തിലിന്നുനാം
തുരഗരക്ഷയ്ക്കായ് നടന്നതിൽ പല
തരങ്ങളായുള്ള നൃപസ്ഥാനങ്ങളെ
സമുഖങ്ങളായ് സ്സമീക്ഷണം ചെയ്തു
നിമിത്തം വിസ്മയിച്ചിരുന്ന മാനസം
പരം വിളങ്ങുമീ യുധിഷ്ഠിരനുള്ള

പുരംവിചിത്രിതംവിശിഷ്ടംകാണ്കയാൽ
മുദൽളതാധിക്യംകലൎന്നുമുൻകണ്ട
പുരങ്ങളെത്തെല്ലാംബഹുമാനിയ്ക്കാതെ
ഗുണങ്ങളെപ്പോലെനിരസിച്ചീടുന്ന
ഗുണങ്ങളൊക്കയുമിതിൽതന്നെദൃഢം
സുഖംധനോദയംസ്വധൎമ്മമൈത്രയും
സ്വകൎമ്മമെന്നിവയിതിൽതന്നെസദാ
ഈലോകിയെത്തന്നെഗുണീകരിയ്ക്കുന്നു
ഉലോമിതിൽതെളിഞ്ഞെഴുംവിഭൂതികൾ
സുകൃതികൾപരിഷ്കൃതന്മാർകേവലം
സുഗതികളതല്പരുംലോകങ്ങൾ
നരന്മാർനാളീകശരന്മാർപോലെസു
ന്ദരന്മാർനാരികൾസുമംഗലാംഗികൾ
രതിയാകുംദേവിയ്ക്കൊത്തരായുള്ളവ
രിതിചിതിപരാവിശേഷംകാണുവിൻ
കനകരത്നാദിവിഭൂഷിതങ്ങളാ
യനവധിമദമൊഴുകുമാനകൾ
മലകൾപോലിതാമറ്റുകളിവ
വലരിപുഗജസമുത്ഭവങ്ങളൊ
വിളങ്ങുംമൌക്തികകിരീടരത്നകം
ബളങ്ങൾകൊണ്ടലംകൃതങ്ങളശ്വങ്ങൾ
വിരുതെഴുമഞ്ചുനടകളുംപൂണ്ട
സുരുചിരങ്ങളായ്സുരേന്ദ്രവാജിയെ
മടക്കുംവേഗികളിവണ്ണംവണ്ണിപ്പാ
ലൊട്ടുക്കമില്ലിഹയുധിഷ്ഠിരാലയെ
അനന്തനാംഹരിഭഗവാൻപ്രത്യേക
മനല്പലീലയോടശേഷംവ്യാപിച്ചു
സ്വധാമംകൊണ്ടതിപ്രകാശമെങ്ങുമെ
സദാചലത്തുംകൊണ്ടമന്നരുളുന്നു

വിജയൻെറസമാഗമത്തിലന്നേരം
ഗജഗളസ്ഥമാംകുമാര കാഗണം
വഴിപോലെവാരിവിടുന്നമുത്തുക
ളുഴകാടേഷ്ക്കയാലവന്ദ്രുത്തുകൾ
മഹാരസംഹ്ലാദിവിളങ്ങീടുംവണ്ണം
സഹാരന്മാരായിവിളങ്ങുന്നപാരം
[വിളങ്ങിനാർമുഖ്യനൃപവീരരിവ
രിളക്കംചാമരയുഗങ്ങളാലപ്പോൾ
തടവററധൂപപ്പുകപരക്കയാൽ
തടിച്ചതുപോലെപരന്നിതംബരം]
വിധിക്രമത്തൊടുംപ്രസ്ഥനായുള്ള
യുധിഷ്ഠിരൻതന്നോടഭീഷ്ടംയാചിപ്പാൻ
മഹസ്സുകൂടീടുംമഹർഷിമാർപല
രഹസ്യരന്മാരെന്നതുപോലെക്കൂടി
[ധരണിയിൽമിന്നുംഹരിമുകംതന്നിൽ
സുരവാതൃവ്രജംനിറഞ്ഞതുപോലെ]
പരജയംചെയ്യാൻവിരുതുകൂടുമീ
വിരജയാംധർമ്മതനയൻെറസനാ
കരളതിലേറുംകരുത്തൊടുംകൂടി
തരളഭാവംപൂണ്ടെഴുന്നിതെങ്കലും
പ്രശസ്തയെഴുമുള്ളധീശന്മാരുടെ
വശസ്ഥയായുണ്ടുദ്ദേശംവിളങ്ങുന്ന
എതിരില്ലാമറെറാന്നിതന്ന ഹജഗ
ദധിപൻകൃപാനിധിയെല്ലാതുണ
പലതുമിങ്ങിനെപറഞ്ഞുംകൊണ്ടിളാ
ഫലരിപുക്കളാംകസൃതികളവർ
ഹരിയുടെസാക്ഷാലരികിലായപ്പോ
ളരിയൊരുപാർത്ഥനവരൊടുംകൂടി
മനംകുളുക്കവെഹരിമുഖമഹാ

ജനങ്ങളെവീണുനമസ്കരിച്ചൊരു
പരസ്പരംകെട്ടിപ്പുണൎന്നനന്തരം
പുരന്ദരാത്മജൻപുകഴ്ന്നബുദ്ധിമാൻ
വിധുകുലേശനാംധൃതരാഷ്ട്രൻനൃപൻ
വിദുരൻഗാന്ധാരിമുതലായുള്ളവർ
സകലന്മാരുംകേട്ടറിഞ്ഞിടുംവണ്ണം
സകലന്മാരാകുംനൃപന്മാരെക്കാട്ടി
കളശിരാമുറയ്ക്കറിയിച്ചീടിനാ
നിളയിലിന്നുള്ളനൃപാലകന്മാരിൽ
പ്രഥമൻമാധവപാദഭക്തോത്തമൻ
പ്രഥയേറുംപാണ്ഡ്യപൃഥുഗുണോചിതൻ
മനീഷികൾമുമ്പൻപ്രപൂജ്യൻചന്ദ്രഹാ
സനീനൃപൻകാണമൻബഹുമാനിയ്ക്കുവിൻ
അപരനീക്കാണുംനൃപനര കളി
ലഭയംബലക്ഷയംകൊടുപ്പവൻ
സരസനന്തകശത്രുൻവീരാഗ്രേ
സരനാംവീരവൎമ്മകനിതാവന്നാ
ഭവൽപദാംബുജംനമസ്കരിയ്ക്കുന്നു
ശിവപ്രദാകൃതെധൃതരാഷ്ട്രപ്രഭൊ
മഹതാമേറീടുംമയൂരകേതുവെ
ന്നിഹപ്രസിദ്ധനീയവനീശോത്തമൻ
സ്ത്രീപയെഴുംകൃഷ്ണൻതിരുവടിചെയ്തു
കപടത്താൽഭിന്നശിരസ്കനായ്പിന്നെ
അനുഗ്രഹിയ്ക്കയാലഭിന്നനായ്വന്നോ
രുത്തമൻധൎമ്മപരായണൻവശീ
മുകുന്ദസേവകൊണ്ടെല്ലാംസമസ്തവു
മകന്നഭാഗ്യവാനഖണ്ഡവിക്രമൻ
രണങ്ങളിൽക്ഷണംസമീരണ
നൊണക്കമേറീടുംഗുണങ്ങളെപ്പോലെ

ശാൎങ്ഗംകൊണ്ടുതാനന്നുക്കാവിലെ
പ്പാൎപ്പിയ്ക്കുന്നൊരുപരന്തപൻഗുരുൻ
ഭവദീയസേവാപരനായ ട്ടിഹ
ഭവനത്തിലെത്തീപവിത്രതാശയൻ
ബഹുഗുണനാഢ്യനീമഹീമണാളനെ
ബഹുമാനിച്ചുകൊണ്ടരുളേണംമുദാ
വിനയംപൂണ്ടിതാവണങ്ങുന്നമമ
തനയൻബഭ്രുവാഹനനവൻവിഭോ
പരംവിചിത്രംയാതൊരുത്തന്റെബഹു
കരപ്രദീപ്തനാംപ്രതാപസൂൎയ്യനാൽ
അരിവൃന്ദത്ത ന്റെപത്മങ്ങളായു
ള്ളരവിന്ദങ്ങൾചുട്ടഹസ്സിലക്രുടി
ചുളിഞ്ഞുകൂമ്പുന്നുവിരിഞ്ഞുകേവലം
തെളിഞ്ഞുകാണപ്പെട്ടിടുന്നില്ലതുമെ
മരണമെത്തട്ടെരണഭുവിഗത
ശരണനാംമമതനയനാലെന്നു
സുരനദചെയ്തുള്ളൊരുശാപംപററി
പ്പരവശനായ്വലയുന്നോരെന്നെ
വധിച്ചതുംപുനരുല്പപിയാമവൻ
വദിച്ചതുംവണ്ണംസപൌരുഷത്താലെ
അരവങ്ങൾക്കെല്ലാമധിപനാംശേഷ
നരശനാസ്സാഴംരസാതലംപുക്ക
ഫണീശർപെയ്തീടുംകടുവിഷാഗ്നിയെ
ത്തൃണീകരിച്ചുതൻപടുശരാഗ്നിയാൽ
അഹിതംചെയ്യൊത്തതടലിനായ്നിന്നോ
രഹികളെജ്ജയിച്ചനന്തനെക്കണ്ടു
മൃതസഞ്ജീവകമണിയതുദ്ധരി
ച്ചഥസമ്മാന്യനായ്ത്തിരിച്ചണഞ്ഞതും
കരുത്തൻയാതൊരുപുമാനിവൻതന്നെ

കരവാളംകൊണ്ടങ്ങെടുത്തുപ്പൊണ്ടൊല്ലം
പ്രതാപശാലിയാംമരാളകേതന
നിതാന്തമസ്സുന്ദപദാംബുജങ്ങളിൽ
ഹിതാനുവർത്തിയാംമഹാനുഭാവനെ
ധൃതാദരംകാൺകമുടാമഹാമതേ
ക്ഷമാതലേന്ദ്രനായെഴുന്നയാതൊരു
പുമാനുടെരണ്ടുസുതന്മാർവീരന്മാർ
രമാപതിപദംഗമിച്ചധന്യന്മാർ
സമാനന്മാർനജശിരസ്സുകളാലെ
മലമകളൊടുംദിവിസഹിതനാം
മലർശരാന്തകൻതിരുവടിയുടെ
തിരുഗളമലങ്കരിച്ചൊരുത്തമ
പൂരുഷനിസ്തുപൻബഹുമാനനീയൻ
പിതൃതനാകുംയാതൊരുകുമാരകൻ
പൊരുതരികളെജ്ജയിച്ചുകൊണ്ടും
മമഭടന്മർക്കപലസഹായവും
സമരത്തിൽചെയ്തുപരാക്രമത്താലെ
അവനിവൻവൃഷധ്വജനടിതൊഴു
ലവനിപപ്രഭോനമസ്കരിക്കുന്നു
പരിതോഷത്തോടുമെടുത്തുവന്ദനം
പ്പരിചോടെകെട്ടിപ്പുണർന്നുകൊണ്ടാവും
കടുത്തസംഗരേകലർന്നഭാവംപ്പൂ
ണ്ടടുത്തനന്തരംമമഭടന്മാരും
ക്ഷണതരംനിജമഹിതാവിനൊരു
കണവനായ്വാഴുന്നലനെക്കൊണ്ടു
ദഹിപ്പിച്ചെന്നെക്കൊണ്ടുവരുന്നപ്പോൾ
വഹിപ്പിച്ചനീലധ്വജൻമഹീശനെൻ
നതനിതാപിടിച്ചുഴന്നല്ലുപിന്നും
ഹിതനാകുംമാഹിഷ്മതീപുരിശനെ

അനന്തരംതാൻധർമ്മജാദിവീരരെ
മനന്യഭാവംപൂണ്ടടിവണങ്ങിനാർ
അവസരമതിലതിമോദത്തോടെ
മവരെയുംപാർത്ഥനറിയിച്ചീടിനാൻ
മതിവിലോചനൻധൃതരാഷ്ട്രൻനൃപൻ
ക്ഷിതിവരോത്തമശിഖാരത്നങ്ങളെ
ചതിവിധംവിട്ടുവിധിപോലെമാനി
ച്ചതിഹിതങ്ങളാംവചനങ്ങൾകൊണ്ടും
പരിരംഭാദിയാംപ്രിയാചാരംകൊണ്ടും
പരിപൂജിച്ചപിന്നഖിലേശൻതന്നെ
പുരസ്കരിച്ചവർനടന്നനന്തരം
പുരദ്വാരംപുക്കുകടന്നിട്ടുംവ ധ്വജ
വിളങ്ങിടുംവലതളകളീവക
കിലുങ്ങിടുംവണ്ണംവധൂജനംവന്നു
നിരന്നുകത്തീടുംസുഗന്ധദീപത്തിൻ
നിറംപെടുംപൊന്നുംതളികകളാലെ
ധനഞ്ജയൻമുമ്പാംധരാവരോത്തമ
ജനങ്ങൾക്കായ്നീരാജനംകഴിച്ചവർ
കളതരംപൊങ്ങിവളരുംവാഴ്ക്കുരൽ
കളകളത്തോടുംസുമംഗളംപാടി
അനന്ദമോദത്തോടുംമുനിദ്വിജേന്ദ്രന്മാ
രനുപമാശീഷംകൊടുത്തുകൂടിനാർ
ജയജയകൃഷ്ണജയജയപാർത്ഥ
ജയജയയുധിഷ്ഠിരേതികേവലം
സമുത്ഥിതംജനപ്രമോദജംരവം
സമൃദ്ധമീവിധംമഹാമഹോദയം
സമർത്ഥനാംപാർത്ഥൻഹസദയത്തോടും
സമസ്തപാർത്ഥിവജനത്തോടുംകൂടി
ദ്വിജാദിസാധുക്കൾചുഴന്നിരിക്കുന്നോ

അജാതശത്രുവാം യുധിഷ്ഠിരൻ തന്നെ
അധിഗമിച്ചു തൻപാദദ്വയത്തിങ്ക
ലതിവിനീതനായ് നമസ്കരിച്ചുരചു
ഭവദനുഗ്രഹപ്രഭാവം കൊണ്ടത്രേ
നവമത വരാതസാദ്ധ്യമാം കാര്യം
നടത്തിയീവണ്ണം നിവർത്തിച്ചേനിതി
ലടുത്തു താനല്ലം ഹരപ്രിയന്മാരെ
ധനത്താലും കരയശസ്സാലും പരം
കനത്തതായിട്ടലഭിച്ചു ദൈവത്താൽ
മഹാപരമരുമീമഹീമഹേന്ദ്രന്മാർ
സുഹൃത്തമന്മാരെന്നാരിലും വിളം
ങ്ങുന്ന പ്രധാനന്മാരവര നിശ്ശേഷം
ഇണയ്ക്കയും ചെയ്ക ഹയപ്രഭാവമേ
സുഖമാമീമനത്തുടങ്ങിടാമെല്ലാം
ശുഭമെന്നീവണ്ണമുണർത്തിച്ചാദരാൽ
പുനരപി നമസ്കരിച്ചിട്ടാശു ധൈര്യ
മനതളിരഴിഞ്ഞൊരു മൻധർമ്മജൻ
കരദ്വയംകൊണ്ടുപടച്ചെഴുന്നള്ളി
ച്ചുരസ്സുടം തന്നാലണച്ചു പാർത്ഥനെ
മുറുകവെ കെട്ടിപ്പുണർന്നു ചൊല്ലിനാൻ
കരുണയേറീടും ഹരികടാക്ഷത്താൽ
സഫലമാകുന്നു നമുക്കുള്ളാഗ്രഹ
മഫലംമറ്റുള്ള സഹായം ഫൽഗുന
പുരുപുണ്യം തരും മഖവും ദേവകീ
തിരുമകൻ തന്നെ കഴിച്ചുകൂട്ടുമെ
സുഖബാഷ്പം ചൊരിഞ്ഞിവണ്ണം ചൊല്ലുന്ന
സുകൃതിയാം പിതൃപതിസുതൻ തന്നെ
അഘമൊഴിഞ്ഞുള്ള മഹീമഹേന്ദ്രന്മാ
രകമൊഴിഞ്ഞൊപ്പം വണങ്ങിനാരപ്പോൾ

മഹിതനജ്ഞനനവരുടെപെരും
മഹിമയുമെല്ലാമറിയിച്ചീടിനാൻ
യുധിഷ്ഠിരൻമഹാവിശിഷ്ടനാദരാ
ലതിപ്രഹൃഷ്ടനായ്ഹരിപ്രിയന്മാരെ
ദുരാസദാഭനാംഹരിയോടുംകൂടി
വരാസനങ്ങളിലിരുത്തിപ്പൂജിച്ചു
മൃദുസ്മിതത്തോടുമിദമുരചെയ്തു
സുദുർല്ലഭന്മാരാംനൃപോത്തമന്മാരെ
മധുപ്രമാഥിതൻപദാശ്രയംകൊണ്ടു
സദുത്തമന്മാരാംഭവാന്മാരിങ്ങിനെ
സുമിത്രഭാവംപൂണ്ടുപാഗമിയ്ക്കുക
നിമിത്തമത്രഞാനഗണ്യപുണ്യവാൻ
മദീയമാകുമീപുരവുംമററുംയു
ഷ്മദീയമെന്നതാനറച്ചുസംശയം
ശ്രമിച്ചുമാമകംമഖംകഴിപ്പിച്ചു
ഗമിച്ചുസൌഹൃദംഫലിപ്പിച്ചീടുവിൻ
മധുരമാംയുധിഷ്ഠിരോദിതംകേട്ടു
പൃഥുരസത്തൊടുംബഹുമാനത്തൊടും
പൃഥിവീശന്മാരുമുരചെയ്തീടിനാ
രതിവിശുദ്ധനാംപൃഥാസുതപ്രഭോ
ശുഭകരംഭവദാലോകനംകൊതി
ച്ചുപഗതന്മാരായ്വയമിഹാലയം
ഹരിയുടെപദനിഷേവകന്മാരി
ലരിയവൻഭവാനമേയഭാഗ്യവാൻ
വിഭവാദിസുഖവിശേഷപോഷകൻ
വിഷദാധിസ്ഥിതിവിനാശനാത്മകൻ
ഭവഭയഹരൻഭഗവാനെപ്പൊഴും
ഭവദഭിലാഷംഫലിപ്പിച്ചിങ്ങിനെ
കപടവേഷവുംകലർന്നരികവെ

കൃപയൊടുംകൂടിക്കളിച്ചരുളുന്ന
പരിചോടീഞങ്ങൾക്കുഭവാനവേണ്ടുന്ന
പരിവാരങ്ങളെന്നറിഞ്ഞിടേണമെ
വിധേയനീകൃഷ്ണൻതിരുമടിയശൊ
നിധേയമാത്മജതവാത്സല്യപൂരകൻ
സരസമീദൃശംവചൊവിശേഷംകേ
ട്ടരശൻധർമ്മജനതിസുഖംപൂണ്ടാൻ
സുരവരസുതൻവൃകോദരൻമുമ്പാം
ഗുരുജനങ്ങളെനമനസ്കരിച്ചവർ
പരിചോടേകീട്ടംപരിരംഭംലഭി
ച്ചരികവെന്നുൾക്കുംജനനന്ദെക്കൂപ്പി
തപരിതംപ്രീതയാംപൃഥാദേവിഗ്ഗുണ
ചരിതംപൂണ്ടവൾപുണന്നുപുത്രനെ
ശരാദിഭിന്നമാംകിരീടതന്നുടെ
ശരീരംകൈകൊണ്ടുതലോടലാളിച്ചു
പരിതോഷാൽകരളലിഞ്ഞുധാരയായ്
ചൊരയുംകണ്ണനീരതിൽകുളുപ്പിച്ചു
പരവശയാകുംസമയത്തിൽതന്നെ
സുരുചിരൻവൃഷദ്ധ്വജൻകിശോരകൻ
നമനംചെയ്യയാലവനെയുംപുണ
ന്നമലമാമാശീർവചനവുംചെയ്തു
ശിരസിചുംബിച്ചിട്ടുരചെയ്താളെന്റെ
സരസിജസൃഷ്ടതനൂജസുതശിശോ
സമരശൂരനായ്‌വിളങ്ങീടുംനീതാ
നമരേശാത്മജചമൂസമൂഹത്തെ
പരിപാലിച്ചീലെകരബലത്താലെ
പരിതപിയ്ക്കാതെജയംലഭിച്ചീലെ
പലവിധമിതിപറഞ്ഞനന്തരം
കുലവധൂപരിവൃതയാകുംകുന്തീ

പുരുസുഖംകൊടുത്തരുളുംശൌരിതൻ
തിരുമുഖംനോക്കിക്കൃപാനിധെകൃഷ്ണ
ഹിതംകൊടുത്തുകാത്തരുളുകെന്നുടെ
സുതന്മാരെനീയെന്നത്തുയാചിച്ചു
വിരമിച്ചുസുതസ്വബന്ധുലോകത്തോ
ടെ രമിച്ചുതത്രസുഖിച്ചുമേവിനാൻ
അനന്തരംവേണ്ടുന്നവസരംതന്നി
ലനന്തരായമാംവ്രതേനദീക്ഷിതൻ
യുധിഷ്ഠിരനതിവിശിഷ്ടധീഹരി
പ്രതിഷ്ഠിതാശയനരിഷ്ടവർജ്ജിതൻ
സ്വധർമ്മപത്നിയാംദ്രുപദജയൊടും
സുധന്യശീലരാംമഹർഷിമാരൊടും
നിരവധിധനോഷധിചയത്തൊടും
നിരുപമവൃഷഭചയത്തൊടുംകൂടി
നടകൊണ്ടുനിലമുഴവിനായ്മുമ്പി
ലിടതിങ്ങുംപലകളകളംകൂട്ടി
ഭുവനനായകൻതിരുവടിതാനും
പവനജൻമുമ്പാംപലജനങ്ങളും
അനുയാനംചെയ്തുസപത്നീകന്മാരാ
യനുപമാശിഷംകൊടുത്തുവിപ്രന്മാർ
മുറപോലെമഹാമുദിതന്മാരായി
മറയോലുംമന്ത്രജപംതുടങ്ങിനാർ
പൃഥുമോദത്തൊടുംപൃഥയാകുംദേവി
മധുമഥനന്റെജനനിമാരിവർ
സചന്ദ്രചന്ദനകുളുർജലംകൊണ്ട
ങ്ങചഞ്ചലംനൃപന്നഭിഷേകംചെയ്തു
തൊഴുതുധർമ്മജനവർകളെനില
മുഴുതുകൊണ്ടതിലുടൻക്രമംപോലെ
മനംതെളിഞ്ഞുള്ളമുനീശ്വരൻദ്വൈപാ

യനൻമുതൽക്കുള്ള മുനീശ്വരന്മാരും
സകലവന്ദിതചരണനായുള്ള
ബകദാത്ഭ്യാഖ്യനാംതപസ്വിവൃദ്ധനും
ഞരുൾചെയ്തപോലെചതുർവ്വേദങ്ങൾകൊ
ണ്ടൊരുപോലിഷ്ടികാചതുശ്ശതംക്രമാൽ
[കുറവുകൂടാതെനിരത്തിനിർമ്മിച്ചു
ഗരുഡഹംസാഖ്യകലൻരൂപത്തെ
ഇരുപക്ഷങ്ങൾക്കുമൊരുനൂറിഷ്ടകാ
ഒരുപോലെനാല്പതഥനാലുംചേർത്തു
സുരുചിരപുശ്ഛമുഖമദ്ധ്യങ്ങൾകൊ
ണ്ടൊരുനൂറുംപുനരിതുപത്തുമൊന്നും
അതിലിരട്ടിച്ചവരെഷ്ടകകളാൽ
തൃതീയമാകുമസ്വരൂപംനിർമ്മിച്ചു
ചതുത്ഥരൂപവുമതുപോലെവേദ
സമത്ഥർപഞ്ചമസ്വരൂപവുംതീർത്തു
സുരുചിരമായിട്ടിവണ്ണംനിർമ്മിച്ചു
ഗരുഡപഞ്ചകംമഹാദ്ധ്വരോചിതാ
അതിശിഷ്ടമുനിവചനത്താൽബഹു
പതിശിഷ്ടങ്ങളാൽവിചേഷ്ടിതമാക്കി
രുചിരമണ്ഡപംശുഭദ്വാരാഷ്ടക
മചിരാൽവിദ്വാന്മാരവിടെനിർമ്മിച്ചു
പതാകകൾചേർത്താർരുചിതമായ്‌യജ്ഞ
വിതാനങ്ങളെട്ടുചമച്ചുകുണ്ഡങ്ങൾ ]
വിരചിതങ്ങളായഹൊബാഹുക്കളെ
ദ്ധ്വരചിതങ്ങളായ്‌വിളങ്ങുംയൂപങ്ങൾ
ഖദിരംകൊണ്ടാറുംപലാശംകൊണ്ടേഴു
മതിരമ്യവില്വവിടപികൊണ്ടഞ്ചും
പുതുവാകുംശ്ലേഷ്മാതകറ്റുകൊണ്ടഞ്ചു
മതുകളിലഗ്രേവളകളുമിട്ടു

വിധിപോലെവേദിത്രിതയവുംതീർത്തി
ട്ടതിൽധ്രുവങ്ങളുംജ്ജൂഹുക്കളുംബഹു
സ്രുവങ്ങളുംചൊല്ലുള്ളപട്ടത്തുക്കളും
നവങ്ങളായിട്ടചമച്ചൊരുക്കിനാർ
ശ്രുചിതരംപരംചുവനാഗോചർമ്മ
മുചിതങ്ങളായുള്ളരലുലയ്ക്കുകൾ
പുനരപിവേണ്ടുംവകകളിവണ്ണ
മനവധിമഖപദാത്ഥസഞ്ചയം
വിധിപോലെതന്നെയൊരുക്കിമണ്ഡപ
മതിലഴകോടെനിറച്ചനന്തരം
മുനിവേദവ്യാസനതിലാചാര്യനായ്
കനിവേറുന്നൊരുബകദാത്ഭ്യൻമുനി
മഹനീയൻമഹാമഹോനിധിപിതാ
മഹനായിമഖക്രിയയ്ക്കുകേവലം
വസിഷ്ഠൻനിർമ്മലമതിവാമദേവൻ
വിശിഷ്ടൻഗൌതമമുനിഭാരദ്വാജൻ
ജമദഗ്നിസുതൻപരാശരനത്രി
വിമലനായീടുംകഹോഡൻഭാഗുരി
സുമന്ത്രനാംരൈഭ്യമുനിജാതൂകർണ്ണൻ
സുമന്തുകൌഢിന്യൻമഹർഷിഗാലവൻ
ശ്രുതനാംസൌഭരിസുമതിലോമശൻ
മുതലായിട്ടുള്ളമഹർഷിവീരന്മാർ
ഹിതന്മാരാമൃത്വിക്കുകളായീനൃപ
വൃതന്മാരിങ്ങിനെവിധിക്രമംപോലെ
മലഹന്താവായിവിലസുംകൌശികൻ
പുലഹൻതാൻപുകളുടയൊരുധൌമ്യൻ
ഉപമവിട്ടുള്ളമുനിമധ്യഛന്ദ
സ്സുപമന്യുമുനിയരുണിയെന്നിവർ
ബലമേറുംരക്ഷോവിനാശനംമന്ത്ര

മലസാരത്തെജപിച്ചുവനംചെയ്യുവാൻ
അവിടെദ്വാരപാലകന്മാരായേവ
മവിരളതപസ്സെഴുംമുനീന്ദ്രരെ
സദീക്ഷനായ്മൃഗാജിനംധരിച്ചതി
സുദീപ്തനായ്ദ്രൌപദിയൊടുംകൂടി
നവനീതംകൊണ്ടുവിലിപ്തനായുള്ളോ
രവനീശൻധർമ്മതനയൻപുണ്യവാൻ
മഖക്രിയാർത്ഥമായ്ബാലരെയുംപര
മഘക്ഷയംചെയ്വാൻവരിച്ചുപൂജിച്ചു
മറപകത്തുള്ളമുനീന്ദ്രനന്നേരം
നരപതിയാകുംയമസുതനൊടും
സുരുചിരമണിമയാസനംതോറും
മരുവുന്നമഹീമണാളന്മാരൊടും
അരുൾചെയ്താനെന്നാലിനിയഴകൊട
മരുവതുംനാലുംമഹാപുരുഷന്മാർ
സഭാര്യന്മാരായിസ്സുരാപഗാജലം
ശുഭാർത്ഥംശോഭനംസമാഹരിക്കുവാൻ
ക്രമത്തിലിക്ഷണംസരിത്തടംനോക്കി
ഗ്ഗമിക്കണംഞാനിന്നുരച്ചിടുംവണ്ണം
അനഘനാമത്രിമുനിവരൻമുമ്പി
ലനസൂയയൊടുംവസിഷ്ഠനാംമുനി
സതിയായുള്ളരുന്ധതിയൊടുംകൃഷ്ണൻ
കൃതിനിയാകുംരുഗ്മിണിദേവിയൊടും
വിജയൻമാധവസ്വസാവൊടുംഝഷ
ധ്വജനവൻമായാവതിയൊടുംതഥാ
അനിരുദ്ധൻബാണസുതയൊടുംവീര
നനിലജൻനിജഹിഡിംബിതന്നൊടും
സുഖിതൻകർണ്ണജൻപ്രഭദ്രതന്നൊടും
ശിഖികേതുലീലാവതിയൊടുംമുദാ

സന്ധിയാകുംഭദ്രാവതീശ്വരൻപ്രഭാ
വതിയോടുംമാഹിഷ്മതീപതിനൃപൻ
അനുക്രമയാകുംസുഗന്ധതന്നൊടു
മനുസാലപൻനിഷധമില്ലതന്നൊടും
കുതുകപൂർവ്വകംകലർന്നുപോകേണം
ഇതുപോലെമററുള്ളവർകളുംകൂടി
വിളങ്ങീടുംപൊന്നുംകുടങ്ങളുമേന്തി
വിളംബമെന്നിയെപുറപ്പെട്ടീടണം
പരാശരാത്മജനിദേശംകേട്ടുത
ല്പരാശയന്മാരാമൃഷീശ്വരന്മാരും
ചരാചരാത്മകൻഭഗവാൻമുമ്പായ
നരാധിപന്മാരുംതഥാപുറപ്പെട്ടു
പട്ടതരംഭാര്യാപതികൾതങ്ങളി
ലുടുപടാഞ്ചലംനിബന്ധിച്ചങ്ങിനെ
ക്ഷമിച്ചുനില്ക്കുന്നങ്ങൊരുങ്ങിയേവരും
ഗമിച്ചുകൂടവെപലജനങ്ങളും
വനജലോചനൻപൃഥയെയുംനിജ
ജനനിയെയുംമുൻനടത്തിച്ചാദരാൽ
പുരിയിൽനിന്നങ്ങുപുറപ്പെട്ടനേര
മരിയമോദംപൂണ്ടറിവെഴുംപൃഥാ
ഹരിയുടെപീതപടാഞ്ചലംപിടി
ച്ചരികിലുള്ളരുഗ്മിണീപടാഞ്ചലേ
നിബന്ധിച്ചീടിനാളിവണ്ണമേജഗൽ
സുബന്ധുവാംദേവനെഴുന്നള്ളീടിനാൻ
നിറമെഴുംപൊന്നുംകുടങ്ങൾപൂണ്ടുള്ള
മറയോരുംമററുള്ളവർകളെപ്പേരും
അണിഞ്ഞുകാണായഗജഗളങ്ങളി
ലണഞ്ഞുഭംഗിയോടിരുന്നുകൂടവെ
കുളിർമതിതൊഴുംകുടകളെനീർത്തി.

വെള്ളവെള്ളവെഞ്ചാമരങ്ങളെവീശി
വിയത്തിലങ്ങാടിക്കളിച്ചിടുംവണ്ണ
മുയർത്തിമിന്നുന്നകൊടിക്കൂറകളെ
വിശിഷ്ടമാംശംഖംവിളിച്ചശൃംഗവും
വിചിത്രവാദിത്രരവങ്ങളുംപൊങ്ങി
മുനികളുച്ചത്തിൽജപിച്ചിടുംവേദ
ധ്വനികളുംഹരിസ്തുതിസ്വനങ്ങളും
ചമഞ്ഞുകൂടിയമഹാജനത്തിന്റെ
സുമഞ്ജുമർമ്മരസുശിഞ്ജിതങ്ങളും
കളകളമയമതിനിടയ്ക്കതി
കളതരഗാനസുനർത്തനങ്ങളും
പലമഹത്വംപൂണ്ടിവണ്ണംജാഹ്നവീ
ജലമെടുക്കുവാൻഗമിച്ചീടുംവിധൌ
വിധിസുതൻവീണാധരൻഹരിപ്രിയൻ
വിദിതചാതുര്യ്യവിധൻവിനോദവാൻ
ജനങ്ങളെപ്പലതരത്തിലുംകണ്ടു
മനംകളിച്ചേവംസ്വയംവിചാരിച്ചു
ക്ഷിതിയിലുംമററുള്ളുലകിലുമിതി
കൊതിയൻനാരദൻകലഹത്തിലെന്നു
പറയുന്നുജനമിനിയ്ക്കുള്ളിപ്പേരു
മറയുന്നില്ലഞാനനങ്ങീലെങ്കിലും
അതുനിനയ്ക്കുമ്പോളഹംവൃഥാവസി
പ്പതുചെതംചേതസ്സുഖംവരുത്തുവാൻ
ഒരുകലഹമുത്ഭവിയ്ക്കുവാനായു
ള്ളൊരുതൊഴിലിപ്പോളെടുത്തുനോക്കണം
നവമായീടുമെന്നുപായമൊക്കമാ
ററവനിലാണഹമിഹനടത്തേണ്ടു
കരണീയമെന്തൊന്നിതിപലതരം
കരളിലോർത്തുറച്ചുരുജവത്തോടും

ശമഗുണമെഴുംമുനികുലംനിറ
ഞ്ഞമരുന്നാമഖസ്ഥലമതുവിട്ടു
വിശ്രുതനാംവീണാധരൻമുനീശ്വര
നൊരുവനായങ്ങുനടകൊണ്ടങ്ങിനെ
സതിയായിട്ടുള്ളമഹതിയാംസാത്രാ
ജിതയുടെമണിവനത്തിയിൽചെന്നു
കയറീടുംവിധൌഹരിയുടെരണ്ടാം
പ്രിയതമയായിട്ടരുളീടുംദേവി
വിശ്രുതനാംസുരമുനീന്ദ്രനെക്കണ്ടു
പെരുതാകുംഭക്തിവിനീതിപൂർവ്വകം
നമനവുംചെയ്തുമണിപീഠാഗ്രത്തി
ലമരുകെന്നുടനിരുത്തിയാദരാൽ
വിധിപോലെപൂജിച്ചുണർത്തിനാളിപ്പോ
ളതിവിചിത്രമീയെഴുന്നൊള്ളത്തിഹ
ക്ഷിതിപതിയുടെമഖാരംഭത്തിങ്ക
ലിതിനുഹേതുവെന്തരുൾചെയ്യേണമേ
അറിയുന്നീലഞാനതുവിശിഷ്ടനാ
മരവിന്ദാസനസുതതപോനിധേ
വിധിസുതൻചിരിച്ചുരചെയ്തുജഗ
ദധിപതിപ്രിയെസുമംഗലാകൃതേ
ധൃതിയൊടുംഞാനിപ്പൊഴുതിഹവരു
വതിനുണ്ടിന്നൊരുവിശേഷകാരണം
അതുകഥിയ്ക്കുവനതിന്നുമുമ്പിലൊ
ന്നിതുകാലംചോദിച്ചറിവാനുണ്ടല്ലൊ
യുധിഷ്ഠിരമഖമഹോത്സവംകാണ്മാൻ
ക്കൊതിച്ചുലോകങ്ങൾഗമിച്ചിടുംവിധൌ
ഭവതിയെന്തുകൊണ്ടനുദ്യോഗംപൂണ്ടീ
ഭവനത്തിൽതന്നെശയിയ്ക്കുന്നുവൃഥാ
പതിയില്ലായ്കയാൽഗമിപ്പതെങ്ങിനെ

പതിവില്ലായതെന്നൊരുമുടക്കമൊ
കണവന്നിന്നേരംമഖകാര്യംവെടി
ഞ്ഞണവതിന്നോർത്താലവസരമുണ്ടൊ
പറവൻവാസ്തവംഭവതിയില്ലെന്നു
കുറവില്ലാഹരിയ്ക്കതങ്ങറിഞ്ഞില്ലെ
സഭാര്യനദ്രിക്കിൽസരോരുഹേക്ഷണൻ
സഭാര്യമാനിതൻമഖംനടത്തുന്നു
ഒരിയ്ക്കലുംപതിഭവതിയെവിട്ടു
തിരിയ്ക്കുകില്ലെന്നുംപ്രിയാദരത്താലെ
സതതംരഞ്ജിപ്പിച്ചുടങ്ങിവാഴുന്നാ
ഹിതകരനെന്നുംഹൃദയത്തിൽതന്നെ
ധരിച്ചുവിശ്വസിച്ചിരുന്നതാനതു
മറിച്ചുകാൺകയാൽപരീക്ഷിപ്പാൻവേണ്ടി
സസംഭ്രമംവേഗാലിഹവന്നീടിനേ
നസംശയമിനിതിരിച്ചുപോകുന്നേൻ
മറിമായംതാംധവനിലൊട്ടേറു
മറിയുവാനാമല്ലതുമൂലംമേലിൽ
മമതയുള്ളവൻകമലലോചനൻ
മമവശനെന്നുള്ളൊരുഭാവംവേണ്ടാ
സ്വതന്ത്രൻമാധവൻഭവതിയെമറ
ന്നതന്ത്രംചെയ്യുന്നതഖിലവുംകണ്ടാൽ
പൊറുക്കമോമഹാകഷ്ടമായതി
ങ്ങുരയ്ക്കുവാനഹമൊരുങ്ങുന്നില്ലൊട്ടും
പറഞ്ഞാലേഷണിയിതെന്നുവന്നീടും
മറഞ്ഞാലാപത്തില്ലതുതന്നെനല്ലു
ഇടയുമില്ലെന്നുനടകൊള്ളുന്നാകി
ലിടരുണ്ടാംതവഹൃദിവിഷാദവും
അതുമൂലമല്പംപറഞ്ഞേതയ്ക്കാംനാ
നാളുപോലെനന്നായറിഞ്ഞുകൊണ്ടാലും

ജനംനിറഞ്ഞുള്ളസദസ്സതിൽവൈശമ്പാ
യനൻനിരങ്കുശൻവിധിച്ചതുപോലെ
നരപതീന്ദ്രനാംയുധിഷ്ഠിരനായി
സ്സുരനദീജലംസമാഹരിക്കുവാൻ
മഹിഷികളൊടുമറുപത്തിനാലു
മഹിമകൂടുന്നമഹാപുരുഷന്മാര
വിധിപോലെസമംഗമിക്കുവാൻമുറ്റു
ന്നതിലൊരാളായുള്ളരവിന്ദേക്ഷണൻ
അമിതശ്രീധരനതിധീരൻതെളി
ഞ്ഞമലമാംതിരുവുടൽചമഞ്ഞുടൻ
ശ്രീതയായിട്ടെങ്ങുംവിളങ്ങുംഭീഷ്മക
സുതയായുള്ളൊരുമഹിഷിയെത്തന്നെ
വിളിച്ചുതങ്ങളിലൊരുമിച്ചെത്രയും
കളിച്ചുശോഭിച്ചങ്ങെഴുന്നെള്ളീടിനാൻ
കണവനുള്ളട്ടുപടാഞ്ചലത്തിങ്കൽ
ഗുണമെഴുംനിജപടാഞ്ചലംകെട്ടി
സ്ഫുടനിറംപൂണ്ടുവിളങ്ങുംവെങ്കൊറ്റ
ക്കുടയതുചേരുംപടിപിടിപ്പിച്ചു
പ്രിയസഖീകരചലിതചാമര
ചയസമീരജസുഖത്തൊടുംകൂടി
മണിചയംമിന്നുമണിമെയ്പൂണ്ടുരു
ക്മിണീദേവിതെളിഞ്ഞെഴുന്നെള്ളീടുന്നു
ചലമുനിസ്തവകുലതിലകസ
കുലമായിട്ടുള്ള ശ്രുഭസഭാന്തരെ
വിവിധസമ്മാനംലഭിക്കുന്നുധവ
ൻവിധത്തിൽവച്ചീരമയാംദേവിയെ
ജനങ്ങളെപ്പേരുംപുകഴ്ത്തുന്നുമന
മനങ്ങാതെകൂപ്പിസ്സമാശ്രയിക്കുന്നു
മുരരിപുപ്രിയജനങ്ങളിലേവ

മുരുതരമാനംലഭിച്ചതാരിഹ
ധവനേവാസാക്ഷാൽസപത്നിയാലേക
ന്നവമാനംസ്ത്രീകൾക്കതീവദുസ്സഹം
ഭവതിയ്ക്കുംപരംപരിഭവംതട്ടു
മവമതിഭരംശുഭവതിഭാമെ
വണ്ണങ്ങിയ്യോക്കയുംസഹിയ്ക്കുകെന്നിയെ
പിണങ്ങിയാലുണ്ടോഫലമറഞ്ഞീലെ
സരസാമിങ്ങിനെചതുരനായുള്ള
സുരമുനിയുടെസുഭാഷണംകേട്ടു
സുരുചിരസ്മിതമുഖത്തൊടുംകൂടി
ഹരിദയിതയിതറിയിച്ചീടിനാൾ
വിധുസിതതരളൃതെതപോനിധെ
വിധുസുതമഹാമതെനമോസ്തുതെ
കരുണയേറുംനിന്തിരുവടിയെങ്കൽ
കരുതിയകാര്യ്യംഫലിപ്പിച്ചീടുവാൻ
കരളലിഞ്ഞേവമരുളിച്ചെയ്യതി
നൊരുളറിഞ്ഞുഞാൻപൊളിയല്ലിങ്ങിനെ
അനുഭവത്തൊടുമരുൾചെയ്യുംവാക്യ
മനൃതമാവുകില്ലതിനൊരത്ഭുതം
കരുതുന്നേനഹംകരളിലിന്നുപ
ണ്ടൊരുനാളിൽതവകളിപ്രയോഗത്തിൽ
അവദാതാകൃതെപൊരുളറിഞ്ഞിടാ
തവതാളത്തിലായഹംകാരത്താലെ
വരികില്ലങ്ങിനെയിനിയിനിയ്ക്കുള്ളി
ലറികതെല്ലുമില്ലഭിമാനംമുനെ
ഹരിജഗന്മയനാമയനീശനെ
നരികിലില്ലെന്നുവരുന്നതെങ്ങിനെ
പരിചരിയ്ക്കുന്നജനങ്ങളിൽതെല്ലും
പരിഭവംഭക്തപ്രിയൻവരുത്തുമൊ

വിഹൃതിയേറുന്നാവിഭവിത്തുനേരം
മഹതിയാംമഖസഭയിലങ്ങിനെ
മഹിഷിയൊന്നിച്ചുവിളങ്ങുന്നതെങ്കി
ലഹരിതമാക്കതിലത്തുമറിമായം
മഹമത്തുകാണുന്നതിന്നുസാമ്പ്രത
മഹമുടൻപോകുംഹരിയൊടുംകൂടി
ഒരുങ്ങുന്നോനതന്നണിയറയ്ക്കുള്ളി
ലുറങ്ങുന്നകൃഷ്ണൻതിരുവടിമുന്നെ
മമമൊഴിയിത്തുകളിയല്ലാശയെ
കിമപിസംശയമവിടെയ്ക്കുണ്ടെങ്കിൽ
വരികസുപ്തിപൂണ്ടരുളുംദേവനെ
ത്വരിതംകാണിച്ചുതരുവനെന്നേവം
പറയുന്നാസാത്രാജിതിയൊടുംപള്ളി
യറയുടെമുഖമതിൽചെന്നുമുനി
പരിചോടെനോക്കുംപൊഴുതഹൊഖട്വാ
പരിശോഭിച്ചുള്ളപരമമെത്തമേൽ
ശയനംചെയ്തുകൊണ്ടരുളീടുംകുശെ
ശയദളാക്ഷനാംഭഗവാനെക്കണ്ടു
പുതുമയുമൊരുപുളകവുംകയ്ക്കൊ
ണ്ടിതുമറിമായക്കളിയെന്നോക്കുമ്പോൾ
കരുമുകിൽവർണ്ണൻതിരുവടിതാനും
കരുതിയങ്ങിനെയുണരുംനാട്യത്തിൽ
തിരുമിഴിരണ്ടുംമിഴിച്ചുപാർത്തിട്ടു
നിരുപമനാകുംമുനീന്ദ്രനെക്കണ്ടു
സസംഭ്രമംതട്ടിപ്പിടഞ്ഞെഴുന്നേററു
വിരവൊടുതൊഴുംസ്മിതത്തൊടുംകൂടി
കനകപീഠത്തിലിരുത്തിപ്പൂജിച്ചു
വിനയപൂർവ്വകംവണങ്ങിചോദിച്ചു
സുരമുനിവരകുതുകമെന്തുള്ളിൽ

പരമനാകുംനിന്തിരുവടിയിപ്പോൾ
എവിടെനിന്നെത്തിഗുപമഖത്തിങ്ക
ലവികലശ്രമമവിടയ്ക്കില്ലയൊ
പ്രണയനീമൂലംവിളംബിയാമിനി
യ്ക്കുണയുവാൻവൈകീമഖശാലാന്തരെ
കുടിയില്ലുംസേവിച്ചിടുന്നവരുടെ
പിടിയിലുംപെടുന്നവനഹംദൃഢം
രമണിയാംസാത്രാജിതിയൊടുംകൂടി
ഗ്ഗമനംചെയ്യുവാനൊരുങ്ങുന്നേനഹം
പിണക്കംവന്നിടുംപിരിഞ്ഞുപോവുകിൽ
കണക്കില്ലായതെന്നറിഞ്ഞിടാമെല്ലാ
മുദിതനാംമുനിയുണത്തിനാൻഭവ
ദുദിതമുത്തമംകൃപാനിധെകൃഷ്ണ
തവമറിമായകളെയ്ക്കുറിന്തിച്ചാ
ലവസാനമില്ലിന്നതുപരീക്ഷിപ്പാൻ
കൊതിയനായേവംനടക്കുന്നേനഹ
മിതിലുംമുഖ്യമാമൊരുരസമില്ലാ
മഹിതയാംരുഗ്മിസഹജതന്നോടു
സഹിതനായിട്ടുംയുധിഷ്ഠിരാന്തികേ
പലപലമന്ത്രപ്രദനായിട്ടുമീ
നിലയത്തിൽഭാമാഹിതകൃത്തായിട്ടും
ഒരുസമയത്തിൽപ്രകാശിച്ചീടുംനി
ന്തിരുവടിയെക്കണ്ടുതീവവിസ്മയം
ജനിയ്ക്കുന്നുഹരേപരീക്ഷകനായു
ള്ളിനിയ്ക്കിന്നുഭവാനിവണ്ണംലീലയാ
സഭാമന്താനായങ്ങെഴുന്നള്ളീടുക
സഭാമദ്ധ്യത്തിങ്കൽസമസ്തദൈവജ്ഞ
ഭവതിയിൽപ്രിയൻപയോജലോചനൻ
ഭവതിയ്ക്കിന്നിതിൽപരംശുഭംഭാമേ

കലഹമുണ്ടാക്കും ചിലകളികൊണ്ടു
മലഹരനാകുംമുനിയനന്തരം
നടകൊണ്ടാനിതിമുനിഗിരംശ്രവി
ച്ചുടനിളാപതിരസേനചോദിച്ചു
വരമതെമുനെ വരദനായുള്ള
മുരമഥനന്റെമഹിഷിയ്ക്കങ്ങിനെ
വിവശ്കൌതുകംജനിപ്പിച്ചുശേഷം
പ്രവൃദ്ധദീപ്തിമാൻമുനിയെന്തുചെയ്തു
അധരതപോധനനവിടംകൈവെടി
ഞ്ഞതിജവാൽജാംബവതീഗൃഹംപുക്ക
അറിയിച്ചീടിനാൻഹരിപ്രിയെചിത്ര
മരചന്റെമഖമഹോത്സവാരംഭേ
അമലയായുള്ള ഭവതിപോകാതി
ങ്ങമരുവാനുള്ള നിമിത്തമെന്തഹൊ
അതിനിഹവരൻവരേണമെന്നുള്ളി
ലതിനിനവെന്നാലതുഫലിയ്ക്കില്ലാ
മറിമായംകൊണ്ടുമനംമയക്കുന്ന
ഹരിയിന്നേരംരുഗ്മിണീദേവിയോടും
ഹതയാകുംസാത്രാജിതിയോടുംകൂടി
ഹതശങ്കംമഖമലങ്കരിയ്ക്കുന്നു
മഹഷിതന്മനമറിഞ്ഞുമാധവ
മഹിഷിയുംചിരിച്ചുണത്തിച്ചീടിനാൾ
കരുതുകമുനേമമഗിരാപരം
കരുണയോടെഴുംഹരിയോടുംകൂടി
മരുവുന്നുഹരിമഹിഷികളെല്ലാ
മൊരുവല്ലംപിരിഞ്ഞിരിയ്ക്കുന്നില്ലഹൊ
അസുപതിയാകുംഹരിവെടിഞ്ഞെന്നാ
ലതുഭയാംഗതിയതിലാകുന്നവർ
അവമാനത്തോടുമമരുകില്ലപ്പാ

ളവസാനിയ്ക്കുമെന്നറിഞ്ഞിടേണമെ
മണിയറയിലെൻകണവനുണ്ടട
ലണിയാറായ്ഞങ്ങളൊരുമിച്ചിപ്പോഴെ
പുറപ്പെട്ടുംമുഖമവേക്ഷണത്തിനെ
ന്നറപ്പൊട്ടുംചൊല്ലുംസ്വഗിരംകേട്ടു
കളഭംചാർത്തുന്നഭഗവാനെക്കണ്ടു
പുളകംകയ്ക്കൊണ്ടുരസജ്ഞനാംമുനി
ചിരിച്ചുകേശവനെഴുന്നേറ്റാശുസൽ
ക്കരിച്ചുനൽകിയസുഖത്തോടുംകൂടി
തിരിച്ചുദേവികൾഗൃഹങ്ങൾതോറുംസ
ഞ്ചരിച്ചുഗോപികാഗൃഹാന്തരംതോറും
ചുഴന്നുനോക്കിനാൻ ടംതോറുംശോഭി
ച്ചെഴുന്നതായ്മായാമയൻതന്നെക്കണ്ടു
ഒരുദിശിനിജപ്രിയാന്തരഞ്ജന
മൊരുദിശിസുവാസിതാംബുമജ്ജനം
ഒരുദിശിജപംശിവപ്രപൂജന
മൊരുദിശിശുഭംസുഭക്തഭോജനം
ഒരുദിശിസാരതരമാംസംസാര
മൊരുദിശിഹാരവസനാലങ്കാരം
ഒരുദിശികേളിചരിത്രസല്ലാപ
മൊരുദിശിസുഖസമേതമാംഗാനം
ഇതിബഹുവിധസമാചാരംകയ്ക്കൊ
ണ്ടതികളിയാട്ടംകളായവർണ്ണനെ
നതികൊണ്ടുംപലനുതികൊണ്ടുംബഹു
മതിയോടെഭജിച്ചഥയതീശ്വരൻ
നിവർത്തിച്ചുഡോചരസ്ഥലംതന്നിൽചെന്നു
സുവൃത്തിമാന്മാരാംമഹർഷിമാരോടും
ഭഗവദാഗമംപ്രതീക്ഷിച്ചുംകൊണ്ടു
സുഖവശനായങ്ങടങ്ങിമേവിനാൻ

172 *

അതിനിടയ്ക്കുയിഉപേന്ദ്രനന്ദിയൊ
ടതിവിശിഷ്ടന്മാർമുനിഉപേന്ദ്രന്മാർ
ഹരിയോടുംകളകളകളത്തോടും
പരിവൃതമായുള്ളൊരുപടയൊടും
പവിത്രമാംഗംഗാതടത്തിലായപ്പോൾ
പവിത്രപാണിയാംമുനിവേദവ്യാസൻ
ബലമേറുംമന്ത്രംജപിച്ചുസാദരം
ജലദേവതാരാധനംചെയ്തുശേഷം
സുമന്ത്രിതസുരനദീജലംകൊണ്ടു
സുമങ്ങളോടുംപൊൻകുടങ്ങളൊക്കവെ
നിറച്ചനന്തരമനസൂയയ്ക്കായി
നിറംപെടുന്നൊരുകുടംകൊടുത്തുടൻ
ഒരുകുടമരുന്ധതിയ്ക്കുംനൽകിനാൻ
ഗുരുജനാജ്ഞയാസതികളായവർ
കലശംരണ്ടുമെപരിഗ്രഹിച്ചിട്ടു
തലയിലേററിനാരതുപോലെതന്നെ
ഖഗപതിധ്വജരമണിരുഗ്മിണീ
ഭഗവതിനിജതലയിലങ്ങിനെ
ശമകത്തോടുംക്രുടിയരുന്ധതീദേവി
സമർപ്പിതംഘടംവഹിച്ചില്ലൊതദാ
പവിത്രയാംതപസ്വിനിവിനീതയായ്
സവിസ്മയംചൊന്നാളയിഹരിപ്രിയെ
ശ്രമംതേടുംതവശിരസ്സപണ്ടൊരു
സുമംചൂടുന്നേരമതിൻകനത്താലെ
അതിന്നസങ്കടപ്പെടുന്നില്ലൊട്ടുംഞാ
നശ്രമർപ്പിച്ചജലഘടത്താലെ
അരുന്ധതീഗിരംശ്രവിച്ചുസാദര
മരികത്തുനില്ക്കുംസുഭദ്രചൊല്ലിനാൾ
മതിയിലൊന്നിതുഭവതിയോർക്കേണ്ണ

മിതിലെന്താശ്ചൎയ്യമുരചെയ്യാമയ്യൊ
യശോദയാംദേവിയ്ക്കൊരുസുതനായ
കിശോരനാകുംയാതൊരുപുമാൻപുരാ
ഗുരുവാകുംഗോവൎദ്ധനമെന്നുചൊല്ലും
പെരുമലപറിച്ചെടുത്തുലീലയാ
ചെറിയൊരുകരസരോജത്തിലാക്കി
ച്ചെരിയാതെപിടിച്ചൊരുദിശിനിന്നു
ദിവസമങ്ങേഴുകഴിച്ചുഗോകുല
മവനംചെയ്തതാവനജനേത്രനെ
ഗതശ്രമംഹൃദി ധരിച്ചുപോരുന്നു
ചിതംപോലെരാവുംപകലുമീദേവി
സതീകുലധൎമ്മമിതിവിശിഷ്ടയാ
യതീവനിഷ്ഠയോടനുഷ്ഠിച്ചീടുന്നു
സുഭദ്രചൊല്ലീടുംസുഖഗിരംകേട്ടു
ശ്രുതസ്ഥയാംഭൈഷ്മിചിരിച്ചുചൊല്ലിനാൾ
ക്രമപ്രകാരമീസുഭദ്രയാംസതീ
മമവ്രതംകണ്ടുപഠിയ്ക്കകാരണം
ഹൃദാവഹിയ്ക്കുന്നുകിരീടിയെനിത്യം
മുദാവസിയ്ക്കുന്നുമുനീശ്വരപ്രിയെ
പലവിധമേവംപറഞ്ഞുകൂട്ടമീ
കുലവധൂജനംമനംകലുങ്ങാതെ
മലർകുലങ്ങളുമഖിലമൌക്തിക
ക്കുലങ്ങളുംപൂണ്ടതലകളിൽതന്നെ
ജലചയംകൊണ്ടുവിലസുന്നപൊന്നും
കലശങ്ങളെല്ലാംവഹിച്ചലസാതെ
ദ്വിജവരജനപുരസ്സരംനിജ
നിജവരന്മാരുമൊരുമിച്ചങ്ങിനെ •
മൃദംഗശംഖങ്ങൾപടഹങ്ങൾപല
വിധങ്ങളാകുംകാഹളാദിവാദ്യങ്ങൾ

മുഴങ്ങീടുംവിധൌമഖവാടത്തിങ്കൽ
കുഴങ്ങിടാതെത്തിനിജഘടങ്ങളെ
വളരുംപ്രീതിയോടിറക്കിവാഴ്ക്കുരൽ
കളകളംചെയ്തിട്ടവർപുറംവാങ്ങി
ഗ്ഗുരുനിദേശംകൊണ്ടനന്തരംമഹാ
പുരുഷൻദ്രൌപദീസമേതൻധൎമ്മജൻ
കുതിരയെസ്സരസരിൽജലംകൊണ്ടു
വിധിപൂൎവ്വംശുദ്ധീകരിച്ചുപൂജിച്ചു
പിടിച്ചുയൂപത്തിലണച്ചുബന്ധിച്ചാ
നടിച്ചുഭേരിയുംവിളിച്ചുശംഖവും
മഖംപ്രവൃത്തമായഥസമസ്തമാ
ങ്ഗലംമുടിയുമാറത്തുനേരംനൃപൻ
സുമന്ത്രപൂതമാംപയഃപൂരംകൊണ്ടു
നിമജ്ജനംചെയ്തങ്ങമന്ദമണ്ഡപെ
പവനനന്ദനൻവിജയൻമുമ്പായു
ള്ളവരധീശനാംഹരിയോടുംകൂടി
വിവിധമാംകൎമ്മംനടത്തിനാരതിൽ
പവിധരാർച്ചിതൻഭഗവാനച്യുതൻ
നിരുപമൻമായാമയനാകുംകൃഷ്ണൻ
തിരുവടിമടിവെടിഞ്ഞുതാന്തന്നെ
പലമഹിമയുള്ളൃഷിവരന്മാരെ
നലമൊടെകഴൽകഴുകിച്ചങ്ങിനെ
തരത്തിലുള്ളനിമണിപീഠംതോറു
മിരുത്തിയാദരിച്ചലങ്കരിപ്പിച്ചു
ശുചിതവുംപലനിറവുംപൂണ്ടുള്ള
സുചിത്രകോമളദുകൂലജാലവും
സുഗന്ധംവീശുന്നകളഭവുംകുളുർ
സുഖംതരുംതെളിവെഴപ്പനിനീരും
കുസുമമാലികാകുലവുംകൊണ്ടകി

ലസമമാംമണിവിഭൂഷണൌഘവും
ധവളമാംമുക്തകലാപവുംമററു
മവയവംതോറുമണിഞ്ഞുശോഭിച്ചു
സമേധിതാമോദംകലൎന്നകർപ്പൂര
സമേതവീടികാസുചർവ്വണംചെയ്തു
സകൃഷ്ണപാണ്ഡവസ്തുതന്മാരായേററ
മകംതെളിഞ്ഞുള്ള മുനിദ്വിജേന്ദ്രന്മാർ
മരുചിനാർന്നപസ്തുതിയൊട്ടുംജഗൽ
ഗുരുവിനാലുള്ള ഗുണോദയംനോക്കി
പുതുമപൂണ്ടിതുന്നപോത്തമന്മാരു
മതുലമായുള്ള മഖക്രിയാന്തരേ
മുനിജനാദികൾക്കുചിതമാമന്നാ
മിനിവെക്കംവെക്കംകൊടുക്കകെന്നേവം
പലവുരുചൊല്ലുന്നൊരുരവംധരാ
വലരിപുപുരേവളൎന്നകേൾക്കായി
രുചിരമാംമണികനകജാലവു
മുചിതമായുള്ള വരാംബരൌഘവും
ഗജഹയങ്ങളുംരഥാദിവാഹന
വ്രജവുംചാമരവരശ്ഛത്രങ്ങളും
ലമയജാദിയുംമനോജ്ഞമാംമഹാ
നിലയജാലവുംമഹീവസുക്കളും
മുതലായിട്ടുള്ള പദാൎത്ഥങ്ങളെയു
മിതരങ്ങളായപദാൎത്ഥങ്ങളേയും
പരിചോടെത്രയുംപരിചരിയ്ക്കുവാൻ
പരിചയംകൂട്ടുന്നവർകൾതമ്മെയും
നവകുതൂഹലവശേനയാചിയ്ക്കു
ന്നവർകൾക്കുംമററുള്ള വർകൾക്കുംസമം
വെടിപ്പിലെത്രയുംമതിവരുവോളം
കൊടുപ്പിനെന്നുമങ്ങൊരുഘോഷംപൊങ്ങി

നിനവതിലേററമഭീഷ്ടസിദ്ധികൊ
ണ്ടനവധിമുനിദ്വിജാദിലോകങ്ങൾ
മതിമതിയെന്നുവിലക്കിലോകങ്ങൾ
ക്കധിപതിയാകുംയദുപതിയേയും
ക്ഷിതിപതിയാകുംയുധിഷ്ഠിരനേയും
പ്പുതിയൊരാശിഷംകൊടുത്തുമോദിച്ചു
സ്തുതിയ്ക്കുംഘോഷവുംത്രയീപഠംജപി
ച്ചുദിയ്ക്കുംഘോഷവുംപലവാദ്യങ്ങളെ
മുഴക്കംഘോഷവുംദിഗന്തരംതോറും
മുഴക്കംവണ്ണമങ്ങൊരുമിച്ചുപൊങ്ങി
മഹിയിലെത്രയുംവിശിഷ്ടമീമഖ
മഹിമചൊല്ലുകവിഷമംഭ്രപതെ
വ്രതവശൻമുനിവൃതൻയുധിഷ്ഠിരൻ
കൃതനിമജ്ജനൻപരിശുദ്ധൻതദാ
ക്ഷിതിതലംചുററിജ്ജയിച്ചുവന്നൊരു
കുതിരയെത്തത്രവരുത്തിച്ചാദരാൽ
ശ്രുതിവാക്യത്തൊടുമതിനൊടോതിനാ
നതിഭാഗ്യംതേടുംഹയകുലോത്തമ
ജലപാനംചെയ്കഭവാനധന്യമാ
മുലകിൽജന്യമാംസുഖവാസംകേട്ടും
നൃപഗിരംകേട്ടസുകൃതിയാംഹയം
സപദിസന്തോദംകലന്നുതാൻതന്നെ
മഖതനവാകംഭഗവാനെനോക്കി
മുഖമിളക്കിനാൻപുനരസംശയം
നകുലനെനോക്കിപ്രസംശിച്ചുഘോണാ
യുഗളംകൊണ്ടുതന്നഭിപ്രായംതദാ
മൃഗപശുപക്ഷിവചനജ്ഞനാകും
നകുലൻതൽഭാവംധരിച്ചുസാദരം
സപദിനൽസദാതലെസദീക്ഷനാം

നൃപതിയോടേവമുണർത്തിച്ചീടിനാൻ
പരമനാകമിത്തുരംഗപുംഗവൻ
പറയുംവാക്കിതങ്ങറിയേണംവിഭൊ
ഇഹതവാദ്ധ്വരെനിഹതനാകവൊ
നഹംഗമിയ്ക്കകില്ലമരലോകത്തെ
അപാരങ്ങളാകുംമഖങ്ങളിൽദുഃഖ
മപഹരിയ്ക്കുന്നഭഗവാനീഹരി
നൃപവരകർമ്മകരനല്ലായ്കയാ
ലുപയോഗിയ്ക്കുന്നകുതിരകളെല്ലാം
ദിവംഗമിയ്ക്കുന്നീനിരീശ്വരങ്ങളാം
സവങ്ങളിൽചെയ്യുന്നവർക്കുണ്ടാംഫലം
ത്രിവിഷ്ടപമിതിൽഫലംനാരായണ
നവിഘ്നംചെയ്യുംഞാനഗണ്യപുണ്യത്താൽ
ഹരിമുഖാംബുജമധിഗമിപ്പനീ
ച്ചരിതംയാജ്ഞികജനങ്ങൾകാണട്ടെ
ഇതികഥിയ്ക്കുന്നൃഹയമിവൻമഖ
മിതിലിനിയൂപനിബദ്ധനായ്സുഖം
സുമന്ത്രശുദ്ധനായുടലുടൻവെടി
ഞ്ഞമർത്ത്യനാഥനായരുളുംകൃഷ്ണനിൽ
കലന്നീടുന്നൊരുവിശേഷംമാമുനി
കുലങ്ങളുംനൃപജനങ്ങളുംതഥാ
മഹതികളാകുംവധുക്കളുംകണ്ടു
മഹിതമാനന്ദഭരംഭരിയ്ക്കട്ടെ
നകുലനിങ്ങിനെപറഞ്ഞുകേട്ടപ്പോ
ളകതളിർതെളിഞ്ഞവനീന്ദ്രാദികൾ
കുതിരയെയ്യൂപമതിലാക്കികെട്ടി
യതിരസത്തൊടുംമഹർഷിമാരുടൻ
മുറപോലെമുരഹരാന്തികെവച്ചു
മറമയമായമനുജപംചെയ്താർ

മുനിവരൻധൌമ്യൻമുദിതനായ്നിന്നു
മനിലപുത്രനോടഥചൊല്ലീടിനാൻ
പടുമതെഭീമഭവാനിഹാദര
ത്തൊടുമൊരുഖഡ്ഗംവലംകയ്യാലേന്തി
ക്ഷണംനേരംനിന്നുകുതിരതൻപരീ
ക്ഷണമഥംചെയ്തിട്ടുരചെയ്യുംവരെ
സ്ഫുടംചെറുതേവംപറഞ്ഞുവാജിത
നിടംചെവിചേർന്നുപിടിച്ചിളക്കിനാൻ
അതിനുള്ളിൽനിന്നുപുറപ്പെട്ടുവേഗാ
ലതിധാരാളമാംപയസ്സതുകണ്ടു
ജനങ്ങളത്ഭുതരസംകൊണ്ടേവരും
മനംകുളുത്തെഴുന്നളവിലമ്മുനി
ബകരിപൊഭീമജഗദധീശനാം
മംഗലാകരൻകൃഷ്ണൻപ്രസാദിയ്ക്കുംപടി
മുറിയ്ക്കുകങ്ങിതിൻകഴുത്തൊന്നാദരാ
ലുരയ്ക്കയാലുടൻകരുത്തനാംഭീമൻ
വഴക്കംപൂണ്ടുതൽഗളച്ഛേദംചെയ്യാൻ
മുഴക്കംവാദ്യാദികളകളത്തൊടും
മുറിഞ്ഞുവേറിട്ടഹയത്തിൻമസ്തക
മെരിഞ്ഞുഭൂതലമതിൽപതിയ്ക്കാതെ
സമുല്പതിച്ചുപോയണഞ്ഞുസൂര്യനിൽ
സുമുഖമൂർത്തിയാംമുകുന്ദനന്നേരം
മുനിവൃന്ദാന്തരെവിളങ്ങുംവില്പത്തിൻ
മുനയുള്ളമുള്ളാണൊടുത്തതുകൊണ്ടു
മരിച്ചുനിൽക്കുന്നതുരംഗമൊരസി
തറ്ച്ചുകീറിപ്പാർത്തരുളീടുംനേരം
വിനിർഗ്ഗമംചെയ്തുവിശുദ്ധമാംദുഗ്ദ്ധം
ജനിച്ചുകണ്ടീലകുറച്ചുമേരക്തം
പിതൃപതിസുതപ്രാഗ്വീരതവ

പൃഥുഭാഗ്യംകൊണ്ടുസഫലമീസവം
അതിവിശുദ്ധമീഹയംപരീക്ഷിച്ചെ
നിതിഭഗവാനംയുധിഷ്ഠിരപ്രഭോ
പ്രയതനെത്രയുംഹയവരനിവൻ
നിയതമേവമാക്ളേവായിട്ടുള്ള
സവമിത്ഥമംതവജഗന്മഹോ
ത്സവകരമെന്നുമുനിവരന്മാരും
പൃഥിവീശന്തന്നോടറിയിച്ചീടുമ്പോ
ളതിവിശേഷമാമൊരുമഹസ്സഹോ
സ്ഫുടതരംപുകളുടയവാജിത
ന്നുടലതിൽനിന്നിട്ടുടൻപുറപ്പെട്ടു
മഖശരീരനാംഹരിയുടെതിരു
മുഖസരോജംപുക്കതിലമർന്നല്ലൊ
ശവമായിട്ടുള്ളഹയവപുസ്സുട
നവനിയിൽവീണംഘനസാരമായി
ശിവവപുർദ്ധൃതവിഭൂതിപോലതി
ധവളിമയോടുംവിളങ്ങിയന്നേരം
മനസിവിസ്മയമയന്മാരായൃഷി
ജനമെടുത്തുതൽസുരഭികർപ്പൂരം
മുകുന്ദയുക്തനാംനൃപനൊടുംകൂടി
സുകണ്ഠദീപ്തനാംഋത്വിക്കിൻമുമ്പെ
സമന്ത്രംഹോമിച്ചുധരാംപതെമഹാ
സമർത്ഥനാംസത്യാവതീസുതൻമുനി
സ്സ്രുവംകൊണ്ടെത്രയുംവിശിഷ്ടമായുള്ള
നവംഘനസാരമെടുത്തിതോതിനാൻ
ധരിത്രിയിൽകൃഷ്ണനിഷേവകൻപുണ്യ
ചരിത്രനായുള്ളധരേന്ദ്രൻധർമ്മജൻ
തരത്തിലീമഹാധ്വരത്തിലീവണ്ണം
തരുന്നാസ്സാരമാംഘനരസാഹുതം

ഗ്രഹിച്ചാലും സുരപ്രഭോ ശതക്രതോ
വഹിച്ചാലുംചൊന്നതീവസമ്മോദം
സുദുർല്ലഭമെന്നിയട്ടത്തിരിയ്ക്കുന്ന
സുദുസ്സഹമാകുംകലിയുഗംവന്തൊ
ത്രിവിഷ്ടപാധിപൻപ്രഹൃഷ്ടനായുടൻ
പ്രവിഷ്ടനായാവിർഭവിച്ചുശാലയിൽ
മറപ്പകുത്തുള്ളമുനിയൊടോതിനാൻ
മറയാത്തുള്ളൊരാഘപരമർത്ഥിയെ
മുനിപ്രഭോമമവിലോകനേതന്നെ
ജനിപ്പിച്ചുഫലനസാരാഹുതി
സുഖേനപുത്തനാമിതിജ്ജപാവക
മുഖേനതന്നാലുമഹംഭജിയ്ക്കട്ടെ
ഭവിയ്ക്കട്ടെമഹാസുഖമിതിഗിരം
ശ്രവിയ്ക്കയാലുള്ളംകുളുർത്തമാമുനി
ക്ഷിതിപതേചൈത്രസിതപക്ഷംതന്നിൽ
തിഥിദശമയുംധിഷണവാരവും
ഫണിനക്ഷത്രവുമൊരുമിച്ചദിനേ
ഗണിതമായുള്ളവിധിപോലെതന്നെ
ശതമഖനായിധരിച്ചകർപ്പൂരം
ഹുതഭുഗാനനെസമർപ്പണംചെയ്തു
ക്ഷണത്തിൽചന്ദ്രാദിസമസ്തദേവതാ
ഗണത്തിനുംദിഗ്ദേവതാഗണത്തിനും
സമന്ത്രസങ്കല്പംക്രമപ്രകാരേണ
സമർപ്പണംചെയ്തുഫലനസാരാംശകം
ഹവനംകൊണ്ടാശുചരാചരമാകും
ഭുവനംതൃപ്തമായതിസുഖംപൂണ്ടു
പുകളെഴുംഭൂപൻപ്രഭൂതമാംഹോമ
പ്പുകകൊണ്ടെത്രയുംപ്രപൂതനായ്മുദാ
സമീപസ്ഥനായുള്ളതിവക്കേതനാം

സമീരപുത്രനെപ്പുണൎന്നുചൊല്ലിനാൻ
കമലനേത്രന്റെകടാക്ഷംകൊണ്ടിത്ഥം•
മമസിദ്ധംചിത്രംമഹാമഖംസുഖം
അവസാനത്തിങ്കലതീവപാവന
മവഭൃഥസ്നാനംകഴിയ്ക്കുവൻഭീമ
വിധിപുരസ്സരമനവധിതപോ
നിധിജനത്തോടുംപിതാമഹൻമുനി
അനുജന്മാർതൊട്ടുള്ളവർചൂഴന്നേററ
മനുപമനായുള്ളവനീശൻതന്നെ
ദ്രുപദജയോടുംകുളിപ്പിച്ചുബഹു
ശുഭദംസോമപാനവുംചെയ്യിപ്പിച്ചു
അഥമഹത്താകുംജയജയശബ്ദ
മതനുവാദിത്രവിചിത്രനിസ്വനം
ഇവകളൊക്കവെമുഴക്കിവന്ദിക
ളവനമനംചെയ്തവനീന്ദ്രൻതന്നെ
സ്തുതിച്ചുഗായകർഗ്ഗുണഗീതംകൊണ്ടു
മുദിച്ചുവിസ്മയംബഹുഘോഷംതദാ
ശുഭവേതീഹരിജനനിമുഖ്യയായു
ള്ളിഭഗോതിയാകുംബഹുവധൂകുലം
ജനസഭയിൽവന്നാഴകോടുംനീരാ
ജനശുഭകൎമ്മംകഴിച്ചനന്തരം
വിനീതയാംകുന്തീയനവധിസീമ
ന്തിനീസമേതയായതിസുഖംപൂണ്ടാൾ
അനന്തമാത്മാവാംയുധിഷ്ഠിരൻപുന
രനുഷ്ഠിതപൂൎണ്ണാഹുതിയായപ്പൊഴെ
ഫലംകൊടുത്തൊരുഹരിയാംശൌരിയാ
ലലങ്കൃതനായിനൃവരന്മാർമദ്ധ്യേ •
സുരജനപരിവൃതനായുള്ളൊരു
സുരവരൻപോലെപരംവിളങ്ങിനാൻ

വരസുമംസമമലയജപീതാം
ബരസുഷമാഢ്യവലയാദിയിലെ
പ്രഥമംദേവകീകിശോരനെപ്പൂജി
ച്ചഥമനന്തംദ്വൈപായനമുനീന്ദ്രനെ
വണങ്ങിയർച്ചിച്ചിട്ടനവധിധനം
ഗുണംകിടയ്ക്കുവാൻകൊടുത്തുധർമ്മജൻ
മനസിസന്തോഷംവഹിച്ചുവന്തപോ
ധനനത്തുനേരമത്തന മസ്തവും
ഭുജതലംകൊണ്ടുനിനവോടുംദിന
ദ്വിജവരന്മാക്കാസ്ഥിഭജിച്ചേകിനാൻ
വിലയൊഴിഞ്ഞേററംവിലസീടുംമണി
മലയുടെകൊടുമൊടിയതിൽതന്നെ
ചരണംചെയ്യുംകാഞ്ചനവൃഷഭത്തെ
ധരണിതമ്പതിവിനീതിപൂർവ്വകം
ചിരന്തനനാകുംബകദാത്ഭ്യമുനീ
ശ്വരൻതനിയ്ക്കായിക്കൊടുത്തുകുപ്പിനാൻ
ഒരുരഥമൊരുമദകരിദശ
തുരഗരാജന്മാരൊരുഭാരംസ്വർണ്ണം
കളധൌതംകൊണ്ടുചമഞ്ഞഗോശതം
വിളവുക്കുട്ടംമൌക്തികമണിപ്രസ്ഥം
സമത്ഥന്മാർനാലുഭുജിഷ്യന്മാരിവ
സമസ്തമേകമിക്രമത്തിലദ്ധ്വരേ
കൊടുത്തുയാജകദ്വിജാതികൾക്കെല്ലാം
മടുത്തുപോകാതെരമേശഭാസവകൻ
അസംഖ്യമായീടുമഭീഷ്ടദാനവു
മസംശയംചെയ്തുമതിവരുംവരെ
ഒരുവന്നുരുഗജവുമായിരം
തുരഗവുംപലസുവാഹനങ്ങളും
ഒരുപടിമണിമയകിരീടാദി

നിരുപമദിവ്യാഭരണജാലവും
അനവധിവരാംബരാദിയുംവീത
മനഘന്മാരായനരോത്തമന്മാക്കും
അതിലിരട്ടിയാദേവോത്തമന്മാക്കു
മതിമോദത്തോടുംകൊടുത്തുകൂടവെ
മഹതികളാകുംമധുരിപുവിന്റെ
ഗൃഹിണികളാകുംവധൂരത്നങ്ങളെ
പലവിധംപൂജിച്ചലങ്കരിപ്പിച്ചാ
നലമലമെന്നായവർമോദംപൂണ്ടാർ
വണിക്കുകൾപലവൃഷലന്മാർമററു
വണക്കമുള്ളവർപലരിവർകൾക്കും
കണക്കവിട്ടിട്ടുംധനങ്ങളെനൽകി
കനക്കമാനന്ദംവളൎത്തുസാദരം
കരുതിയകാൎയ്യംലഭിച്ചപുണ്യവാ
നരുതിയില്ലാത്തുള്ളൊരാമോദംകവിഞ്ഞുവാൻ
ഹരിപദസുരതരുസമാശ്രയ
നരിമദഭരഹരസഹോദരൻ
വൃഷമയാശയൻയുധിഷ്ഠിരൻപല
സുഷമയുള്ളൊരുമണിസിംഹാസനേ
സുശോഭനാംശനാസ്ഥിളങ്ങുംദേവകീ
കിശോരനെമാനിച്ചിരുത്തിക്കീൎത്തിച്ചു
പരംതനിയ്ക്കുള്ളമഖജംപുണ്യംതൃ
ക്കരംതന്നിൽസൎവ്വംസമൎപ്പിച്ചീടിനാൻ
തദന്തരേപലകളകളംജാതം
സദന്തരംഗത്തിൽതെളിവൊടത്ഭുതം
ജയജയഹരേധരേശമംഗളാ
ലയസുരേഡിതതരേതിനിസ്വനം
ഘനതരദരസുവാദിത്രാദിനി
സ്വനമിവതിങ്ങിമുഴങ്ങവെപൊങ്ങി

വസുമതിയതിൽസുരതതിപെയ്ത
കുസുമവൃഷ്ടിയുംപരമതുഷ്ടിയും
സമുദിതയായീപരമതിനുള്ളിൽ
സുമുദിതന്മാരാംപൃഥാത്മജന്മാരും
മുനിജനങ്ങളുംമഹതികൾക്കും
വനിതകൾതൊട്ടുള്ളവർകളുംമുദാ
സകൃപമീമഖംഭഗവൽകാർത്തം
സുകൃതിധർമ്മജൻസുഖംലഭിയ്ക്കട്ടെ
സ്മരണീയംഹരിചരണമെന്നേവം
ധരണീശപരംപുകഴ്ത്തിക്കൂപ്പിനാർ
നവമിയാഗത്തിൻപ്രകരണംകേൾക്ക
ന്നവർപാപംകെട്ടുസുകൃതികളാകും
സുപൂജ്യന്മാരായിസ്സുകീർത്തിതന്മാരാ
യപൂർവ്വസിദ്ധിയോടമർന്നീടുംദൃഢം
ശ്രാവിയ്ക്കമാരിഷമഹാമതെമഹാ
പവിത്രമാംമഖംകഴിഞ്ഞനന്തരം
സുവൃത്തിമാൻഭീമനശേഷപാചക
പ്രവൃത്തിയിൽപരംപടുത്വമുള്ളവൻ
മനസ്സിലാദരംവഹിച്ചുസത്വരം
മനുഷ്യരൂപിയാംഹരിയെയുംതഥാ
മഹർഷിമാരെയുംമഹത്വംകൂടുന്ന
മഹീശ്വരന്മാരാമവരെയുംക്രമാൽ
വിളിച്ചുടൻമുദാസുധാരസംനാണി
ച്ചൊളിച്ചിടുംമൃഷ്ട്യാശനംകഴിച്ചിപ്പിച്ചു
പരിതോഷിപ്പിച്ചുപരിചോടെന്നുകേ
ട്ടരിയഭക്തനാംനൃപൻപരീക്ഷിതൻ
സരസംചൊല്ലിനാൻമുനീന്ദ്രനോടിന്നീ
ച്ചരിതംകേൾക്കവാനതികൊതിഹൃദി
മമചൂഷകെടാതരുൾചെയ്കീടെന്നാം

ശമനിധെമുനെസമീരണാത്മജൻ
ഹരിമുഖന്മാരാമവരെയുംശിശ്രു
ഹരിണലോചനാമണികുലത്തെയും
വിധിപോലെങ്ങിനെഭുജിപ്പിച്ചുഭുജി
പ്പതിനന്നാദിയാംപദാൎത്ഥമെന്തെല്ലാം
നരപതിഗിരംഗ്രഹിച്ചുമാമുനി
വരനതിരസംകലൻചൊല്ലിനാൻ
ചെറുതുവിസ്തരിച്ചുരചെയ്യൻനൃപ
കരുതുകങ്ങിനെവിരുതനാംഭീമൻ
മഹാജനങ്ങളെവിളിയ്ക്കയാലവർ
സഹോദരംയദുപതിയൊടുംകൂടി
വിശാലമായുള്ളസുമണ്ഡപംവെച്ചൊ
വശാലണഞ്ഞിതുന്റാലരത്നമെ
പറവൻമണ്ഡപമതുമനോഹരം
നിറമെഴുംമണിസുവൎണ്ണമണ്ഡിതം
അഗരുധൂപിതമതിവവാസിത
മകതളിർതെളിവെഴന്നമാറതിൽ
മലയജാസനനിരകളിലൊപ്പം
മലവിഹീനംകംബളകദംബകം
മലർമണിമയംവിരിച്ചിട്ടണ്ടതു
മലഘുസന്തോഷപ്രദംവിളങ്ങുന്നു
പരിമളംപൂണ്ടപുതുജലംകൊണ്ടു
പരിചോടെമൊറിപ്പൊടികളഞ്ഞവ
ഒരുപോലെതെളിവിയന്നുമിന്നീടു
മറുപതുംനാലുംകചോളംചെന്നവ
അരിയഭാജനംപ്രതിസുദീപ്തിപൂ
ണ്ടരികിലായ്രണ്ടുമണിപ്രദീപവും
ഒരുമണികമണ്ഡലുവുമുണ്ടേവം
നിരുപമംകണ്ടുതെളിഞ്ഞവരെല്ലാം

അശിയ്ക്കുവാനായിട്ടിരുന്നാനന്തര
മശങ്കമാത്രമാംപയസ്സപായസം
പ്രവേശിതംമരുത്തനൂജനാലങ്ങ
ജവേനപൊൻപാത്രസ്ഥിതംമഹാസിതം
ക്ഷിതിസുരേന്ദ്രന്മാരുദിതമായുള്ള
മതിബിംബംപോലെതദീക്ഷണംചെയ്താർ
വളർക്ഷയ്യധികാസുകശമളഭ്രമം
വള്ക്കമന്നവുംഘൃതസൂപങ്ങളും
ഫലങ്ങൾദാരുവല്ക്കലങ്ങൾമൂലങ്ങൾ
ദലങ്ങൾപൂക്കളെന്നിവകൊണ്ടുംഭീമൻ
കടുകഷായതിക്തകമയങ്ങളാ
യ്പടുതയോടുംതീർത്തവകളുംവേറെ
പുളിമധുരങ്ങൾമുതലായെത്രയും
വിളികൊള്ളുംപലകറികളുംതഥാ
ഉളുംപുരട്ടിയുള്ളവതൊട്ടാശയം
കളക്കവേതീർത്തുള്ളപദംശങ്ങളും
പലവ്യത്തങ്ങളുംപഴങ്ങളുംപല
പലഹാരങ്ങളുംപലരസങ്ങളും
വിളംബമെന്നിയെസമാനയിച്ചപ്പോൾ
വിളമ്പിനാർമന്ദംവിളമ്പുകാർപലർ
ഒരുമുനിയപ്പംവിലോകിച്ചന്യനോ
ടൊരുചോദ്യംചെയ്താനിതെന്തുവാനഹൊ
പറയുകഭവാനഹംവനസ്ഥിത
നറിയുന്നില്ലെന്നാമൊഴികേട്ടപ്പൊഴെ
അതിനൊരുത്തരമപരനാംദ്വിജ
നധികൻതാനെന്നുനിനച്ചുചൊല്ലിനാൻ
മതിയുടെപലശകലങ്ങളിവ
പതിതങ്ങളെന്നുപറഞ്ഞിടുംവിധൌ
വിളങ്ങുംഫേനികാപദാൎത്ഥംവന്നതു

വിളമ്പിക്കാൺകയാലൊരത്ഭുതത്തോടെ
ഒരുതപോധനനനിലഭക്ഷക
നരചെയ്തീടിനാനിത്ഥമനോഹരം
ക്ഷിതിമഹേന്ദ്രനാംയുധിഷ്ഠിരനുള്ള
സിതിമപൂണ്ടെഴുന്നരയന്നംതന്നെ
ധവളമാമന്നനിവഹംപാത്രസ്ഥ
മവലോകിച്ചിട്ടൊരവനിനിർജ്ജരൻ
കുടജത്തിൻപൂക്കളിതുകളൊന്നോർത്താ
നുടജത്തിൽകാട്ടിലിരിപ്പവൻപരൻ
വടകംഹാടകപ്രഭംസമീക്ഷിച്ചി
ട്ടടനോർത്തീടിനാനിതെന്തുവിസ്മയം
ളവിമമപുരസ്ഥലമിതിലേവം
രവിരഥചക്രംപതിതമാകയൊ
രുചികരംദ്രാക്ഷാരസംതന്നെചില
രുചിതമെന്നോററംനുകരുന്നുചിലർ
മധുരമാംചൂതരസവുമന്യന്മാ
രതുലമായുള്ളകരിമ്പിൻെറനീരും
ഹൃദിതെളിവോടുമൊരുമുനിശിഷ്യൻ
കദളിയിലുണ്ടായൊരുപഴങ്ങളെ
കലിതകൌതുകംഘൃതരസാന്തരേ
തൊലികളഞ്ഞിട്ടുകുളിപ്പിച്ചുകൈകം
ധൃതിയൊടുമെടുത്തൊടുത്തസംശയം
സിതയിലിട്ടൊന്നുപുരട്ടിയങ്ങിനെ
വിഴങ്ങിവല്ലാതെവയർനിറഞ്ഞൊന്നു
കുഴങ്ങിയെങ്കിലുമൊഴിച്ചില്ലത്ഭുതം
മുളച്ചകൌതുകാൽസിതാജ്യമണ്ഡകം
വളച്ചതേകനാംമുനിദ്വിജോത്തമൻ
മുഖത്തിലാക്കിനാൻമുഴുവനുംമഹാ
സുഖത്തിലങ്ങിനെമുഴുകിനാനഹോ

സുഖണ്ഡലഡ്ഡുകപദാൎത്ഥംഭക്ഷിച്ചു
പുകഴ്ന്നമറെറാരുമഹീസുരോത്തമൻ
ചതിയല്ലാമോക്ഷോദ്ധതസുഖംത്രുശ്മ
മിതിന്നെതിരല്ലെന്നുരചെയ്തീടിനാൻ
ഫലിതമീദൃശംപറകയുംപലർ
പലതരംഹൃദിനിനയ്ക്കയുംചെയ്താർ
വിശിഷ്ടസാധനംസമസ്തമിഷ്ടംപോ
ലശിച്ചുവിപ്രന്മാർസുതൃപ്തന്മാരായി
അതിൻവണ്ണംതന്നെനൃപോത്തമന്മാരു
മതൊക്കെവൎണ്ണിച്ചാലവസാനിക്കില്ലാ
സമ്മോദകതകൊണ്ടപരമാംജനം
സ്സമസ്തവുംതഥാസുതൃപ്തമായ്മുദാ
മുനിജനംകളൎസ്സുരഭിചന്ദനം
പനിനീർപൂക്കളെന്നിവകളെച്ചാൎത്തി
സുവിസ്തരംതോറുംപരംപരസ്പര
പ്രവിഷ്ടദൃഷ്ടിയോടിരുന്നശാലയിൽ
സുഗന്ധതാംബൂലംസകൎപ്പൂരംചൎവ്വി
ച്ചുകംതെളിഞ്ഞേവംപറഞ്ഞുതങ്ങളിൽ
മുനികളേനമ്മൾവനത്തിൽകണ്ടകാ
യ്ക്കനികളേയുംകൈവെടിഞ്ഞുകൊണ്ടഹോ
ഒണങ്ങിയുള്ളിലപൊടിച്ചതിന്നുംകൊ
ണ്ടനങ്ങിടാതമന്നിടുന്നതാപസർ
മഹിതനായുള്ളയുധിഷ്ഠിരനാലെ
വിഹിതമാകിയഹയമേധാദ്ധ്വരേ
അനുപമംവിട്ടിമഹാരസത്തെയു
മനുഭവിച്ചില്ലൊനിനയ്ക്കുവിൻചിത്രം
ഇതിലധികമെന്തിനിയൊരുസുഖ
മിതിപലവിധംപറഞ്ഞുകൊണ്ടവർ
ശ്രിതജനവശംഗതനായിട്ടുള്ള ;

സിതസരോജാക്ഷൻതിരുവടിയേയും
യുധിഷ്ഠിരഭീമാർജ്ജുനാദികളേയും
സ്തുതിച്ചുംകൊണ്ടങ്ങുസുഖിച്ചുമേവിനാർ

ജൈമിനീയാശ്വമേധം.
യാഗഘട്ടം കഴിഞ്ഞു.

# ജൈമിനീയാശ്വമേധം.

ശുകതരുണിശോഭനെശുദ്ധശീലെശുഭെ
സുകൃതിനിസുപേശലെസുജ്ഞാനശാലിനി
അഘശമനിതാമസിയ്ക്കാതിനിഭക്തികൊ
ണ്ടകതളിർതെളിഞ്ഞുചൊല്ലീടുനീശേഷവും
സരസമിഹകൌന്തേയസൽകഥാമിശ്രമാം
സരസിജവിലോചനൻതൻകഥാവൈഭവം
അമിതസുഖസാധകംസാധുകേൾക്കുന്നവ
ർക്കമൃതസമമുത്തമംകൃഷ്ണകേളീകൃതം
കനിയുകതുവിസ്തരിച്ചീടുവാനല്പമ
ല്ലിനിയുമിഹകേൾക്കുവാനുള്ളകൌതൂഹലം
കളമൊഴികളിത്തരംചൊല്ലുംദശാന്തരെ
കളവൊഴിയുമുൾത്തടംപൂണ്ടുള്ളതത്തയും
കുതുകസുഖപൂർവ്വകംചൊല്ലിത്തുടങ്ങിനാ
ളതുലമിതുകേൾക്കുവിൻനാരീജനങ്ങളെ
നിഭൃതമഥസൂതപൌരാണികൻശൌനക
പ്രഭൃതിമുനിസത്തമന്മാരോടുചൊല്ലിനാൻ
അറിവിനിടമന്തണന്മാരെചരിത്രമ
ങ്ങറിവുടയസന്മുനിശ്രേഷ്ഠനാംജൈമിനി
മതിയുടയസൌഭദ്രപൌത്രനാംകാശ്യപീ
പതിയൊടുരചെയ്തുകേട്ടാലുംമഹാമതെ
ഹരിഭജനകർത്തൃകന്മാരിലഗ്രേസരൻ
ദുരിതരഹിതൻമഹാധർമ്മവാൻധർമ്മജൻ
ധരണിപതിപുംഗവൻധന്യസന്മാനിതൻ
കരുണയെഴുമച്യുതസ്വാമിയോടുംതഥാ
വലിയമുനിമണ്ഡലത്തോടുംമഹാനൃപാ
വലിയൊടുമടുത്തബന്ധുക്കളോടുംമുദാ

ക്രതുവിധികഴിഞ്ഞപിമ്പക്കണ്ടമണ്ഡപെ
പുതുമയൊടുപൂജ്യനായ്‌വാഴുംദശാന്തരെ
ഒരുവലിയവാദവുംതങ്ങളിൽചെയ്തുകൊ
ണ്ടിരുവരവനീസുരന്മാരണഞ്ഞീടിനാർ
സദസിബഹുമാനിതന്മാരായമൎന്നുകൊ
ണ്ടിടമവർയുധിഷ്ഠിരൻതന്നോടുചൊല്ലിനാർ
പുരുഗുണയശോനിധെ ഭൂപതെ ഞങ്ങളിൽ
പെരുകിയവിവാദമൊന്നുണ്ടതങ്ങുന്നുടൻ
നയനിലയസാദരംകേട്ടുതീൎത്തീടണം
നിയതമിതിനന്യനില്ലെന്നുകേട്ടപ്പൊഴെ
ക്ഷിതിപതിയുധിഷ്ഠിരൻപാൎത്തുചൊല്ലീടിനാ
നിതിനുപണിയേതുമില്ലിന്ന്സ്സഭാതലെ
അറിയബകദാത്ഭ്യനാംവൃദ്ധയോഗീന്ദ്രനു
ണ്ടറിയുകവസിഷ്ഠനായീടുംവരിഷ്ഠനും
അനഘതരനാശ്വനാമത്രിയുംമററുമു
ണ്ടനവധിമഹൎഷിമാർമുമ്പാംമഹാജനം
ഹഹഹചിലവാദമെന്നുള്ളസംസാരമെ
ന്തിഹഘടതിസംശയംനേൎവ്വുംതീരുമെ
സുജനസവിധെതിരിച്ചുണ്ടായകാരണം
നിജനിജമുരയ്ക്കുവിൻനിങ്ങൾവിപ്രേന്ദ്രരെ
ഒരുവനുടനോതിനാനിദ്വിജന്മാനിനി
യ്യൊരുവരകൃഷിസ്ഥലംതീറുതന്നീടിനാൻ
പുനരതുഴുതേനഹംനിക്ഷേപഭാജനം
ഘനതരമിതൊന്നതിൽകണ്ടുകിട്ടീതദാ
മതിയിലറിയേണമീയൎത്ഥംമദീയമ
ല്ലിതിനൊരുടമസ്ഥനീയന്തണൻനിൎണ്ണയം
മുതലുമമനെല്ലിതിൽകിട്ടുന്നതൊന്നുതാ
നിതരധനമങ്ങെടുക്കില്ലെന്നുപേക്ഷിതം
നൃപവരനിജംധനംതാനെടുക്കാതൊഴി

ഞ്ഞതപനയമതിവദൃശ്ശ്ലാഘ്യവാനിദ്വിജൻ
മമമനസിപീഡയെച്ചെയ്യുന്നുനിസ്സ്പൃഹൻ
വിമതസമനത്രതീക്കേണമീസ്സങ്കടം
തദനുനൃപനാദരാലന്ന്യനാംവിപ്രനോ
ടതനുകുതുകേനചൊല്ലീടിനാൻബ്രഹ്മണ
പറയുകവൃഥാഭവാൻധർമ്മിഷ്ഠനാകുമീ
ധരണിസുരനെവലയ്ക്കുന്നതെന്തിന്നഹൊ
ഉടനിഹപരഗ്രഹിച്ചാലുംനിധാനമ
ങ്ങുടയവനിതിന്നിതൊദത്തമല്ലായ്കയാൽ
ദ്വിജവരനുമുത്തരംചൊല്ലിനാനിത്തരം
ഭുജഭവഭവാനറിഞ്ഞാലുമെൻഭാഷികം
വിളനിലമഹംക്രമാൽദ്വിജനോകിനേൻ
വിലയുമഥവാങ്ങിനേൻവ്യത്യാസമെന്നിയെ
പുനരതിലിനിയ്ക്കുസംബന്ധമില്ലായ്കയാൽ
ധനമിതുടമസ്ഥനാണെന്നതിൽസംശയം
മനുജവരമൽഗ്രാഹ്യമല്ലെടുക്കില്ലഞാ
നനുനയമിതെന്തിനന്ന്യസ്വംഭയങ്കരം
കഥനമതുകേൾക്കയാൽസന്ദിഗ്ദ്ധചിത്തനാ
യഥനരവരൻവിചാരത്തിലായീടിനാൻ
സപദിസകലാത്മകൻമായാമയൻപരൻ
ചപലകമലേക്ഷണൻസർവ്വജ്ഞനീശ്വരൻ
സുചരിതജനപ്രിയൻഹാസാനുവർത്തിയാം
വചനമരുൾചെയ്തുഹേവൈദികശ്രേഷ്ഠരേ
ശ്രുതമിഹഭവന്മിഥോവാദംമഹാത്ഭുതം
ഭൃതമിതുനശിക്ഷ്യയില്ലാകയാലിപ്പൊഴെ
മമധിഗമിയ്ക്കുവിൻമാസത്രയംവരെ
ശാന്തരഗിരംവെടിഞ്ഞങ്ങിരുന്നീടുവിൻ
പുനരിഹവരുംവിധൌരണ്ടുപേർക്കുംസമം
മനതളിർതെളിഞ്ഞുപോയീടുമാറാകമെ

ഹരിയുടെഗിരംശ്രവിച്ചങ്ങിനെസമ്മതി
ച്ചിരിവരുമുടൻനിധാനാൎത്ഥംനൃപാന്തികേ
സ്ഥിരതയൊടുവച്ചുറപ്പിച്ചുപോയീടിനാർ
സരസമതുചെയ്തുനാളോൎത്തുപാൎത്തീടിനാർ
നരകരിപുതൻമുഖംപാൎത്തിട്ടനന്തരം
നരപതിയുധിഷ്ഠിരൻചോദിച്ചുസാദരം
മുകിലണിനിറംപെടുംമുഗ്ദ്ധമൂൎത്തേഹരേ
നിഖിലമറിയുംഭവാനിന്നീസ്സഭാതലേ
ഗുരുജനപുരസ്ഥലേചിത്രവാക്യംഗ്രഹി
ച്ചൊരുനയവിനിൎണ്ണയംചെയ്കിലതെന്തഹൊ
കമലദളനേത്രതൽകാരണംകേൾക്കുവാൻ
മമഹൃദികുതൂഹലംകേൾപ്പിയ്ക്കവേണമേ
ഹരിയുമരുൾചെയ്തുകേട്ടാലുംമഹാമതെ
കരിപുരനാഥഭവാനോടുഞാൻചൊല്ലുവൻ
കലിയുടയകാലമിങ്ങാസന്നമായഹൊ
വലിയബലവുംബലാചാരവുംപൂണ്ടവൻ
വരുമൊരുതൃതീയമാസത്തിൽതുടങ്ങുമെ
കരുതുകധരാലോകസത്ഭാവംനശിയ്ക്കുമേ
ദ്രവിണമിതിനിയ്ക്കിനിയ്ക്കെന്നുവാദിച്ചുകൊ
ണ്ടവിനയവശാലിടഞ്ഞന്തണന്മാരിവർ
സ്പൃഹയുടയശക്തിയാലയ്യോപരസ്പരം
പ്രഹരമതുമുഷ്ടികൊണ്ടെത്രയുംകൂട്ടിയും
പലപടിനഖാഞ്ചലംകൊണ്ടുതാൻമാന്തിയും
തലമുടിപിടിച്ചുംവലിച്ചുമീവണ്ണമെ
തവസവിധമാഗമിച്ചീടുംതദാഭവാ
നവശതകലൎന്നുകാണുന്നവൎക്കായുടൻ
ധനമിതുസമംപകുത്തേകുമെന്നിങ്ങിനെ
മനമതിലിനിയ്ക്കുതോന്നുന്നുമഹീപതെ
കലിയുഗബലാലവിരോധിപ്പരിൽകെട്ടുപോം

കലിതഗുണവേദശാസ്ത്രാചാരമാകവെ
നരപതികളൊക്കവെനീതിധൎമ്മംവെടി
ഞ്ഞിരവുപകലുംപ്രജോപദ്രവംചെയ്യുമെ
ജനമതിവിരോധിയായ്ക്കൊണ്ടധൎമ്മംമുടി
ച്ചനവധിതുണെച്ചധൎമ്മത്തെവളൎത്തുമെ
മനുജരവരീൎഷ്യയുംതങ്ങളിൽദ്വേഷ്യവും
മനസികലഹാദിമാത്സൎയ്യവുംതേടുമെ
വ്യസനികളുമായ്സദാമദ്യവുംദ്യൂതവും
വിസനിഭയശോനിധെഹന്തശീലിയ്ക്കുമെ
ഗുരുപിതൃസുരക്ഷമാദേവകാൎയ്യങ്ങളും
സുരുചിരസതീപരിത്രാണമാംകാൎയ്യവും
ചെറിയചിലവിട്ടുസാധിയ്ക്കുമെനസ്മരി
ച്ചെരിയുമൊരുമാനസംപൂണ്ടുഖേദിയ്ക്കുമെ
വലിയഗണികാഗണാരാധനെകേതകൊ
ണ്ടലിയുമകതാരുമാനന്ദവുംപൂണ്ടഹൊ
മണികനകകേവലാൽഥങ്ങളുംഭംഗിയു
ള്ളമണിവലയഹാരകാഞ്ച്യാദിയുംകൊണ്ടഹൊ
മദനമഥിതാശയന്മാരായസദചധൂ
സദനപരിപൂരണംചെയ്യുംനരാധമൻ
പലപലമഹാധനംദ്യൂതാദിതന്നിലും
ചിലവിട്ടുമുടൻമടിയ്ക്കില്ലയന്നാരുമെ
പഴയതുണികൊണ്ടുടുപ്പിച്ചുധാരാളമാ
യഴകിനതുപോരുമെന്നുററപെററമ്മയെ
സമിതഭുവിപോലുമെസഞ്ചരിപ്പിയ്ക്കുമെ
കുമതികളിനിപ്രഭൊനസ്രൂപംനിത്യവും
ശിവശിവകുശീലയാംവേശ്യയെസ്സാദരം
നവനവദുകൂലജാലങ്ങൾകൊണ്ടങ്ങിനെ
സപദിചമയിയ്ക്കുമെചട്ടററവണ്ണമെ
സപ്പ്രദികുതൂഹലാദയംകണ്ടുമോദിയ്ക്കുമെ

സുഖദകരവീരധത്തൂരപുഷ്പങ്ങളും
ഫലഭരിതകണ്ടകപ്പൂക്കളുംകേവലം
ഹഹഹശിവമന്ദിരെപ്പൂജയ്ക്കൊരുക്കവൊ
രവ രഹരസംശയംദുർബ്ബോധശാലികൾ
സുരഭികുമുദങ്ങളുംതാമരപ്പൂക്കളും
സുരുചിരപടീരകർപ്പൂരവസ്തുക്കളും
കുലടകളെഴുംഗൃഹംതന്നിൽഭരിയ്ക്കുമെ
മലർശരസമർച്ചനത്തിന്നുമാലെന്നിയെ
ജനകജനനീജനംധിക്കരിയ്ക്കപ്പെട്ടും
വിനയരഹിതംസുതത്യക്തമായുംവരും
പരുഷമുരചെയ്തിടുംഭാര്യാജനങ്ങളിൽ
പുരുഷരനുസേവകന്മാരായ് വസിയ്ക്കുമെ
കലഹകലിഗൌരവംകയ്ക്കൊണ്ടുസംശയം
ഖലമതികൾതന്നമ്മയെത്തള്ളുമെ
ഭയവിനയപൂർവ്വകംഭൃത്യർപോലെപ്പൊഴും
പ്രിയതമവധുക്കളെപ്പാർത്തുപൂജിയ്ക്കുമെ
വരനുടെപിതാവിനുംഹന്തമാതാവിനും
കരളിലൊരുശല്യമാമപ്രിയംനിർഭയം
സ്നുഷകളുരചെയ്യുമെന്നേരെഗുരുക്കളും
വിഷസമമതൊക്കവെകേട്ടടങ്ങീടുമെ
മറയുമതിലുക്തമാംധർമ്മവുംകർമ്മവും
മറയുമതിസത്യവുംചിത്തസംശുദ്ധിയും
ദ്വിജസുരപുരാണവിശ്വാസവുംനഷ്ടമാം
നിജനിജമതംവിട്ടുംജാതിനാലുംദ്രുതം
പരമതമെടുത്തുനോക്കീടുമൊട്ടിങ്ങിനെ
പരമനിലവിട്ടുവിട്ടേകീഭവിയ്ക്കുമെ
ക്ഷിതിപകലിവിക്രമംസർവ്വമോതാവത
ല്ലിതിഭയനിദാനമത്യുല്ക്കടംദുർഘടം
നലമൊടിതിലോകനാഥോദിതംഭീതിദം

ബലകലിസമ്മാനമംകേൾക്കയാലേവരും
തുപശമനത്തിനായത്മനാകേവലം
യദുപതിപദാംബുജംധ്യാനിച്ചനന്തരം
പലപലകഥാത്ഥസല്ലാപവുംചെയ്തുകൊ
ണ്ടുകധിപനോടുമൊന്നിച്ചുവാണീടിനാർ
തദനനവവിസ്മയാവസ്ഥയൊന്നാസ്ഥലെ
സദസിശുഭമേറുമാറുണ്ടായ്നൃപാധിപ
പറയുവനതിന്നതെന്നങ്ങുകേട്ടീടണം
നറയുമകതാർ ബാനന്ദമാധ്വീരസം
നരപതിയുധിഷ്ഠിരൻനാരായണപ്രിയൻ
നിരവധഗുണാലയൻനീതിമാനിങ്ങിനെ
ഗുരുതരമഖംസുഖംപോലെകഴിച്ചുത
ന്നിരുപമമനോരഥംസാധിച്ചനന്തരം
വിവിധധനഭോജ്യാദിദാനംകഴിച്ചതിൽ
സുരിതുരചിത്രക്ഷിതന്മാരാംമുനീന്ദ്രരും
സകലസുഹൃദുത്തമജ്ഞാതിബന്ധുക്കളും.
വികലബധിരാന്ധദീനാദിലോകങ്ങളും
വിപുലതരതപ്പണംപൂണ്ടുതൻപ്രാഭവം
നിപുണമനവണ്ണനംചെയ്തുഘോഷിയ്ക്കയും
വിബുധതതിവിസ്മയംപൂണ്ടുഹർഷിയ്ക്കയും
സപദിസുമസഞ്ചയംവാരിവർഷിയ്ക്കയും
പുളകമുളവാകുമാറെങ്ങുംമുഴങ്ങവെ
കളകളമുദിയ്ക്കയുംചെയ്കയാലക്ഷണേ
സമഭിലഷിതാപ്തിയെച്ചിന്തിച്ചുമാനസേ
കിമപികൃതഗർവ്വവാനായിവന്നീടിനാൻ
ഒരുനകലപുംഗവൻഹേമൈകപാശ്വവാ
നൊരുവിലതലത്തിൽനിന്നുൽഗമിച്ചപ്പൊഴെ
സ്തനിതകടുഗർജ്ജനംതൂകിസ്സമസ്തമാം
മുനിനൃപജനംപരിത്രസ്തമാക്കീടിനാൻ

ക്ഷിതിപതിസഭാതലോപാന്തെവസിച്ചവൻ
ധൃതിയൊടഥമൎത്ത്യവാക്യെനചൊല്ലീടിനാൻ
ശമനസുതഭൂപതെനിങ്ങളൊട്ടുംഭവാൻ
മമവചനമാദരംപൂണ്ടുകേൾക്കേണമെ
തവമഖമിതെന്തുസക്തുപ്രസ്ഥതുല്യമ
ല്ലവനിയിലതീവനിസ്സാരംപരീക്ഷിതം
സ്ഫുടമിതുധരിക്കസക്തുപ്രസ്ഥനെന്നപോ
ലുടയവനൊരന്തണൻദാതൃലോകാധികൻ
പെരുകിയൊരുനിഷ്ഠയുള്ളഞ്ഛവൃത്തിവ്രതൻ
ഗുരുഗുണകരൻകുരുക്ഷേത്രദേശസ്ഥിതൻ
സകലഗിരമിത്തരംകേട്ടുവിപ്രാദിയാം
സകലജനവുംപരംവിസ്മയപ്പെട്ടുടൻ
ചിലമുനികളന്തികെചെന്നിട്ടുസാദരം
നലമുടയചോദ്യമൊന്നാചരിച്ചീടിനാർ
നകുലകുലവീരഹെധന്യനാകുംഭവാ
നകതളിർതെളിഞ്ഞുചൊല്ലീടേണമാരുവാൻ
സ്ഥലമിതിലണഞ്ഞതെന്തെങ്ങുനിന്നെന്തഹോ
ബലമഹിമതാവകംവിജ്ഞാനവുംസഖെ
വിവരമറിയിക്കകീഞങ്ങളോടെങ്ങിനെ
ന്നുവരമഖമെങ്ങിനെനിന്ദ്യമായത്ഭുതം
വിവിധവരയാജ്ഞികന്മാരാലിതായമാ
റവികലതരംകൃതംയജ്ഞംയഥാഗമം
വിഹിതമിഹകാൎയ്യമായുള്ളതെല്പുമെ
മഹിതവിധിപൂൎവ്വകംതെറ്റീലതൊന്നുമെ
നിഖിലമപിപൂജിതംപൂജ്യലോകംതഥാ
ശിഖിയിലഭിമന്ത്രിതംവസ്തുജാതംഹുതം
പലവിധമമത്സരംദേയംധനാദികം
സുലഭമധികംശുഭംദത്തംയഥാവിധി
ദ്വിജകുലമിഷ്ടാന്നദാനാദിതുഷ്ടംതഥാ

ഉദ്ഭവകുലംമഹായുധേനകേവലം
കുശലപരിരക്ഷണംകൊണ്ടുസംപ്രീണിതം
ട്ടമിഹവിശാംഗണംവ്യത്യാസമെന്നിയെ
പിതൃഗണമശേഷവുംശ്രാദ്ധേനതൎപ്പിതം
പൃഥുലഹവിഷംതഥാദേവതാമണ്ഡലം
സുഖിതതരംമോക്കിൽകാമലാഭങ്ങൾകൊ
ണ്ടഖിലമഴലെന്നിയെശ്ശൂദ്രയോഷാജനം
ഹൃദയമനുരഞ്ജിതംജ്ഞാതിസംബന്ധികൾ
ക്കുദരസൃപശൗചസൽക്കാരേണസാമ്പ്രതം
ശരണഗതിയാചകന്മാരുടെചിത്തവും
ഭരണപരിപാലനാലാനന്ദപൂരിതാ
ശ്ശുവരകരുണാതിഭാരാദികൊണ്ടാധിതീ
ന്നവരജനമോദവുംവൎദ്ധിതംസുസ്ഥിരം
നൃപതിഗുണപുഷ്ടികൊണ്ടീവിധംജീവികൾ
ക്കപരിമിതതുഷ്ടിതാനോക്കിലെവൎക്കുമെ
കുറവിഹഹൃദാഭവാൻദൎശിച്ചതെന്തഹോ
പറയുകമഹാസഭാമദ്ധ്യേമഹാമതെ
പരമഗുണരൂപവാൻപ്രാജ്ഞനെത്രെഭവാൻ
നിരുപമവചോനിധെനീക്കമില്ലേതുമെ
ക്ഷിതിസുരഗിരംഗ്രഹിച്ചപ്പൊഴെകിളിയും
പുതിയഹസിതംപൊഴിച്ചുത്തരംചൊല്ലിനാൻ
അവനിസുരപുംഗവന്മാരെസദസ്സിലി
ങ്ങവിനയവശേനഞാൻചൊന്നതെന്നാകിലും
വചനമതുസൂനൃതംവിശദപ്രസിദ്ധമാ
ണചലസുകൃതജാലംതദപിപ്രചേഷ്ടിതം
മദന്തഭ[illegible]ഷ്ടമെന്നാകയാലായതി
സ്സദസി[illegible]വൎണ്ണിച്ചുകേൾപ്പിയ്ക്കുവൻ
ത്തദനഗ[illegible]ന്മാരായനിങ്ങളെൻ
ഹൃദയ[illegible]ംചെയ്യുമെന്നിൎണ്ണയം

സാരസമിത്രകേൾക്കവിൻധൎമ്മിഷ്ഠരെത്രയും
മരുവിവിലസുംകുരുക്ഷേത്രധൎമ്മസ്ഥലെ
വൃഷനിധജിതേന്ദ്രിയൻവൃദ്ധൻഗൃഹാശ്രമി
വിഷമനിയമേച്ഛു സക്തുപ്രസ്ഥനാംദ്വിജൻ
സദൃശഗുണവൃത്തിയുള്ളാൎയ്യയാംഭാൎയ്യയും
സദഭിമതശീലവാനേകനാംപുത്രനും
വധുവുമിതിമൂന്നുപേരോടുമൊത്തങ്ങിനെ
വധുരതയൊഴിഞ്ഞെഴുന്നുഞ്ഛവൃത്തവ്രതം
ധൃതിയൊടുമെടുത്തുകാപോതിയാംവൃത്തിപൂ
ണ്ടതിശുഭവൈഭവസാധിച്ചുപോന്നീടിനാൻ
ദ്വിജനതിവിശിഷ്ടമാംഷഷ്ഠകാലോദയെ
സ്വജനയുതനായശിക്കുന്നനാൾതോറുമെ
ചിരമിതിനിജവ്രതംചെയ്തിരുന്നീടിനാൻ
ചെറുതുമൊരുഭംഗമേററീലതിന്നേകദാ
ക്ഷിതിയിലതികഷ്ടമാംദുൎഭിക്ഷകാലമൊ
ന്നതിനിടയിലുഗ്രമായുണ്ടായിവിപ്രരെ
വിളനിലമശേഷവുംനിഷ്ഫലീഭൂതമാ
യ്യുളരുമഖിലൌഷധിക്ഷീണനകേവലം
ശിവശിവസുദുൎല്ലഭംധാന്യംകൊയിത്തുമി
ല്ലവനിജനമാത്തമായ്ദാരിദ്ര്യമേൽക്കയാൽ
വ്രതകരുണനഷ്ടയുള്ളോരണശ്രേഷ്ഠനും
ബതബഹുദരിദ്രനായ്നെല്ലുകിട്ടായ്കയാൽ
അനുദിനമണഞ്ഞിടുംകാലങ്ങളിൽബലാ
ലനശനമശങ്കമഭ്യസിച്ചീടിനാൻ
അവനിസുരവൎയ്യനുള്ളാൎയ്യഭാൎയ്യാദിക
ളവരുമതുപോലനുഷ്ഠിച്ചുവാണീടിനാർ
ശിവശിവതപസ്വികൾക്കെറുംവിശപ്പുകൊ
ണ്ടവശതവളൎന്നതിന്നാററമില്ലേതുമെ
[അതുപൊഴുതുശുക്ലമാംപക്ഷത്തിലുച്ചയി

ഖിന്നചിന്തനവാനവനത്തെ പ്രാപ്തി ദ്വിജൻ
പരിജനയുതൻ ബഹുക്ഷുത്തൃഷാപീഡിതൻ
പരിചൊടു ലഭിച്ചതില്ലശനമൊട്ടെങ്കിലും ]
വിമലതരമാം ജലം സ്പർശിച്ചു ഷഷ്ഠമാം
സമയമതിനെക്കഴിച്ചീടിനാൻ വിപ്രരെ
ത്വരയൊടുമനന്തരം ചെന്നു വിപ്രോത്തമൻ
തിരയുമളവേ യവപ്രസ്ഥം ലഭിക്കയാൽ
ധരണിസുരപത്നി താനെത്രയും സത്വരം
സരസമതുകൊണ്ടു സക്തുക്കളുണ്ടാക്കിനാൾ
ദ്വിജനഥ കുളിച്ചു സകത്വം ശേനഹോമവും
സ്വജനമൊടു ചെയ്തു ശേഷിച്ച സക്തുക്കളെ
സമമവർ പകുത്തു ഭക്ഷിക്കുവാനങ്ങനെ
സമയമതിലൊത്തു ഭാവിക്കും ദശാന്തരെ
അതിഥിയൊരു വിപ്രനങ്ങാഗമിച്ചീടിനാ
നതിമുദിതനായ സക്തുപ്രസ്ഥനപ്പോഴെ
വിനയമൊടു വിപ്രനെ സ്സത്വരം സൽക്കരി
ച്ചനവധി സുഖം വരും വാക്യമോതീടിനാൻ
ക്ഷിതിസുരശിഖാമണേ ശിഷ്ടനാകും ഭവാ
നതിഥിസമയത്തിലിങ്ങാഗമം ചെയ്കയാൽ
അഹമനുഗൃഹീതനെന്നല്ല സംശുദ്ധനീ
യഹനി മഹനീയനാം ധന്യനായ്‌വന്നതേ
ഭവദഭിവിലോകനാലേററം കൃതാർത്ഥൻ ഞാൻ
നവജലദവീക്ഷണാൽ തപ്തൻ കണക്കിനെ
ദ്വിജഗുണനിധേ തവ സ്വാഗതം സാമ്പ്രതം
സുജനവരനാം ഭവാൻ തിണ്ണമെമാത്രമെ
വരികതുനാഥമാകട്ടെ വരാകതെ
തരികതടവെന്നിയെ ഞങ്ങൾക്കു മംഗളം
ശിവശിവ ഭവാദൃശന്മാരിവണ്ണം ശ്രമി
ച്ചെവനുടെ ഗൃഹം ഗമിച്ചാതിഥ്യമേററുടൻ

സ്വവസതിയിലെന്നപോലധ്വദുഃഖമൂടി
ച്ചുവശതയൊഴിഞ്ഞിരിയ്ക്കുന്നയഥാസുഖം
ഗൃഹമതുവിശുദ്ധമെന്നല്ലാഗൃഹസ്ഥനും
മഹദധികനേററംകൃതാർത്ഥനെന്നാകമെ
എവനതിഥിപൂജനംകൊണ്ടുവേണ്ടുംവിധം
ദിവസമഖിലംഫലിക്കുന്നദയാനിധെ
ഗൃഹിയവനഹൊമഹാനിസ്വനെന്നാകിലും
മഹിയിലതിമാന്യനാംഭാഗ്യവാനല്ലയോ
ഗുണമുടയസൽഗൃഹെഭൂമിയുംവെള്ളവും
തൃണമപിചതുർത്ഥമായ്സത്യമാംസൂക്തവും
പുരുതരസമൃദ്ധിപൂണ്ടെതുനേരത്തുമ
ണ്ടൊരുപൊഴുതുമില്ലയെന്നാകില്ലന്നിർണ്ണയം
ശരണമുടനാർത്തനായേകണമാസനം
മരണവശനായ്തളർന്നുള്ളവന്നുംക്ഷണാൽ
സരസമശനംവിശന്നുള്ളവന്നുംപയ
സ്സരമതിസതൃഷ്ണനുംദേയംദയാനിധെ
സദയമതിഥിയ്ക്കുചക്ഷുസ്സുമേകീടണം
ഹൃദയവുമതീവസംശുദ്ധമാംവാക്യവും
ദ്രുതമതിഥിദർശനത്തിങ്കലങ്ങെൽക്കയും
ചിതമൊടെതിരേൽക്കയുംചെന്നുപൂജിയ്ക്കയും
സ്വയമനുഗമിയ്ക്കയുംകാര്യമെന്നിങ്ങിനെ
നയമൊടുരചെയ്തുസക്തുപ്രസ്ഥനാദരാൽ
വിധിപടിപൂജനംചെയ്തുസന്തോഷമൊ
ടതിഥിധരണീസുരശ്രേഷ്ഠനായിട്ടഹോ
ഝടുതിനിജസക്തുഭാഗംകൊടുത്തീടിനാൻ
ഘടിതരസമർത്ഥിയുംവാങ്ങിയുണ്ടീടിനാൻ
അതിലൊരണുവോളവുംതൃപ്തനാകായ്കയാ
ലതിഥിയുടെതൃപ്തിയെചെയ്വതെന്നാക്ഷണെ
മഹിമപെരുകുംമഹാസാദ്ധ്വിയായുള്ളതൻ

ഗൃഹിയുടെകുഡുംബിനീവാൎദ്ധക്യശാലിനീ
അനശനതപോവശാലസ്ഥിയുംതോലുമാ
യനവധിപടച്ചശക്തിക്ഷയംകാരണം
വിറയുമിയലുന്നമെയ്പൂണ്ടെഴുംബ്രാഹ്മണീ
വിരവൊടുനമിച്ചുഭൎത്താവോടുണൎത്തിനാൾ
അറിവുടയമൽപതെമൽഭാഗവുംഭവാ
നരിയൊരതിഥിദ്വിജനായിനൽകേണമെ
ക്ഷുധിതനതുകൊണ്ടുനതൃപ്തനാംശങ്കയി
ല്ലതിലതികൃതാൎത്ഥയാംഞാനെന്നുനിൎണ്ണയം
സ്വഗൃഹിണിയൊടോതിനാനപ്പോൾഗൃഹസ്ഥന
സ്സുകൃതിനിശുഭവ്രതെമൽഗിരംകേൾക്കണീ
പറയുകരുതേവമാഹാരമിപ്രാൎത്ഥയാൽ
പരവശതരംകൃശംത്വൽക്കായമീദൃശം
വിഹഗമൃഗകീടജന്തുക്കളുംസ്ത്രീകളിൽ
സഹകൃപമനേകനംരക്ഷണപോഷണം
പകലുമിരവുംസ്വയംചെയ്യുന്നുകേവലം
സകലമബലാകുലംസ്വാതന്ത്ര്യവൎജ്ജിതം
പരമകുലസന്തതിസ്വൎഗ്ഗാദിസിദ്ധിയും
നരനുളവിധൎമ്മകാമാൎത്ഥാദിസിദ്ധിയും
വരുവതിനഭേദയാംഭാൎയ്യതാൻകാരണം
കരുതുകിഹതദ്വശംചാതുൎയ്യമാംസൌഖ്യവും
സ്വയമിഹളജയ്യനീസക്തഭോഗംനിജം
വയമതിനനുജ്ഞയെന്നേൽക്കുൻശോഭനെ
മമഗിരമതിക്രമിയ്ക്കാവതല്ലാദരാ
ലമലമതുചെയ്കജീവിപ്പാനസംശയം
എവനൊരനുകമ്പയില്ലാൎയ്യയാംഭാൎയ്യയിൽ
ധവനധമനായവൻദുൎയ്യശസ്സാൎജ്ജനം
മരണമണയുംവിധൌധൎമ്മസങ്കല്പിതം
നരകമനുഭൂതവാനാകുമാചിരാദ്ധ്രുവം

പതിയോടഥഗൃഹസ്ഥയാംപത്നിയുംചൊല്ലിനാൾ
മതിയുടയമല്ലതെമാന്യധർമ്മാകൃതെ
കരുത്തുകകുഡുംബിനീഭർത്താക്കളായിട്ടു
ന്നിരുവർസഹധർമ്മകർത്താക്കളെന്നിങ്ങിനെ
ജഗതിവിധിനിർമ്മിതന്മാരെന്നിരിയ്ക്കയാൽ
സുകൃതിവരനാംഭവാനെങ്കൽകൃപാവശാൽ
അതിഥിവിഷയംമഹാധർമ്മംമുടക്കിയാ
ലധികമഴലാമതിന്നാഗ്രഹിച്ചീടുമൊ
ധവനറിയധർമ്മംസതിയ്ക്കുസന്ദേഹമി
ല്ലവനിസുരദൈവവുംമുഖ്യമാംബന്ധുവും
പരഗതിയതുംപതിപ്രീതിപൂരോദയെ
പരമശുചികീർത്തിധർമ്മാർത്ഥകാമങ്ങളും
ത്രിദശപുരവാസവുംസ്ത്രീകൾക്കുസിദ്ധമാം
ഹൃദയവചനാദികൊണ്ടാത്മഭർത്താവിനെ
സരസമനുഷേവണംചെയ്യുന്നനാരിയെ
സ്സുരമുനിജനങ്ങളുംപൂജിച്ചിടുന്നതെ
മമധവഭവാനശിയ്ക്കാതെവിശന്നഴ
ന്നാമരുമളവിൽഭുജിയ്ക്കുന്നഞാനെങ്ങിനെ
പരിചൊടുപതിവ്രതാധർമ്മംനടത്തുമെൻ
പരിചിതവിധംവൃഥാഭഗ്നമാക്കാവതൊ
ക്ഷിതിസുരമദീയമാംസക്തുഭാഗംഭവാ
നതിഥിവരനായെടുത്താശുനൽകേണമെ
ഗൃഹിണിയുടെഭാഷിതംകേട്ടതിൻവണ്ണമെ
ഗൃഹപതിയുമാചരിച്ചീടിനാനാദരാൽ
കൊതിയൊടതുവാങ്ങിയുണ്ടെങ്കിലുംദ്വിജനാ
മതിഥിബതതൃപ്തനാകായ്കയാലപ്പൊഴെ
വിനയമൊടുമെത്രയുംധർമ്മവിത്തായെഴും
തനയനവനാശുനാംതാതനോടോതിനാൻ
ജനകമമഭാഗവുംകൂടിനൽകേണമെ

ദിനകരസുദീപ്തനാമിദ്വിജന്നിപ്പൊഴെ
ക്ഷുധിതനിഹതൃപ്തനായീടുവാനാർത്തനാ
മതിഥിയശനാശയോടുംഗമിക്കുന്നാവൻ
ശിവശിവനിരാശനായനാലാഭംവരാ
തെവന്റെഗൃഹാന്തരെനിന്നുപോകുംവൃഥാ
അവന്റെയജന്മംവൃഥാഫലംവാദമി
ല്ലവനിസുരവീരതജ്ജീവിതംകുത്സിതം
വിനയമൊടുവിഷ്ണുവാംവിശ്വൈകനാഥനെ
മനതളിർതലത്തിലുദ്ദേശിച്ചുസാദരം
സ്വഗൃഹമണയുന്നൊരാൾക്കന്നസംതൃപ്തിയെ
സ്വകജഠരപീഡനംചെയ്തുമേകുന്നവർ
പരമഹരിലോകമുൾപ്പുക്കുവാണീടുമെ
സുരമഹിതപുണ്യവാന്മാരായചഞ്ചലം
ഹഹഹഗൃഹമാഗമിച്ചീടുംക്ഷുധാർത്തിമാ
നിഹമമലഭിയ്ക്കയില്ലന്നാമെന്നിങ്ങിനെ
കരുതിനടകൊള്ളുകിൽതൽഗൃഹാധീശനാം
പുരുഷനതിദുഷ്ടധീപുണ്യയോഗോജ്ഝിതൻ
വിഫലതരമല്ലയൊസർവ്വംതദാർജ്ജിതം
വിഭവമുടനെമുടിഞ്ഞീടുമെന്നാകയാൽ
ഗൃഹപതിവിമത്സരംവിത്തലോഭംവെടി
ഞ്ഞിഹഗതിരമേശനെന്നോർത്തുവേണ്ടുംവിധം
ധൃതിയൊടുകുഡുംബഭോഗങ്ങളെയുംഹരി
ച്ചധികതരമാകുമന്നാദികൊണ്ടങ്ങിനെ
പരമതിഥിതൃപ്തിയെചെയ്തുകൊണ്ടീടണം
പരമഗതിയായ്വരുംതൽഫലംകേവലം
നിയതമതുകൊണ്ടുമൽഭാഗംപ്രദേയമി
പ്രയതപൃഥിവീസുരനൊന്നുണർത്തേണമൊ
സ്ഫുടമതിവിശിഷ്ടമാംപുത്രവാക്യംശ്രവി
ച്ചുടനതിസുവൃത്തനാംവൃദ്ധനംചൊല്ലിനാൻ

മമസുതധരിയ്ക്കുനീബാലകൻകേവലം
ക്രമശതസമംവയോതീതനെന്നാകിലും
പൃഥിതമിഹബാലകന്മാരിലുണ്ടാംവിശ
ഷ്ടധികമൊരുശക്തിയോടൊത്തതെന്നാകയാൽ
ജവമൊടുഭുജിയ്ക്കനിൻഭാഗമാത്മീയമാ
മവനമയിപൈതലെകാര്യംമഹീതലെ
പ്രവരഗുണയുക്തനാംപുത്രനെക്കൊണ്ടുതാ
നവരവർജയിച്ചുകൊള്ളുന്നുലോകങ്ങളെ
ശ്രുതികഥിതമീദൃശംജീവിയായുള്ളനി
ന്നതിശുഭദകർമ്മണാലോകങ്ങളാകവെ
മമഹിതതരങ്ങളായ്‌വന്നുകൂട്ടംസുഖി
ച്ചുമരുവതിന്നിശ്ചയമുള്ളന്നാലഹന്നിശം
ചെറിയസുതനായനീരക്ഷ്യൻവിവാദമി
ല്ലറിയുകിഹപുത്രനാംനീയുള്ളകാരണം
മമമനസിമൃത്യുവിത്രാസമില്ലല്പവും
യമഭയമംഗലാത്മകന്മാർക്കുതന്നെദൃഢം
ഭയജനകനാകയില്ലന്തകൻപാർക്കുകിൽ
പ്രിയനതിഥിപോലെപുണ്യാത്മകന്മാർക്കെടൊ
തദനുസുതനോതിനാൻതാതകേൾക്കേണമെ
സദയഹൃദയൻപിതാബാല്യേസ്വപുത്രനെ
സതതമപിപോഷണംചെയ്തുപോററീടണം
സുതനഥപിതാവിനെവാർദ്ധക്യത്തിങ്കലും
മറയിലിതിഘോഷിതംമാന്യമെന്നോർത്തിനി
ത്വരയൊടതിഥിയ്ക്കുമൽഭാഗമേകേണമേ
ക്ഷിതിസുരവരൻതദാപുത്രഭാഗംജവാ
ലതിഥിപൃഥ്വീസുരന്നായിനൽകീടിനാൻ
സരസമതുവാങ്ങിയുണ്ടിട്ടുമാഗന്തുവിൻ
കരളിലിതുപോരുമെന്നായിലവിപ്രരെ
സ്നുഷയുമതുകാങ്ക്ഷയാലേററവുംദീനയായ്

വൃഷഗുണവിശിഷ്ടനാംവൃദ്ധനോടോതിനാൾ
ശ്വശുരഭഗവൻഭവാനാശ്രമൽഭാഗവും
സുശുഭകരനാകമീവിപ്രനേകേണമെ
മതിവരുമനുഗ്രഹംകിട്ടുമിങ്ങെന്നുകേ
ട്ടതികൃപയൊടതിഥിഗൃഹസ്ഥനുംചൊല്ലിനാൻ
ശിവശിവസുദുസ്സഹംചെയ്യാവതല്ലമെ
തവമൊഴിമമസ്നുഷെബാലയായുള്ളനീ
ഭൃശമിഹയമവ്രതംകൊണ്ടുനാൾതോറുമെ
കൃശതരശരീരവുംക്ഷീണവുംപൂണ്ടവൾ
പ്രമദകരനായ്വരുംപുത്രനെപ്പെററുടൻ
മമകുലവിവൃദ്ധിയെച്ചെയ്യുവാനുള്ളവൾ
ചകല്യമിരവുംസമംചാല്യമെന്നാകയാ
ലകലുഷഹൃദാഭവൽഭാഗംഭജിയ്ക്കനീ
സ്വഗുരുജനനിത്യശുശ്രൂഷണെസക്തിയും
സുഗുണനിയമാദിയുംഭർത്തൃസദ്ഭക്തിയും
ഹൃദയഭുവിപൂണ്ടെഴുംസാധ്വിനിന്മുഗ്ദ്ധമാം
വദനമധുനാപരിമ്ലാനമായ്ക്കാണ്കയാൽ
മമഹൃദയമെത്രയുംഖിന്നംക്ഷമാതചെ
സമചലതനാമയംജീവിച്ചിരിയ്ക്കനീ
മനസികുതുകോൽഗമംകയ്ക്കൊണ്ടുസാദരം
പുനരപിവണങ്ങിയോതീടിനാളാവധു
മമഗുരുഗുരൊഭവാൻമദ്ദൈവദൈവമീ
ക്ഷമയിലിതിചൊല്ലുവാനർഹനല്ലേതുമെ
വിധുസമകൃപാനിധെവിപ്രേന്ദ്രഭക്തയാം
വധുവൊരനകന്യയെന്നോർത്തുകമ്പംവിനാ
മമവചനമാശരേപാലാചരിയ്ക്കേണമേ
മമതയൊടനുഗ്രഹിയ്ക്കേണമേദീനയെ
ധിഷണസമനാംദ്വിജൻധീരനായപ്പൊഴെ
സ്നുഷയുടയഭാഗവുംനൾകിയ്യൂട്ടീടിനാൻ

ശമദമതപോമയൻധർമ്മസക്താശയൻ
സുമതിസകുടുംബനായേവംയഥാവിധി
ഗുരുതരസുഖത്തിനുള്ളീശ്വരാനുഗ്രഹം
കരുതിയതിഥിപ്രിയംചെയ്യുതിൽചെറ്റുമെ
ഹൃദിചലിതനായതില്ലെന്നുകണ്ടപ്പൊഴെ
മുദിതതരനാഗതൻവിപ്രനോതീടിനാൻ
ധരണിസുരധർമ്മനാകുന്നുഞാനിങ്ങിനെ
ധരണിസുരവേഷവുംകയ്ക്കൊണ്ടുസാമ്പ്രതം
തവഗുണപരീക്ഷയെച്ചെയ്യുവാനെത്തിനേ
നവനിയിലഹോഭവദ്ദാനംമഹത്തരം
സകലമിഹതാവകംസൽഗ്ഗുണംകാൺകയാ
ലകതളിർതെളിഞ്ഞുഞാൻതൃപ്തനായീടിനേൻ
ക്ഷമയുമാർജ്ജവവുംസത്യവുംശൌചവും
ദമഘൃണാതപോദയാജ്ഞാനദാനങ്ങളും
കരണജയവുംമദീയാത്മജന്മാരെടൊ
കരളിലറികാദരാലിച്ചൊന്നകൂട്ടരെ
ശരണഗതനായ്ഭജിച്ചീടുന്നഭക്തനാം
നരനരിയനന്മയെഞാൻതെളിഞ്ഞേകുവൻ
ശിവശിവപെരുത്തകൃച്ഛ്രസ്ഥനെന്നാകിലും
ശിവനിനവൊട്ടുംഭവാനഞ്ചരസക്തുക്കളെ
മുഴുവനമിനിശ്ശങ്കംനൽകീടിനാനേവമി
പ്പൊഴുതിലതിശുദ്ധഭാവത്താലതിൻഫലം
പരമമതിദുർല്ലഭംബ്രഹ്മലോകത്തെളി
ഞ്ഞരമതിലണഞ്ഞമന്നാലുംമമാജ്ഞയാ
പുതുമയെവളർക്കുമീത്വദ്ദാനമുത്തമം
കുതുകമൊട്ടുമൊത്തുവാഴ്ട്ടെദിഗന്തരെ
വിതതതരമായ്‌വിളങ്ങട്ടെവിശിഷ്ടമീ
വിതരണയശസ്സുഭൂമണ്ഡലംതന്നിലും
കപടരഹിതംഭവാനിന്നുഭൂതങ്ങളിൽ

കൃപയൊടിതിദുർല്ലഭംഭാവമുണ്ടാകയാൽ
ഫലിതമനലത്രയീവേദയജ്ഞങ്ങളും
കലിതതരയാംതപശ്ചര്യ്യയുംസാമ്പ്രതം
പുത്രമവളരുന്നമാറിത്തരംപ്രീതനാ
യതുലനതിഥിദ്വിജൻചൊല്ലുംദശാന്തരെ
മുദിതസുരമുക്തമാംപുഷ്പൌഘവർഷമ
ങ്ങുദിതമതുവീണസക്തുപ്രസ്ഥമസ്തകെ
പരിചൊടുഗൃഹാഗതൻപിന്നയുംചൊല്ലിനാ
നറികളവിദേഹികൾക്കുണ്ടാംവിശപ്പുടൻ
ധൃതിബലസുബുദ്ധിതേജോഹരംദുർജ്ജയം
ക്ഷിതിയിലിതിനെജയിക്കുന്നതാരായവൻ
സുരവരപുരംജയിച്ചീടുമെന്നിർണ്ണയം
ധരണിസുരരത്നമെകേൾക്കമെഭാഷിതം
ഭുവിദയിതനാത്മാവുദസ്ത്രജന്മത്ത്യനാ
ലവികലസുവൃത്തയാംഭാര്യ്യയുംപുത്രനും
വധുവുമതുപോലെതാനെന്നാലിതൊക്കവെ
വിധുരമതിയെന്നിയെധർമ്മകാര്യ്യേഭവാൻ
ത്തൃണസമമസംശയംകൈവെടിഞ്ഞീടിനാ
നണയുമതിദാനസംശ്രദ്ധകൊണ്ടദ്യമെ
കരുതുകിതുകേവലംന്യായേനനേടീട്ടു
ന്നൊരുമുതലുകൊണ്ടതിശ്രദ്ധാപുരസ്സരം
നിജകഴിവുപോലെചെയ്യുന്നദാനങ്ങളിൽ
സുജനസുഖകാരിയാംധർമ്മന്റമാനസെ
സപദിവളരുന്നസംപ്രീതിയുണ്ടാകയി
ല്ലപരസുമഹാർഘദാനങ്ങളിൽതെല്ലുമെ
ദുരിതകരമേററമശ്രദ്ധമാമർപ്പണം
ദുരിതഹരമാകമെസശ്രദ്ധമാക്കമെ
ഭുജഗമൃതജീർണ്ണമാംചർമ്മംകണക്കിനെ
നിജമഘമതിവസശ്രദ്ധൻത്യജിക്കുമെ

വിഹിതമിഹ ഹന്ത യാഗതാനാതിശ്രദ്ധയാ
രഹിതമതു നിഷ്ഫലം നഷ്ടമെന്നിങ്ങിനെ
സുമതിബുധകല്പിതം ശ്രദ്ധയോടപ്പിതം
കിമപി ജലമെങ്കിലും വൃദ്ധിമന്നക്ഷയം
ദിവിഗതി ഹീനനായ് രന്തിദേവൻ മഹാ
ശുഭസുമതിശുദ്ധനായ് സശ്രദ്ധകമ്മണാം
സുരനഗരമുൽഗമിച്ചുല്ലഷപൂർവ്വകം
സുരുചിരസുഖം ഭുജിച്ചങ്ങു വാണീടിനാൻ
സ്വ തനയ പലലം പരന്തിന്നു നൽകിപ്പുരം
ശ്രുതസുകൃതനായുള്ള സശ്രദ്ധനാം ശിബി
നിരുപമസുശീലനൌശീനരൻ ധന്യനെ
ന്നിരുവരിവരും ദിവം പുക്കു വാണീടിനാർ
തെളിവൊടു നഭസ്ഥലേ കാൺക പുണ്യാകൃതെ
മിളിതരുചി ദിവ്യം വിമാനം മനോഹരം
അറിയുകിതു നിങ്ങളെക്കൊണ്ടുപോയീടുവാ
നരികിലിഹ വന്നു പോലെന്നാലിതിൽ ഭവാൻ
പ്രിയതര കുടുംബസംയുക്തനായ് സാദരം
കയറിയമരാലയം പ്രാപിയ്ക്ക സത്വരം
സദയമിതി ധർമ്മദേവൻ നിയോഗിച്ചുത
ത്സദനഭുവി നിന്നു താനേ മറഞ്ഞീടിനാൻ
സരസമഥ സാധുസക്തുപ്രസ്ഥ ഭൂസുരൻ
സരസിജഭവാലയാവാപ്തിലോലാലസൻ
സപദി സകുഡുംബനായാവിമാനാന്തരേ
സപ്രഥുത നശോഭയോടേറിയേറും മുദാ
ഗഗനതലമുല്പതിച്ചീടിനാൻ വിപ്രരെ
ന്നുഗണവരരത്നമേ കേട്ടാലുമക്ഷണേ
നിലയമതു ശൂന്യമായെന്നറിഞ്ഞിട്ടു ഹം
വിലഗൃഹമുഖത്തിൽ നിന്നുൽഗമിച്ചങ്ങിനെ
പരമളിത ദിവ്യപുഷ്പങ്ങളോടന്തരെ

പരിമിളിതമായെഴുംസക്തുദാനാംബുവിൽ
ചെറുതു ചിലകൌതുകംകൊണ്ടുചേഷ്ടിച്ചു ഞാൻ
കരുതുവിനൊരത്ഭുതംജാതമായപ്പൊഴെ
ജലകുസുമസംഗമത്താലെസുവൎണ്ണമായ്
നലമൊടുമദീയമീഭാഗമേകക്ഷണം
പുനരിതരപാൎശ്വവുംപൊന്നാക്കുവാനഹം
മനസികപെടുമാഗ്രഹംകൊണ്ടുഴന്നന്വഹം
പലമഖതപസ്ഥലീതീൎത്ഥങ്ങളെഗ്ഗമി
ച്ചുലസതയൊഴിഞ്ഞുസേവിച്ചുലഞ്ഞീടിനേൻ
മമകൊതിഫലിച്ചതില്ലെന്നിരിക്കുമ്പൊഴീ
ശമനസുതനാംമഹാത്മാവിൻമഹാമഖം
ഫലദമതിവിശബ്ദിച്ചിങ്ങുവന്നീടിനേ
നലഘുകുതുകേനഞാനാശ്രയിച്ചീടിനേൻ
കരുതുകിലതുംവൃഥാകഷ്ടമേശിഷ്ടമാ
മൊരുപുറമിതുംതഥാഹൈമമായീലമേ
പരമമിഹസാധുസക്തുപ്രസ്ഥകാശ്യപീ
സുരമഹിമശങ്കയില്ലെന്നുരച്ചങ്ങിനെ
നിഖിസുജനങ്ങളുംകണ്ടങ്ങിരിക്കവെ
നകുലതിലകൻമറഞ്ഞീടിനാൻഭൂപതെ
മലഭരഹരങ്ങളീയജ്ഞങ്ങളെന്നിയെ
പലമുനിജനംഘനശ്രദ്ധകൊണ്ടങ്ങിനെ
വിമലതകലൎന്നുചെല്ലുന്നുസുഖിക്കുവാ
നമരനഗരെയഥാകാമംസ്വകൎമ്മണാ
ധരണിയിതിലുള്ളനിശ്ശേഷഭൂതങ്ങളിൽ
കരുണയൊടുകൂടുമദ്രോഹവുംപ്രീതിയും
കരണജയവുംതഥാസത്യവുംശൌചവും
കരളിലതിശാന്തിയുംസ്വൎഗ്ഗാപ്തികാരണം
തദനുജനമേജയൻചോദിച്ചുമാമുനെ
ഹൃദനകുതുകപ്രദാപുണ്യകഥാമൃതം

വരനകുലത്രൂപവാനാരുവാനിങ്ങിനെ
നരസമഗിരാകഥംകീത്തനംചെയ്യുവൻ
ചരിതമതുമത്ര്യമെകേൾപ്പിയ്ക്കവേണമെ
ദുരിതഹരമിദ്ദ്വംതവൽകഥാഭാഷണം
മനുജവരഭാഷണംകേട്ടുസന്തുഷ്ടനായ്
മുനികൾകുലമുഖ്യനുംചൊല്ലിത്തുടങ്ങിനാൻ
പരിചൊടതുമോതുവൻപ്രാജ്ഞനാകുംഭവാ
നറികജമദഗ്നിയാംതാപസേന്ദ്രൻപുരാ
വിധിപടതിസ്തുതമാംശ്രാദ്ധംകഴിയ്ക്കുവാൻ
കൊതിയൊടുതുടൎന്നുചിന്തിയ്ക്കയാലപ്പൊഴെ
സുരഭിതന്ദിവ്യയാംധേനുതത്സന്നിധൌ
വിബുധപുരിതന്നിൽനിന്നാഗമിച്ചീടിനാൾ
ഉടനവളിൽനിന്നുകയ്ക്കൊണ്ടപാലാദരാ
ലുടജഭുവിതത്രസൂക്ഷിച്ചുവച്ചീടിനാൻ
യതിവരപരീക്ഷയെച്ചെയ്യുവാനെത്രയും
കൊതിയുടയഘോരനാംക്രോധൻതദാത്രമെ
സ്വയമുരഗവേഷവുംകയ്ക്കൊണ്ടണഞ്ഞുതൽ
പയസികലരുംവിഷംകൊത്തിക്കലക്കിനാൻ
മുനിവരനതങ്ങിനെകണ്ടുകോപംവരാ
തിനിയൊരുനിവൃത്തിയെന്നൊന്നിരുന്നീടിനാൻ
പുതുമയൊടുതെജമായുള്ളരൂപംധരി
ച്ചതുപൊഴുതജെയനാംക്രോധൻപതുക്കവെ
സവിനയമൃഷീന്ദ്രനെക്കുപ്പിയോതീടിനാ
നവികലമഹോനിധെബ്രഹ്മൻപ്രസീദമെ
അറിയുകകരുത്തനാംക്രോധനാകുന്നഞാ
നരികിലിഹസപ്പവേഷേണവന്നീടിനേൻ
ഭൃഗുവരഭൃശംഭവാനിന്നുള്ളശാന്തിയും
സുഗുണമധുനാപരീക്ഷിച്ചുകണ്ടീടിനേൻ
അരിയഭൃഗുവംശജന്മാരാംമഹർഷികൾ

ഹരിശർമ്മകതാരിലൊട്ടേറുമെന്നിങ്ങനെ
ക്ഷിതിയിലൊരുകേൾവിയുണ്ടല്ലൊയഥാർത്ഥമ
ല്ലിതിഹവിജിതൻഭവാനാലഹംസാമ്പ്രതം
മഹിമപെരുകുംക്ഷമായുക്തനാകുംഭവാ
നാറിതകരനായഞാൻഭവതൻതപോനിധെ
തരണമഭയംഭവാൻതർക്കംവിനാഭവ
ച്ഛരണഗതനാമിനിയ്യെന്നുകേട്ടപ്പൊഴെ
യതിവരൻമോതിനാൻക്രോധനാകുംഭവാ
നിതിമമപുരസ്ഥലെസന്ദൃഷ്ടനായഹൊ
തരുവനഭയംഭവാനോടിനിനിയ്ക്കിതിൽ
ചെറുതുമൊരുകോപമുണ്ടായീലനിർണ്ണയം
ഹൃദിമമതപോഭയംവിട്ടുപോയാലുമ
ദ്ഭുതകപടംഭവാൻചെയ്തുവല്ലായ്മയെ
ക്ഷമയൊടുപൊറുക്കുവാൻവെക്കംപിതൃക്കളൊ
യമരുമവരോടുകേൾപ്പിയ്ക്കുകെന്നിങ്ങിനെ
പറയുമളവിൽഭയംകൊണ്ടഞ്ഞെനിനാഹൊ
പരവശമനസ്കനായ്ക്രോധൻമറഞ്ഞുടൻ
അരിയൊരുപിതൃക്കളെക്കണ്ടുകൈക്കൂപ്പിനാ
നരിശമരുതെന്നപേക്ഷിച്ചുനിന്നീടിനാൻ
അവരതുസഹിച്ചുടങ്ങീലാശപിയ്ക്കയാ
ലവനതിഗരിഷ്ഠനാംകീരിയായ്മാരിഷ
വിനയസഹിതംപദെവീണപേക്ഷിയ്ക്കയാൽ
പുനരവർതെളിഞ്ഞുനൽകീടിനാർമോക്ഷവും
പ്രഭയുടയധർമ്മജന്മാവിൻപ്രധാനയാം
സഭയിലൊരുവാസരെവാസുദേവാന്തികെ
പരമമൊരുവിപ്രനുള്ളുഞ്ഛവൃത്ത്യാദിയെ
പറയുമുടനെഭവാൻമുക്തനാകുംദൃഢം
പ്രഥിതതപശ്ശക്തനാംക്രോധൻതഥാവിധൻ
കഥിതസമയാഗമംപാർത്തിരുന്നാങ്ങിനെ
ശമനതനയാദ്ധ്വരംപ്രാപിച്ചനന്തരം

കമലനയനാന്തികെനിന്നുനിസ്സംശയം
സ്ഫുടതയൊടുമാശ്രുസകീത്തിപ്രസ്ഥനെന്നാപ
ടുടയഗൃഹിതൻകഥാകീത്തനംചെയ്കയും
സഭയിലതിധന്യനാംധർമ്മജന്മാവിനെ
വിഭയഹൃദയനെന്നിന്ദിയ്ക്കയുംചെയ്തുടൻ
പുതുമയൊടുസത്വരംപാൎത്ഥനങ്ങിന്ദ്ധവെ
പിതൃവിഹിതശാപവുംതീൎന്നുപായീടിനാൻ
ചരിതമിതുസൎവ്വവുംചൊല്ലിനെന്നെങ്കിലൊ
ഹരിഭരഗനാരിശാൎങ്ങായുധൻമാധവൻ
ഹിതനജനഗണ്യകാരുണ്യവാനീശ്വരൻ
നതജനസുരക്ഷകൻനാനാസുരപ്രഭു
ക്രതുവരുതുടന്നനാൾതൊട്ടുകാത്തങ്ങിനെ
കതുകസഹിതംകഴിപ്പിച്ചുതൽപത്തനെ
മനതളിർകളക്കവെകൌന്തേയമുഖ്യയാം
ജനതകറവെന്നിയെചെയ്യുന്നപൂജയെ
കരുണയൊടുമേററിരുന്നീടിനാനേറനാ
ളരുണസുതജാതഗിതംസിലംയഥാഹിതം
മധുമഥനസേവകന്മാരിലഗ്രേസരൻ
പൃഥുതരഗുണോജ്വലൻപൃത്ഥപീശ്വരോത്തമൻ
ധവളമതിധർമ്മവാൻഗൎവ്വാദിവർജ്ജിതൻ
കബളരഹിതൻമഹാപ്രാജ്ഞൻപ്രജാഹിതൻ
പരമതരഭക്തിനംയുക്തനായങ്ങിനെ
പുരമതിലമന്നേഴംപുണ്ഡരീകാക്ഷനെ
മനസിദൃഢമായ്സമൎപ്പിച്ചുസേവിച്ചുത
ജ്ജനനികളുദാരദാരങ്ങൾപുത്രാദികൾ
പശുപസുജനങ്ങളിൽക്കുട്ടരേയുംക്രമാ
ലശുഭഹരപൂജനംകൊണ്ടുനകതവിവം
മുദിതതരമാനസന്മാരാക്കിയങ്ങിനെ
ഹൃദിതരമറിഞ്ഞുരാജോത്തമന്മാരെയും
ഹിതവചനപൂൎവ്വകംവേണ്ടുനാവണ്ണമെ
സതതമപിസൽക്കരിച്ചങ്ങിരുത്തീടിനാൻ

[കമലദളലോചനൻകൃഷ്ണൻതുടങ്ങിയു
ള്ള മലഗുണമുള്ള യദുനൃപരൊക്കെയും
യമതനയപൂജിതരായിട്ടനന്തര
മമിതതരംസന്തോഷമുള്ളിലേന്തീടിനാർ
അതിസുഗുണഭാസുരൻധീമാൻയുധിഷ്ഠിര
ക്ഷിതിപവരനേററവുംമാനിക്കയാൽതദാ
ക്ഷിതിപവരരുംനരനാരീജനങ്ങളും
മതിതളിരിലെത്രയുംസൌഖ്യമാർന്നീടിനാർ
സകരുണമഹൊതന്റെധർമ്മത്തിനെത്രയും
തികവുവരുമാറുധർമ്മാത്മജൻകാക്കയാൽ
വികലതകലർന്നിടാതുള്ള ഹർഷാൽമോദ
മകതളിരിലെന്തിനാർസർവ്വലോകങ്ങളും
അലഘുശുഭമശ്വമേധാഖ്യപർവ്വംധരാ
വലമഥന!ഞാൻഭവാനോടുചൊല്ലീടിനേൻ
മലരഹിതമായിതിന്നുള്ള താകുംഫലം
നലമൊടഹമോതുവൻകേട്ടുകൊൾകഭവാൻ
എവനൊരുവനീയശ്വമേധാഖ്യമാംപർവ്വ
മവനിവരകേൾക്കുന്നു സൽഭക്തിയുക്തനായ്
അവനടനെഗോദാനമോരായിരംചെയ്തോ
രവനുടെഫലംപൂർത്തിയായിട്ടുകിട്ടിടും
ക്ഷിതിസുരനപൈഗ്രഹംവിത്തമീപുസ്തകം
മതിതളിരതെളിഞ്ഞിവനൽകുന്നുവെങ്കിലൊ
ക്ഷിതിരമണ!നൂനമവനുഞാൻമുമ്പുചൊ
ന്നതിലുമൊരുനൂറിരട്ടിച്ചുകിട്ടുംഫലം
പരിചിനൊടുയൌവനാശ്വാദ്യഭൂപാലർതൻ
ചരിതമതുകേൾക്കിലുംകേൾപ്പിയ്ക്കിലുംപ്രഭൊ!
ദുരിതമവനെത്രയുംചെയ്തുവെന്നാകിലും
തദുരിതമതു സർവ്വവുംഭസ്മമാകുംദ്രുതം
അവനിസുരനാമവിപ്ലലഭിച്ചിടും

ജവമൊടുധനംധനാൎത്ഥിയ്ക്കുലഭിച്ചിടും
അവനിപതിയെത്രയുംശൂരനായ്ഭവന്നിടും
ലവവുമവനുണ്ടായ്വരില്ലപരാജയം
ഉടനെയുളവാകുംപുത്രനുംപുത്രൻബന്ധു
മുടയവനബന്ധങ്ങളില്ലാതെയായ്വരും
വരഗുണമെഴുംപതിനെട്ടുപുരാണവും
കരളിലതിഭക്തിയോടൊത്തുപാൎക്കുകിൽ
അവനുഫലമെത്രയുണ്ടാകുന്നുഭാരത
ശ്രവണമതിനാൽനരനാകിട്ടുംഫലം
അതിശുഭമീയാശ്വമേധികംകേട്ടുകൊ
ണ്ടിതിന്നടെസമാപ്തിയിൽഭക്തിസംയുക്തനായ്
അതിരുചികലൎന്നീടുമന്നവസ്ത്രാദികൾ
ച്ചതികിമപിയെന്യെകൊടുത്തുപൂജിച്ചഹൊ
സുരുചിയൊടുപത്തുകഴഞ്ചുപൊന്കൊണ്ടുതീ
ൎത്തൊരുകുതിരയുംജീവനുള്ളൊരുകാളയും
അവനിസുരവൎയ്യൎക്കേകുന്നാവന്നുതൽ
ശ്രവണഫലമെത്രയുംപൂൎത്തിയായ്കിട്ടിടും
ഭുവനശുഭമാമിതുകേട്ടതിന്നാവൃത്തി
ലവണവനെഴുംശക്തിപോലെദാനങ്ങളെ
അവനിസുരനേകിയെന്നാലുമവന്നുതൽ
ശ്രവണഫലപൂൎത്തിയാൽസൈഖ്യമസ്സാണിടം
വിരവൊടുപതിനാലുപൎവ്വങ്ങളുംധാരാ
ധരമകുടമൊ!ഭവാനോടുഞാൻചൊല്ലിനേൻ
തിറമൊടിനിയാശ്രമവാസാഖ്യപൎവ്വവും
പറവനവ മായത്തുംകേട്ടുകൊണ്ടീടുക
കിളിമൊഴികളൊടിതിൻമട്ടതിഭംഗിയിൽ
കിളിമകൾപറഞ്ഞിട്ടുമെല്ലനാടങ്ങിനാൾ

— * — * സമാപ്തം * — * —

## അനുമോദനം

"ജൈമിനീയാശ്വമേധം" എന്ന ഗ്രന്ഥത്തിൻെറ പരിഭാഷകനും സരസകവിയും ആയ കാത്തോള്ളിൽ അച്ചുതമേനൊ നാം അറിയും. ഈ കവി അനേകം യോഗ്യന്മാരാൽ അലങ്കരിക്കപ്പെട്ടിരുന്ന ഒരു മാന്യ കുഡുംബത്തിലെ അംഗമായിരുന്നു. പ്രസ്തുത പുസ്തകം കിളിപ്പാട്ടു രീതിയിൽ തർജ്ജമ ചെയ്തിട്ടുള്ളത് ഏവൎക്കും ഹൃദ്യമായവിധത്തിലാണ് പുസ്തകം ഏതാനും നാം വായിക്കയുണ്ടായി. ഒഴുക്ക്, പദ്യലാളിത്യം, പഴക്കം, പദ്യരചനാസാമൎത്ഥ്യം ഇതുകൾ ഈ തർജ്ജമയിൽ കനിഞ്ഞുവഴിയുന്നുണ്ടു്. ഈ മാതിരിയിലുള്ള തർജ്ജമകളും മററു കൃതികളും ധാരാളം ഉണ്ടാക്കി ഭാഷാവനിതയെ പരിലാളിക്കുന്നതിന്നു ഈ കവിക്കു ഇടവരാതിരുന്നത് ഭാഗ്യദോഷമെന്നേ പറയാനുള്ളു.

വളരെ നഷ്ടപ്പെട്ടും കഷ്ടതകൾ അനുഭവിച്ചും ഇപ്പോഴെങ്കിലും ഈ തർജ്ജമ അച്ചടിപ്പിച്ച ആ മഹാമനസ്സൻെറ യശസ്സ് ആചന്ദ്രതാരം നിലനിറുത്തുന്നതിന്നു അശ്രാന്തപരിശ്രമംചെയ്ത കവിയുടെ അനന്തിരവൻ കാത്തോള്ളിൽ രാമൻെറ പ്രവൃത്തി നാം ഏററവും അഭിനന്ദിക്കുന്നു.

| | |
|---|---|
| കൊടുങ്ങല്ലൂർ വലിയ തമ്പുരാൻ കോവിലകം<br>97 വൃശ്ചികം 29-ാംനു- | (ഒപ്പ്)<br>രാമവൎമ്മ വലിയരാജാവ്<br>അവർകൾ. |

കേരള സാഹിത്യ അക്കാദമി
തൃശ്ശൂർ